# കരയോഗ സൗഹൃദം

സത്യം പരം ധീമഹി

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 96


വാല്യം - 11 ലക്കം - 6 ഇടവം - 1193 ജൂൺ 2018





കരയോഗ സൗഹൃദം

കരയോഗ സൗഹൃദം

കരയോഗ സൗഹൃദം

കരയോഗ സൗഹൃദം

കരയോഗ സൗഹൃദം

കരയോഗ സൗഹൃദം

BANK EMPLOYEES ARTS MOVEMENT ERNAKULAM
&
ERNAKULAM KARAYOGAM

കരയോഗ സൗഹൃദം

കരയോഗ സൗഹൃദം

കരയോഗ സൗഹൃദം

കരയോഗ സൗഹൃദം

കരയോഗ സൗഹൃദം

കരയോഗ സൗഹൃദം

# എറണാകുളം കരയോഗം

# 93-ാമത്
# വാർഷിക പൊതുയോഗ നോട്ടീസ്

എറണാകുളം കരയോഗത്തിന്റെ 93 -ാമത് വാർഷിക പൊതുയോഗം 2018 ജൂൺ മാസം 24-ാം തീയതി ഞായറാഴ്ച രാവിലെ 10.00 ന് ടി.ഡി.എം. ഹാളിൽ കൂടുവാൻ നിശ്ചയിച്ചിരിക്കുന്ന വിവരം കരയോഗം നിയമാവലി 11 (i), 33, 35 ൽ (ii), (iii), (iv), (v) എന്നീ വകുപ്പുകൾ പ്രകാരം അറിയിക്കുന്നു. പൊതുയോഗത്തിൽ എല്ലാ അംഗങ്ങളുടേയും സാന്നിദ്ധ്യം സാദരം ക്ഷണിച്ചു കൊളളുന്നു.

## കാര്യപരിപാടി

1. ഈശ്വരപ്രാർത്ഥന
2. അനുശോചന പ്രമേയം
3. അദ്ധ്യക്ഷ പ്രസംഗം
4. 2017 ജൂൺ മാസം 25-ാം തീയതി കൂടിയ വാർഷിക പൊതുയോഗത്തിന്റെ മിനിറ്റ്സ്
5. 2017-18 ലെ ഭരണ റിപ്പോർട്ട്, നിർദ്ദേശങ്ങൾ എന്നിവ ചർച്ച ചെയ്ത് അംഗീകരിക്കൽ
6. 2017-18 ലെ ഓഡിറ്റ് ചെയ്ത വരവ് -ചിലവ് കണക്കുകൾ, കടധന സ്റ്റേറ്റ്മെന്റ്, ഓഡിറ്റേഴ്സ് റിപ്പോർട്ട് മുതലായവ ചർച്ച ചെയ്ത് അംഗീകരിക്കൽ
7. 2017-18 ലെ എറണാകുളം കരയോഗം മാംഗല്യ ട്രസ്റ്റിൻെറ റിപ്പോർട്ട് അവതരിപ്പിക്കൽ
8. 2018-19 ലേക്കുള്ള ബഡ്ജറ്റ് അംഗീകരിക്കൽ
9. എറണാകുളം കരയോഗം ടെമ്പിൾ ട്രസ്റ്റ് രൂപീകരണത്തെ സംബന്ധിച്ച്
10. നിയമാവലി 35 (iii) വകുപ്പ് പ്രകാരമുള്ള പ്രമേയങ്ങൾ അവതരിപ്പിക്കൽ
11. 2018-19 വർഷത്തേയ്ക്കുള്ള ഓഡിറ്ററെയും അവരുടെ ഫീസും നിശ്ചയിക്കൽ
12. 2018-19 വർഷത്തേയ്ക്കുള്ള കരയോഗം ട്രസ്റ്റി, വിവിധ ട്രസ്റ്റ്, അപ്പീൽ കമ്മിറ്റി അംഗങ്ങൾ എന്നിവരെ നോമിനേററ് ചെയ്യൽ
13. അദ്ധ്യക്ഷൻ അനുവദിക്കുന്ന മറ്റുകാര്യങ്ങൾ
14. കൃതജ്ഞത

എറണാകുളം കരയോഗം ഭരണസമിതിക്ക് വേണ്ടി

(ഒപ്പ്)

**പി. രാമചന്ദ്രൻ (വേണു)**

ജനറൽ സെക്രട്ടറി

കൊച്ചി - 16

13-05-2018

*നോട്ട് : കരയോഗത്തിൻെറ പൊതുയോഗങ്ങളിൽ അംഗങ്ങൾക്ക് മാത്രമേ പങ്കെടുക്കുവാൻ അനുവാദമുള്ളു. യോഗത്തിൽ പങ്കെടുക്കുന്ന അംഗങ്ങൾ കരയോഗം ഐഡൻററി കാർഡ് നിർബന്ധമായും കൊണ്ടു വരേണ്ടതും ആവശ്യമെങ്കിൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കരയോഗത്തിലേക്ക് ഏതെങ്കിലും ഇനത്തിൽ കുടിശ്ശിക വരുത്തിയിട്ടുള്ളവർക്ക് പൊതുയോഗത്തിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.*

# എറണാകുളം കരയോഗം
# ഭരണസമിതി റിപ്പോർട്ട്

എറണാകുളം കരയോഗത്തിന്റെ നിയമാവലി 33 പ്രകാരം 24-06-2018 ൽ ടി.ഡി.എം. ഹാളിൽ കൂടുന്ന 93-ാം വാർഷിക പൊതുയോഗത്തിനു മുമ്പാകെ 1-4-2017 മുതൽ 31-03-2018 വരെയുള്ള കരയോഗ പ്രവർത്തന റിപ്പോർട്ട് ഭരണസമിതി സമർപ്പിക്കുന്നു.

## ഭരണസമിതി 2017-2018

സർവ്വശ്രീ

| | |
|---|---|
| കെ.പി. കൃഷ്ണമേനോൻ | (പ്രസിഡണ്ട്) |
| പി. രാമചന്ദ്രൻ (വേണു) | (ജനറൽ സെക്രട്ടറി) |
| ആലപ്പാട്ട് മുരളീധരൻ | (വൈസ് പ്രസിഡണ്ട്) |
| അഡ്വ. ടി. ശിവദാസൻ നായർ | (വൈസ് പ്രസിഡണ്ട്) |
| കെ. പ്രസന്നകുമാർ | (സെക്രട്ടറി) |
| കെ. ജനാർദ്ദനൻ | (സെക്രട്ടറി) |
| കെ. ടി. മോഹനൻ | (ട്രഷറർ) |

### ഭരണസമിതി അംഗങ്ങൾ

പി.ആർ. പ്രഭാകരൻ നായർ, കെ. രാജഗോപാൽ, കെ.സതീഷ്, അഡ്വ.എ.ബാലഗോപാലൻ, ശ്രീവല്ലഭൻ നായർ എം., എസ്.ശ്രീകുമാർ, രവീന്ദ്രനാഥ് കെ.എസ്., സജീവ്കുമാർ പാലാഴി.

### സ്ത്രീ സംവരണം

കെ. സുധ കൃഷ്ണകുമാർ, ലക്ഷ്മി മോഹൻ, ഭവാനി.കെ, പ്രൊഫ.സി.സുമംഗലാ ദേവി

### അദ്ധ്യക്ഷൻ നോമിനേററ് ചെയ്ത അംഗങ്ങൾ

ഡോ. എ.പാർവ്വതി, അനിൽ കെ നായർ

നിയമാവലി വകുപ്പ് 15ഉം, അതിൻെറ ഉപവകുപ്പുകളും പ്രകാരം 21 അംഗങ്ങളുള്ള ഭരണസമിതിയാണ് കരയോഗത്തിനു വേണ്ടി ഭരണകാര്യങ്ങൾ നിർവ്വഹിക്കുന്നത്.

കരയോഗം ഭരണസമിതിയിലേക്ക് 2018 ൽ ഒഴിവുവരുന്ന പ്രസിഡന്റ്, 1 വൈസ് പ്രസിഡന്റ്, 1 സെക്രട്ടറി, 4 ഭരണസമിതി അംഗങ്ങൾ, 2 വനിതാ അംഗങ്ങൾ എന്നീ 9 സ്ഥാനങ്ങളിലേക്ക് നിയമാവലി 15,17 വകുപ്പുകളും അതിന്റെ ഉപവകുപ്പുകളും പ്രകാരം തിരഞ്ഞെടുപ്പ് ഉണ്ടായിരിക്കുന്നതാണ്. ആയതിലേക്ക് വരണാധികാരിയായി അഡ്വ.ശിവറാം ആർ. മേനോനെയാണ്, 39/692, മഹാകവി ജി. റോഡ്, കൊച്ചി-682011, ഫോൺ-9447325421 ആണ് നിയമിച്ചിരിക്കുന്നത്.

തിരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള വിജ്ഞാപനം കരയോഗം നോട്ടീസ് ബോർഡിലും 2018 ജൂൺ മാസത്തെ കരയോഗ സൗഹൃദത്തിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**ട്രസ്റ്റി :** തോട്ടക്കാട്ട് രാജഗോപാലമേനോൻ, കിഴക്കേ തോട്ടക്കാട്ട്, പ്രസീദ, ടി.ഡി.റോഡ്, കൊച്ചി-682011

### ഭരണസമിതി യോഗങ്ങൾ

2017 - 2018ൽ ഭരണസമിതി 12 സാധാരണയോഗങ്ങളും 4 അസാധാരണയോഗങ്ങളും കൂടുകയുണ്ടായി. എറണാകുളം കരയോഗത്തിന്റെ 2017-2018 ലെ പ്രവർത്തനത്തിനുവേണ്ടി 24 ഉപസമിതികൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്. ടി ഉപസമിതികളുടെ അഭിപ്രായങ്ങൾ കൂടി സമാഹരിച്ചാണ് എറണാകുളം കരയോഗത്തിൻെറ ഭരണകാര്യങ്ങൾ നിർവ്വഹിക്കുന്നത്. 2017-2018 വർഷത്തിൽ 48 ഉപസമിതി യോഗങ്ങൾ ചേർന്നിട്ടുണ്ട്.

എറണാകുളം കരയോഗത്തിന്റെ 92-ാമത് വാർഷിക പൊതുയോഗം അംഗീകരിച്ച ക്യാപ്പിറ്റൽ ബഡ്ജറ്റ് പ്രകാരം ഗുരുവായൂർ ഗസ്റ്റ്ഹൗസ് നിർമ്മാണം, സൂര്യതാപവൈദ്യൂതി ഉൽപ്പാദനം രണ്ടാം ഘട്ടം, തൃക്കടക്കാപ്പിള്ളി ശ്രീദുർഗ്ഗാഭഗവതി ക്ഷേത്ര

പുനഃരുദ്ധാരണം, ഫാമിലി ഹെൽത്ത് ക്ലബ്ബ്, വേസ്റ്റ് മാനേജ്മെന്റ്, വാട്ടർ ട്രീറ്റ്മെന്റ് പദ്ധതികൾ, ട്രാൻസ്ഫോർമർ ശേഷി വർദ്ധിപ്പിക്കൽ എന്നീ വിവിധ പദ്ധതികളും പരിപാടികളുമാണ് നടപ്പിലാക്കുവാനായി ഭരണസമിതിയെ ചുമതലപ്പെടുത്തിയിരുന്നത്.

## ഗുരുവായൂർ ഗസ്റ്റ് ഹൗസ്

കഴിഞ്ഞ പൊതുയോഗത്തിൽ സൂചിപ്പിച്ചതുപോലെ ഈ സാമ്പത്തിക വർഷം ആരംഭിച്ച ഗുരുവായൂർ ഗസ്റ്റ്ഹൗസ് നിർമ്മാണ ജോലികൾ പുരോഗമിച്ചുവരുന്നു. ആയതിന്റെ ധനസമാഹരണത്തിനായി വിവിധ തരത്തിലുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനം പ്രിവിലേജ് കാർഡ് പദ്ധതിയാണ്. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്ന മുറയ്ക്ക് പ്രിവിലേജ് കാർഡ് തുക ഒരു ലക്ഷം രൂപ എന്നത് ഒന്നര ലക്ഷം രൂപ ആയി വർദ്ധിപ്പിക്കുവാൻ തത്ത്വത്തിൽ ഭരണസമിതി തീരുമാനിച്ചിട്ടുള്ള വിവരം പൊതുയോഗത്തെ അറിയിച്ചുകൊള്ളുന്നു. താല്പര്യമുള്ള കരയോഗാംഗങ്ങൾ ഈ വർദ്ധനയ്ക്ക് മുൻപ് തുക അടച്ച് പ്രിവിലേജ് കാർഡ് സ്വന്തമാക്കാനുള്ള അവസരം ഉപയോഗപ്പെടുത്തണമെന്ന് അപേക്ഷിക്കുന്നു. ക്യാപ്പിറ്റൽ ബഡ്ജറ്റിൽ ടി കെട്ടിട നിർമ്മാണത്തിനായി 11 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## സൂര്യതാപവൈദ്യുതി

കഴിഞ്ഞ വാർഷിക പൊതുയോഗത്തിൽ തീരുമാനിച്ച സൂര്യതാപ വൈദ്യുതി ഉൽപ്പാദനം രണ്ടാം ഘട്ടം ഈ വർഷം നടപ്പാക്കിയിട്ടില്ല. ഗുരുവായൂർ ഗസ്റ്റ്ഹൗസ് പദ്ധതിയ്ക്ക് പ്രഥമ പരിഗണന നൽകേണ്ടതുകൊണ്ട് ടി പദ്ധതി ഉപേക്ഷിക്കാതെ വരുംവർഷങ്ങളിൽ കരയോഗത്തിന്റെ സാമ്പത്തിക സ്രോതസ്സ് അനുസരിച്ച് നടപ്പിലാക്കേണ്ടതാണ്. അതിനായി ക്യാപ്പിറ്റൽ ബഡ്ജറ്റിൽ 18 ലക്ഷം രൂപ വകയിരുത്തുന്നു.

നിലവിലെ 315 kVA ട്രാൻസ്ഫോർമർ 500 kVA ആയി ശേഷി വർദ്ധിപ്പിക്കുകയും അതിന് ആവശ്യമായ കേബിൾ, പാനൽ ബോർഡ് എന്നിവ മാറ്റി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. അതിന് മൊത്തം 11,70,633 രൂപ ചിലവ് വന്നിട്ടുണ്ട്.

## തൃക്കടക്കാപ്പിള്ളി ശ്രീദുർഗ്ഗാഭഗവതി ക്ഷേത്രം

തൃക്കടക്കാപ്പിള്ളി ശ്രീദുർഗ്ഗാഭഗവതി ക്ഷേത്രത്തിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് ഒരു ട്രസ്റ്റ് രൂപവൽക്കരിക്കണം എന്ന കഴിഞ്ഞ പൊതുയോഗ തീരുമാനമനുസരിച്ച് 19.2.2018 ൽ എറണാകുളം സബ് രജിസ്ട്രാർ ഓഫീസിൽ 85/2018 നമ്പർ ആയി 'എറണാകുളം കരയോഗം ടെമ്പിൾ ട്രസ്റ്റ്' രജിസ്റ്റർ ചെയ്ത വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു. ട്രസ്റ്റ് ഡീഡ് അനുസരിച്ചുള്ള പ്രവർത്തനങ്ങൾ ഈ പൊതുയോഗത്തിനു ശേഷം ആരംഭിക്കുന്നതാണ്. കഴിഞ്ഞ ക്യാപ്പിറ്റൽ ബഡ്ജറ്റിൽ പ്രതിപാദിച്ചതുപോലെ ക്ഷേത്ര പുനരുദ്ധാരണം, ചുറ്റുമതിൽ നിർമ്മാണം എന്നിവയെല്ലാം പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്.

## ഫാമിലി ഹെൽത്ത് ക്ലബ്ബ്

92-ാമത് വാർഷിക പൊതുയോഗത്തിൽ മറ്റൊരു പ്രധാന പദ്ധതിയായി സൂചിപ്പിച്ചിരുന്നത് ഫാമിലി ഹെൽത്ത് ക്ലബ്ബ് ആരംഭിക്കുക എന്നതായിരുന്നു. എന്നാൽ ആ പദ്ധതി ഈ വർഷം ആരംഭിക്കുവാൻ ശ്രമിക്കാഞ്ഞതിന്റെ കാരണം ഗുരുവായൂർ ഗസ്റ്റ് ഹൗസ് എന്ന നമ്മുടെ സ്വപ്ന പദ്ധതി തന്നെയാണ്.

തീർച്ചയായും ഗസ്റ്റ് ഹൗസ് നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ഫാമിലി ഹെൽത്ത് ക്ലബ്ബിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്. ആയതിന് ക്യാപ്പിറ്റൽ ബഡ്ജറ്റിൽ 1 കോടി രൂപ വകയിരുത്തുന്നു.

## മലിനജല ശുദ്ധീകരണ പ്ലാന്റ് & മാലിന്യ സംസ്ക്കരണ പ്ലാന്റ്

ടി.ഡി.എം.ഹാളിലെ സ്ഥലപരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഇതിന്റെ പണികൾ പുരോഗമിച്ചു വരുന്നു.

വേസ്റ്റ് മാനേജ്മെന്റ് സംബന്ധിച്ച് കമ്പനികൾ സ്ഥാപിച്ച ഉപകരണങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ലാത്തതിനാൽ ആയതിലേക്ക് ഈ വർഷം മുതൽമുടക്കുണ്ടായിട്ടില്ല. നവീനവും അത്യാധുനികവുമായ സാങ്കേതിക വിദ്യ ഉപയോഗിച്ച് വാഴയില സംസ്ക്കരിക്കുന്നതിനുള്ള ഉപകരണം കിട്ടുന്ന മുറയ്ക്ക് അതിന്റെ പ്രവർത്തനക്ഷമത വിലയിരുത്തിയ ശേഷം മാത്രമേ സ്ഥാപിക്കേണ്ടതുള്ളൂ എന്ന് ഭരണസമിതി വിലയിരുത്തുന്നു. ആയതിലേക്ക് ക്യാപ്പിറ്റൽ ബഡ്ജറ്റിൽ 25 ലക്ഷം രൂപ വകയിരുത്തുന്നു.

## ടിഡിഎം പമ്പ ഹാൾ നവീകരണം

കരയോഗത്തിന്റെ പമ്പ ഹാളിന്റെ 40% സ്ഥലം ദൈനംദിന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാതെ കിടക്കുകയാണ്. അത് കൂടുതൽ സൗകര്യങ്ങൾ ചെയ്ത് മരാമത്ത് പണികൾ നടത്തി ഉപയോഗപ്പെടുത്തുന്നതോടൊപ്പം ഒരു പുതിയ ലിഫ്റ്റ് കൂടി നിർമ്മിക്കുന്നതിന് ഈ വർഷം ക്യാപ്പിറ്റൽ ബഡ്ജറ്റിൽ 1,30,00,000 രൂപ വകയിരുത്തിയിട്ടുണ്ട്. ആയത് പൊതുയോഗത്തിന്റെ അംഗീകാരത്തിനാ

യി സമർപ്പിക്കുന്നു.

## എറണാകുളം കരയോഗം കഥകളി ക്ലബ്ബ്

എറണാകുളം കഥകളി ക്ലബ്ബ് കരയോഗം ഏറ്റെടുത്തിട്ട് മൂന്ന് വർഷം പിന്നിടുന്നു (2015 ഏപ്രിൽ 18). എല്ലാ മാസവും നാലാമത്തെ ചൊവ്വാഴ്ചയാണ് ടിഡിഎം ഹാളിൽ കഥകളി നടത്തുന്നത്. കേരളത്തിൻെറ അഭിമാനമായ ഈ തനത് പാരമ്പര്യ കലാരൂപത്തിന് കൂടുതൽ പ്രചാരം ലഭിക്കുവാനും പുതുതലമുറയെ ആകർഷിക്കുവാനും കഴിയണം. കരയോഗം കഥകളി ക്ലബ്ബിൻെറ 59-ാമത് വാർഷികവും, 22-ാമത് കഥകളി പുരസ്ക്കാര സമർപ്പണവും 2017 ഏപ്രിൽ 16ന് ടിഡിഎം ഹാളിൽ നടന്നു. കാലടി സംസ്കൃത സർവ്വകലാശാല വൈസ് ചാൻസലർ ഡോ.എം.സി. ദിലീപ് കുമാർ പുരസ്ക്കാരങ്ങൾ സമ്മാനിച്ചു. ശ്രീ. ഫാക്ട് പത്മനാഭൻ (കളഹംസം-വേഷം), ശ്രീ. സദനം ഹരികുമാർ (തൗര്യത്രികം-പാട്ട്), ശ്രീ. കോട്ടക്കൽ പ്രസാദ് (തൗര്യത്രികം-ചെണ്ട), ശ്രീ.കലാമണ്ഡലം അച്യുതവാരിയർ (തൗര്യത്രികം-മദ്ദളം) എന്നിവർക്കാണ് അവാർഡ് നൽകിയത്. തുടർന്ന് നളചരിതം ഒന്നാം ദിവസം കഥകളിയും അരങ്ങേറി. നടപ്പുവർഷം കഥകളി ക്ലബ്ബിൻെറ ചിലവ് 2,53,532 രൂപയും, വരവ് 80,435 രൂപയുമാണ്.

## നവതി മെമ്മോറിയൽ പോളിക്ലിനിക്

2016 ജനുവരി 31 ന് ആരംഭിച്ച പോളിക്ലിനിക്കിന്റെ പ്രവർത്തനം കരയോഗം മെഡിക്കൽ സെന്ററുമായി സംയോജിപ്പിച്ച് ദിവാൻസ് റോഡിലുള്ള ഒരു വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരികയായിരുന്നു. പോളിക്ലിനിക് പോലെ ഒരു സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് ഏറ്റവും അത്യന്താപേക്ഷിതമായത് ഡോക്ടർമാരുടെ പരിശോധനാ കുറിപ്പുകളാണ്. എന്നാൽ ഖേദമെന്ന് പറയട്ടെ ആയതിനു പൂർണ്ണമായി ആ മേഖലയിൽ നിന്നുള്ള സഹകരണം ലഭിക്കുന്നില്ല എന്ന് പറയേണ്ടിവരുന്നു. ലാഭനഷ്ടങ്ങളില്ലാതെ പ്രസ്തുത സ്ഥാപനം നടത്തിക്കൊണ്ടു പോകുന്നതിനായി അടുത്ത വർഷം ടിഡിഎം കൃഷ്ണ ഹാളിന്റെ പടിഞ്ഞാറു വശത്ത് വിപുലമായ സൗകര്യങ്ങളോടു കൂടി മാറ്റി പ്രവർത്തനം ആരംഭിക്കുന്നതാണ്. മിതമായ നിരക്കിൽ സേവനം നല്കുന്ന ഈ സ്ഥാപനത്തെ ഒരു പ്രസ്ഥാനമായി വളർത്തുവാൻ അംഗങ്ങളും കരയോഗാംഗങ്ങളായ ഡോക്ടർമാരും അകമഴിഞ്ഞ് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഹോമിയോ വിഭാഗത്തിൽ ഡോ.സരിത ഗോവിന്ദ്, ഡോ.കെ.എസ്.പാർവ്വതി എന്നീ ഡോക്ടർമാരും അലോപ്പതി വിഭാഗത്തിൽ ഡോ.പി.വിജയലക്ഷ്മി മേനോൻ MD, DGO, ഡോ. കല്യാണി മേനോൻ MBBS, DGO, ഡോ. സുന്ദരി മേനോൻ MD (Medicines & Diabetology), Retd. Professor Emeritus, ഡോ. കെ.പ്രസന്നകുമാർ M.B.B.S, D.M.R (T&D) എന്നിവരുടെ സേവനം ലഭ്യമാണ്. ഹോമിയോ മെഡിക്കൽ സെൻററിൽ നടപ്പുവർഷം 5048 രോഗികളാണ് സേവനം ഉപയോഗപ്പെടുത്തിയത്. രജിസ്ട്രേഷൻ, ക്ലിനിക്കൽ ചാർജ് ഉൾപ്പെടെ 9,64,865 രൂപയാണ് വരവായി ലഭിച്ചിട്ടുള്ളത്. സൗജന്യ മരുന്നു വിതരണം, ഡോക്ടർമാർ, മറ്റു ജീവനക്കാർ എന്നിവർക്ക് വേണ്ടിയുള്ള ശമ്പളത്തിനും മറ്റു ചിലവുകൾക്കുമുൾപ്പെടെ നടപ്പുവർഷത്തിൽ വാടകകൂടാതെ മൊത്തം 14,63,476 രൂപ ചിലവ് വന്നിട്ടുണ്ട്.

ഇകെഎൻഎം പോളിക്ലിനിക്കിൽ, റോട്ടറി ക്ലബ്ബ്, പാർക്കിൻസൺസ് സൊസൈറ്റി ഓഫ് ഇൻഡ്യ എന്നിവരുടെ സഹകരണത്തോടെ എല്ലാ മാസവും രണ്ടാമത്തെ ഞായറാഴ്ച രാവിലെ 10 മുതൽ 1 മണി വരെ പാർക്കിൻസൺസ് രോഗികൾക്ക് ചികിത്സാ ക്ലിനിക്ക് നടത്തി വരുന്നു. 10.7.2016 ൽ ആരംഭിച്ച ഈ ക്ലിനിക്കിൽ ന്യൂറോളജിസ്റ്റുമാരായ ഡോ. സുരേഷ് കുമാർ (അമൃത ഹോസ്പിറ്റൽ), ഡോ. ശ്രീറാം പ്രസാദ് (ലൂർദ്ദ് ഹോസ്പിറ്റൽ) എന്നിവരുടെ സൗജന്യ സേവനം ലഭ്യമാണ്.

കൂടാതെ കാൻക്യൂർ, ഐ.എം.എ, എറണാകുളം ജനറൽ ഹോസ്പിറ്റൽ എന്നിവരുമായി സഹകരിച്ച് Early Cancer Detection Camp 2017 മെയ് 5 ന് ടിഡിഎം ഹാളിൽ നടത്തുകയുണ്ടായി. പോളിക്ലിനിക്കിൽ സേവനം നൽകുന്ന എല്ലാ ഡോക്ടർമാരോടുമുള്ള നന്ദിയും കടപ്പാടും ഇവിടെ രേഖപ്പെടുത്തുന്നു.

## ജീവകാരുണ്യപ്രവർത്തനം

എറണാകുളം കരയോഗത്തിൻെറ മുഖമുദ്രയാണ് ജീവകാരുണ്യ - സാമൂഹ്യ പ്രവർത്തനങ്ങൾ. വൃക്ക രോഗികൾക്ക് ഡയാലിസിസിനുള്ള പ്രതിമാസ ധനസഹായം, ക്യാൻസർ, എച്ച്.ഐ.വി. രോഗികൾക്ക് എറണാകുളം ജനറൽ ഹോസ്പിറ്റലിൽ സൗജന്യ മരുന്നു വിതരണം, രോഗികൾക്കുള്ള അന്നദാനം, പെയിൻ & പാലിയേറ്റിവ് കെയറിലെ രോഗികൾക്ക് സൗജന്യ ഭക്ഷ്യോല്പന്ന കിറ്റ് വിതരണം, വിദ്യാഭ്യാസ ധനസഹായം, കുട്ടമ്പുഴ ഉറിയംപെട്ടി ആദിവാസി കേന്ദ്രത്തിൽ വസ്ത്രം, മരുന്ന്, ഭക്ഷ്യഉല്പന്നങ്ങൾ എന്നിവയുടെ വിതരണം തുടങ്ങിയ പ്രവർത്തനങ്ങൾ ഈ വർഷവും നടത്തുവാൻ സാധിച്ചിട്ടുണ്ട്. വൃക്കരോഗികൾക്ക് നാളിതു വരെ 4743 ഡയാലിസിസിന് സഹായധനമായി 23,26,634

രൂപ നല്കി. നടപ്പു വർഷം 407 ഡയാലിസിസിന് 1,99,000 രൂപ നല്കിയിട്ടുണ്ട്.

കഴിഞ്ഞ 3742 ദിവസങ്ങളായി മുടങ്ങാതെ എറണാകുളം ജനറൽ ഹോസ്പിറ്റലിലെ എച്ച്.ഐ.വി., ക്യാൻസർ രോഗബാധിതർക്ക് ജീവൻ രക്ഷാമരുന്നുകൾ നൽകി വരുന്നു. കൂടാതെ ഗർഭിണികൾക്കും, കുട്ടികൾക്കും, വസ്ത്രങ്ങൾ,പോഷകാഹാരങ്ങൾ എന്നിവയും നടപ്പു വർഷം വിതരണം ചെയ്തു. ആയതിന് 3,42,582 രൂപ ചിലവ് വന്നിട്ടുണ്ട്.

## ആംബുലൻസ് സർവ്വീസ്

കരയോഗത്തിൽ 24 മണിക്കൂറും പ്രവർത്തന സജ്ജമായിട്ടുള്ള രണ്ടു ആംബുലൻസുകളാണുള്ളത്. നടപ്പുവർഷം 37 കരയോഗം അംഗങ്ങൾക്കും കൂടാതെ 406 പേർക്കും ആംബുലൻസിൻെറ സേവനം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. ഈയിനത്തിൽ 3,95,180 രൂപ വരവും ആംബുലൻസ്, മോർച്ചറി, കച്ച, കട്ട്യാവ്, എന്നിവ ഉൾപ്പെടെ 5,18,115 രൂപ ചിലവും വന്നിട്ടുണ്ട്. ഇതോടൊപ്പം മൊബൈൽ ബോഡി ഫ്രീസറിൻെറയും സേവനം നൽകി വരുന്നു. ഈ യാവശ്യങ്ങൾക്കായി 9387306579, 0484 2361160 Ext: 21 എന്നീ നമ്പറുകളുമായി ബന്ധപ്പെടുവാൻ താല്പ്പര്യപ്പെടുന്നു.

## എൻഡോവ്മെൻറ്

എറണാകുളം കരയോഗത്തിൻെറ സാമൂഹ്യ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ആകൃഷ്ടരായി സമുദായ സ്നേഹികൾ വിവിധ സേവന പ്രവർത്തനങ്ങൾക്കായി എൻഡോവ്മെൻറുകൾ കരയോഗത്തെ ഏൽപ്പിച്ചിട്ടുണ്ട്. നാളിതുവരെ ഈയിനത്തിൽ 499 എൻഡോവ്മെൻറുകൾക്ക് വേണ്ടി 57,70,341 രൂപ ലഭിക്കുകയും ആയത് പ്രത്യേക സ്ഥിരം ഫണ്ടായി നിക്ഷേപിച്ചിട്ടുമുണ്ട്. ഇതിൽ നവരാത്രിക്ക് 238, വിദ്യാഭ്യാസ സ്കോളർഷിപ്പ് 179, മെഡിക്കൽ സഹായം 25, പെൻഷൻ 21, അന്നദാനം 18, കൂടാതെ സപ്താഹം, നാരായണീയം, കഥകളി, ക്രിമേഷൻ, തുഞ്ചൻ ദിനം, ലെപ്പർ എയ്ഡ്, അക്ഷര ശ്ലോകം, പരിസ്ഥിതി അവാർഡ്, ലോഡ്ജിങ്ങ് തുടങ്ങിയവയ്ക്ക് 18 എൻഡോവ്മെൻറുകളും നിലവിലുണ്ട്. ആദ്യകാലങ്ങളിൽ നൽകിയിട്ടുള്ള എൻഡോവ്മെൻറുകളുടെ തുക തുലോം കുറവാണ്. എൻഡോവ്മെൻറ് ഏർപ്പെടുത്തിയവർ കാലത്തിനനുസരിച്ച് തുക വർദ്ധിപ്പിച്ച് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

## ചൈത്രം, കുടുംബക്ഷേമ കേന്ദ്രം

ജീവകാരുണ്യ പ്രവർത്തനത്തിൻെറ ഭാഗമായി പ്രവർത്തിക്കുന്ന എറണാകുളം കരയോഗം കുടുംബക്ഷേമ കേന്ദ്രം, കഴിഞ്ഞ വർഷം നിരവധി കുടുംബ പ്രശ്നങ്ങൾ പരിഗണനയ്ക്ക് എടുത്തു. അവരുമായി നടത്തിയ ചർച്ചകളുടെ ഫലമായി 27 കേസുകൾ രമ്യമായി പരിഹരിക്കുവാൻ കഴിഞ്ഞു.

ചൈത്രത്തിൻെറ സേവനം 410 പേർ ഉപയോഗപ്പെടുത്തി. നേരിട്ടും ഫോൺ മുഖേനയും കുടുംബപ്രശ്നങ്ങൾ ചൈത്രം കൈകാര്യം ചെയ്തു. കുട്ടികളുടെ വിദ്യാഭ്യാസം, അമിതമായ ഉത്കണ്ഠ, വിദ്യാഭ്യാസ പഠന പ്രശ്നങ്ങൾ, സാമ്പത്തികം, മറ്റു നൈരാശ്യങ്ങൾ എന്നീ വിവിധ വിഷയങ്ങൾക്ക് ചൈത്രത്തിലുള്ള 20 ഓളം വരുന്ന വാളണ്ടിയർമാർ സേവനം നൽകുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മറ്റു സാമൂഹ്യ സാംസ്ക്കാരിക കേന്ദ്രങ്ങൾ, പൊതുജനങ്ങൾ സംഘടിക്കുന്ന സ്ഥലങ്ങൾ, ഇവിടെയെല്ലാം ചൈത്രത്തിൻെറ പ്രവർത്തകർ ആത്മഹത്യാപ്രതിരോധ ബോധവത്ക്കരണം നടത്തിവരുന്നു എല്ലാ ദിവസവും ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെയാണ് ചൈത്രത്തിൻെറ പ്രവർത്തന സമയം. 2017 സെപ്റ്റംബർ 10 ന് ആത്മഹത്യാ പ്രതിരോധദിനത്തിൽ ബോധവല്ക്കരണ പ്രചരണ ജാഥ നടത്തി. ചൈത്രത്തിൻെറ പത്താമത് വാർഷികം 2017 നവംബർ 4 ന് പ്രശസ്ത ആർ. ജെ. ശ്രീമതി. ആശാലത ഉൽഘാടനം ചെയ്ത ചടങ്ങിൽ ഡോ.എസ്.ഡി. സിങ്ങ് ആശംസ അർപ്പിച്ച് സംസാരിച്ചു. നടപ്പുവർഷം ചൈത്രത്തിന് 35,280 രൂപ വരവും 27,728 രൂപ ചിലവും വന്നിട്ടുണ്ട്.

## വിവിധ പെൻഷനുകൾ

60 വയസ്സ് കഴിഞ്ഞ 141 പേർക്ക് വിധവാ പെൻഷനായി പ്രതിമാസം 300 രൂപ വീതം 4,79,400 രൂപയും, 75 വയസ്സു കഴിഞ്ഞ 46 മുതിർന്ന പൗരൻമാർക്ക് പ്രതിമാസം 300 രൂപ വീതം 1,52,400 രൂപയും കൂടാതെ ഓണക്കോടിയും, വിഷുകൈനീട്ടവും നല്കിയിട്ടുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വ്യക്തികൾക്കാണ് ഈ പെൻഷൻ നൽകുന്നത്.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കരയോഗം അംഗങ്ങൾക്കുള്ള പെൻഷൻ പദ്ധതി പ്രകാരം പ്രതിമാസം 600 രൂപ വീതം താഴെ പറയുന്ന ഒൻപത് പേർക്ക് പെൻഷൻ നൽകി വരുന്നു. ശ്രീ.എം. കൃഷ്ണൻകുട്ടി മേനോൻ (L/2585) എൽ. ഐ. ജി. 629, പനമ്പിള്ളി നഗർ, കൊച്ചി-682036, ശ്രീ.കിട്ടുണ്ണി മേനോൻ, (L/2975) കെഴുപ്പിള്ളിൽ വീട്, കടവന്ത്ര, കൊച്ചി-682020, ശ്രീമതി.ടി. എൻ. ലക്ഷ്മിക്കുട്ടി അമ്മ, (L/1414) നികത്തിൽ ഹൗസ്, പള്ളിയിൽ ലെയിൻ, കൊച്ചി-682016, ശ്രീമതി.എൻ. ശാരദാമ്മ

(L/3000), സ്ലം കോളനി, ഗാന്ധിനഗർ, കടവന്ത്ര, കൊച്ചി-682020, അമ്മുക്കുട്ടി അമ്മ (L/1521), കൈലാസ്, പേട്ട, തൃപ്പൂണിത്തുറ, കൊച്ചി-682038, ശ്രീമതി.ജാനകി രാം ദാസ് (L/1562), ചേലാട്ട് ഹൗസ്, പേരണ്ടൂർ, എളമക്കര, കൊച്ചി-682026, ശ്രീ. കെ.കെ. ബാലചന്ദ്രൻ (L/0547), കണിച്ചിലാഴത്ത്, ഏഴിക്കര, നോർത്ത് പറവൂർ, ശ്രീമതി. ജി. ഭാനുമതി അമ്മ (L/1259), ചെറപ്പള്ളി പറമ്പിൽ, മൊണാസ്ട്രി റോഡ്, കാരിക്കാമുറി, കൊച്ചി-682011, ശ്രീ.എ.എസ്.ഗോപാലകൃഷ്ണൻ, (L/2446), അർച്ചന, കുമ്പളം പി.ഒ-682506, എന്നിവർക്കാണ് പെൻഷൻ നൽകിയത്.

## വിദ്യാഭ്യാസ സഹായം

154 വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായമായി 3,21,600 രൂപ നടപ്പുവർഷം വിതരണം ചെയ്തിട്ടുണ്ട്. 2017 ലെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ആഗസ്റ്റ് 12 ന് അമൃതാനന്ദമയി മഠം മഠാധിപതി സ്വാമി പൂർണ്ണാമൃതാനന്ദപുരി നിർവ്വഹിച്ചു. അന്നേ ദിവസം പ്ലസ് വൺ, പ്ലസ് ടു, ഡിഗ്രി, ബി ടെക്, പോസ്റ്റ് ഗ്രാജ്വേഷൻ എന്നീ വിഭാഗങ്ങളിലായി 74 കുട്ടികൾക്ക് 95,000 രൂപയും തുടർ വിദ്യാഭ്യാസത്തിനായി 27 കുട്ടികൾക്ക് 1,47,500 രൂപയും നവരാത്രിയുടെ സമാപന ദിവസമായ 30.9.2017 ൽ 87 കുട്ടികൾക്ക് എൻഡോവ്മെന്റ് സ്കോളർഷിപ്പായി 79,100 രൂപയും സഹായധനം നൽകുകയുണ്ടായി.

## പ്രശാന്തി ഹോം ഫോർ ദ് ഏജ്ഡ് & വനിതാ ഹോസ്റ്റൽ

പ്രശാന്തി ഹോം ഫോർ ദ് ഏജ്ഡിൽ 7 അന്തേവാസികളും, വനിതാ ഹോസ്റ്റലിൽ പ്രതിവർഷം ശരാശരി 94 അന്തേവാസികളും 37 അതിഥികളും താമസിക്കുകയുണ്ടായി. മൂന്ന് വാർഡൻമാരുൾപ്പെടെ 13 ജീവനക്കാർ പ്രശാന്തിയിലുണ്ട്. നടപ്പുവർഷം 56,02,888 രൂപ വരവും 40,15,740 രൂപ ചിലവുമാണ് ഉണ്ടായിട്ടുള്ളത്. ഓണം, വിഷു, ഹോസ്റ്റൽ ദിനം, വയോജനദിനം, ദീപാവലി, തൃക്കാർത്തിക എന്നീ ആഘോഷങ്ങൾ പ്രശാന്തിയിൽ വിവിധ പരിപാടികളോടെ നടത്തി.

## കരയോഗം വിഘ്നേശ്വര ക്ഷേത്രം

കരയോഗം വിഘ്നേശ്വര ക്ഷേത്രത്തിൽ എല്ലാ ദിവസവും രാവിലെ 6 മണിക്ക് നടതുറന്ന് നിർമ്മാല്യം, അഭിഷേകം, ശർക്കര, മലർ നിവേദ്യം എന്നീ ചടങ്ങുകൾക്കുശേഷം 11 മണിക്ക് നട അടയ്ക്കുന്നു. വൈകുന്നേരം 4.30ന് നടതുറന്ന് ദീപാരാധനയോടുകൂടി 7.30ന് നട അടയ്ക്കുന്നു. ക്ഷേത്രത്തിൻെറ മേൽശാന്തി ശ്രീ. രാഘവേന്ദ്രഭട്ടാണ്. കരയോഗം വിഘ്നേശ്വര ക്ഷേത്രപ്രതിഷ്ഠാദിനമായ മെയ് 3 ന് വിശേഷാൽ പൂജയും ഗണപതിഹോമവും, കൂടാതെ ഡിസംബർ 25ന് കരയോഗം സ്ഥാപകദിനത്തിൽ കലശവും പ്രത്യേക പൂജകളും നടത്തി. ക്ഷേത്ര നടത്തിപ്പിലേക്കായി 1,36,636 രൂപ വരവും, 2,20,917 രൂപ ചിലവും വന്നിട്ടുണ്ട്.

## വിമൺസ് ഫോറം

വിമൺസ് ഫോറം എല്ലാ മാസവും 3-ാമത്തെ ബുധനാഴ്ച തോറും അംഗങ്ങളുടെ ഒത്തു ചേരൽ സംഘടിപ്പിച്ചു വരുന്നു. വിവിധ മേഖലകളിലെ പ്രശസ്തർ യോഗ, പാചകം, ആരോഗ്യം, കലാസാംസ്ക്കാരിക വിഷയങ്ങൾ, സൈബർ സുരക്ഷ, ഗാർഹിക സുരക്ഷ മുതലായ വിഷയങ്ങളിൽ ക്ലാസ്സുകൾ നടത്തി. ഓണത്തോടനുബന്ധിച്ച് ശ്രീശാരദാമഠത്തിലെ അന്തേവാസികൾക്ക് വേണ്ടി കലാപരിപാടികൾ സംഘടിപ്പിച്ചു. ലോകവനിതാ ദിനത്തോടനുബന്ധിച്ച് എറണാകുളം ജനറൽ ആശുപത്രിയിലെ വനിത എച്ച്ഐവി ബാധിതർക്കായി വിവിധ വിനോദപരിപാടികൾ നടത്തി. ഫോറത്തിന്റെ 50-ാമത് യോഗം വിവിധ കലാപരിപാടികളോടെ ആഘോഷിച്ചു.ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ശ്രീമതി. പി.പി. വത്സലയുടെ നേതൃത്വത്തിൽ എല്ലാ ബുധനാഴ്ചകളിലും വനിതകൾക്കായി ദേവി ഭാഗവത ക്ലാസ്സുകളും നടത്തി വരുന്നു. ഈ കൂട്ടായ്മയിൽ എല്ലാ വനിതാ അംഗങ്ങളും അവരുടെ കുടുംബാംഗങ്ങളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## ആദ്ധ്യാത്മിക പ്രവർത്തനങ്ങൾ

എല്ലാ ശനിയാഴ്ചകളിലും രാവിലെ 10 മുതൽ 12 വരെ ആചാര്യൻ കെ.ആർ.നമ്പ്യാരുടെ വേദാന്ത പഠനക്ലാസ്സുകൾ മുടങ്ങാതെ നടത്തിവരുന്നു.

രാമായണമാസാചരണത്തോടനുബന്ധിച്ച് 2017 ജൂലൈ 21, 22, 23 തീയതികളിൽ ശ്രീരാമജയം - സ്വാമി അദ്ധ്യാത്മാനന്ദ സരസ്വതിയുടെ രാമായണ തത്വവിചാര സദസ്സ് സംഘടിപ്പിച്ചു. എൻ.ടി. കാർത്തികേയൻെറ നേതൃത്വത്തിൽ രാമായണ പാരായണ യജ്ഞം 2017 ജൂലൈ 30 ന് നടത്തപ്പെട്ടു.

2017 ഒക്ടോബർ 30 മുതൽ നവംബർ 9 വരെ ഉപനിഷദ് വിചാരയജ്ഞം കൊളത്തൂർ അദ്വൈതാശ്രമം മഠാധിപതി സംപൂജ്യ സ്വാമി ചിദാനന്ദപുരിയുടെ നേതൃത്വത്തിൽ ടി.ഡി.എം. ഹാളിൽ നടന്നു.

ഡിസംബർ 13-ാം തീയതി നാരായണീയദിനത്തോടനുബന്ധിച്ച് ശ്രീമതി. രാജം ആർ. മേനോൻെറ നേതൃത്വത്തിൽ സമ്പൂർണ്ണ ശ്രീമദ്നാരായണീയ പാരായണം നടത്തി.

2018 ജനുവരി 1 ന് ധനുമാസത്തിലെ മകയിരം

നാളിൽ കരയോഗം വിമൺസ് ഫോറത്തിൻെറയും, സ്ത്രീസമാജത്തിൻെറയും ആഭിമുഖ്യത്തിൽ തിരുവാതിര ആഘോഷം നടത്തി.

2018 ഫെബ്രുവരി 18 മുതൽ 25 വരെ ബ്രഹ്മശ്രീ വയപ്പുറം വാസുദേവ പ്രസാദിന്റെ നേതൃത്വത്തിൽ 31-ാമത് ശ്രീമദ് ഭാഗവത സപ്താഹയജ്ഞം ടി.ഡി.എം ഹാളിൽ നടത്തുകയുണ്ടായി. 2017 ഒക്ടോബർ 18 ന് ദീപാവലി ആഘോഷിച്ചു.

## സ്ഥാപക ദിനം

92 വർഷങ്ങൾക്കു മുൻപ് ഈ മഹാപ്രസ്ഥാനത്തിന് ആരംഭം കുറിച്ച അഭിവന്ദ്യരായ നമ്മുടെ പൂർവ്വികരെയും ഗുരുജനങ്ങളെയും അനുസ്മരിക്കുവാനും ഓർമ്മ പുതുക്കുവാനും അംഗങ്ങൾക്ക് ഒത്തുകൂടുവാനുമുള്ള അവസരം അംഗങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി എന്നതിൽ സന്തോഷമുണ്ട്. കഴിഞ്ഞ പൊതുയോഗത്തിൽ റിപ്പോർട്ട് ചെയ്ത പോലെ ചില നിയന്ത്രണങ്ങളോടെ അംഗങ്ങൾക്ക് ഭക്ഷണകൂപ്പൺ നൽകുന്ന രീതി നടപ്പിലാക്കിയപ്പോൾ ഭക്ഷണം പാഴായില്ല എന്നു മാത്രമല്ല അംഗങ്ങളിൽ നിന്നുണ്ടായ കൂടുതൽ സഹകരണവും എടുത്തു പറയേണ്ടതാണ്. അതിന് പ്രത്യകം നന്ദി രേഖപ്പെടുത്തുന്നു.

## വിഷു ഓണം വിപണന മേള

വിഷു വിപണന മേള 2017 ഏപ്രിൽ 9 മുതൽ 14 വരെ നടത്തി. 2017 ആഗസ്റ്റ് 18-ാം തീയതി മുതൽ സെപ്തംബർ 4-ാം തീയതി വരെ ഓണം വിപണന മേളയും നടത്തി. ഈ വർഷം മേളകൾ നടത്തിയത് കരയോഗം മാംഗല്യട്രസ്റ്റിന്റെ കീഴിലാണ്.

## സാംസ്ക്കാരിക വിഭാഗം

2017 ഓഗസ്റ്റ് 15-ാം തീയതി സ്വാതന്ത്ര്യ ദിനവും, 2018 ജനുവരി 26 ന് റിപ്പബ്ലിക് ദിനവും ദേശീയ പതാക ഉയർത്തിയും, മധുര പലഹാരങ്ങൾ വിതരണം ചെയ്തും സമുചിതമായി ആഘോഷിച്ചു. കരയോഗത്തിൻെറ ആഭിമുഖ്യത്തിൽ നടപ്പുവർഷം 2017 ഏപ്രിൽ 22 മുതൽ മെയ് 1 വരെ മലേഷ്യ-സിങ്കപ്പൂർ-തായ്ലൻഡ് യാത്രയും, കർക്കിടകമാസത്തിൽ നാലമ്പല ദർശനവും സംഘടിപ്പിച്ചു.

എറണാകുളം കരയോഗം സാംസ്ക്കാരിക വിഭാഗം ഏപ്രിൽ മാസം 17-ാം തീയതി 'ചലച്ചിത്ര സംഗീതത്തിലെ ഭൗതിക സ്വത്തവകാശം' എന്ന വിഷയത്തിൽ സംഘടിപ്പിച്ച സംവാദം പ്രശസ്ത തിരക്കഥാകൃത്ത് ജോൺപോൾ ഉദ്ഘാടനം ചെയ്തു. അഡ്വക്കേറ്റ് എം.ആർ. രാജേന്ദ്രൻ നായർ, ഹിന്ദു ഡെപ്യൂട്ടി എഡിറ്റർ കെ.പ്രദീപ്, സംഗീത സംവിധായകൻ കെ.എം. ഉദയൻ, ഡോ. മേരി മെറ്റിൽഡ, കഥാകൃത്ത് മേരിദാസ്, ഗായകൻ വിജേഷ് ഗോപാൽ എന്നിവർ പങ്കെടുത്തു. മെയ് 28ന് 'എറണാകുളം കരയോഗം ഫിലിം ക്ലബ്ബ്' പ്രശസ്ത സിനിമാസംവിധായകൻ എബ്രിഡ് ഷൈൻ ഉദ്ഘാടനം ചെയ്തു. ക്ലബ്ബിന്റെ നേതൃത്വത്തിൽ പ്രതിമാസ സിനിമാ പ്രദർശനം, കാവേരി ഹാളിൽ നടത്തി വരുന്നു.

2017 ഓഗസ്റ്റ് 7ന് വിശ്വസംസ്കൃത ദിനത്തോടനുബന്ധിച്ച് എറണാകുളം കരയോഗം സംഘടിപ്പിച്ച സെമിനാർ പ്രൊഫ.എം.കെ.സാനു ഉദ്ഘാടനം ചെയ്തു. ഡോ.പി.കെ.ശങ്കരനാരായണൻ, ഡോ.എം.വി. നടേശൻ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

മുതലമട സ്നേഹം ചാരിറ്റബിൾ ട്രസ്റ്റുമായി സഹകരിച്ച് 25.10.17ന് പ്രൊഫ.എം.കെ.സാനുവിന് 'നവതി ആദരം' എന്ന സ്നേഹകൂട്ടായ്മയും പ്രഥമ ടി.എൻ.ശേഷൻ ദേശീയ സാഹിത്യ പുരസ്ക്കാര സമർപ്പണ ചടങ്ങും സംഘടിപ്പിച്ചു. പണ്ഡിറ്റ് ശിവകുമാർ ശർമ്മ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്ത ഈ ചടങ്ങിൽ സ്വാമി സുനിൽദാസ്, പ്രൊഫ.എം.കെ.സാനു, ഫാദർ റോബി കണ്ണഞ്ചിറ, തുടങ്ങിയവർ സംബന്ധിച്ചു. 2017 ഒക്ടോബർ 3ന് നായർ ബ്രിഗേഡും കരയോഗവും സംയുക്തമായി നായർ സംഗമം സംഘടിപ്പിച്ചു. കെ.എൽ. മോഹനവർമ്മ, ഉദ്ഘാടനം ചെയ്തു. ശ്രീമതി.വിധുബാല മുഖ്യാതിഥിയായി. കെ.എൻ.കെ.കർത്ത, ജസ്റ്റിസ് കെ.നാരായണകുറുപ്പ്, രഘുനാഥ് മേനോൻ എന്നിവർ സംബന്ധിച്ചു.

'ക്ഷേത്രപ്രവേശനം ആർക്കെല്ലാം' എന്ന വിഷയത്തെ അധികരിച്ച് 2017 നവംബർ 3ന് ടി.ഡി.എം. ഹാളിൽ നടന്ന സംവാദം സംപൂജ്യ സ്വാമി ചിദാനന്ദപുരി (കൊളത്തൂർ അദ്വൈതാശ്രമം) ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. ബ്രഹ്മശ്രീ ചേന്നാസ് ദിനേശൻ നമ്പൂതിരിപ്പാട്, അഡ്വ.ഗോവിന്ദ് ഭരതൻ, കെ.എസ്.രാധാകൃഷ്ണൻ, ആർ.വി.ബാബു, അക്കീരമൺ കാളിദാസൻ ഭട്ടതിരിപ്പാട്, തുടങ്ങിയവർ സംബന്ധിച്ചു.

2017 ഡിസംബർ 7ന് 'എറണാകുളം കരയോഗം നവതി സ്മാരക ഗുരുവായൂർ ഗസ്റ്റ് ഹൗസ്' നിർമ്മാണ ശിലാസ്ഥാപനത്തിന് മുന്നോടിയായി ഇൻഡ്യ പോസ്റ്റ് സ്പെഷ്യൽ പോസ്റ്റൽ കവർ പുറത്തിറക്കി. ചടങ്ങിൽ എറണാകുളം പോസ്റ്റൽ സീനിയർ ഡിവിഷൻ സൂപ്രണ്ട് എൻ. ആർ. ഗിരി സ്പെഷ്യൽ കവർ പ്രസിഡന്റ് കെ.പി.കെ.മേനോന് നൽകി പ്രകാശനം ചെയ്തു. ഡിസംബർ 14ന് കരയോഗം പ്രസിഡന്റ് കെ.പി.കെ.മേനോൻ, ജനറൽ സെക്രട്ടറി പി.രാമചന്ദ്രൻ (വേണു),ശ്രീ.ജെ.കെ.മേനോൻ, എന്നിവർ

ചേർന്ന് നവതി സ്മാരക ഗുരുവായൂർ ഗസ്റ്റ് ഹൗസ് നിർമ്മാണ ശിലാസ്ഥാപനം നടത്തി. പ്രൗഢ ഗംഭീരമായ ചടങ്ങിൽ സി.എൻ. ജയദേവൻ എം.പി, പ്രൊഫ.എം.ശാന്തകുമാരി, (ഗുരുവായൂർ മുനിസിപ്പൽ ചെയർപേഴ്സൺ), ബ്രഹ്മശ്രീ ചേന്നാസ് ദിനേശൻ നമ്പൂതിരിപ്പാട്, കെ.വി.അബ്ദുൾഖാദർ, (ഗുരുവായൂർ എം.എൽ.എ), എ.എൻ. രാധാകൃഷ്ണൻ, കൊച്ചി മേയർ സൗമിനി ജെയിൻ, വേണുഗോപാൽ സി.ഗോവിന്ദ്, പി.ജി.സുധാകരൻ, ആർക്കിടെക്ട് ദാമോദരൻ തുടങ്ങിയവർ സംബന്ധിച്ചു.

എറണാകുളം കരയോഗം, ബാങ്ക് എംപ്ലോയീസ് ആർട്ട്സ് മൂവ്മെൻറ്, എറണാകുളവുമായി (ബീം) സഹകരിച്ച് കേരളത്തിനകത്തും പുറത്തുമുള്ള പ്രശസ്ത കലാകാരൻമാരെ പങ്കെടുപ്പിച്ച് നടപ്പു വർഷം എല്ലാ മാസവും മുടങ്ങാതെ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. കരയോഗം സാംസ്ക്കാരിക വിഭാഗത്തിൻെറ സഹകരണത്തോടെ നടപ്പുവർഷം നിരവധി പരിപാടികൾ നടത്തുവാൻ ഭരണ സമിതിക്ക് സാധിച്ചിട്ടുണ്ട് എന്നു പറയുന്നതിൽ ചാരിതാർത്ഥ്യമുണ്ട്.

കലാസാംസ്ക്കാരിക വിഭാഗത്തിൻെറ ആഭിമുഖ്യത്തിൽ നൃത്തം, വയലിൻ എന്നിവ കൂടാതെ യോഗ, കരാട്ടെ ക്ലാസ്സുകളും നടത്തിവരുന്നു. ഷിൽനാ ജിപ്സൺ നൃത്തവും, ടി.കെ.സദാനന്ദൻ വയലിനും, കെ.വി. സുനിൽ കരാട്ടേയും, ടി.ജി. തുളസീദാസ് യോഗയും പരിശീലിപ്പിക്കുന്നു. കേരളത്തിൻെറ തനതായ കലകളും, സാംസ്ക്കാരിക പൈതൃകങ്ങളും പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം. കരയോഗത്തിൻെറ കലാ സാംസ്ക്കാരിക വിഭാഗവുമായി സഹകരിച്ച് പ്രവർത്തിക്കുന്ന വിവിധ സംഘടനകൾ, കലാകാരൻമാർ, അധ്യാപകർ തുടങ്ങിയവരോടുള്ള നന്ദി ഇവിടെ പ്രത്യേകം രേഖപ്പെടുത്തുന്നു.

## സെമിനാറുകൾ, ക്ലാസ്സുകൾ

വിജ്ഞാൻ വികാസ്, എറണാകുളം കരയോഗത്തിന്റെ സഹകരണത്തോടെ പ്ലസ് ടു വിദ്യാർത്ഥികൾക്കായി 2017 ജൂലൈ 29 ന് ഏകദിന 'വിഷ്വൽ ഇൻറലിജൻസ് വർക്ക്ഷോപ്പ്', നടത്തി. 2017 ജൂൺ 2-ാം തീയതി മാതൃഭൂമി ദിനപത്രവുമായി സഹകരിച്ച് 10,11,12 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി 'പ്രൊഫഷണൽ കോഴ്സ് ഗൈഡൻസ് സെമിനാർ ആസ്ക് എക്സ്പെർട്ട്' എന്ന പേരിൽ ഏകദിന പരിപാടി ടിഡിഎം ഹാളിൽ സംഘടിപ്പിച്ചു.

## നവരാത്രിയാഘോഷം

2017 ലെ നവരാത്രിയാഘോഷം സെപ്റ്റംബർ 21 മുതൽ 30 വരെ വിവിധ കലാ പരിപാടികളോടെ വിപുലമായി ആഘോഷിച്ചു. ഇതിന് മുന്നോടിയായി ജൂലൈ 16 മുതൽ 8 ദിവസങ്ങളിലായി വിവിധ വേദികളിൽ പുരാണങ്ങൾ, പാരമ്പര്യകലകൾ, സംഗീതം, നൃത്തം, പ്രസംഗം, ചിത്രരചന മുതലായ വിഷയങ്ങളെ അധികരിച്ച് 66 ഇനങ്ങളായി തരംതിരിച്ച് 4 വിഭാഗക്കാർക്കായി 1500 ൽ പരം അപേക്ഷകൾ സ്വീകരിച്ചാണ് മത്സരങ്ങൾ നടത്തപ്പെട്ടത്. നവരാത്രി ആഘോഷ സമാപന ദിവസം 400 ഓളം സമ്മാനങ്ങളാണ് വിജയികൾക്ക് വിതരണം ചെയ്തത്. നവരാത്രി ആഘോഷ മത്സരങ്ങളിലെ വിധികർത്താക്കൾക്ക് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

## അനുമോദനങ്ങൾ

നവരാത്രി ആഘോഷ സമാപന ദിവസം വിദ്യാഭ്യാസരംഗത്ത് പ്രശസ്ത വിജയം നേടിയ രാഹുൽ പ്രസാദ് S/o ശ്രീമതി.രോഹിണി പ്രസാദ് (എൽ/5145) സിബിഎസ്ഇ പത്താം ക്ലാസ്സ്, സഞ്ജുക്ത വിനയരാജ് മേനോൻ, സംയുക്ത വിനയരാജ് മേനോൻ D/o ശ്രീ.കെ.വിനയരാജ് മേനോൻ (എൽ/3314) സിബിഎസ്ഇ പത്താം ക്ലാസ്സ്, രാധിക ആർ മേനോൻ D/o ശ്രീ.സി. രാജശേഖരൻ (എൽ/2617) സിബിഎസ്ഇ പന്ത്രണ്ടാം ക്ലാസ്സ്, ഗോവിന്ദ് മേനോൻ, S/o ഡോ.ജയഗോപാൽ പോഴോത്ത് (എൽ/4201) സിബിഎസ്ഇ പന്ത്രണ്ടാം ക്ലാസ്സ്, സി.യമുന മേനോൻ D/o ശ്രീ. ടി.മോഹൻ കുമാർ (എൽ/2788) ദേശീയ കോൺസ്റ്റിറ്റ്യൂഷൻ ലോ ഒളിമ്പ്യാഡ് മത്സരത്തിൽ ഒന്നാം സ്ഥാനം, കീർത്തി കൃഷ്ണകുമാർ D/o ശ്രീ. കെ. ജി.കൃഷ്ണകുമാർ (എൽ/3825) എം.ബി.എ പരീക്ഷയിൽ ഒന്നാം ക്ലാസ്സ്, അശ്വതി നന്ദകുമാർ D/o ശ്രീ. നന്ദകുമാർ (എൽ/2372) എം.ടെക് പരീക്ഷയിൽ ഉന്നത വിജയം, എറണാകുളം കരയോഗാംഗമായ ശ്രീമതി.ഉഷ.കെ.(എൽ/5568) 2015 ലെ സിബിഎസ്ഇ അധ്യാപക അവാർഡ്, സിദ്ധാർത്ഥ് ബി. S/o ശ്രീമതി.അനിത കേശവദാസ്(എൽ/4610) 2017 ലെ സിവിൽ സർവ്വീസ് പരീക്ഷയിൽ 15-ാം റാങ്ക്, ശ്രീ.കെ. പി.പദ്മകുമാർ (എൽ/4509) ബാങ്കിങ്ങ് മേഖലയിലെ പ്രശസ്ത സേവനത്തിന് സംസ്ഥാന ബാങ്കേഴ്സ് ക്ളബ്ബ് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്, പ്രശസ്ത കഥകളി നർത്തകി ശ്രീമതി. ശശികല ദേവിദാസ് (എൽ/3453) ഒഡീഷ നാഷണൽ കൾച്ചറൽ മിഷന്റെ അഷ്ടപദി സമ്മാൻ എന്നീ കരയോഗാംഗങ്ങളെ/അവരുടെ കുട്ടികളെ അനുമോദിക്കുകയും ഉപഹാരങ്ങൾ നൽകി ആദരിക്കുകയും ചെയ്തു.

## കരയോഗം മാംഗല്യ ട്രസ്റ്റ്

എറണാകുളം കരയോഗം മാംഗല്യ ട്രസ്റ്റാണ് ടി.ഡി.എം ഹാളിലെ എല്ലാ കാറ്ററിങ്ങ് സേവനങ്ങ

ളും നൽകി വരുന്നത്. നടപ്പു സാമ്പത്തിക വർഷം 99 വിവാഹങ്ങൾ 59 വിവാഹനിശ്ചയങ്ങൾ 12 റിസപ്ഷൻ 170 പിറന്നാൾ, മീറ്റിങ്ങ്, മാര്യേജ് ഈവ്, തുടങ്ങി ആകെ 340 പരിപാടികൾക്കുള്ള സൽക്കാരങ്ങളാണ് ടിഡിഎം ഹാളിൽ ട്രസ്റ്റിൻെറ ആഭിമുഖ്യത്തിൽ നടത്തിയത്. എറണാകുളം കരയോഗം മാംഗല്യ ട്രസ്റ്റിൻെറ ഈ വർഷത്തെ മൊത്ത വരുമാനം 4,53,88,812 രൂപയാണ്. എറണാകുളം കരയോഗത്തിന് 20,00,000 രൂപ സംഭാവനയായി നൽകിയതിനു ശേഷം ട്രസ്റ്റിലുള്ള, നികുതിക്ക് മുൻപുള്ള നീക്കിയിരിപ്പു തുക 36,62,506 രൂപയാണ്.

**കരയോഗസൗഹൃദം/ഓൺലൈൻ :** എറണാകുളം കരയോഗത്തിൻെറ പ്രവർത്തനങ്ങൾ സമൂഹനൻമയ്ക്ക് വേണ്ടിയുള്ളതാണ്. അതോടൊപ്പം തന്നെ ഹൈന്ദവ സമൂഹത്തിൻെറയും പ്രത്യേകിച്ച് നമ്മുടെ സമുദായത്തിൻെറയും ഉന്നമനം ലക്ഷ്യമിട്ടുകൊണ്ടാണ് നാം പ്രവർത്തിക്കുന്നത്. സമകാലിക വിഷയങ്ങൾ, ലേഖനങ്ങൾ, സ്ഥിരം പംക്തികൾ, കഥകൾ, കവിതകൾ, എന്നിവ ഉൾപ്പെടുത്തി അടുക്കും ചിട്ടയോടും രൂപഭംഗിയോടും കൂടി എല്ലാ മാസവും കൃത്യമായി കരയോഗ സൗഹൃദം തപാലിൽ അയക്കുന്നുണ്ട് എന്നു പറയാൻ ഏറെ സന്തോഷമുണ്ട്.

ജ്യോതിഷാചാര്യ ശ്രീമതി. വിജയാ മേനോൻ തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ രാവിലെ 9 മണി മുതൽ 1 മണി വരെ ടിഡിഎം ഹാളിൽ ജ്യോതിഷ സംബന്ധമായ ഉപദേശങ്ങൾ നൽകി വരുന്നു. അതുപോലെ വാസ്തു സംബന്ധമായ പ്രശ്നങ്ങൾക്കും റിട്ടയേർഡ് എഞ്ചിനീയർ ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത് (വാസ്തു വിദഗ്ധൻ) കരയോഗത്തിൽ സൗജന്യ ഉപദേശവും പരിഹാരവും നിർദ്ദേശവും നൽകി വരുന്നു. ഇരുവരും കരയോഗസൗഹൃദം മാസികയിൽ സ്ഥിരം പംക്തി കൈകാര്യം ചെയ്യുന്നുണ്ട്.

കരയോഗസൗഹൃദത്തിന് നടപ്പുവർഷം 5,76,700 രൂപ വരവും 6,36,317 രൂപ ചിലവുമാണ് വന്നിട്ടുള്ളത്. എല്ലാ മാസവും 10-ാം തീയതി കരയോഗസൗഹൃദം കൃത്യമായി തപാലിൽ അയയ്ക്കുന്നതു കൂടാതെ ഓൺലൈനിൽ കാണുവാൻ വേണ്ട സജ്ജീകരണങ്ങളും ചെയ്തിട്ടുണ്ട്. അംഗങ്ങൾക്ക് സൗഹൃദം ഓൺലൈനിൽ കാണുവാൻ www.ernakulamkarayogam.com എന്ന വെബ്സൈറ്റ്, Mobile App: Ernakulam Karayogam (by leniko) എന്നിവ ഉപയോഗിക്കുവാൻ അഭ്യർത്ഥിക്കുന്നു.

## പരിസ്ഥിതി അവാർഡ്

എറണാകുളം കരയോഗം - പി.എസ്. ഗോപിനാഥൻ നായർ പത്താമത് പരിസ്ഥിതി അവാർഡ് കേരളത്തിലെ ഭൂമി, ജലം, വായു, ശബ്ദ മലിനീകരണം, പരിസ്ഥിതി സംരക്ഷണം, വനസംരക്ഷണം എന്നീ മേഖലകളിൽ നിസ്വാർത്ഥ സേവനം അർപ്പിക്കുന്നവർ, പരിസ്ഥിതി നാശത്തിന് പരിഹാരം കണ്ടെത്താൻ സഹായിക്കുന്നവർ തുടങ്ങിയവരിൽ നിന്നും തിരഞ്ഞെടുക്കുന്ന വ്യക്തിക്കോ, സ്ഥാപനത്തിനോ നൽകി വരുന്നു. എല്ലാ വർഷവും ഭൗമദിനത്തിലാണ് 15001 രൂപയും, പ്രശസ്തിപത്രവും, ഫലകവുമടങ്ങുന്ന ഈ അവാർഡ് നൽകുന്നത്. 2017 ഏപ്രിൽ 22 ന് ഭൗമദിനത്തിൽ, എറണാകുളം കരയോഗം - പി എസ് ഗോപിനാഥൻ നായർ പരിസ്ഥിതി അവാർഡ്, ശ്രീ.ഭാസ്ക്കരൻ വെള്ളൂരിന് കൊച്ചി മധ്യമേഖല ഐ.ജി. പി.വിജയൻ ഐ.പി.എസ്. സമ്മാനിച്ചു.

## നിയമ ഉപദേശക സമിതി

എറണാകുളം കരയോഗവും ആൻറി കറപ്ഷൻ പീപ്പിൾസ് മൂവ്മെൻറും സംയുക്തമായി 18.4.17ന് സംഘടിപ്പിച്ച 'അഴിമതിരഹിത കേരളം ജനപങ്കാളിത്തത്തോടെ' എന്ന സെമിനാർ ശ്രീ.ജേക്കബ് തോമസ് ഐപിഎസ് ഉദ്ഘാടനം ചെയ്തു. എറണാകുളം കരയോഗവും ആൻറി കറപ്ഷൻ പീപ്പിൾസ് മൂവ്മെൻറും ആർ.ടി.ഐ ഫെഡറേഷനും സംയുക്തമായി 2017 ജൂലൈ 7ന് സംഘടിപ്പിച്ച 'പോലീസും നിയമവാഴ്ചയും' എന്ന സെമിനാർ ഡോ.ടി.പി.സെൻകുമാർ ഉദ്ഘാടനം ചെയ്തു. നിയമദിനത്തോടനുബന്ധിച്ച് 27.11.17 ന് Supreme Court on Right to Privacy, എന്ന വിഷയത്തെ അധികരിച്ച് നടത്തിയ സെമിനാർ ജസ്റ്റിസ് എ. മുഹമ്മദ് മുഷ്താഖ് ഉദ്ഘാടനം ചെയ്തു. ഡോ. റോസ് വർഗ്ഗീസ്, അഡ്വ.എം.എൻ.മൻമഥൻ തുടങ്ങിയവർ സംബന്ധിച്ചു.

എറണാകുളം കരയോഗവും കേരള വനിതാ കമ്മീഷനും സംയുക്തമായി കഴിഞ്ഞ സാമ്പത്തിക വർഷം 3 അദാലത്ത് സംഘടിപ്പിച്ചു. ആകെയുള്ള 497 കേസുകളിൽ 184 കേസുകൾക്ക് തീർപ്പുണ്ടാക്കി.

പ്രഗല്ഭരായ റിട്ട.ജഡ്ജിമാർ, അഡ്വക്കേറ്റ്മാർ എന്നിവർ അടങ്ങുന്ന കരയോഗത്തിൻെറ നിയമ സഹായ വേദിയാണ് ആവശ്യക്കാർക്ക് സൗജന്യ നിയമോപദേശം നൽകുന്നത്. കരയോഗത്തിൻെറ നിയമകാര്യങ്ങൾ ഈ സമിതിയുമായി ആലോചിച്ചാണ് ഭരണസമിതി നടപ്പാക്കുന്നത്.

## കരയോഗ അംഗത്വം

നിയമാവലി 5, 7(i), 8(i) എന്നീ വകുപ്പുകൾ പ്രകാരം പുതിയ അംഗങ്ങൾക്ക് അംഗത്വം നൽകി വരുന്നു. കഴിഞ്ഞ പൊതുയോഗ തീരുമാനമനുസരി

ച്ച് നിലവിലുള്ള 4354 അംഗങ്ങളിൽ ജീവകാരുണ്യ സ്ഥിരം ഫണ്ടിലേക്കുള്ള തുക അടയ്ക്കാത്ത 1471 പേർക്ക് രജിസ്റ്റേർഡ് കത്ത് അയയ്ക്കുകയുണ്ടായി. 498 പേരുടെ തെറ്റായ മേൽവിലാസം കൊണ്ടോ, മറ്റു കാരണങ്ങൾ കൊണ്ടോ രജിസ്റ്റേർഡ് കത്ത് കൈപ്പറ്റാതെ മടങ്ങി വന്നിട്ടുണ്ട്. രജിസ്റ്റേർഡ് കത്തയച്ചിട്ട് കത്ത് കൈപ്പറ്റാതെ മടങ്ങിവരുകയാണെങ്കിൽ അങ്ങനെയുള്ള അംഗങ്ങൾക്ക് കരയോഗത്തിൽ നിന്നും തുടർന്ന് അറിയിപ്പുകളോ കത്തുകളോ ഒന്നും അയക്കേണ്ടതില്ല എന്ന കഴിഞ്ഞ പൊതുയോഗ തീരുമാനമനുസരിച്ച് ഇപ്പോൾ അവർക്ക് കരയോഗത്തിൽ നിന്ന് അറിയിപ്പുകളോ കത്തുകളോ ഒന്നും അയക്കുന്നില്ല എന്ന് പൊതുയോഗത്തെ അറിയിച്ചു കൊള്ളുന്നു. അതുപോലെ കത്ത് കൈപ്പറ്റിയിട്ട് നാളിതുവരെ ജീവകാരുണ്യ സ്ഥിരം ഫണ്ടിലേക്കുള്ള തുകയും മറ്റു കുടിശ്ശികകളും അടയ്ക്കാത്ത അംഗങ്ങൾക്കും കരയോഗത്തിന്റെ യാതൊരുവിധ അറിയിപ്പുകളും നൽകുന്നില്ല എന്നും പൊതുയോഗത്തെ ബോദ്ധ്യപ്പെടുത്തിക്കൊള്ളുന്നു.

കഴിഞ്ഞ വർഷം നിലവിൽ ആകെയുണ്ടായിരുന്നത് 4314 ആജീവനാംഗങ്ങളും 40 അസോസിയേറ്റ് അംഗങ്ങളുമടക്കം 4354 അംഗങ്ങളാണ്. നടപ്പുവർഷം നിര്യാണവും മറ്റും മൂലം 56 പേരെ അംഗത്വ രജിസ്റ്ററിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്. നടപ്പുവർഷം 24 പേർ പുതിയ അംഗങ്ങളായി ചേർന്നിട്ടുണ്ട്. നിലവിലുള്ള 40 അസോസിയേറ്റ് അംഗങ്ങളുൾപ്പെടെ 2017-18 നടപ്പുവർഷം കരയോഗത്തിൽ ആകെ 4322 അംഗങ്ങളാണ് ഉള്ളത്.

## എൽഡർ സിറ്റിസൺസ് ഫോറം

കരയോഗത്തിലെ മുതിർന്ന അംഗങ്ങളുടെ ഒരു കൂട്ടായ്മയാണ് എൽഡർ സിറ്റിസൺസ് ഫോറം. എല്ലാ വ്യാഴാഴ്ചയും വൈകുന്നേരം 4 മണി മുതൽ 6 മണി വരെ കൂടുന്ന യോഗങ്ങളിൽ സമകാലിക പ്രശ്നങ്ങൾ, നിയമം, ആത്മീയം, ആരോഗ്യം, തുടങ്ങിയ വിഷയങ്ങളിൽ ചർച്ചകളും, സംവാദങ്ങളും നടത്തി വരുന്നു. കരയോഗം എൽഡർ സിറ്റിസൺ ഫോറത്തിൻെറ 19-ാമത് വാർഷികാഘോഷം 2017 ജൂലൈ 30 ന് കരയോഗം പ്രസിഡൻറ് കെപികെ മേനോൻ ഉദ്ഘാടനം ചെയ്തു. നടപ്പുവർഷം 50 യോഗങ്ങൾ ചേർന്നു.

**എറണാകുളം കരയോഗം ചാരിറ്റബിൾ ട്രസ്റ്റ്:** എല്ലാ രണ്ടാം ശനിയാഴ്ചയും ട്രസ്റ്റ് യോഗങ്ങൾ കൂടുന്നു. നടപ്പു വർഷം ട്രസ്റ്റിൻെറ 12 സാധാരണ യോഗങ്ങൾ നടന്നു. തന്നാണ്ടിൽ ട്രസ്റ്റ് നിയമാവലി പ്രകാരം അടുത്ത 5 വർഷത്തേക്കുള്ള പുതിയ അംഗങ്ങൾ, നോമിനികൾ, പ്രത്യേക ക്ഷണിതാക്കൾ എന്നിവരെ തിരഞ്ഞെടുത്തു. കഴിഞ്ഞ അദ്ധ്യയന വർഷം കുട്ടികൾക്ക് പുസ്തകങ്ങൾ, യൂണിഫോം, ഷൂസ്, കുട എന്നിവ പതിവുപോലെ കരയോഗം നൽകുകയുണ്ടായി. സ്വാതന്ത്ര്യദിനം, ശിശുദിനം, ഓണം തുടങ്ങിയവ സമുചിതമായി ആഘോഷിച്ചു.

## മാംഗല്യം- എറണാകുളം കരയോഗത്തിൻെറ മാട്രിമോണിയൽ ഡേറ്റാ ബാങ്ക്

മാംഗല്യത്തിന്റെ സേവനം കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ രജിസ്ട്രേഷൻ ചാർജ്ജ് 2500 രൂപയിൽ നിന്ന് 1000 രൂപയായി കുറച്ചിട്ടുണ്ട്. മാംഗല്യത്തിൽ പേര് രജിസ്റ്റർ ചെയ്യുന്നവർ ആവശ്യമുള്ള സേവനങ്ങൾക്ക് മാത്രം ഫീസ് നൽകിയാൽ മതി എന്ന രീതിയും നടപ്പിലാക്കിയിട്ടുണ്ട്. മാംഗല്യത്തിന്റെ സേവനം www.karayogam mangalyam.com, www.karayogammangalyam.in, Mobile App:ErnakulamKarayogam (by Leniko) എന്നീ വെബ്സൈറ്റിലും ലഭ്യമാക്കിയിട്ടുണ്ട്. നടപ്പുവർഷം 9,48,075 രൂപ വരവും, 3,35,171 രൂപ ചിലവുമാണ് മാംഗല്യത്തിന് വന്നിട്ടുള്ളത്.

## വിവിധ കേസുകൾ

കരയോഗം 2006-ൽ വിൽപന നടത്തിയ ഉദയംപേരൂരിലെ നികത്തിയ സ്ഥലം സംബന്ധിച്ച് പാടശേഖര കമ്മിറ്റി സെക്രട്ടറി ശ്രീ. കെ.പി. വർഗ്ഗീസ് ബഹു. കേരളാ ഹൈക്കോടതിയിൽ ഡബ്ല്യു. പി.സി.2170/2008 നമ്പറായി ഒരു കേസ് കരയോഗത്തിനെതിരായി ഫയൽ ചെയ്തിട്ടുണ്ട്. അഡ്വ. ശ്രീ മുരളി പുരുഷോത്തമൻ ആണ് കരയോഗത്തിനുവേണ്ടി ഹാജരാകുന്നത്.

എ.ഡി. കൃഷ്ണനാശാൻ, പി. ജയശങ്കർ എന്നിവർക്കതിരെ എറണാകുളം കരയോഗം കൈക്കൊണ്ട ശിക്ഷാനടപടികളെ ചോദ്യം ചെയ്ത് അവർ ബഹു.കേരള ഹൈക്കോടതിയിൽ നൽകിയ കേസ്സ് RSA.No.1244/2008 ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. കരയോഗത്തിനുവേണ്ടി കേസ് നടത്തുന്നത് അഡ്വ. ടി.കെ.എം. ഉണ്ണിത്താൻ ആണ്.

കരയോഗ അംഗത്വത്തിൽ നിന്നും നീക്കം ചെയ്യപ്പെട്ട കെ.വി. തമ്പി എറണാകുളം കരയോഗത്തിനെതിരെ ബഹുമാനപ്പെട്ട എറണാകുളം മുൻസിഫ് കോടതി മുമ്പാകെ ബോധിപ്പിച്ചിട്ടുള്ള ഒ.എസ്. 693/14-ാം നമ്പർ കേസ് 19.12.2015 ൽ കരയോഗത്തിന് അനുകൂലമായി ചിലവടക്കം തള്ളി വിധിയായിട്ടുണ്ട്. തുടർന്ന് ബഹു.ജില്ലാ കോടതിയിൽ ടിയാൻ അപ്പീൽ നൽകിയിട്ടുണ്ട്. ടി കേസ് കോടതിയുടെ പരിഗണനയിലാണ്. ടിയാൻ എറണാകുളം മുൻസിഫ് കോടതി

യിൽ ഒ എസ് 886/14-ാം നമ്പറായി കരയോഗത്തിനെതിരെ ഫയൽ ചെയ്ത കേസിലും നമുക്ക് അനുകൂലമായ വിധി സമ്പാദിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ കേസിലും ബഹു.ജില്ലാ കോടതിയിൽ ടിയാൻ അപ്പീൽ നൽകിയിട്ടുണ്ട്. കരയോഗത്തിനു വേണ്ടി ഈ രണ്ടു കേസുകളും സൗജന്യമായി നടത്തുന്നത് അഡ്വ. പി.വിശ്വനാഥനാണ്.

കരയോഗത്തിനുവേണ്ടി വിവിധ കോടതികളിൽ കേസ്സുകൾ കൈകാര്യം ചെയ്യുന്ന അഡ്വ.ടി.കെ.എം.ഉണ്ണിത്താൻ, അഡ്വ.പി.വിശ്വനാഥൻ, അഡ്വ. മുരളി പുരുഷോത്തമൻ എന്നിവരോടൊപ്പം കരയോഗത്തിൻെറ നിയമ ഉപദേശക സമിതിയിലെ എല്ലാ അഭിഭാഷകരോടുമുള്ള കൃതജ്ഞതയും നന്ദിയും പ്രത്യേകം രേഖപ്പെടുത്തുന്നു.

2017 ജൂൺ മാസം 25-ന് കൂടിയ വാർഷിക പൊതുയോഗത്തിൽ 2017-18 സാമ്പത്തിക വർഷത്തെ ആഡിറ്ററായി ശ്രീ. എസ്. വേണുഗോപാൽ& കമ്പനി, 41/3940 ബി, ഫസ്റ്റ് ഫ്ളോർ, ലിൽജി എസ്റ്റേറ്റ്, ഓൾഡ് റയിൽവേ സ്റ്റേഷൻ റോഡ്, കൊച്ചി-682018 നെ നിശ്ചയിച്ചു.

## സാമ്പത്തിക അവലോകനം

എറണാകുളം കരയോഗത്തിൻെറ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുമ്പോൾ സേവനപ്രവർത്തനങ്ങൾ പോലെ തന്നെ കരയോഗത്തിൻെറ സാമ്പത്തിക കാര്യക്ഷമതയും അവലോകനം ചെയ്യേണ്ടതുണ്ട്. കൃത്യമായ വിഭവ സമാഹരണവും ചിലവും നീക്കിയിരിപ്പും ആസൂത്രണം ചെയ്തു പോകുന്നതിൽ കരയോഗത്തിൻെറ ഭരണസമിതി വിജയിച്ചിട്ടുണ്ട് എന്നു പറയുന്നതിൽ അഭിമാനമുണ്ട്. എറണാകുളം കരയോഗത്തിൻെറ 2017-2018 ലെ റവന്യു ക്യാപ്പിറ്റൽ ബഡ്ജറ്റുകൾ പ്രകാരം തന്നെ കരയോഗത്തിൻെറ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടു പോവാൻ സാധിച്ചിട്ടുണ്ട് എന്ന കാര്യത്തിൽ സന്തോഷമുണ്ട്.

നിയമാവലി 34(iii) പ്രകാരം കരയോഗത്തിൻെറ ജീവകാരുണ്യപ്രവർത്തനങ്ങളായ ആംബുലൻസ്, മോർച്ചറി, കച്ച, കട്ട്യാവ്, ക്രിമേഷൻ എന്നിവയ്ക്ക് 6,73,268 രൂപയും വിദ്യാഭ്യാസ സഹായത്തിന് 3,26,350 രൂപയും ക്യാൻസർ, എച്ച് ഐവി, സിഎംഎച്ച്പി, ലെപ്രസി, ഡയാലിസിസ്, കുട്ടികളുടെ ഹൃദയ ശസ്ത്രക്രിയ എന്നിവയ്ക്ക് 6,33,378 രൂപയും പോളിക്ലിനിക്ക്, അലോപ്പതി, ഹോമിയോ, ചൈത്രം എന്നിവയ്ക്ക് 14,91,754 രൂപയും, അന്നദാനം, പ്രതിമാസ പെൻഷനുകൾ, പാലിയേറ്റിവ് കെയർ എന്നിവയ്ക്ക് 11,10,393 രൂപയും കലാസാംസ്ക്കാരികവിഭാഗത്തിന് 2,37,735 രൂപയും അദ്ധ്യാത്മിക പ്രവർത്തനങ്ങൾക്ക് 6,85,785 രൂപയും, പരിസ്ഥിതി തുടങ്ങിയ പ്രവർത്തനങ്ങൾക്ക് 18,200 രൂപയുമുൾപ്പെടെ ആകെ നടപ്പ് വർഷം 51,76,863 രൂപയാണ് ചിലവ് വന്നിട്ടുള്ളത്.

കഴിഞ്ഞ സാമ്പത്തിക വർഷം കരയോഗത്തിന്റെ മൊത്ത വരുമാനം 403.35 കോടി രൂപയാണ്. തേയ്മാന ചിലവിനു മുൻപുള്ള നീക്കിയിരിപ്പ് തുക 154.79 ലക്ഷം രൂപയാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തിനേക്കാൾ 49.70 ലക്ഷം രൂപ കൂടുതലാണ് ഈ തുക. സ്ഥിരനിക്ഷേപത്തിന്റെ പലിശയിൽ വന്ന കൂടുതലാണ് ഇതിനുള്ള കാരണം. ചാരിറ്റി കളക്ഷൻ തുടങ്ങിയ ഫണ്ടുകളിലേക്കുള്ള ഈ വർഷത്തെ വരവ് 53.43 ലക്ഷം രൂപയാണ്. ഈ സംഖ്യ ബാങ്കിൽ സ്ഥിരനിക്ഷേപമായി നിലനിർത്തിയിട്ടുണ്ട്. കൂടാതെ, കഴിഞ്ഞ പൊതുയോഗത്തിന്റെ തീരുമാന പ്രകാരം മൊത്ത വരുമാനത്തിന്റെ 3% റിനൊവേഷൻ ഫണ്ട് ആയി മാറ്റി വച്ചിട്ടുണ്ട്.

കരയോഗത്തിന്റെ സാമ്പത്തിക സ്ഥിതി ഭദ്രമായിത്തന്നെ നിലകൊള്ളുന്നു. അംഗങ്ങളുടെ സഹകരണത്തോടെ തുടങ്ങിയ പദ്ധതിയായ ഗുരുവായൂർ ഗസ്റ്റ് ഹൗസ് സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കും എന്ന് ഭരണസമിതി ഉറച്ചു വിശ്വസിക്കുന്നു.

അടുത്ത സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കാനുള്ള നവതി സ്മാരക ഗുരുവായൂർ ഗസ്റ്റ്ഹൗസ്, സൗരോർജ്ജ താപ പദ്ധതി രണ്ടാം ഘട്ടം, ഓഫീസ് എക്വിപ്മെൻറ്സ്, കമ്പ്യൂട്ടർ&ഐടി, പമ്പ ഹാൾ നവീകരണം, പുതിയ ലിഫ്റ്റ് നിർമ്മാണം, ഹെൽത്ത് ക്ലബ്ബ്, ജനറേറ്റർ, മലിനജല ശുദ്ധീകരണ പ്ലാൻറ്, മാലിന്യ സംസ്ക്കരണ പ്ലാൻറ് എന്നിവയ്ക്കായി ക്യാപ്പിറ്റൽ ബഡ്ജറ്റിൽ 14,00,00,000 രൂപയും റവന്യു ബഡ്ജറ്റിൽ 3,83,00,000 രൂപയും ഉൾപ്പെടെ ആകെ 17,83,00,000 രൂപ പൊതുയോഗത്തിൻെറ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

## ഉപസംഹാരം

സേവന പാരമ്പര്യവുമായി 93 വർഷം പിന്നിടുമ്പോൾ അഭിമാനിക്കാനും ആത്മാർത്ഥമായി ചിന്തിക്കുവാനുമുള്ള അവസരമാണ് വരും നാളുകൾ. 2555 ദിവസങ്ങൾ കഴിയുമ്പോൾ ശതാബ്ദിയിലേക്ക് കാലെടുത്തു വയ്ക്കുകയാണ് നമ്മൾ. ഒരു പ്രസ്ഥാനത്തെ സംബന്ധിച്ച് 100 വർഷം എന്നത് വലിയ കാലയളവ് അല്ലെങ്കിലും ജീവകാരുണ്യ സാമൂഹ്യ സേവന രംഗത്ത് തനതായ വ്യക്തിത്വം നിലനിർത്തിക്കൊണ്ട് ഈ പട്ടണത്തിൽ എല്ലാവരെയും ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുന്ന ഒരു സംഘടന എന്ന

നിലയിൽ എറണാകുളം കരയോഗത്തിന് പ്രസക്തി ഏറുകയാണ്. ഭാരതീയ സംസ്ക്കാരവും ഹൈന്ദവ ജീവിതരീതിയും ഉൾക്കൊണ്ടു കൊണ്ട് സ്നേഹത്തിന്റെയും സൗഹാർദ്ദത്തിന്റെയും വിശാലമായ വാതിലുകൾ തുറന്നു വച്ച് കപട മതേതരത്വത്തിന് ബദലായി ആരെയും പ്രീണിപ്പിക്കുവാനോ, പീഡിപ്പിക്കുവാനോ നിൽക്കാതെ, എറണാകുളം കരയോഗമെന്ന സേവന വടവൃക്ഷം നഗരത്തിൽ തലയുയർത്തി തന്നെ നിൽക്കുമെന്ന് അഭിമാനത്തോടെ ഇവിടെ കുറിക്കുന്നു. അതിനു വേണ്ടി അശ്രാന്തം പരിശ്രമിക്കുന്ന ഓരോരുത്തരോടുമുള്ള നന്ദി ഇവിടെ രേഖപ്പെടുത്തട്ടെ.

കാലത്തിന്റെ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുന്ന സമൂഹം എല്ലാ അത്യന്താധുനിക ആശയ വിനിമയ രീതികളും പ്രയോജനപ്പെടുത്തുന്ന ഒരു കാലഘട്ടം കൂടിയാണിത്. സോഷ്യൽ മീഡിയ, പത്രദൃശ്യ മാധ്യമങ്ങൾ എന്നിവയിൽ വന്നിട്ടുള്ള മാറ്റങ്ങൾ എടുത്തു പറയേണ്ടതാണ്. എന്നാൽ ഇത് നല്ലതിന് വേണ്ടി ഉപയോഗിക്കുവാൻ ശ്രമിക്കുന്നതിനു പകരം ചില വിരുദ്ധ മനസ്സുകൾ സമൂഹത്തെയും രാജ്യത്തെയും തന്നെ തെറ്റിദ്ധരിപ്പിച്ച് സോഷ്യൽ മീഡിയ പോലുള്ള ആശയ വിനിമയങ്ങളിലൂടെ നാടിന്റെ സമാധാനാന്തരീക്ഷത്തെ കലുഷിതമാക്കി ക്കൊണ്ടിരിക്കുന്നു എന്ന് നമുക്കറിയാമല്ലോ. സാമൂഹ്യ സേവന പ്രവർത്തനം എന്നത് ഒരു 'കുരുക്കാവുന്ന' കാലഘട്ടത്തിലൂടെയാണ് നമ്മൾ കടന്നുപോവുന്നത്. ജീവകാരുണ്യ സേവന തുറകളിൽ താല്പര്യമുള്ളവർ ആയതിലേക്ക് സമയം കണ്ടെത്തുവാൻ ഇന്നത്തെ ജീവിത സാഹചര്യങ്ങളാൽ പലപ്പോഴും കഴിയുന്നില്ല എന്നത് ശരിയായിരിക്കാം. ഞങ്ങളെപ്പോലെയുള്ള പൊതുപ്രവർത്തകർക്ക് ഊർജ്ജം എന്നത് പ്രോത്സാഹനം തന്നെയാണ്. പലപ്പോഴും അതിന് എതിരായിട്ടുള്ള ജല്പനങ്ങളാണ് ഞങ്ങളൊക്കെ കേൾക്കേണ്ടി വരുന്നത്. അതും പോസിറ്റീവ് ആയി എടുത്തുകൊണ്ട് തെറ്റുപറ്റിയിട്ടുണ്ടെങ്കിൽ സത്യസന്ധമായി അത് ചൂണ്ടിക്കാണിക്കുന്നവരെ അഭിനന്ദിച്ചും തെറ്റുകൾ തിരുത്തിയും മുന്നോട്ടു പോവാൻ കഴിഞ്ഞിട്ടുണ്ട് എന്നതിന്റെ തെളിവാണ് ഈ സ്ഥാപനത്തിന്റെ കഴിഞ്ഞ 20 കൊല്ലത്തെ പുരോഗതി എന്ന് നിസ്സംശയം പറയാം. വിമർശനങ്ങളെ ക്ഷമയോടെ സ്വീകരിക്കുവാൻ തയ്യാറാണ്. അതുപോലെ നന്മയെ പിശുക്കില്ലാതെ പ്രശംസിക്കുവാൻ മറക്കരുത്. പോരായ്മകളെ സ്വകാര്യമായി തിരുത്തുക. മുൻവിധികളില്ലാതെ എല്ലാത്തിനെയും കാണുവാൻ നമ്മൾക്ക് കഴിയണം. അതാണ് നമ്മുടെ വിജയം. നമ്മുടെ സേവന ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് എന്നും താങ്ങും തണലുമായി നില്ക്കുന്ന എല്ലാ അംഗങ്ങളോടുമുള്ള നന്ദി പ്രത്യേകം രേഖപ്പെടുത്തുന്നു. നമ്മുടെ സേവന ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് എന്നും താങ്ങും തണലുമായി നില്ക്കുന്ന എല്ലാ അംഗങ്ങളോടുമുള്ള നന്ദി പ്രത്യേകം രേഖപ്പെടുത്തുന്നു.

പ്രിയപ്പെട്ട സഹോദരി സഹോദരൻമാരെ, നിങ്ങളുടെ വിലയേറിയ ഉപദേശങ്ങളും നിർദ്ദേശങ്ങളും ഒപ്പം സത്യസന്ധവും ക്രിയാത്മകവുമായ വിമർശനങ്ങളും സ്വാഗതം ചെയ്യുന്നു. അത് രേഖാമൂലം നൽകണമെന്ന് മാത്രമേ അപേക്ഷയുള്ളൂ. മുപ്പത്തിമുക്കോടി ദൈവസങ്കല്പങ്ങളും തൂണിലും തുരുമ്പിലും ഈശ്വര സാന്നിദ്ധ്യവുമുള്ള ഈ ഹൈന്ദവ സമൂഹത്തിൽ ശ്രീ എറണാകുളത്തപ്പന്റെയും നമ്മുടെ ആസ്ഥാനമന്ദിരത്തിൽ വാണരുളുന്ന സാക്ഷാൽ ശ്രീ വിഘ്നേശ്വരന്റെയും കടാക്ഷം എന്നും ഞങ്ങൾക്ക് പ്രചോദനവും തുണയുമായിട്ടുണ്ട്. എറണാകുളം കരയോഗത്തിന്റെ ഭരണറിപ്പോർട്ട് ഉപസംഹരിക്കുന്ന ഈയവസരത്തിൽ കരയോഗത്തിലെ വിവിധ ഉപസമിതി അംഗങ്ങൾ, ജീവനക്കാർ, പത്രദൃശ്യമാധ്യമ സുഹൃത്തുക്കൾ, എല്ലാ സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങൾ, ധനകാര്യസ്ഥാപനങ്ങൾ, കക്ഷി രാഷ്ട്രീയ ഭേദമന്യെ കരയോഗത്തോട് സഹകരിക്കുന്ന സുഹൃത്തുക്കൾ, വിവിധ സമുദായ സംഘടനകൾ, കരയോഗത്തിന്റെ അഭ്യുദയകാംക്ഷികൾ തുടങ്ങി എല്ലാവരോടുമുള്ള നന്ദി ഈയവസരത്തിൽ രേഖപ്പെടുത്തിക്കൊള്ളുന്നു.

2017-18 ലെ ഭരണറിപ്പോർട്ട്, വരവു-ചിലവു കണക്കുകൾ, ഓഡിറ്റേഴ്സ് റിപ്പോർട്ട്, 2018-19 ലേക്കുള്ള വിവിധ ബഡ്ജറ്റുകൾ, പുതിയ പദ്ധതികളും നിർദ്ദേശങ്ങളും എല്ലാം തന്നെ 93-ാമത് വാർഷിക പൊതുയോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചുകൊണ്ട്, സാക്ഷാൽ ശ്രീഗുരുവായൂരപ്പൻ നമ്മെയെല്ലാം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചു കൊള്ളുന്നു.

കൊച്ചി
13.05.2018

വിശ്വസ്തതയോടെ
കരയോഗം ഭരണസമിതിക്കു വേണ്ടി
ജനറൽ സെക്രട്ടറി
(ഒപ്പ്)
**പി.രാമചന്ദ്രൻ (വേണു)**

# 2017 – 2018 ൽ തിരഞ്ഞെടുക്കപ്പെട്ട വിവിധ ഉപസമിതികൾ

**എറണാകുളം കരയോഗത്തിന്റെ വിവിധ ഉപസമിതികളിൽ പ്രസിഡണ്ട്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നിവർ എക്സ് ഒഫീഷ്യോ അംഗങ്ങൾ ആണ്.**

## 1) അപ്പീൽ കമ്മിറ്റി

1) ജസ്റ്റിസ് എം.രാമചന്ദ്രൻ (കൺവീനർ)
2) വി.പി. മധുസൂദനൻ
3) കെ.രാമചന്ദ്രൻ നായർ

## 2) പരാതി പരിഹാരസെൽ

1) അഡ്വ.മുരളിപുരുഷോത്തമൻ (കൺവീനർ)
2) അഡ്വ.എ.രാജഗോപാൽ
3) ഡോ.കെ.പി.പി.നമ്പ്യാർ

## 3) നിയമ ഉപദേശക സമിതി

1) അഡ്വ.ടി.ശിവദാസൻ നായർ
2) അഡ്വ.എ.ബാലഗോപാലൻ (കൺവീനർ)
3) അഡ്വ.എം.ആർ.രാജേന്ദ്രൻ നായർ
4) അഡ്വ.കെ.രാമചന്ദ്രൻ (റിട്ട.ജഡ്ജ്)
5) അഡ്വ.ശ്യാം കുമാർ സി.ആർ
6) അഡ്വ.പി.സുരേഷ് മേനോൻ
7) അനിൽ കെ നായർ
8) ഡോ.അഡ്വ.എം.രാജേന്ദ്രകുമാർ
9) അഡ്വ.മുരളിപുരുഷോത്തമൻ

## 4) ചൈത്രം

1) ഡോ.പി.വിജയലക്ഷ്മി മേനോൻ (കൺവീനർ)
2) മാലിനി ആർ.മേനോൻ
3) കെ.ഭവാനി
4) ജി.ആർ.സി.നായർ
5) എം.ബാലചന്ദ്രൻ

## 5) പ്രോജക്ട് കമ്മിറ്റി

1) കെ.സതീഷ് (കൺവീനർ)
2) ആലപ്പാട്ട് മുരളീധരൻ
3) കെ.ജനാർദ്ദനൻ
4) അഡ്വ.എ.ബാലഗോപാലൻ
5) അഡ്വ.ശ്യാംകുമാർ സി.ആർ.
6) ശ്രീകുമാരൻ ടി.പി.
7) അനിൽ കെ.നായർ
8) ജി.രവിമോൻ
9) അഡ്വ.മുരളിപുരുഷോത്തമൻ
10) ടി.നന്ദകുമാർ

## 6) പ്രശാന്തി ഹോസ്റ്റൽ & ഹോം ഫോർ ദ് ഏജ്ഡ്

1) കെ. സുധ കൃഷ്ണകുമാർ (കൺവീനർ)
2) കെ.ജനാർദ്ദനൻ
3) ലക്ഷ്മി മോഹൻ
4) ഭവാനി. കെ
5) പ്രൊഫ.സി.സുമംഗലാ ദേവി
6) ഡോ.എ.പാർവ്വതി
7) കെ.രാജഗോപാൽ

## 7) ജീവകാരുണ്യ/സാമൂഹ്യ പ്രവർത്തനങ്ങൾ

1) കെ.രാജഗോപാൽ (കൺവീനർ)
2) ആലപ്പാട്ട് മുരളീധരൻ
3) കെ.സതീഷ്
4) കെ.എസ്.രവീന്ദ്രനാഥ്
5) പ്രൊഫ.സി.സുമംഗലാ ദേവി
6) ഡോ.എ.പാർവ്വതി
7) കെ.ആർ.വേണുഗോപാൽ
8) അഡ്വ.എം.ആർ.രാജേന്ദ്രൻ നായർ
9) കെ.വി.രാമചന്ദ്രൻ
10) കെ.ശശീന്ദ്രൻ
11) പി.ആർ.പ്രഭാകരൻ നായർ
12) സി.മുരളീധരൻ
13) ടി.നന്ദകുമാർ
14) എം.രാജലക്ഷ്മി
15) സുധ ബി. മേനോൻ
16) എം.ബാലചന്ദ്രൻ

## 8) കരയോഗസൗഹൃദം കമ്മിറ്റി & എഡിറ്റോറിയൽ ബോർഡ്

1) ശ്രീവല്ലഭൻ നായർ എം. (എഡിറ്റർ)
2) കെ.പി.കൃഷ്ണമേനോൻ
3) പി.രാമചന്ദ്രൻ (വേണു)
4) കെ.ടി.മോഹനൻ
5) എ.മുരളീധരൻ
6) കെ.പ്രസന്നകുമാർ
7) അഡ്വ.ടി.ശിവദാസൻ നായർ
8) പ്രൊഫ.സി.സുമംഗലാ ദേവി
9) സുധ കൃഷ്ണകുമാർ
10) എസ്.ശ്രീകുമാർ
11) പത്മജ മേനോൻ

## 9) എറണാകുളം കരയോഗം കഥകളി ക്ലബ്

1.) കെ.സുകുമാരൻ.(കൺവീനർ)

2.) അഡ്വ.ടി.ശിവദാസൻ നായർ
3) എസ്. ശരത്കുമാർ.
4.) വി.എസ്.രാഘവൻ
5.) ശുഭ വിജയകുമാർ

### 10) ഹെൽത്ത് കമ്മിറ്റി

1) ഡോ.എ.പാർവ്വതി (കൺവീനർ)
2) കെ.ശാന്തകുമാരി
3) ഡോ.കെ.പ്രസന്നകുമാർ
4) ഡോ.സുന്ദരി ജി. മേനോൻ
5) തുളസി പ്രസന്നകുമാർ
6) ഡോ.പി.വിജയലക്ഷ്മി മേനോൻ
7) എം.ബാലചന്ദ്രൻ
8) എൻ.പത്മജ മേനോൻ
9) ഇ.വിജയകുമാർ
10) ശശികുമാർ മേനോൻ

### 11) സാംസ്ക്കാരിക കമ്മിറ്റി

1) കെ.എസ്.രവീന്ദ്രനാഥ് (കൺവീനർ)
2) സജീവ്കുമാർ വി.
3) എസ്.ശരത്കുമാർ
4) കെ.സുകുമാരൻ
5) കെ.ഭവാനി

### 12) എൽഡർ സിറ്റിസൺസ് ഫോറം

1) എസ്. ശ്രീകുമാർ (കൺവീനർ)
2) ടി.ഗംഗാധരൻ
3) ടി.കെ.ശ്രീകുമാരൻ നായർ
4) എം.രാജലക്ഷ്മി
5) അഡ്വ.എസ്.മാധവൻ നായർ
6) സരസ്വതി വേണുഗോപാൽ

### 13) തൃക്കടക്കാപ്പിള്ളി ശ്രീദുർഗ്ഗാഭഗവതിക്ഷേത്രം

1) പി.ഗിരിജാവല്ലഭൻ (കൺവീനർ)
2) കെ.ജനാർദ്ദനൻ
3) അഡ്വ.രാജഗോപാൽ.എ.
4) കെ.കെ.ഗീതമ്മ
5) കെ.വി.മോഹനൻ
6) കെ.കൃഷ്ണൻ
7) കെ.സതീഷ്
8) പി.ആർ.പ്രഭാകരൻ നായർ
9) ടി.നന്ദകുമാർ

### 14) നവരാത്രി /സപ്താഹം കമ്മിറ്റി

1) കെ. ആർ.വേണുഗോപാൽ (കൺവീനർ)
2) പി.ആർ.പ്രഭാകരൻ നായർ
3) എം.ശ്രീവല്ലഭൻ നായർ
4) സി.മുരളീധരൻ
5) ഒ.ആർ.മുരളീധരൻ
6) ഡി.കെ.നായർ
7) ടി.ഗംഗാധരൻ
8) എം.രാജലക്ഷ്മി
9) പി.ഗൗരി
10) പാർവ്വതി നായർ
11) ഉഷ ആർ.മേനോൻ
12) സുധ ബി.മേനോൻ
13) എൻ.ടി.സരളകുമാരി
14) എൻ.പത്മജ മേനോൻ

### 15) സ്റ്റാഫ് വെൽഫെയർ കമ്മിറ്റി

1) പി.രാമചന്ദ്രൻ (വേണു) (കൺവീനർ)
2) കെ.പി.കൃഷ്ണമേനോൻ
3) അഡ്വ.ടി.ശിവദാസൻ നായർ
4) ആലപ്പാട്ട് മുരളീധരൻ
5) കെ.ടി.മോഹനൻ
6) കെ.പ്രസന്നകുമാർ
7) കെ.ജനാർദ്ദനൻ
8) എം.ശ്രീവല്ലഭൻ നായർ
9) മാലിനി മേനോൻ
10) കെ. സുധ കൃഷ്ണകുമാർ
11) പ്രൊഫ.സി.സുമംഗലാ ദേവി

### 16) സ്റ്റാഫ് ഗ്രീവൻസ് കമ്മിറ്റി

1) മാലിനി മേനോൻ (കൺവീനർ)
2) കെ. സുധ കൃഷ്ണകുമാർ
3) പ്രൊഫ.സി.സുമംഗലാ ദേവി

### 17) കുടുംബക്ഷേമ കേന്ദ്രം

1) മാലിനി മേനോൻ (കൺവീനർ)
2) ഡോ. പ്രസന്നകുമാർ. കെ
3) ഡോ.എ.പാർവ്വതി
4) അഡ്വ.എം.ആർ.രാജേന്ദ്രൻ നായർ
5) ലക്ഷ്മി മോഹൻ
6) മായാദേവി കെ.

### 18) സാമ്പത്തിക ഉപദേശക സമിതി

1) മോഹനൻ കെ. ടി (കൺവീനർ)
2) അഡ്വ.എ.ബാലഗോപാലൻ
3) അനിൽ കെ.നായർ
4) ജി.രവിമോൻ
5) കെ.ആർ.വേണുഗോപാൽ
6) ആർ.സുരേഷ്കുമാർ

### 19) വിമൻസ് ഫോറം

1) ലക്ഷ്മി മോഹൻ (കൺവീനർ)

2) കെ.സുധാ കൃഷ്ണകുമാർ
3) എം.രാജലക്ഷ്മി.
4) കെ.ശാന്തകുമാരി
5) കെ.മായാദേവി
6) പി.ഗൗരി
7) എൻ.പത്മജ മേനോൻ
8) പാർവ്വതി നായർ
9) ഭവാനി.കെ
10) അഡ്വ.ലീന മുരളി
11) എൻ.ടി.സരളകുമാരി

## 20) പരിസ്ഥിതി അവാർഡ് കമ്മിറ്റി

1) കെ. വി. രാമചന്ദ്രൻ (കൺവീനർ)
2) അഡ്വ.ടി.ശിവദാസൻ നായർ
3) ശ്രീകുമാർ.എസ്.
4) ഡോ.ജി.മധു
5) ശ്രീകുമാർ മുഖത്തല
6) ജയതിലകൻ എസ്സ്
7) സെക്രട്ടറി / പ്രസിഡൻറ് പ്രസ്സ് ക്ലബ്ബ്
8) കെ.എസ്.രവീന്ദ്രനാഥ്
9) ലക്ഷ്മി മോഹൻ
10) രാധാകൃഷ്ണൻ നായർ. കെ
11) കെ.രാജഗോപാൽ

## 21) അംഗത്വ പരിശോധന കമ്മിറ്റി

1) പി. ആർ. പ്രഭാകരൻ നായർ (കൺവീനർ)
2) കെ.പ്രസന്നകുമാർ
3) ഗംഗാധരൻ ടി
4) ഗിരിജാവല്ലഭൻ പി

## 22) എഞ്ചിനീയേഴ്സ് ഫോറം

1) എൻ.വേണുഗോപാലൻ (കൺവീനർ)
2) ഡി.രജിത്ത്
3) കെ.ബാലചന്ദ്രൻ
4) ഡോ.കെ.ഹരിഹരൻ
5) ശിവദാസ് ആർ.മേനോൻ

## 23) ആദ്ധ്യാത്മിക കമ്മിറ്റി

1) കെ.ആർ.നമ്പ്യാർ (കൺവീനർ)
2) കെ.പ്രസന്നകുമാർ
3) ടി.നന്ദകുമാർ
4) എൻ.ടി.കാർത്തികേയൻ
5) രാജം ആർ. മേനോൻ
6) വത്സല പി.പി
7) ശ്രീവല്ലഭൻ നായർ എം.
8) രാജലക്ഷ്മി എം.

## 24) ഗുരുവായൂർ പ്രോജക്റ്റ് അഡ്വൈസറി കമ്മിറ്റി

1) ജസ്റ്റിസ്.ആർ.ഭാസ്കരൻ
2) വേണുഗോപാൽ സി ഗോവിന്ദ്

## 25) കരയോഗം മാംഗല്യ ട്രസ്റ്റ്

1) കെ.പി.കൃഷ്ണമേനോൻ (മാനേജിങ്ങ് ട്രസ്റ്റി)
2) പി.രാമചന്ദ്രൻ (വേണു)(സെക്രട്ടറി)
3) കെ.ടി.മോഹനൻ (ട്രഷറർ)
4) മുരളീധരൻ ആലപ്പാട്ട്
5) കെ.രാജഗോപാൽ
6) എം.രാജലക്ഷ്മി
7) പി.ആർ.പ്രഭാകരൻ നായർ
8) ടി.നന്ദകുമാർ
9) ശ്രീകുമാർ.എസ്.

## 26) എറണാകുളം കരയോഗം ചാരിറ്റബിൾ ട്രസ്റ്റ്

1) പ്രൊഫ.സി.സുമംഗലാ ദേവി(മാനേജിങ്ങ് ട്രസ്റ്റി)
2) മുരളീധരൻ ആലപ്പാട്ട് (സെക്രട്ടറി)
3) കെ.ആർ. വേണുഗോപാൽ (ട്രഷറർ)
4) കെ.പി.കൃഷ്ണമേനോൻ
5) പി.രാമചന്ദ്രൻ (വേണു)
6) കെ.ടി.മോഹനൻ
7) അഡ്വ.എ. ബാലഗോപാലൻ
8) ആർ.സുരേഷ് കുമാർ
9) എസ്.ഡി.ഗോപാലകൃഷ്ണൻ
10) ലീല വേലക്കടവ്
11) എൻ.ടി.സരളകുമാരി
12) ഡോ.വി.എച്ച്.അബ്ദുൾ സലാം
13) ലിനോ ജേക്കബ്
14) ശ്രീജ വി.സാഗർ (പ്രത്യേക ക്ഷണിതാവ്)
15) പി.ജയപ്രകാശ് (പ്രത്യേക ക്ഷണിതാവ്)

# കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

എറണാകുളം കരയോഗം വാർഷിക പൊതുയോഗത്തിൽ കരയോഗാംഗങ്ങൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളൂ. കരയോഗത്തിലേയ്ക്ക് ഏതെങ്കിലും ഇനത്തിൽ കുടിശ്ശിക വരുത്തിയിട്ടുള്ളവർക്ക് പൊതുയോഗത്തിൽ പങ്കെടുക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

പൊതുയോഗത്തിലേയ്ക്കുള്ള പ്രമേയങ്ങൾ, ചോദ്യങ്ങൾ, നിർദ്ദേശങ്ങൾ എന്നിവ വാർഷിക പൊതുയോഗത്തിന് ഏഴ് ദിവസം മുമ്പ് ജൂൺ 16 ന് രാവിലെ 9 മണിക്കു മുൻപായി, കരയോഗം ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. മുൻകൂട്ടി എഴുതി തരാത്ത ചോദ്യങ്ങളും സംശയങ്ങളും പൊതുയോഗത്തിൽ ഉന്നയിക്കരുത് എന്ന് അഭ്യർത്ഥിക്കുന്നു. ഇത്തരം ചോദ്യങ്ങൾക്ക് രേഖകൾ പരിശോധിക്കാതെ മറുപടി നൽകുന്നത് ഉചിതമായിരിക്കില്ല എന്നതുകൊണ്ടാണ് ഈ നിർദ്ദേശം മുന്നോട്ടു വയ്ക്കുന്നത്. ഭരണ റിപ്പോർട്ട്, ഓഡിറ്റ് ചെയ്ത വരവു ചെലവു കണക്കുകൾ, കടധന സ്റ്റേറ്റ്മെന്റ് മുതലായവയും 2018-2019 വർഷത്തേയ്ക്കുള്ള കരടുബജറ്റും ഇതോടൊന്നിച്ചയക്കുന്നു.

പൊതുയോഗ ദിവസം കരയോഗാംഗങ്ങൾക്ക് ഉച്ചഭക്ഷണം ഏർപ്പാടു ചെയ്തിട്ടുണ്ട്. പൊതുയോഗത്തിൽ പങ്കെടുക്കുവാൻ വരുന്ന അംഗങ്ങൾ ഐഡന്റിറ്റികാർഡ് നിർബന്ധമായും കൊണ്ടു വരേണ്ടതാണ്. ഇത്തരത്തിലുള്ള തിരിച്ചറിയൽ സംവിധാനത്തിൽ മാത്രമേ പൊതുയോഗത്തിൽ പങ്കെടുക്കുവാൻ അവകാശമുണ്ടായിരിക്കയുള്ളൂ.

കരയോഗഅംഗങ്ങൾക്ക് അച്ചടിച്ച് വിതരണം ചെയ്ത കണക്കുകളേയോ, റിപ്പോർട്ടിനേയോ പറ്റി എന്തെങ്കിലും അറിയുവാനോ, സംശയനിവാരണം വരുത്തുവാനോ ഉണ്ടെങ്കിൽ **ജൂൺ മാസം 16, 17 തീയതികളിൽ വൈകുന്നേരം 5 മുതൽ 7 വരെ** കരയോഗം ഓഫീസിൽ നേരിട്ട് ഹാജരായാൽ കരയോഗം ഭാരവാഹികൾ വിശദീകരണം നൽകുന്നതായിരിക്കും. ഈ സൗകര്യം പരമാവധി ഉപയോഗപ്പെടുത്തുക വഴി പൊതുയോഗം സുഗമമായി നടത്തുവാൻ കഴിയുന്നതാണ്. എല്ലാ കരയോഗ അംഗങ്ങളുടെയും സഹകരണം ഒരിക്കൽ കൂടി അഭ്യർത്ഥിച്ചുകൊള്ളുന്നു.

-ജനറൽ സെക്രട്ടറി

## CONSULTANT DOCTORS

**DR. (Mrs) SUNDARI. G. MENON.**
**BSc., MD (GEN. MEDICINE)**
**Retd. Professor Emeritus - Medicine and Diabetology**
**(Medical College Kottayam and Kalamassery.)**
**GENERAL PHYSICIAN**

**3.00 p.m. - 5.00 p.m.**
**MONDAYS & WEDNESDAYS**

**DR. P. VIJAYALAKSHMI MENON. MD., DGO.**
**GYNAECOLOGIST & GENERAL PHYSICIAN**

**2.00 p.m. - 5.00 p.m.**
**WEDNESDAYS**

**DR. K. PRASANNA KUMAR. MBBS., DMR (T & D )**
**FAMILY PHYSICIAN**

**10.00 a.m.- 1.00 p.m**
**TUESDAY, THURSDAY, SATURDAY**
**3.00 p.m. - 5.00 p.m.**
**FRIDAYS**

**ERNAKULAM KARAYOGAM , TDM HALL COMPLEX, KOCHI - 682016**

**BALANCE SHEET AS AT 31st MARCH, 2018**

| PARTICULARS | Sche dule No | As at 31st March 2018 (Amount in ₹) | As at 31st March 2017 (Amount in ₹) |
|---|---|---|---|
| **SOURCE OF FUNDS** | | | |
| Capital Fund | 1 | 9,80,03,531 | 9,25,99,583 |
| Specific Funds | 2 | 4,41,03,611 | 3,75,60,103 |
| Loans | 3 | 4,65,75,000 | 5,65,25,000 |
| Current Liabilities | 4 | 2,41,59,245 | 1,88,64,883 |
| **TOTAL** | | 21,28,41,387 | 20,55,49,569 |
| **APPLICATION OF FUNDS** | | | |
| Fixed Assets: | 5 | | |
| Opening Balance | | 15,07,14,633 | 13,98,32,846 |
| Add: Addition during the year (net) | | 80,92,745 | 2,03,77,233 |
| Less:Deletions during the year | | 2,11,099 | |
| Less:Depreciation for the year | | 94,40,475 | 94,95,446 |
| Sub-total | | 14,91,55,804 | 15,07,14,633 |
| Capital Work in Progress | | 87,21,223 | 33,37,734 |

ശ്രീകുമാരി രാമചന്ദ്രൻ
(ഫോൺ: 9947054009)

# ഭാരതത്തിലെ ഋഷികവികൾ

## അധിനിവേശം-പൈതൃകം-നവോത്ഥാനം

### മേൽപ്പത്തൂർ നാരായണഭട്ടതിരി

ഗുരുവായൂർ ക്ഷേത്രത്തിന്റെ ചരിത്രം പൂർണ്ണമാകണമെങ്കിൽ മേൽപ്പത്തൂരിന്റെയും പൂന്താനത്തിന്റെയും ജീവിതവും രചനകളും ചേർത്തുവായിക്കണം.എ.ഡി. 1560 നടുത്ത കാലത്താണ് മേൽപ്പത്തൂർ നാരായണ ഭട്ടതിരിയുടെ ജനനം എന്നത് പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുന്ന ഒരു വസ്തുതയാണ്.നിളാനദി (ഭാരതപ്പുഴ)യുടെ വടക്കു സ്ഥിതി ചെയ്യുന്ന പ്രസിദ്ധമായ ക്ഷേത്രമാണ് നാവാമുകുന്ദക്ഷേത്രം. ഇവിടെ നിന്ന് ഏകദേശം മൂന്നര കിലോ മീറ്റർ മാറി മേൽപ്പുത്തൂർ ഇല്ലം എന്ന നമ്പൂതിരിഭവനം സ്ഥിതിചെയ്യുന്നു. ഈ ഇല്ലം മേൽപ്പത്തൂർ എന്നും അറിയപ്പെട്ടിരുന്നു. മേൽപ്പത്തൂർ ഇല്ലത്തെ സർവ്വശാസ്ത്ര പണ്ഡിതനായ മാതൃദത്തൻ ഭട്ടതിരിയുടെ പുത്രനായി താൻ ജനിച്ചു എന്ന് നാരായണ ഭട്ടതിരി അമ്പത്തേഴാം വയസ്സിൽ രചിച്ച 'പ്രക്രിയാസർവ്വസ്വം' എന്ന വ്യാകരണഗ്രന്ഥത്തിൽ പ്രസ്താവിച്ചു കാണാം.സർവ്വശാസ്ത്രപണ്ഡിതനായ മാതൃദത്തൻ ഭട്ടതിരി, മീമാംസ പണ്ഡിതന്മാരുടെ കുലഭവനമായ പയ്യൂരില്ലത്തെ വിദുഷിയായ ഒരു കന്യകയെ വേട്ടു.ഈ ദമ്പതികളുടെ രണ്ടാമത്തെ സന്താനമായിരുന്നു നാരായണൻ. തനിക്ക് ദാമോദരൻ എന്നൊരു ജ്യേഷ്ഠനും മാതൃദത്തൻ എന്നൊരു അനുജനുമുള്ളതായി നാരായണഭട്ടതിരി കൃതികളിൽ സൂചിപ്പിച്ചിട്ടുണ്ട്.മേൽപ്പത്തൂരില്ലത്തിനു സമീപം സ്ഥിതിചെയ്തിരുന്ന ചന്ദനക്കാവുക്ഷേത്രം അക്കാലത്ത് വേദശാസ്ത്രാദ്ധ്യയനകേന്ദ്രമായിരുന്നു. മേൽപ്പത്തൂർ ഇല്ലക്കാർക്ക് ഈ ക്ഷേത്രത്തിലെ ഊരാൺമസ്ഥാനമുണ്ടായിരുന്നു. അടുത്തുള്ള ഇല്ലങ്ങളിലെ ഉണ്ണികളെല്ലാം ഇവിടെയാണ് അദ്ധ്യയനം നടത്തിപ്പോന്നത്. നാരായണഭട്ടതിരിയുടെ വിദ്യാഭ്യാസവും ഇവിടെയായിരുന്നു. (തിരുനാവായയും ചന്ദനക്കാവും ആലത്തിയൂരും, തൃക്കണ്ടിയൂർ തുടങ്ങിയ പല പ്രദേശങ്ങളും അക്കാലത്ത് വെട്ടത്തുരാജാവിന്റെ ഭരണത്തിൻ കീഴിലായിരുന്നു.)

നാരായണഭട്ടതിരി സ്വപിതാവിൽ നിന്നും മീമാംസാദിശാസ്ത്രങ്ങൾ അഭ്യസിച്ചു. മാധവനോതിക്കനിൽ നിന്നു വേദവും ജ്യേഷ്ഠനായ ദാമോദരനിൽ നിന്നു തർക്കവും പഠിച്ചു. പണ്ഡിതശ്രേഷ്ഠനായ അച്യുതപിഷാരോടിയിൽ നിന്നാണ് വ്യാകരണത്തിൽ അസാമാന്യപാടവം നേടിയത്. ഗുരുനാഥന്മാരുടെ കാരുണ്യം കൊണ്ടാണ് തനിക്കു കുറച്ചു കവിത്വം ലഭിച്ചത് എന്നർത്ഥം വരുന്ന ഒരു ശ്ലോകത്തിലൂടെ തന്റെ ഗുരുനാഥന്മാരാരെല്ലാമായിരുന്നു എന്ന് ഭട്ടതിരി വ്യക്തമാക്കിയിട്ടുണ്ട്. അസാമാന്യബുദ്ധിയുണ്ടായിരുന്നതിനാൽ പന്ത്രണ്ടുവയസ്സായപ്പോഴേയ്ക്കും അക്ഷരവിദ്യാഭ്യാസവും ബാലപാഠങ്ങളും പഠിച്ചുകഴിഞ്ഞു. പതിന്നാലു വയസ്സിനുമുമ്പ് ഉപനയനവും വേദാദ്ധ്യയനവും പൂർത്തിയായി . ഇതിനിടെ നാരായണ ഭട്ടതിരി സംസ്കൃതത്തിൽ ധാരാളം ശ്ലോകങ്ങളും കവിതകളും രചിച്ചു.അക്കാലത്ത് തൃക്കണ്ടിയൂർ ക്ഷേത്രപരിസരം പണ്ഡിതന്മാരുടെ ഒരു കേന്ദ്രമായിരുന്നു. തച്ചുശാസ്ത്രം, അലങ്കാരശാസ്ത്രം,ഗജശാസ്ത്രം എന്നിവയിൽ ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ള തിരുമംഗലത്തു നീലകണ്ഠൻ, അച്യുതപിഷാരോടി, തുഞ്ചത്തെഴുത്തച്ഛൻ എന്നിങ്ങനെ ഒട്ടേറെ പണ്ഡിതന്മാർ അന്ന് തൃക്കണ്ടിയൂരും പരിസരത്തുമായി താമസിച്ചിരുന്നു.യുവാവായ നാരായണഭട്ടതിരിയും തൃക്കണ്ടിയൂരിൽ ചെന്നുകൂടി. വ്യാകരണജ്യോതിഷ വൈദ്യാലങ്കാരശാസ്ത്രങ്ങളിൽ വിശാരദനായ അച്യുതപിഷാരോടിയുമായി സൗഹൃദം സ്ഥാപിച്ചു. പിഷാരോടിയുടെ അനന്തരവളെ വിവാഹം കഴിച്ചുകൊണ്ട് ഈ സൗഹൃദം ഊട്ടിയുറപ്പിക്കുകയും ചെയ്തു.

വിവാഹത്തോടെ ഭട്ടതിരിയുടെ ജീവിതം ആകെ മാറി. കുലധർമ്മങ്ങൾ വെടിഞ്ഞ് അദ്ദേഹം ഭോഗാസക്തനായിത്തീർന്നു. യഥാസമയം കുളിയും സന്ധ്യാ വന്ദനവുമില്ലാതായി. ജപവും തേവാരവും മുടങ്ങി. ഭട്ടതിരിയുടെ അലസജീവിതത്തിൽ ഒരു വഴിത്തിരിവുണ്ടാക്കിയത് പിഷാരോടിയുടെ ഉപദേശം തന്നെയായിരുന്നു.പത്നീമാതുലന്റെ കീഴിൽ അദ്ദേഹം ഉപരിപഠനം തുടർന്നു. അതോടെ ഭട്ടതിരിയുടെ കാവ്യപ്രതിഭ പൂർവ്വാധികം തെളിഞ്ഞു. ഇക്കാലത്ത് കുട്ടഞ്ചേരി ഇരവി ചാക്യാരുമായി സൗഹൃദം

സ്ഥാപിച്ച ഭട്ടതിരി അദ്ദേഹത്തിന് അനേകം കൂത്തു പ്രബന്ധങ്ങൾ എഴുതിക്കൊടുത്തു. രാമായണം, മഹാഭാരതം, ഭാഗവതം തുടങ്ങിയ പുരാണങ്ങളിൽ വിശദമായ ജ്ഞാനം നേടാൻ ഈ പ്രബന്ധരചന സഹായകമായി.ഏതാനും നാൾ കഴിഞ്ഞപ്പോൾ അച്യുതപിഷാരോടി വാതരോഗം ബാധിച്ചു കിടപ്പിലായി. തിലഹോമം, വേർപാട്, കർമ്മവിപാക ദാനം മുതലായ പ്രായശ്ചിത്തങ്ങളിലൂടെ തനിക്കു രോഗവിമുക്തി ലഭിക്കുമെന്ന് പിഷാരോടി ഗണിച്ചു മനസ്സിലാക്കി. എന്നാൽ കർമ്മവിപാകദാനം സ്വീകരിക്കാൻ നല്ല ബ്രഹ്മതേജസ്സുള്ള ഒരു വ്യക്തി വേണം! അല്ലെങ്കിൽ ദാനം സ്വീകരിക്കുന്നയാൾ രോഗഗ്രസ്ഥനാവും! എന്താണു പോംവഴി എന്ന ചിന്തയായി. നാരായണ ഭട്ടതിരി സധൈര്യം മുന്നോട്ടു വന്നു ദാനം സ്വീകരിച്ചു. തൽഫലമായി പിഷാരോടിയുടെ ദീനം കുറഞ്ഞു കുറഞ്ഞു വരികയും ഭട്ടതിരിയിൽ രോഗലക്ഷണങ്ങൾ പ്രത്യക്ഷപ്പെട്ടുതുടങ്ങുകയും ചെയ്തു. അന്ന് ഭട്ടതിരിക്ക് കേവലം ഇരുപത്താറു വയസ്സു കഴിഞ്ഞിരുന്നതേയുള്ളൂ. പക്ഷെ അദ്ദേഹത്തിന് അശേഷം ഭയമോ മനക്ലേശമോ ഉണ്ടായില്ല. ചികിത്സകൾ പലതും ചെയ്തുനോക്കി. യാതൊരു ഗുണവുണ്ടായില്ല. പാവനാനാമാതങ്കാനാമുപശമായിതാ ഭാസതേ വാസുദേവഃ (പാവനങ്ങളായ/വായുസംബന്ധിയായ ആതങ്കങ്ങൾ ശമിപ്പിച്ചു കൊണ്ട് ഗുരുവായൂർ വസിക്കുന്ന വാസുദേവൻ) എന്നു ചിന്തിച്ചുകൊണ്ട് അദ്ദേഹം ഗുരുവായൂർ ഭജനമിരിക്കാൻ തീർച്ചയാക്കി . മനസ്സിനുള്ളിൽ ഈ പ്രാർത്ഥന തോന്നിയതോടെ രോഗത്തിന്റെ കാഠിന്യം ക്രമത്തിൽ കുറഞ്ഞു കുറഞ്ഞു വന്നു. ഗുരുവായ പിഷാരോടിയുടെ അനുഗ്രഹം വാങ്ങിക്കൊണ്ട്, പോകാനുള്ള തയ്യാറെടുപ്പുകൾ തുടങ്ങി. ഭാഗവതോത്തമനായ തുഞ്ചത്തെഴുത്തച്ഛനെ വിവരമറിയിച്ചു.

'മീൻതൊട്ടു കൂട്ടുക'! എന്നായിരുന്നു എഴുത്തച്ഛന്റെ മറുപടി.

'മത്സ്യാദ്യാദി അവതാരങ്ങളെ ആസ്പദമാക്കി സ്തോത്രങ്ങൾ രചിക്കുക. എന്നാണ് എഴുത്തച്ഛന്റെ സൂചനയെന്നു മനസ്സിലാക്കിയ ഭട്ടതിരി അതനുസരിക്കാൻ തീർച്ചപ്പെടുത്തി.

തിരൂർ പൊന്നാനിപ്പുഴവഴി തോണിയിൽ ഒരുദിവസത്തെ യാത്രകഴിഞ്ഞ് ഭട്ടതിരി അനുജനോടൊപ്പം ഗുരുവായൂരെത്തി. തികഞ്ഞ നിഷ്ക്കർഷയോടെ ഭജനം തുടങ്ങി. രണ്ടുനാൾ കടന്നുപോയി. മൂന്നാം നാൾ വാതം കോപിച്ചു. ഭട്ടതിരി ഭജനം തുടരണമോ വേണ്ടയോ എന്ന ആശയക്കുഴപ്പത്തിലായി. മനസ്സിൽ രോഗവും ഭക്തിയും തമ്മിൽ വടംവലി നടക്കുമ്പോൾ അദ്ദേഹം കൃഷ്ണനെ വിളിച്ചു കരഞ്ഞു പ്രാർത്ഥിച്ചു. ഒടുവിൽ ഭക്തിതന്നെ ജയിച്ചു. നാരായണീയം എന്ന കൃതിയുടെ രചന തുടങ്ങി ഓരോ ദിവസവും അദ്ദേഹം പത്തുദശകങ്ങൾ വീതം രചിച്ചു. മിക്കവാറും ഓരോ ദശകവും അവസാനിക്കുന്നത് 'എന്റെ രോഗം മാറ്റിത്തരണേ' എന്ന പ്രാർത്ഥനയോടെയാണ്. തൊണ്ണൂറ്റിഒൻപതാം ദശകത്തിന്റെ സമാപ്തി വാക്യം 'പവനപുരപതേ പാഹിമാം കൃഷ്ണ രോഗാത്' എന്നാണ്. നൂറാം ദിവസം ശ്രീഗുരുവായൂരപ്പൻ മേൽപ്പത്തൂരിന് വേണുഗോപാലമൂർത്തിയുടെ രൂപത്തിൽ ദർശനം നൽകി. ആ സാക്ഷാത്ക്കാരത്തിൽ നിന്ന് 'അഗ്രേപശ്യാമി തോജോ. . . ' എന്നു തുടങ്ങുന്ന നൂറാം ദശകം പിറന്നു. ഈ ദശകത്തിന്റെ അവസാനപാദമിങ്ങനെ 'ഇഹ കുരുതാമാ യുരാരോഗ്യസൗഖ്യം!'

മേൽപ്പത്തൂരിന്റെ സകലവേദനകളും മാറി; അമൃതത്തിലാറാടിയ സുഖമുണ്ടാവുകയും ചെയ്തു. ഗുരുവിന്റെ വാതരോഗം ഏറ്റുവാങ്ങിയ ആ ഗുരുഭക്തൻ ഗുരുവായൂരപ്പന്റെ കാരുണ്യത്താൽ ആയുരാരോഗ്യസൗഖ്യസമ്പന്നനായി ഭവിച്ചു.

ഭക്തിയിൽ നിന്ന് ഊർജ്ജം എന്ന മഹാസന്ദേശമാണ് നാരായണീയം ഉൾക്കൊള്ളുന്നത്. ഈ കൃതിക്ക് അനുദിനം ജനസമ്മതി ഏറിയേറിവരുന്നതാണ് ഇതിന്റെ മഹത്വത്തിനു ദൃഷ്ടാന്തം.നാട്ടിലേക്കു മടങ്ങിയതിനുശേഷം ഭട്ടതിരി വിജ്ഞാനസമ്പാദ്യവും വിജ്ഞാനവിതരണവും കൃഷ്ണഭജനവുമായി ഉയർച്ചയിൽ നിന്നുയർച്ചയിലേക്കുള്ള പടവുകൾ കയറി. ഇടക്കിടെ അദ്ദേഹം ഗുരുവായൂർക്കു ചെന്നു. സമകാലികനായ കവി പൂന്താനം നമ്പൂതിരിയും അക്കാലത്ത് കൂടെക്കൂടെ ഗുരുവായൂരു ചെന്നു താമസിക്കുന്ന പതിവുണ്ടായിരുന്നു.ഒരു ദിവസം ക്ഷേത്രപ്രദക്ഷിണത്തിനിടെ പൂന്താനം ഭട്ടതിരിയെ സമീപിച്ചു. താൻ ജ്ഞാനപ്പാന എന്ന പേരിൽ ഒരു മലയാള കൃതി രചിച്ചിട്ടുണ്ടെന്നും അതൊന്നു പരിശോധിച്ചു തന്നാൽ കൊള്ളാമെന്നും അദ്ദേഹം ഭട്ടതിരിയോടു വിനയപൂർവ്വം അഭ്യർത്ഥിച്ചു.

'ഭാഷാകൃതിയല്ലേ? വേറെ ആരെയെങ്കിലും കാണിച്ചാൽ മതി' എന്നു പറഞ്ഞ് മേൽപ്പത്തൂർ ഒഴിഞ്ഞുമാറി. ഭക്തോത്തമനായ പൂന്താനത്തെ ഇതു വല്ലാതെ വേദനിപ്പിച്ചു. ഭട്ടതിരി പൂന്താനത്തെ ഗൗനിക്കാതെ പ്രദക്ഷിണം തുടർന്നു. അന്നു രാത്രി മേൽപ്പത്തൂരിന് പണ്ടത്തെ വാതം വീണ്ടും കോപിച്ചു. അദ്ദേഹത്തിന് തെല്ലൊരു മോഹലസ്യവുമുണ്ടായി. അപ്പോൾ തേജോമയനായ ഒരുണ്ണി അടുത്തുവന്നതായി അദ്ദേഹത്തിനു തോന്നി. 'പൂന്താനത്തിന്റെ

കൃതി ഒന്നു പരിശോധിച്ചു കൊടുത്തേക്കൂ. മേൽപ്പത്തൂരിന്റെ വിഭക്തിയെക്കാൾ പൂന്താനത്തിന്റെ ഭക്തിയാണ് എനിക്കിഷ്ടം' എന്നു പറഞ്ഞതിനു ശേഷം മായ പോലെ ഉണ്ണി മറഞ്ഞു. പശ്ചാത്താപ വിവശനായ മേൽപ്പത്തൂർ പിറ്റേന്നു രാവിലെതന്നെ പൂന്താനത്തെ തേടിച്ചെന്നു. ജ്ഞാനപ്പാന ചോദിച്ചു മേടിച്ചു വായിക്കുകയും മുക്തകണ്ഠം അനുമോദിക്കയും ചെയ്തു. പൂന്താനത്തിനു സന്തോഷമായി. അതോടെ ഭട്ടതിരിയുടെ വാതവും ശമിച്ചു.

ആർക്കായാലും ഗർവ്വം അടക്കിയിട്ടേ ഭഗവാൻ അനുഗ്രഹം നൽകൂ എന്ന് ഭട്ടതിരിക്കു ബോദ്ധ്യമായി.ഗുരുവായൂരപ്പന്റെ അനുഗ്രഹം നേടിയശേഷം മഹാരാജാവായ വീരകേരള വർമ്മയുടെ വിശിഷ്ടാതിഥിയായി കൊച്ചി രാജ്യത്തു താമസിച്ചു കൊണ്ട് ഭട്ടതിരി ചില കൃതികൾ രചിച്ചു. ഇവയിൽ 'ഗോശ്രീനഗരവർണ്ണനം' എന്ന കൃതി പ്രത്യേക പരാമർശമർഹിക്കുന്നു. അക്കാലത്ത് അദ്ദേഹം വൈക്കത്ത് അഷ്ടമിദർശനം കഴിച്ച് 'അഷ്ടമിപ്രബന്ധം' രചിച്ചു. വടക്കുംകൂർ രാജാവായ ഗോദവർമ്മയും ഭട്ടതിരിയെ ആദരിച്ചു.

പൂരാടം തിരുനാൾ ദേവനാരായണരാജാവിനെ സന്ദർശിക്കാൻ ഭട്ടതിരി അമ്പലപ്പുഴെ ചെന്നു. രാവിലെ മഹാരാജാവ് ക്ഷേത്രത്തിൽ തൊഴാനെത്തുന്ന പതിവുണ്ടായിരുന്നു. ഭഗവാനെ തൊഴുതു കഴിഞ്ഞ് മണ്ഡപത്തിലിരുന്ന് മഹാഭാരതത്തിലെ ഏതാനും ശ്ലോകങ്ങൾ വായിച്ചുകേട്ടതിനുശേഷം മാത്രമേ അദ്ദേഹം കോവിലകത്തേക്ക് തിരിച്ചെഴുന്നള്ളിയിരുന്നുള്ളൂ. ഈ ശീലമറിയാവുന്ന ഭട്ടതിരി പുലർച്ചെതന്നെ ക്ഷേത്രത്തിലെത്തി. തൊഴുതു കഴിഞ്ഞ് മണ്ഡപത്തിലിരുന്നു ജപവും തുടങ്ങി. ഇതിനിടെ രാജാവ് ക്ഷേത്രത്തിലെത്തി. തൊഴുതു പ്രസാദം തൊട്ട് മണ്ഡപത്തിലെത്തിയപ്പോൾ പതിവായി തനിക്കുവേണ്ടി മഹാഭാരതം വായിച്ചുപോന്ന നീലകണ്ഠദീക്ഷിതരെ കണ്ടില്ല. അപരിചിതനായ ഭട്ടതിരിയോട് മഹാരാജാവ് 'കൂട്ടിവായിക്കാനറിയാമോ?' എന്നു ചോദിച്ചു. 'അറിയാം,' എന്നു ഭട്ടതിരി മറുപടിയും നൽകി. രാജാവിന്റെ ആവശ്യപ്രകാരം ഭട്ടതിരി മഹാഭാരതത്തിന്റെ പ്രസക്തഭാഗങ്ങൾ ഭംഗിയായി വായിച്ചു കേൾപ്പിച്ചു. വായനക്കിടെ മൂലഗ്രന്ഥത്തിലില്ലാത്ത ഒരു പ്രയോഗത്തിലൂടെ രാജാവിനെ ഭട്ടതിരി ഒന്നു പരിഹസിച്ചെങ്കിലും ആളെ മനസ്സിലായ രാജാവ് പ്രകോപിതനാകാതെ ഭട്ടതിരിയെ കൈകൂപ്പി വന്ദിച്ചു. ഉടൻതന്നെ ഭട്ടതിരി

'അവ്യഞ്ജനസ്താർക്ഷ്യകേതുരൃത്പദംഘടയിഷ്യതി തത്തേ ഭവതു കല്പാന്തം ദേവനാരായണപ്രഭോ!' (അവ്യക്തരൂപനായ ഗരുഡധ്വജൻ നൽകുന്ന സ്ഥാനം പ്രളയകാലംവരെ അങ്ങേക്കു നിലനിൽക്കട്ടെ) എന്ന ആശീർവാദസ്തോത്രം ചൊല്ലി.സന്തുഷ്ടനായ രാജാവ് ഭട്ടതിരിക്ക് ഉപഹാരങ്ങൾ നൽകി ആദരിച്ചു.

ഭട്ടതിരി കുറെക്കാലം പൂരാടം തിരുനാൾ രാജാവിന്റെ വിശിഷ്ടാതിഥിയായി അമ്പലപ്പുഴ കൊട്ടാരത്തിൽ താമസിച്ചു. രാജാവിന്റെ നിർദേശപ്രകാരം അവിടെവെച്ച്, അറുപതുദിവസം കൊണ്ട് ഭപ്രക്രിയാസർവസ്വം' എന്ന ഗ്രന്ഥം രചിച്ചു.

ഗുരുവും പത്നീമാതുലനുമായ അച്യുതപിഷാരോടിയുടെ അന്ത്യകാലമടുത്തുവെന്ന് ഉൾക്കണ്ണിൽക്കണ്ട ഭട്ടതിരി തൃക്കണ്ടിയൂർക്കു മടങ്ങി. ഗുരുനാഥനെ ശുശ്രൂഷിച്ചു കൊണ്ട് അദ്ദേഹത്തിന്റെ മരണംവരെ ഭട്ടതിരി തൃക്കണ്ടിയൂർ തങ്ങി.

ഏകദേശം ഇക്കാലത്താണ് കൃഷ്ണനാട്ടകർത്താവായ മാനവേദൻ സാമൂതിരിസ്ഥാനം ഏറ്റെടുത്തത്. അദ്ദേഹത്തെ സന്ദർശിക്കാൻ മേൽപ്പത്തൂർ കോഴിക്കോട്ടേക്കുപോയി. പണ്ഡിതനും കവിയുമായ മാനവേദനോടൊപ്പം താമസിച്ച അവസരത്തിൽ 'ശൈലാബ്ധീശ്വരപ്രശസ്തി' എന്ന കൃതി രചിച്ചു.കോഴിക്കോട്ടുനിന്നു തിരിച്ച് ഭട്ടതിരി മുക്തിസ്ഥലം എന്നു പ്രശസ്തമായ മൂക്കോലക്കാവിൽ ചെന്നു താമസമാക്കി. മൂക്കുതല പ്രദേശവും അന്ന് പണ്ഡിതന്മാരുടെ ഒരു കേന്ദ്രമായിരുന്നു. ഇവിടെ താമസിക്കുന്ന അവസരത്തിൽ മൂക്കോല ഭഗവതിയുടെ പാദാരവിന്ദങ്ങളെ സ്തുതിച്ചുകൊണ്ട് 'ശ്രീപാദസപ്തതീസ്തോത്രം' രചിച്ചു. ഭട്ടതിരി പതിനഞ്ചുകൊല്ലത്തോളം മൂക്കോല ഭഗവതിയെ സേവിച്ചും കൃഷ്ണനെ ഭജിച്ചും ശിഷ്യന്മാരെ പഠിപ്പിച്ചും പ്രശാന്തജീവിതം നയിച്ചു.

ഒരു ദിവസം മേലേക്കാവിൽ തൊഴുതതിനുശേഷം കീഴേക്കാവിൽ തൊഴാൻവേണ്ടി നടക്കുന്നതിനിടെ കുഴഞ്ഞുവീണ നാരായണഭട്ടതിരി അനായാസേന ചരമം പ്രാപിച്ച് വിഷ്ണുപദം പൂകി.മേൽപ്പത്തൂരിന്റെ കൃതികൾ എല്ലാംതന്നെ സംസ്കൃതത്തിൽ രചിക്കപ്പെട്ടവയാണ്. സംസ്കൃതത്തിൽ അഗാധമായ പാണ്ഡിത്യമുണ്ടായിരുന്നതിനാൽ മലയാളത്തിൽ കൃതികൾ രചിച്ചില്ല എന്നുതന്നെ പറയാം.മുക്തകങ്ങൾ, പ്രശസ്തികൾ, ചമ്പുക്കൾ, ശാസ്ത്രവിഷയങ്ങൾ എന്നിങ്ങനെ വിവിധ വിഭാഗത്തിൽപ്പെട്ട കൃതികൾ രചിച്ച ഭട്ടതിരിയെ അനശ്വരനാക്കുന്നത് 'ശ്രീമന്നാരായണീയം' തന്നെ !

(തുടരും)

ക്ഷേത്രങ്ങളിലൂടെ

# ശ്രീവലിയ പനയന്നാർ കാവ് ഭഗവതി ക്ഷേത്രം

ഇന്ദിരാഭായി ജെ. (ഫോൺ: 9947998674)

പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധത്തെ നമ്മുടെ പൗരാണിക സംസ്കാരത്തിന്റെ മുഖമുദ്രയായാണ് പൂർവ്വികർ കണക്കാക്കിയിരുന്നത്. ഭൂമിയുടെ ശ്വാസകോശങ്ങളായ വനങ്ങളാണ് ജീവന്റെ നിലനിൽപ്പിന് ഭീഷണിയായ ആഗോള താപനത്തെ നിയന്ത്രിക്കുന്നത്. പ്രകൃതി മനുഷ്യർക്കു ദേവിയും സർവ്വൈശ്വര്യ ദായനിയുമാണ്. പ്രകൃതി സംരക്ഷണത്തിൽ വനങ്ങളെപ്പോലെ തന്നെ കാവുകളും കുളങ്ങളും പ്രധാന പങ്കുവഹിക്കുന്നു. വനങ്ങളുടെ ചെറു പ്രതീകങ്ങളായ കാവുകൾ നിറയെ വൃക്ഷലതാദികളും, കുളങ്ങളും നാനാവിധ ജന്തുജീവജാലങ്ങളും ഔഷധസസ്യസമ്പത്തിനാലും നിറഞ്ഞവയായിരുന്നു. കേരളത്തിലെ പല ക്ഷേത്രങ്ങളും കാവുകളുടെ പേരിൽ അറിയപ്പെട്ടിരുന്നു. അങ്ങനെ കാവിന്റെ പേരിൽ അറിയപ്പെടുന്ന ഒരു പുരാതനക്ഷേത്രമാണ് ശ്രീ വലിയ പനയന്നാർ കാവ് ഭഗവതി ക്ഷേത്രം. ശിവക്ഷേത്രമാണെങ്കിലും ഇന്ന് ഭഗവതിക്ഷേത്രം എന്ന നിലയിലാണ് ഈ ക്ഷേത്രത്തിനു കൂടുതൽ പ്രശസ്തിയുള്ളത്. ഐതിഹ്യമാലയിലും ഉണ്ണിനീലി സന്ദേശത്തിലും പനയന്നാർകാവ് ഭഗവതി ക്ഷേത്രത്തെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്. പുണ്യനദിയായ പമ്പയുടെ തീരപ്രദേശത്താണ് പനയന്നാർകാവ് ഭഗവതിക്ഷേത്രം സ്ഥിതിചെയ്യുന്നത്.

കേരളത്തിലെ പ്രധാനപ്പെട്ട മൂന്നു ഭദ്രകാളി ക്ഷേത്രങ്ങളാണ് പനയന്നാർകാവ്, തിരുമാന്ധാംകുന്നുകാവ്, കൊടുങ്ങല്ലൂർ ശ്രീ കുരുംബക്കാവ് എന്നീ ക്ഷേത്രങ്ങൾ. പനയന്നാർകാവ് ഭഗവതി ക്ഷേത്രം പത്തനംതിട്ട ജില്ലയിൽ തിരുവല്ല താലൂക്കിൽ പരുമല എന്ന സ്ഥലത്താണ് സ്ഥിതിചെയ്യുന്നത്. പുരാതന കാലത്ത് നരബലിയും മറ്റു പൂജകളും നടന്നിരുന്ന ക്ഷേത്രമാണിത്. നരബലി നടന്നിരുന്ന കാലത്ത് ദേവിക്ക് ബലിയർപ്പിക്കുവാനായി കൊണ്ടുവന്ന കന്യകയായ പെൺകുട്ടി ദേവിക്കു പ്രിയപ്പെട്ട പരിചാരികയാവുകയും അവരുടെ പിൻതലമുറക്കാർ ദേവിയുടെ ഭക്തരും പാദസേവകരും, പൂജാരിമാരും, ക്ഷേത്രസംരക്ഷകരുമായി പരിണമിക്കുകയും അവരാൽ ഇന്നും ക്ഷേത്രവും, ക്ഷേത്രകാര്യങ്ങളും സംരക്ഷിച്ചു പോരുകയും ചെയ്യുന്ന ഒരു ക്ഷേത്രം. അതാണ് പരുമല ശ്രീ. വലിയ പനയന്നാർകാവ് ഭഗവതി ക്ഷേത്രം. ത്രികാലജ്ഞാനികളായ നാരദ മഹർഷിയും ദുർവ്വാസാവു മഹർഷിയും ചേർന്ന് മഹാമേരു ചക്രപ്രതിഷ്ഠ നടത്തിയ ക്ഷേത്രമാണ് ശ്രീപനയന്നാർകാവ് ക്ഷേത്രം. അത്യപൂർവ്വമായ മഹാമേരു ചക്രപ്രതിഷ്ഠയുള്ള ക്ഷേത്രം എന്ന ഖ്യാതിയും ഈ ക്ഷേത്രത്തിനുണ്ട്. ക്ഷേത്രം സ്ഥിതിചെയ്യുന്ന പരുമല



പ്രദേശം ധാരാളം മരങ്ങളും കാവുകളും കുളങ്ങളും കരിമ്പന കൂട്ടങ്ങളും നിറഞ്ഞ പ്രദേശമായിരുന്നു. കരിമ്പനകളും കാവുകളും നിറഞ്ഞ പ്രദേശമായ തിനാലാവാം പനയന്നാർകാവ് എന്നറിയപ്പെട്ടത്. പരശുരാമ പ്രതിഷ്ഠിതമായ ശിവക്ഷേത്രമാണിത്. ഈ ക്ഷേത്രത്തിലെ അതിവിശാലമായ കാവു കൂടാതെ ഈ ക്ഷേത്രപരിസരങ്ങളിൽ നാഗയക്ഷിയുടേയും നാഗരാജാവിന്റേയും പ്രതിഷ്ഠകളുള്ള അഞ്ചു കാവുകൾ ഇന്നും നിലനിൽക്കുന്നുണ്ട്. പമ്പാനദീ തീരത്തെ ഫലഭൂയിഷ്ടമായ പ്രദേശമായതിനാൽ ഈ പ്രദേശം കാർഷിക വിളകളാൽ സമൃദ്ധമായാണ് കാണപ്പെടുന്നത്.

ദേശാധിപത്യവും നാടുവാഴ്ചയും ഉണ്ടായിരുന്നകാലത്ത് പരുമലയ്ക്കടുത്ത് കടപ്രദേശത്തുള്ള ഒരു കോവിലകത്തെ തമ്പുരാൻ ഒരു ദേവീക്ഷേത്രത്തിലെത്തി ദേവിയെ പ്രാർത്ഥിച്ചു. അദ്ദേഹത്തിന്റെ പ്രാർത്ഥനയിൽ ദേവിയോട് തന്റെ കുടുംബത്തിന്റെ പരദേവതയായി ഇരിക്കേണമേ എന്നപേക്ഷിച്ചു. തമ്പുരാന്റെ പ്രാർത്ഥനയിൽ പ്രസന്നയായ ദേവി നിങ്ങൾ മടങ്ങി പൊയ്ക്കൊള്ളൂ. ഞാൻ പിന്നാലെ എത്തിക്കോളാം. ഞാൻ അവിടെ എത്തുന്ന സമയം എന്തെങ്കിലും ഒരടയാളം നിങ്ങൾക്കു കാണാം. ആ സമയം എന്നെ നിങ്ങളുടെ പരദേവതയായി കുടിയിരുത്തിക്കോളൂ എന്നരുളി ചെയ്തു. അക്കാലത്ത് കടപ്രദേശത്ത് തമ്പുരാന്റെ കോവിലകത്തിനടുത്തായി നാലു വശവും വെള്ളത്താൽ ചുറ്റപ്പെട്ട ഒരു സ്ഥലത്ത് നദീതീരത്തോടുചേർന്ന് പടിഞ്ഞാട്ടു ദർശനമായി പരശുരാമ പ്രതിഷ്ഠിതമായ ഒരു ശിവക്ഷേത്രമുണ്ടായിരുന്നു. ഈ ശിവക്ഷേത്രത്തിലെ നാലമ്പലത്തിനുള്ളിൽ തന്നെ ദേവിയെ പ്രതിഷ്ഠിക്കുന്നതിനു വേണ്ട ഒരുക്കങ്ങൾ നടത്തി അദ്ദേഹം കാത്തിരിക്കുകയും ചെയ്തു. അങ്ങനെയിരിക്കെ ഒരു വെള്ളിയാഴ്ച ദിവസം രാത്രി സമയത്ത് ആകാശ മാർഗ്ഗേ ഒരു പ്രകാശഗോളം വരുന്നതും ക്ഷേത്രത്തിനടുത്തുള്ള കരിമ്പനയുടെ മുകളിൽ അല്പസമയം ജ്വലിച്ചു നിന്നതും കണ്ടു. ഈ പ്രകാശം ഭഗവതി തന്റെ വരവിനെ അറിയിച്ചതാണ് എന്ന് തമ്പുരാൻ മനസ്സിലാകുകയും അടുത്ത ദിവസം തന്നെ ശുഭമുഹൂർത്തത്തിൽ ശിവക്ഷേത്രത്തിലെ തിടപ്പള്ളി സ്ഥാനത്ത് മാതൃശാലയോടു ചേർന്ന് കിഴക്കോട്ടു ദർശനമായി ദേവിപ്രതിഷ്ഠ നടത്തുകയും ചെയ്തു. പ്രതിഷ്ഠാസമയം ദേവി ദാരികാവധ സമയത്തെ ക്രോധത്തോടു കൂടിയ ഭാവത്തിലായിരുന്നതിനാൽ ദേവി ഇവിടെ ഉഗ്രമൂർത്തിയായിത്തീർന്നു. പിന്നീട് വടക്കോട്ട് ദർശനമായി ദേവീപ്രതിഷ്ഠ നടത്തി. അത് ദാരികാ വധത്തിനുശ്ശേഷം ക്രോധത്തോടെ രക്താഭിഷിക്തയായി രണഭൂമിയിൽ നില്ക്കുന്ന ഭാവത്തിലായിരുന്നു. ഈ രണ്ടു പ്രതിഷ്ഠകളും ദേവിയുടെ ഘോരരൂപങ്ങളായി പരിണമിച്ചു. ദേവിയുടെ പ്രതിഷ്ഠകൾ സപ്തമാതൃക്കളിലെ വീരഭദ്രൻ ഗണപതി എന്നീ മൂർത്തികളോടൊപ്പമാണ് പ്രതിഷ്ഠിച്ചിരിക്കുന്നത്. വടക്കോട്ടു ദർശനമായുള്ള ദേവീവിഗ്രഹത്തിലാണ് ചാന്താട്ടം നടത്താറുള്ളത്. മഹാദേവന്റെ ശ്രീകോവിലിനു മുന്നിൽ ബലിക്കൽപ്പുര ഉണ്ട്. വടക്കോട്ട് ദർശനമായുള്ള ദേവിയുടെ നടയിലും ബലിക്കൽപുരയുണ്ട്. ഇത് പനയന്നാർക്കാവ് ക്ഷേത്രത്തിലെ പ്രത്യേകതയാണ്.

ഒരു കാലത്ത് പനയന്നാർ കാവ് എന്നു കേൾക്കുന്നതേ ആളുകൾക്കു ഭയമായിരുന്നു. അതിനു കാരണവുമുണ്ട്, ദേവിയെ ഇവിടെ പ്രതിഷ്ഠിച്ച് ദേവിക്കു വേണ്ട പൂജാദികളെല്ലാം നടത്തുകയും ചെയ്തിരുന്നു. പൂജാദികളിൽ ദേവി തൃപ്തയുമായിരുന്നു. എന്നാൽ ദേവിയോടൊപ്പം ഇവിടെ എത്തിയ ദേവിയുടെ പരിചാരക വൃന്ദങ്ങൾക്ക് പൂജകളോ നിവേദ്യങ്ങളോ നൽകിയിരുന്നില്ല. ഇത് ദേവീ പരിവാരങ്ങളെ അതൃപ്തരാക്കുകയും അവർ ദേശവാസികൾക്ക് പല വിധ ഉപദ്രവങ്ങൾ ഉണ്ടാക്കുകയും ചെയ്തിരുന്നു. ഇതായിരുന്നു ആളുകളുടെ ഭയത്തിനു കാരണം. ഇതു മനസ്സിലാക്കി അതിനു പരിഹാരമായി എല്ലാ വർഷവും 41 ദിവസത്തെ ഗുരുതിയും, പൂജകളും , ജന്തുബലിയും അവസാന ദിവസം നരബലിയും നടത്തിയിരുന്നു. നരബലിക്ക് കന്യകമാരായ സ്ത്രീകളെയായിരുന്നു നൽകിയിരുന്നത്. പിന്നീട് പനയന്നാർകാവ് ഭഗവതിയെ ഭക്തിയോടെ പ്രാർത്ഥിച്ചാൽ സർവ്വാഭീഷ്ടസിദ്ധി ഉണ്ടാകുമെന്നു ഒരു വിശ്വാസം ആളുകൾക്കിടയിൽ വളരുകയും ഭയം ഭക്തിയായും പ്രാർത്ഥനയായും പരിണമിക്കുകയും ചെയ്തു.

പണ്ട് അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രമതിൽക്കെട്ടിനകത്തു വച്ച് ഒരു ആന ചരിഞ്ഞു. അക്കാലത്ത് ആനകൾ ചരിഞ്ഞാൽ ചരിഞ്ഞ സ്ഥലത്തു തന്നെ മറവുചെയ്യുകയായിരുന്നു പതിവ്. ആനകളുടെ ശരീരം പല ഭാഗങ്ങളായി മുറിക്കാതെ മറ്റൊരു സ്ഥലത്തേയ്ക്കു കൊണ്ടു പോവുക എന്നത് അസാദ്ധ്യമായിരുന്നു. ആളുകൾ കൂടിയാലോചിച്ച് പനയന്നാർ കാവിലെത്തി പ്രാർത്ഥിച്ച് ആനയുടെ കാര്യത്തിൽ തീരുമാനമെടുക്കാമെന്ന് രാജാവിനെ അറിയിച്ചു. രാജാവിന്റെ കല്പന പ്രകാരം അവർ പനയന്നാർ കാവിലെത്തി ദേവിയെ പ്രാർത്ഥിച്ചു. ഈ സമയം വെളിച്ചപ്പാട് തുള്ളിയുറഞ്ഞ് വന്ന് എല്ലാവരും കൂടി എന്നെ പരീക്ഷിക്കുകയാണ് അല്ലേ, എങ്കിലും എനിക്ക് സന്തോഷമേയുള്ളൂ എന്നറിയി

ച്ചു. പിന്നീട് വെളിച്ചപ്പാട് അമ്പലപ്പുഴയിൽ നിന്നും വന്നവരോടൊപ്പം അമ്പലപ്പുഴയിലെത്തി. ആനയെ വിളിച്ച് എഴുന്നേൽപ്പിച്ച് നടത്തി ക്ഷേത്രപ്പറമ്പിനു പുറത്തെത്തിച്ചു. ക്ഷേത്രപ്പറമ്പിനു പുറത്തെത്തിയ തും ആന അവിടെ വീണു. അവിടെത്തന്നെ ചരിഞ്ഞ ആനയെ മറവുചെയ്യുകയും ചെയ്തു. വെളിച്ചപ്പാടി ന്റെ ഈ പ്രവൃത്തി ആളുകളെ അത്ഭുതസ്തബ്ധ രാക്കി. അവർക്ക് പനയന്നാർക്കാവിലമ്മയോടുള്ള ഭക്തിയും വിശ്വാസവും വർദ്ധിച്ചു എന്നുമാണ് ഐ തിഹ്യം. അതിനു ശേഷം രാജാവ് ധാരാളം സ്വത്തു വകകളും ചെമ്പകശ്ശേരി എന്നു പേരു കൊത്തിയ ധാരാളം ആഭരണങ്ങളും ദേവിയുടെ തിരുനടയിൽ സമർപ്പിക്കുകയും ചെയ്തു. ചെമ്പകശ്ശേരി എന്നു പേരു കൊത്തിയിട്ടുള്ള തിരുവാഭരണങ്ങൾ ഇന്നും പനയന്നാർ കാവ് ക്ഷേത്രം വകയായുണ്ട്. മാർത്താ ണ്ഡവർമ്മ മഹാരാജാവ് അമ്പലപ്പുഴ പിടിച്ചടക്കി തിരുവിതാംകൂറിനോടു ചേർത്തശ്ശേഷം ചെമ്പകശ്ശേരി എന്നു പേരു വച്ച ആഭരണങ്ങൾ പനയന്നാർകാ വിലുണ്ടെന്നറിഞ്ഞ് അവയും തിരുവിതാംകൂർ ഭണ് ഡാരത്തിലാക്കണം എന്നൊരു ദുഷ്ചിന്ത അന്നത്തെ ദളവയായിരുന്ന രാമയ്യനുണ്ടായി. ആയിടക്ക് അദ്ദേ ഹത്തിന് മസൂരി രോഗം പിടിപെട്ടു. തനിക്ക് ഈ സമയത്ത് ഇങ്ങനെയൊരസുഖം പിടിപെട്ടതിന്റെ കാരണം എന്തായിരിക്കും എന്നറിയുന്നതിനായി അദ്ദേഹം പ്രശ്നം വയ്പ്പിച്ചു നോക്കി. പനയന്നാർ കാവ് ദേവിയുടെ ഏതോ മുതൽ അപഹരിക്കണ മെന്നു ചിന്തിച്ചത് ദേവിക്കിഷ്ടപ്പെട്ടില്ല. ദേവിയുടെ അതൃപ്തി മൂലമാണ് ഇങ്ങനെ രോഗബാധയുണ്ടാ യത് എന്നും തെറ്റേറ്റു പറഞ്ഞ് ദേവിയോടു മാപ്പ പേക്ഷിച്ചാൽ മാത്രമേ രോഗം ഭേദമാകുകയുള്ളൂ എന്നും പ്രശ്നക്കാരൻ വിധിച്ചു. ദളവ ആളുകളെ അയച്ച് ദേവിക്ക് വഴിപാടുകൾ നടത്തിക്കുകയും ചെയ്തു. ദളവയുടെ അസുഖം മാറിയ ശേഷം അദ്ദേ ഹം പനയന്നാർ കാവിലെത്തി പ്രായശ്ചിത്തമായി വഴിപാടുകളും നടത്തി ദേവിയെ പ്രാർത്ഥിച്ചു. ഈ വിവരങ്ങളറിഞ്ഞ മാർത്താണ്ഡവർമ്മ മഹാരാജാ വ് ക്ഷേത്രത്തിലേക്കു പുരയിടങ്ങളും നിലങ്ങളും നൽകുന്നതിന് കല്പിക്കുകയും ചെയ്തു.

റാണി പാർവ്വതിഭായി നാടുഭരിക്കുന്ന കാല ത്ത് ദിവാനായിരുന്ന മൺറോ സായ്പ് പനയന്നാർ കാവ് ദേവിയുടെ തിരുവാഭരണങ്ങളെപ്പറ്റി കേൾക്കാ നിടയായി. ദേവിയുടെ തിരുവാഭരണങ്ങൾ ഒന്നു കാ ണണമെന്ന് അദ്ദേഹത്തിന് അതിയായ മോഹം. ആ മോഹം ഉപേക്ഷിക്കുന്നതാണ് നല്ലത് അല്ലെങ്കിൽ അത് നാടിനു തന്നെ ആപത്തായിത്തീരും എന്ന് പലരും അദ്ദേഹത്തെ ഉപദേശിച്ചു. ഈ ഉപദേശ ങ്ങളൊന്നും അദ്ദേഹം ചെവിക്കൊണ്ടില്ല. തന്റെ അധികാരമുപയോഗിച്ച് ഉപദേശങ്ങളെല്ലാം കാറ്റിൽ പറത്തി, തനിക്കു കാണുവാൻ വേണ്ടി ദേവിയുടെ തിരുവാഭരണങ്ങളെല്ലാം മാവേലിക്കരയിലെ തന്റെ അതിഥി മന്ദിരത്തിലെത്തിക്കുവാൻ ദേവസ്വക്കാരെ അറിയിച്ചു. ഇത് പാടില്ലാത്തതാണ് എന്നറിയാമായി രുന്നിട്ടും ദേവസ്വക്കാർക്ക് അനുസരിക്കുകയല്ലാതെ മറ്റു മാർഗ്ഗമുണ്ടായിരുന്നില്ല. അവർ ദേവിയുടെ തി രുവാഭരണങ്ങൾ പെട്ടികളിലാക്കി സായ്പ് പറഞ്ഞ സ്ഥലത്തെത്തിച്ചു. ദേവിയുടെ തിരുവാഭരണങ്ങൾ കാണുവാൻ വേണ്ടി സായ്പ് പെട്ടിതുറന്ന് പെട്ടി യുടെ ഉള്ളിലേക്കു നോക്കിയതും അദ്ദേഹം ബോ ധം കെട്ടു വീണു. ബോധം വീണ്ടു കിട്ടിയപ്പോൾ തനിക്കു കാണണ്ട വേഗം കൊണ്ടുപൊയ്ക്കൊള്ളൂ എന്നു നിർദ്ദേശിക്കുകയും പ്രായശ്ചിത്തമായി സായി പ്പ് ക്ഷേത്രത്തിലേക്ക് ആയിരം പണം നല്കുകയും ചെയ്തു.

ദേവീ പ്രീതിക്കായ് വർഷം തോറും നാല്പ ത്തിയൊന്നു ദിവസത്തെ ഗുരുതിയും പൂജകളും നടത്തിയിരുന്ന കാലത്ത് , ഒരിക്കൽ നാല്പത്തി ഒന്നാം ദിവസം നരബലി നൽകുവാനായി ഒരു കന്യ കയെക്കൊണ്ടു വന്നു. ബലിനൽകുവാനൊരുങ്ങ മ്പോൾ ആ കന്യക ഒട്ടും ഭയപ്പെടാതെ സന്തോഷ ഭാവത്തോടെ ചിരിച്ചുകൊണ്ടു നിന്നു. ഈ സമയം വെളിച്ചപ്പാട് തുള്ളിയുറഞ്ഞെത്തി ഈ കന്യകയെ ബലി അർപ്പിക്കേണ്ട അവർ എന്റെ പരിചാരികയാ യി കഴിഞ്ഞുകൊള്ളട്ടെ എന്നു കല്പിച്ചു. ഇവരുടെ സന്തതി പരമ്പരകളും എന്റെ പരിചാരകരായി കഴി ഞ്ഞു കൊള്ളട്ടെ. ഇനി മേലിൽ ഇവിടെ നരബലി വേണ്ട. ഈ കിഴക്കേ നടയിതാ കൊട്ടിയടക്കുന്നു. ഈ വാതിൽ ഇനി തുറക്കാൻ പാടില്ല. ഈ നട ഇനി തുറന്നാൽ ഇവിടെ അത്യാപത്തുക്കളുണ്ടാകും എന്നും കല്പിച്ചു എന്നാണ് ഐതിഹ്യം. കിഴക്കോട്ട് ദർശനമായുള്ള ദേവിയുടെ ഈ ശ്രീകോവിലിനു ള്ളിലാണ് മഹാമേരു ചക്രപ്രതിഷ്ഠയുള്ളത്. ഇത് ദുർവ്വാസാവ് മഹർഷിയും നാരദ മഹർഷിയും ചേർ ന്ന് പ്രതിഷ്ഠിച്ചതാണെന്നാണ് വിശ്വാസം. ഇവിടെ നിത്യവും പൂജകളുമുണ്ട്. ദേവി സ്വയം വാതിൽ അടച്ചതിനാൽ സാധാരണ ഭക്തർക്ക് ഇവിടെ ദർ ശനം സാധ്യമല്ല. നരബലി വേണ്ടെന്നുവച്ചു ദേവി അടച്ച വാതിൽ ഇന്നും അടഞ്ഞു തന്നെ കിടക്കുന്നു. ഈ വാതിലിനു മുന്നിൽ വിളക്കുവച്ച് പ്രാർത്ഥിക്കാ റുണ്ട്. ഈ അടഞ്ഞ വാതിലിനു മുന്നിലെ കാഴ്ച കൾ ആരെയും അത്ഭുതപ്പെടുത്തുന്നതാണ്. ഒരു കാലത്ത് നരബലി നടന്നിരുന്ന ഈ തിരുനടയിൽ ഇന്നു കാണുന്ന അടഞ്ഞവാതിലിനു മുന്നിൽ

കൂട്ടിയിട്ടിരിക്കുന്ന വാളുകളും ചിലമ്പുകളും മണികളും വിളക്കുകളും സദാ ജ്വലിച്ചുകൊണ്ടിരിക്കുന്ന വലിയ തൂക്കുവിളക്കും കുങ്കുമവും മഞ്ഞളും പട്ടും മാലയും എല്ലാം കാണുമ്പോൾ ആരും നാലുപാടും ഒന്നു നോക്കിപ്പോകും. സന്ധ്യാസമയം ഒറ്റയ്ക്ക് ഇവിടെ നിന്നു പ്രാർത്ഥിക്കുവാൻ ഒരു ചെറിയ ഭയവും ധൈര്യക്കുറവും ഭക്തജനങ്ങളുടെ മനസ്സിൽ ഉണ്ടായേക്കാം. എന്നാൽ ദേവിയുടെ ഈ നടയിൽ വന്ന് ഭക്തിപൂർവ്വം പ്രാർത്ഥിച്ച് മണി ശബ്ദം കേൾപ്പിക്കാതെ മണികെട്ടി അമ്മയുടെ അടഞ്ഞവാതിലിനു മുന്നിൽ നമസ്കരിച്ചാൽ ഇഷ്ടകാര്യഫലസിദ്ധി ഉറപ്പാണ് എന്നു ഭക്തജനങ്ങൾ വിശ്വസിക്കുന്നു.

നരബലിക്കായികൊണ്ടു വന്ന്, ദേവി സ്വയം വിട്ടയച്ച കന്യകയുടെ പിൻഗാമികളാണ് ഇന്നു ക്ഷേത്രകാര്യങ്ങളെല്ലാം നോക്കി നടത്തുന്നത്! ഇവരെ ആദിശ്ശന്മാർ എന്നാണറിയപ്പെടുന്നത്. ആൾ വെട്ടി ശേഷിച്ചവർ എന്നതു ലോപിച്ച് ആദിശ്ശന്മാർ എന്നായി എന്നും ആദേശ്യന്മാർ ലോപിച്ച് ആദിശ്ശന്മാർ ആയി എന്നും അഭിപ്രായമുണ്ട്. കേരളത്തിലെ പ്രസിദ്ധങ്ങളായ ഭദ്രകാളി ക്ഷേത്രങ്ങളിൽ പനയന്നാർ കാവു ക്ഷേത്രക്കാഴ്ചകൾ മറ്റു രണ്ടു ക്ഷേത്രക്കാഴ്ചകളിൽ നിന്നും വളരെ വ്യത്യസ്ഥമാണ്. ഇവിടെ ശുദ്ധബ്രാഹ്മണ പൂജാരിമാർ പൂജകൾ നടത്താറില്ല. അടികളാണ് പൂജകൾ നടത്തുന്നത്. ആദിശ്ശന്മാരുടെ പൂജകളുമുണ്ട്. അതിവിശാലമായ കാവാണ് ഇവിടെ കാണുന്നത്. ക്ഷേത്ര നിർമ്മിതികളിലും പഴയകാല ശില്പ വേലകളിലും കൊത്തുപണികളിലും കാണുന്ന പഴമയുടെ ശില്പകലാഭംഗി എടുത്തു പറയേണ്ടവയാണ്. ദേവിയുടെ ശ്രീകോവിലും സാധാരണ കാണാറുള്ളതിൽ നിന്നും വളരെ വ്യത്യസ്ഥമായാണ് കാണുന്നത്. ക്ഷേത്രചുമരുകളിലെ മനോഹരമായ ചുവർചിത്രങ്ങൾ ദേവീ ഭാഗവതം, രാമായണം, ഭാഗവതം തുടങ്ങിയ ഇതിഹാസ പുരാണ കഥകളെ ആസ്പദമാക്കിയുള്ളവയാണ് ഉപദേവത പ്രതിഷ്ഠകളുടെ ശ്രീകോവിലുകളും കാലപ്പഴക്കം നിഴലിക്കുന്നവയും മരത്തിൽ തീർത്ത് ചെമ്പുമേഞ്ഞതുമാണ്. പ്രധാന ശ്രീകോവിലിൽ ത്രിശൂലസ്ഥിതമായി വടക്കോട്ട് ദർശനമായുള്ള ദേവിപ്രതിഷ്ഠയ്ക്കു പിന്നിലായി സപ്തമാതൃക്കളുടേയും ഗണപതിയുടേയും വീരഭദ്രന്റെയും പ്രതിഷ്ഠകൾ കാണാം. രണ്ടു ശ്രീകോവിലുകളിലുമായി നാലമ്പലത്തിനുള്ളിൽ 14 പ്രതിഷ്ഠകളുണ്ട്. നാലമ്പലത്തിനു പുറത്ത് കരിങ്കാളി, കൊടുങ്കാളി, ഭൂതകാളി, ക്ഷേത്രപാലകൻ, ബ്രഹ്മരക്ഷസ്സബഹ്മരക്ഷസ്സ്, ശാസ്താവ്, അന്നപൂർണ്ണേശ്വരി, ദുർഗ്ഗാദേവി, യക്ഷിയമ്മ എന്നീ ഉപദേവതകളുമുണ്ട്.

സാധാരണയായി ഭദ്രകാളി ക്ഷേത്രങ്ങളിൽ നടത്തുന്ന എല്ലാ വഴിപാടുകളുമാണ് ഇവിടെയും പ്രധാനം. മണിയൊച്ച കേൾപ്പിക്കാതെ ദേവിയുടെ അടഞ്ഞവാതിലിനു മുന്നിൽ (കിഴക്കേ നടയിൽ) മണികെട്ടി പ്രാർത്ഥിക്കുന്നത് ഇവിടുത്തെ വളരെ പ്രധാനപ്പെട്ട ഒരു വഴിപാടാണ്. ഇവിടെ ഉത്സവമില്ല. ശിവരാത്രി, വിഷു, നവരാത്രി, മണ്ഡലക്കാലം എന്നിവ വിശേഷമായി ആഘോഷിക്കുന്നു. യക്ഷിയമ്മയ്ക്ക് കരിവള സമർപ്പണമാണ് പ്രധാന വഴിപാട്. യക്ഷിയമ്മയുടെ നടയിൽ കരിവളയുടെ ഒരു മല തന്നെ കാണാം. ഇപ്പോൾ പനകൾ അധികമൊന്നും കാണാനില്ല എങ്കിലും പനയന്നാർകാവ് വൃക്ഷ ലതാദികൾ നിറഞ്ഞു തന്നെയാണ് കാണപ്പെടുന്നത്. പുണ്യനദിയായ പമ്പയുടെ തീരദേശമായ പരുമലയിലെ പനയന്നാർ കാവിൽ വാഴുന്ന സാക്ഷാൽ ജഗദംബികയുടെ ഉഗ്രമൂർത്തിഭാവമായ ഭദ്രകാളിദേവിയുടെ തിരുനടയിലെത്തി സങ്കടമുണർത്തിച്ച് ഇഷ്ടകാര്യഫലസിദ്ധിക്കായി ഭക്തിപൂർവ്വം പ്രാർത്ഥിക്കുവാൻ ഏവർക്കും സാധിക്കുമാറാകട്ടെ.

'അഖില ജഗദീശേ വാമദേവൻലലാടജ്വലിത
തപനമക്ഷിസ്പന്ദന തൃത്തിടമ്പേ
നിഖില മഹിത വേദപ്രൗഢവിദ്യുത്പ്രഭാവേ
കനിയുക പനയന്നാർകാവെഴും ഭദ്രകാളി!'

---

*(മിനിക്കഥ)*

# തോളൊപ്പമുള്ളവരോട്

**ഉണ്ണി വാരിയത്ത്**
**ഫോൺ: 09867179480**

മനുഷ്യർ മനുഷ്യരോട് മത്സരിക്കുന്നത് ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. ഇനി നാളെയും അതു തുടരാം. കാരണം, മനുഷ്യരെപ്പോലെ സ്വാർത്ഥത ഒരു ജീവജാലത്തിനുമില്ല.

സംഗതി അവിടെ നില്ക്കുന്നില്ല. ഇപ്പോൾ മനുഷ്യർക്ക് ദൈവത്തെ തോല്പിക്കാനാണ് നോട്ടം.

നടന്നതു തന്നെ ! മത്സരം തോളൊപ്പമുള്ളവരോടു പോരേ ?

# ദശരഥനും പുത്രന്മാരും

**ഡോഃ രാജേശ്വരി കുഞ്ഞമ്മ**

ഭരതൻ രാമനെ തിരികെ കൊണ്ടുപോകാനായി വനത്തിലെത്തി. യുദ്ധത്തിനാണെന്നു ധരിച്ച ലക്ഷ്മണൻ ക്രോധാകുലനായി. രാമന്റെ സഹോദരസ്നേഹം വാത്മീകി രാമനേക്കൊണ്ടു പറയിപ്പിക്കുന്നു. സഹോദരങ്ങളുടെ സംരക്ഷണത്തിനും സുഖത്തിനും മാത്രമാണ് ഞാൻ രാജ്യത്തെ കാമ്യമായി കരുതുന്നതെന്നും അധർമ്മമാർഗ്ഗത്തിലൂടെ ഒന്നും നേടണ്ടയെന്നും പറയുന്നു. ലക്ഷ്മണനു രാജ്യമാണ് വേണ്ടതെങ്കിൽ ഭരതനോടു പറഞ്ഞ് അതു കൊടുപ്പിക്കാമെന്നുള്ള രാമന്റെ വാക്കു കേട്ട രാമന്റെ ഹിതം മാത്രം ലക്ഷ്യമാക്കിയ ലക്ഷ്മണൻ ലജ്ജിതനായി. നാലു സഹോദരങ്ങളേയും ഒരുമിച്ചു കണ്ടപ്പോൾ കാനനവാസികളായ എല്ലാവരും കണ്ണുനീർ തൂകിയെന്നാണ് ആ സംഗമത്തെ വിവരിക്കുന്നത്. ഭരതൻ പാലിക്കേണ്ട രാജധർമ്മമാണ് പിന്നീടുള്ള കുറേ ഭാഗം. പിതൃവിയോഗത്തെക്കുറിച്ചറിഞ്ഞ രാമൻ മഴുകൊണ്ടു വെട്ടിയിട്ടപോലെ വീണു എന്നാണ് പറയുന്നത്. രാമൻ ഭ്രാതാക്കളോടൊപ്പം പിണ്ഡം അർപ്പിച്ചു. വസിഷ്ഠമഹർഷിയും അമ്മമാരും സൈന്യങ്ങളും സന്തോഷിച്ചു. ഭരതൻ രാമനോടു തിരികെ ചെല്ലാൻ അപേക്ഷിച്ചു. പിതാവിന്റെ ആജ്ഞ പാലിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ചും പിന്നീട് ജീവിതത്തിൽ പാലിക്കേണ്ട ധർമ്മാനുഷ്ഠാനങ്ങളേക്കുറിച്ചും മനുഷ്യന്റെ നശ്വരതയേക്കുറിച്ചും ഇഹലോകവും പരലോകവും ഇല്ലെന്നുറച്ച് ഇന്ദ്രിയപ്രത്യക്ഷമായവയെ സ്വീകരിക്കുവാനും രാമൻ ഭരതനെ ഉപദേശിക്കുന്നു. ഇവിടെ വസിഷ്ഠൻ കുലധർമ്മവും ആചാര്യഗുരുവിന്റെയും മാതാപിതാക്കളുടേയും വാക്കുകളുടെ അർത്ഥവും പറയുമ്പോൾ ശ്രീരാമൻ പറഞ്ഞു, മാതാപിതാക്കൾ കൊടുത്തതിനു പകരം കൊടുക്കാൻ പുത്രനു സാധിക്കില്ല. എന്നോടു പിതാവ് ആജ്ഞാപിച്ചതും തന്റെ ശപഥവും പാഴാകരുത്. പിതാവ് ജീവിച്ചിരുന്നപ്പോൾ ചെയ്ത ക്രയവിക്രയങ്ങൾ മാറ്റിമറിക്കാൻ ആർക്കും അവകാശമില്ലായെന്നും കൈകേയി ആവശ്യപ്പെട്ടത് ന്യായമാണെന്നും പിതാവ് ചെയ്തത് ഉത്തമവുമാണെന്നും അദ്ദേഹം പറഞ്ഞു. അതിനാൽ പിതാവിനെ അത്യാഹിതത്തിൽനിന്നു മോചിപ്പിക്കുകയും വേണം.

ശ്രീരാമനെ കാണാനെത്തിയ ഭരതശത്രുഘ്നന്മാരെ കണ്ട ശ്രീരാമന് സങ്കടം തോന്നി. ജട ധരിച്ച് മരവുരി ഉടുത്ത് കൂപ്പുകൈളോട് നിലത്തുകിടക്കുന്ന ഭരതനെ കല്പാന്ത സൂര്യനെയെന്നപോലെ കണ്ടുവെന്നാണ് പറയുന്നത്. രാജധർമ്മത്തേക്കുറിച്ച് പറഞ്ഞപ്പോൾ ഭരതൻ ചോദിക്കുന്നത്, ധർമ്മവിഹീനനായ എനിക്ക് രാജധർമ്മം കൊണ്ടെന്തു കാര്യമാണ്. എന്നാൽ ഭരതൻ ഗുരുജനങ്ങളെ വേണ്ടപോലെ ആദരിക്കുന്നവനാണെന്നും ക്ഷമയും സഹനശക്തിയും സത്യസന്ധതയുമുള്ള മഹാത്മാവാണെന്നുമാണ് രാമൻ പറയുന്നത്.

ഈ സഹോദരന്മാരുടെ സംഗമം കണ്ട് ദേവർഷിമാരും മഹർഷിമാരും അവിടെയെത്തി സംഭാഷണം കൗതുകത്തോടെ കേട്ടു. രാമൻ പിതാവിന്റെ കടം വീട്ടുകയാണെന്നും കൈകേയിക്കു കടപ്പെട്ടവനല്ലാത്തതുകൊണ്ടാണ് സ്വർഗ്ഗത്തിൽ കയറാൻ സാധിച്ചതെന്നുമുള്ള ഇവരുടെ വാക്കുകളാണ് ഭരതനെ തിരികെ പോകാൻ തോന്നിച്ചത്.

ചന്ദ്രൻ തന്റെ പ്രഭയെ വെടിഞ്ഞാലും ഹിമവാൻ ഹിമത്തെ ഉപേക്ഷിച്ചാലും സാഗരം തീരത്തെ ഉപേക്ഷിച്ചാലും രാമൻ പിതാവിനോടു ചെയ്ത പ്രതിജ്ഞ ഉപേക്ഷിക്കില്ല എന്നും ഭരതൻ കൈകേയിയോട് സ്നേഹബഹുമാനാദികളോട് പെരുമാറണമെന്നുമുള്ള രാമന്റെ വാക്കുകൾ അനുസരിച്ച് പൂജിക്കാനായി രാമന്റെ പാദുകവുമായി ഭരതൻ പുറപ്പെട്ടു. അങ്ങനെ ഭരതശത്രുഘ്നന്മാർ രാമലക്ഷ്മണമാരെ വിട്ട് അയോദ്ധ്യയിൽ പ്രവേശിച്ചു. രാമവിയോഗ ദുഃഖത്താൽ പേമാരിയിൽ ശുക്ലപക്ഷ നിശപോലെ ശോഭനശിച്ച അയോദ്ധ്യയെന്നു പറഞ്ഞ ഭരതൻ താൻ നന്ദിഗ്രാമത്തിലിരുന്നുകൊണ്ട് ഭരിക്കാമെന്നു പറഞ്ഞ് ശത്രുഘ്നനോടു കൂടി പോകുകയാണു ചെയ്തത്. ജ്യേഷ്ഠന്റെ പാദുകങ്ങളിൽ വെൺകൊറ്റ പിടിച്ച് നാട്ടിൽ ധർമ്മ രക്ഷണം ചെയ്ത് രാമൻ തിരികെ വരുമ്പോൾ ഈ പാദുകങ്ങളേയും രാജ്യവും തിരികെ ഏൽപ്പിക്കുമെന്ന് ഉറപ്പിച്ച് മുനിവേഷധാരിയായി ഭരതൻ രാജ്യം ഭരിച്ചു.

രാമൻ സീതയോടു കൂടി താമസിക്കുമ്പോഴുണ്ടാകുന്ന ഖരൻ തുടങ്ങിയ രാക്ഷസന്മാരുടെ ശല്യം ഓർമ്മപ്പെടുത്തി രാമനും ലക്ഷ്മണനും സീതയും

അവിടെനിന്നും തിരിച്ചു. അത്രിമഹർഷിയുടെ ആശ്രമത്തിലും പിന്നീട് കാട്ടിനുള്ളിലേക്കും പ്രവേശിച്ചു. പിന്നീടാണ് വിരാധവധവും ശരഭങ്മഹർഷിസംഗമവും മറ്റും. പിന്നീട് സുതീഷ്ണമുനിയുടെ സമാഗമം, അതിനുശേഷം അഗസ്ത്യാശ്രമപ്രവേശം. ഇവയൊക്കെത്തന്നെ രാമന്റെ ജീവിതവിജയത്തിന്റെ അടിസ്ഥാനങ്ങളാണ്. വിശ്വാമിത്രമഹർഷി സകല യുദ്ധമാർഗ്ഗങ്ങളും തന്ത്രങ്ങളും ആയുധങ്ങളും നൽകി അനുഗ്രഹിച്ചിരുന്നു. ഇവിടെ വിശ്വകർമ്മാവ് നിർമ്മിച്ചതും ഹേമവിഭൂഷിതവുമായ വൈഷ്ണവചാപവും ശരവും അമ്പൊടുങ്ങാത്ത ആവനാഴിയും എല്ലാം അഗസ്ത്യമുനി അദ്ദേഹത്തിനു നൽകി. അവിടെനിന്നും പഞ്ചവടിയിലേക്ക് വഴി കാണിച്ചുകൊടുത്തു. വഴിയിൽവെച്ചാണ് ജടായുവിനെ കണ്ടതും സഹായിയായി മാറ്റിയതും.

പഞ്ചവടിയിൽ വീടു വയ്ക്കുന്ന കാര്യങ്ങളേപ്പറ്റി സംസാരിക്കുന്നതിനിടയിൽ ലക്ഷ്മണന്റെ സഹോദരസ്നേഹം കാണിക്കുന്ന വാക്കുകൾ അങ്ങേയറ്റം ഹൃദ്യമാണ്. അങ്ങ് നൂറ്റാണ്ടുകൾ വാഴുന്ന കാലത്തെല്ലാം ഞാൻ അങ്ങേക്ക് അധീനനാണ്. ഇതുതന്നെയാണ് പിന്നീടു സംഭവിച്ചതും. ഇവിടെ രാമലക്ഷ്മണന്മാർ ഭരതനെ കുറിച്ചോർക്കുന്നു. സ്ഥാനവും മാനവും ത്യജിച്ച് തപസിയായി തണുത്ത സ്ഥലത്ത് ഭരതൻ കിടക്കുകയാണെന്നാണ് ഓർക്കുന്നത്. രാമന്റെ മനസ്സ് ഭരതനോടുള്ള സ്നേഹത്താൽ ചഞ്ചലമായിയെന്നും വിവരിക്കുന്നു. ഇതുവരെ കാട്ടിൽ കഴിയുന്ന ശ്രീരാമലക്ഷ്മണന്മാർക്ക് താപസവര്യന്മാരുടെ അചഞ്ചലമായ ഭക്തിയും സഹായവും ലഭ്യമായിരുന്നു. ദശരഥപുത്രനായ ശ്രീരാമന്റെ കഴിവിൽ അദ്ദേഹത്തിന്റെ ധർമ്മബോധത്തിൽ ആകൃഷ്ടരായ മുനിശ്രേഷ്ഠന്മാർ യുദ്ധനിപുണതയും ആയുധങ്ങളും മറ്റു ജീവിതസൗകര്യങ്ങളും ധർമ്മമാർഗ്ഗ ഉപദേശങ്ങളും നൽകി രാമന്റെ ആത്മവിശ്വാസത്തെ ഒന്നുകൂടി ഉയർത്തുന്നതിൽ തല്പരരായി വർത്തിച്ചു.

ഇവിടെനിന്നുമാണ് രാമലക്ഷ്മണ സീതാദേവിമാരു പ്രശ്നങ്ങൾ തുടങ്ങുന്നത്. വിഷ്ണുവിന്റെ മനുഷ്യജന്മമെടുത്തുള്ള തന്റെ ഉദ്ദേശസാദ്ധ്യത്തിന് വേണ്ടിയാണ് രാമലക്ഷ്മണ സീതാദേവിമാരു കാനനവാസം എന്നു പറയുന്നുണ്ടെന്നത് സത്യമാണെങ്കിലും മനുഷ്യജന്മത്തിൽ ഒരു സുഖത്തിൽനിന്നും ദുഃഖത്തിലേക്കു നീങ്ങിപോകുന്ന കാഴ്ച നമുക്കിവിടെ കാണാം. ശൂർപ്പണഖയെന്ന രാവണ സഹോദരിയുടെ വരവും ലക്ഷ്മണന്റെ അമ്പ് ഏൽപ്പിച്ച പ്രഹരവും രാവണൻ എന്ന അസുരരാജാവിന്റെ സീതാപഹരണവും തുടർന്നുള്ള യുദ്ധവും ഇവിടെയാരംഭിക്കുന്നു. രാവണന്റെ കുടിലതന്ത്രങ്ങൾക്കു വശംവദനാകാതെയിരിക്കാൻ പറ്റില്ലായെന്നു കണ്ട മാരീചൻ സീതാപഹരണത്തിന് രാവണനെ സഹായിക്കുന്നു. ലക്ഷ്മണൻ, മാൻ രാക്ഷസന്റെ മായയാണെന്നുപറഞ്ഞിട്ടും രാമൻ മുന്നോട്ടുപോയി. മായാമാൻ ലക്ഷ്മണനെ വിളിച്ചു കരഞ്ഞതുകേട്ട സീത ലക്ഷ്മണനോടു സഹായത്തിന് പോകാൻ പറയുകയും മടിച്ച ലക്ഷ്മണനെ കുത്സിതവാക്കുകളിലൂടെ മുറിപ്പെടുത്തുകയും ചെയ്തു. സീതാദേവി നിരക്ഷരകുക്ഷിയെപ്പോലെ തന്റെ പദവിക്കു ചേരാത്ത ഭാഷയിൽ ലക്ഷ്മണനെ ശകാരിച്ചിട്ടും ലക്ഷ്മണൻ മനസില്ലാമനസ്സോടെ പോയിയെന്നു വാത്മീകി വിവരിക്കുന്നു. രാവണൻ സന്ദർഭം മുതലെടുത്തു സീതയെ അപഹരിക്കുന്നു. ദുഃഖാർത്തനായിക്കണ്ട ലക്ഷ്മണനോട് ലക്ഷ്മണന്റെ അശ്രദ്ധമൂലം സീത നഷ്ടപ്പെട്ടോയെന്ന് രാമൻ ചോദിക്കുന്നു. ഭരതന്റെ നിയോഗമനുസരിച്ചാണ് താൻ രാമനെ അനുഗമിക്കുന്നതെന്നും തന്നെ ലഭിക്കുന്നതിനുവേണ്ടിയാണ് ലക്ഷ്മണൻ ശ്രമിക്കുന്നതെന്നും മറ്റുമുള്ള സീതയുടെ വാക്കുകൾ വേദനിപ്പിച്ച സംഭവം ലക്ഷ്മണൻ പറഞ്ഞപ്പോഴും ക്രുദ്ധയായ പെണ്ണ് പരുഷം പറഞ്ഞതുകേട്ട് അവിടെയവളെ വിട്ടുപോന്നല്ലോയെന്ന് രാമൻ ലക്ഷ്മണനെ കുറ്റപ്പെടുത്തുകയാണ് ചെയ്യുന്നത്. സീതാവിരഹത്താൽ ദുഃഖിതനായ രാമനെ ഇവിടെ വാത്മീകി വിവരിക്കുന്നു. എന്നാൽ കൊട്ടാരത്തിൽ വിട്ടുപോന്ന ഊർമ്മിളയേക്കുറിച്ച് ലക്ഷ്മണൻ ചിന്തിക്കുന്നതേയില്ല. ഈ ദുഃഖത്തിൽ രാമൻ പലപ്പോഴും തന്റെ കൈകേയിയോടുള്ള വെറുപ്പ് പ്രകടമാക്കുന്നുണ്ട്. കൈകേയി ലക്ഷ്യം സാധിച്ചവളാണെന്നു പറയുന്നു. ഒരു ഘട്ടത്തിൽ കോപാകുലനായ രാമൻ ലക്ഷ്മണനോടു പറയുന്നു, ഞാനിതാ നിലാവിനെ അസ്തപ്രഭമാക്കുന്ന സൂര്യോദയംപോലെ സർവ്വപ്രാണികളുടേയും രാക്ഷസന്മാരുടേയും നാശം ഉണ്ടാക്കാൻ പോകുന്നു. ഞാൻ എയ്യുന്ന അമ്പുകൊണ്ട് ലോകത്തിന് അഭിശാപവും അരാ ക്ഷസവുമാക്കി തീർക്കും. ക്രോധാകുലനായി നിൽക്കുന്ന രാമനോടു ലക്ഷ്മണൻ പറയുന്നു, ഇന്നേവരെ സൗമ്യനായിരുന്ന ഭവാൻ ക്രോധംമൂലം മനോനില വെടിയരുത്. ഒരുത്തന്റെ അപരാധംമൂലം ലോകം നശിക്കരുത്. ഏറെ തപസ്സനുഷ്ഠിച്ചാണ് ദശരഥനു രാമനെ ലഭിച്ചതെന്നും രാമന്റെ വിയോഗത്താലാണ് ദശരഥൻ സ്വർഗ്ഗസ്ഥനായതെന്നും ഈ ദുഃഖം സഹിക്കാൻ രാമനു കഴിയില്ലെങ്കിൽ പിന്നെ മറ്റുള്ളവരുടെ സ്ഥിതിയെന്താണ്. ആർത്തരായ ജനങ്ങൾ സാന്ത്വനം

കാണേണ്ടത് രാമനിലാണെന്നും അചഞ്ചലനായി വർത്തിക്കണമെന്നും രാമന്റെ ജ്ഞാനരൂപത്തെ ഉയർത്തുകയാണ് ലക്ഷ്മണൻ ചെയ്യുന്നതെന്നും കൂടി പറയുന്നു. ഇവിടെ ലക്ഷ്മണൻ ഒരുപടി കൂടി കടന്ന് സന്ദർഭോചയതമായി വാക്കുകൾ ഉപയോഗിക്കുന്നു. അങ്ങനെ അനുജന്റെ വാക്കുകളാൽ കത്തിക്കയറിയ കോപത്തെ നിയന്ത്രിക്കാൻ രാമനു കഴിയുന്നു. ജടായുവിന്റെ സംസ്കാരചടങ്ങുകൾ നടത്തി വീണ്ടും മുന്നേറിയ രാമലക്ഷ്മണന്മാർ അയോമുഖിയേയും കബന്ധനേയും നേരിട്ടു. കബന്ധനിൽനിന്നും വിവരങ്ങൾ ധരിച്ച് സുഗ്രീവസഖ്യം നേടി. ബാലിവധം സംഭവിച്ചു. ഇവിടെയൊക്കെത്തന്നെ ലക്ഷ്മണൻ ജ്യേഷ്ഠന് ആശ്വാസ മുളവാക്കുന്നതായി വാത്മീകി വിവരിക്കുന്നു. ഹനുമദ് സംഗമം നടക്കുന്നു. സുഗ്രീവൻ രാമനോടു വിഷമിക്കേണ്ടെന്നും രാമനേപ്പോലുള്ളവർക്കു ചേർന്നതല്ലാത്ത മാനസികവിഷമം മാറ്റണമെന്നും മറ്റും പറഞ്ഞ് സാന്ത്വനപ്പെടുത്തി. ശ്രീരാമൻ ബാലിക്കുനേർക്കയച്ച അമ്പ് ബാലിയെ ഹതനാക്കി. സദ്വൃത്തിയാകുന്ന ചങ്ങല പൊട്ടിച്ച രാമനെന്ന മദയാനയാൽ ഞാൻ ഹതനായിയെന്നു ബാലി പറഞ്ഞു. ബാലിയുടെ യഥാർത്ഥ പ്രകൃതിയെന്തെന്നും ധർമ്മമാർഗ്ഗത്തിൽനിന്നും വ്യതിചലിച്ചുവെന്നും രാമൻ പറഞ്ഞു. ഇവിടെയും രാമൻ വാക്കുകൊടുത്ത കാര്യം പറയുന്നു. പ്രതിജ്ഞ നിറവേറ്റുന്നതിൽ ഇക്ഷ്വാകുവംശത്തിന്റെ നിലയെന്തെന്നും വിവരിക്കുന്നു. രാജധർമ്മവും കുലധർമ്മവും പറഞ്ഞ് രാജക്കന്മാർ മഹീതലത്തിൽ നരരൂപമെടുത്തു ചരിക്കുകയാണെന്നും മറ്റും വർണ്ണിച്ചപ്പോൾ ദീനമായി അംഗദനെ രക്ഷിക്കണമെന്ന് അപേക്ഷിച്ചു. രാമന്റെ കൈകൊണ്ടുള്ള മരണം കാംക്ഷിച്ചാണ് താൻ യുദ്ധത്തിനൊരുമ്പെട്ടതെന്നും ബാലി പറഞ്ഞു. ഇവിടെ പ്രതിജ്ഞ ചെയ്തതും സുഗ്രീവനെന്ന മിത്രവും രാമന് ബാലിവധത്തിന് വഴിയൊരുക്കി. പക്ഷെ സുഗ്രീവന്റെ പെരുമാറ്റത്തിൽ ക്രൂദ്ധനായ രാമൻ പറഞ്ഞത് യുദ്ധത്തിൽ ക്രുദ്ധനായ തന്റെ വില്ലിന്റെ ഞാണൊലി കേൾക്കാൻ തയാറാകാനാണ്. പോരിൽ ബാലിയെ ഒരാളെ മാത്രമേ കൊല്ലുകയുണ്ടായുള്ളൂവെന്നും സത്യലംഘനം നടത്തിയ സുഗ്രീവനെ ബന്ധുവർഗ്ഗത്തോടെ നശിപ്പിക്കുമെന്നും കൂടി പറഞ്ഞു. ഇങ്ങനെ പെട്ടെന്നു കോപാകുലനാകുകയും വേദനിക്കുകയും ചെയ്യുമ്പോൾ ഒരു സാധാരണമനുഷ്യന്റെ ചിന്തയിലേക്ക് രാമൻ മാറുന്ന കാഴ്ചയാണ് കാണുന്നത്. പിന്നീട് രാമൻ സുഗ്രീവനോട് ഭവാൻ തന്നെയാണ് എന്റെ സുഹൃത്തും മിത്രവും. എനിക്കു വേണ്ട എല്ലാ സഹായവും ചെയ്തു തന്നാലും എന്നു പറയുന്നു. സീതാന്വേഷണം ത്വരിതമായി. ഹനുമാൻ ലങ്കയിലെത്തി, സീതയുടെ ചൂഡാമണിയുമായി. രാമന്റെ ദുഃഖം വാത്മീകി വിവരിക്കുന്നത് എങ്ങനെയെന്നോ; കുട്ടിയേക്കണ്ട തള്ളപ്പശു എപ്രകാരം പാൽ ചുരത്തുന്നുവോ അപ്രകാരം ഈ രംഗം കണ്ടപ്പോൾ എന്റെ ഹൃദയം ഉരുകുന്നുവെന്നാണ്. രാമന്റെ യുദ്ധനൈപുണ്യത്തെക്കുറിച്ച് വിഭീഷണൻ വിവരിക്കുന്നത്, രാവണനും മക്കൾക്കും ആർക്കുംതന്നെ രാമനോട് എതിരിട്ട് ജയിക്കാൻ കഴിയില്ലായെന്നും അഗാധമായ രാമസാഗരത്തിന്റെ പാതാളത്തിൽ വീഴുന്നതിൽനിന്ന് രാവണനെ രക്ഷിക്കൂവെന്നുമാണ്. വീണ്ടും വീണ്ടും വിഭീഷണൻ പറയുന്നു, രാമന്റെ ബാണങ്ങൾ ജ്വലിക്കുന്ന അഗ്നിയേപ്പോലെ മൂർച്ചയുള്ളതാണെന്ന്. ഇതുതന്നെയാണ് സംഭവിച്ചതും. രാമരാവണയുദ്ധം നടന്നു. രാവണന്റെ സഹോദരന്മാരും പുത്രന്മാരും അവസാനം രാവണൻ തന്നെയും ഹതനായി. ഈ യുദ്ധത്തിലുടനീളം ദേവർഷിമാരും മഹർഷിമാരും ദേവന്മാരും ഉൾപ്പെട്ട ലോകങ്ങൾ മുഴുവനും കൂടിചേർന്ന് ഭൂമിയുള്ളിടത്തോളം കാലം ഓർമ്മിക്കുന്ന മഹായുദ്ധം ഞാനിന്നു ചെയ്യുന്നുവെന്നാണ്. ലക്ഷ്മണന് രാവണന്റെ വേൽ കൊണ്ട് മുറിവേറ്റപ്പോൾ തനിക്കു പ്രാണനേക്കാൾ പ്രിയനായ ലക്ഷ്മണൻ രക്തത്തിൽ മുങ്ങിക്കിടക്കുമ്പോൾ മനസ് പതറുന്നുവെന്നും പറയുന്ന രാമൻ, സഹജനായ ഒരു ഭ്രാതാവിനെ മറ്റെങ്ങും കണ്ടിട്ടില്ലായെന്നും മറ്റും പറഞ്ഞു വിലപിക്കുന്ന രാമൻ, സഹോദരസ്നേഹത്തിന്റെ പ്രതിബിംബം തന്നെയാണ്. യുദ്ധം കൊടുമ്പിരിക്കൊണ്ടു. രാമന്റേയും രാവണന്റേയും ശരീരം രക്താഭിഷിക്തമായി. ഇതു കണ്ടിട്ട് അഗസ്ത്യമഹർഷി രാമന് ആദിത്യഹൃദയമന്ത്രം ഉപദേശിച്ചു. ഈ മന്ത്രം സർവ്വ മംഗളങ്ങളും ഉണ്ടാക്കും പാപം നശിപ്പിക്കും. ശോകത്തെ നശിപ്പിക്കും. ആയുസ്സ് വർദ്ധിപ്പിക്കും. മൂന്നുരു ഈ കീർത്തനം ജപിച്ചാൽ യുദ്ധങ്ങളിൽ വിജയി ക്കുമെന്നും പറഞ്ഞു. രാമൻ മൂന്നുരു ജപിച്ചു, വില്ലെടുത്തു തൊടുത്തു, രാവണവധവും നടന്നു.

മരണത്തോടുകൂടി ശത്രുത അവസാനിക്കുന്നുവെന്നും രാവണൻ വിഭീഷണനെങ്ങനെയോ അതുപോലെയാണ് തനിക്കെന്നും അതുകൊണ്ട് കർമ്മമനുസരിച്ച് ഉദകക്രിയകൾ നടത്തണമെന്നും വിഭീഷണനോടു രാമൻ പറഞ്ഞു.

(തുടരും)

## 1-ാം ചരമവാർഷികം

**10. 06 .2018**



**പി. വിജയലക്ഷ്മി**
**ശ്രീ ശക്തി**
**ആലപ്പാട്ട് ക്രോസ് റോഡ്**
**രവിപുരം, കൊച്ചി 682016**


## 12-ാം ചരമവാർഷികം

**07. 06 .2018**



**മുണ്ടിയാത്ത് വിലാസിനി മേനോൻ**
**4 എ &ബി, സൺഗ്രേസ് അപ്പാർട്ട്മെന്റ്സ്**
**കാരയ്ക്കാട്ട് റോഡ്**
**എറണാകുളം സൗത്ത് – 682016**


## 2018 മെയ് മാസത്തിൽ അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ




**നാരായണൻകുട്ടി മേനോൻ**
L/1023, ആലാഴത്ത്,
രചന മൊണാസ്ട്രി റോഡ്
കാരിക്കാമുറി, കൊച്ചി 682019




**കെ. കാവുക്കുട്ടി അമ്മ**
L/1441
കൊരക്കനാശ്ശേരി വീട്
കടവന്ത്ര, എറണാകുളം 682020



**രവീന്ദ്രൻ. എം**
L/4881, രേവതി
ആലപ്പാട്ട് ക്രോസ്സ് റോഡ്
രവിപുരം, കൊച്ചി 682016



**രാമചന്ദ്രൻ നായർ എം. പി**
L/0797, കൃഷ്ണ, മാടായി പുതിയ വീട്ടിൽ
സൗത്ത് ജനത റോഡ്
പാലാരിവട്ടം, കൊച്ചി 682025



**ശങ്കരൻകുട്ടി. വി**
L/0829
വെംമ്പ്ളാശ്ശേരി ഹൗസ്
എം. ജി. റോഡ്
കൊച്ചി 682016



**രുഗ്മിണി അമ്മ. പി. കെ**
L/0968
പോഴോത്ത് വീട്
നരിക്കാപ്പറമ്പ്, ഇളംകുളം
കൊച്ചി 682020




**ജയശങ്കർ. പി**
L/1434
പൊയ്മ്പ്ളാശ്ശേരിൽ വീട്
ആലപ്പാട്ട് റോഡ്, രവിപുരം
കൊച്ചി 682016



**മാണിക്കത്ത് വേണുഗോപാൽ**
L/2562, കൊങ്ങാട്ടിൽ വീട്
ആനക്കര പി. ഒ, തൃശൂർ 680508

### 2018 ഏപ്രിൽ മാസം അന്തരിച്ച കരയോഗാംഗം



**ഉണ്ണികൃഷ്ണൻ. സി**
L/2218, മണ്ണത്താഴത്ത്, കെ. കെ. പത്മനാഭൻ റോഡ്
അയ്യപ്പൻകാവ്, കൊച്ചി 682018

# പഞ്ചഗ്രഹങ്ങൾ ജ്യോതിഷത്തിൽ

ഡോ. കെ. ഹരിഹരൻ ,ഫോൺ : 9847313322

നാം വസിക്കുന്ന ഈ പ്രപഞ്ചം അത്ഭുതങ്ങളുടെ ഒരു കലവറയാണ്. അനന്തവിസ്തൃതമായ, ആകാശവീഥിയിൽ ആയിരക്കണക്കിന് നക്ഷത്രങ്ങളും ഗ്രഹങ്ങളും അവയുടെ സ്ഥാനവും മുറയും തെറ്റാതെ നിലക്കൊള്ളുന്നു. ഈ നക്ഷത്രങ്ങളും ഗ്രഹങ്ങളും നാം അധിവസിക്കുന്ന ഈ ഭൂമിയിലെ സകലചരാചരങ്ങളെയും സദാ വശീകരിക്കുകയും ആകർഷിക്കുകയും ചെയ്യുന്നുണ്ടന്നുള്ളതാണ് ജ്യോതിശാസ്ത്രത്തിലെ പരമപ്രധാനമായ കണ്ടെത്തൽ. ഒരാളുടെ ജനനസമയത്തുള്ള ഗ്രഹങ്ങളുടേയും, നക്ഷത്രങ്ങളുടേയും സ്ഥാനഭേദങ്ങൾ അനുസരിച്ച് അയാളുടെ ജനനം മുതൽ മരണം വരെയുള്ള ജീവിതവ്യവഹാരങ്ങളും അനുഭവകർമ്മങ്ങളും സുഖദു:ഖാദികളും സംഭവിക്കുന്നു എന്ന് ജ്യോതിശാസ്ത്രം നിഷ്കർഷിക്കുന്നു. നവഗ്രഹങ്ങളുടെ ഗതിവിഗതികളും സ്ഥാനവ്യത്യാസങ്ങളും വീക്ഷണകോണുകളും മനസ്സിലാക്കി അവയുടെ സ്ഥാനം, സ്ഥിതി മുതലായവയുമായി ബന്ധിപ്പിച്ച് ശുഭാശുഭങ്ങളെ നിർണ്ണയിക്കുവാനുള്ള അടിസ്ഥാന നിയമങ്ങൾ ജ്യോതിശാസ്ത്രത്തിൽ പ്രതിപാദിക്കപ്പെടുന്നു.

ജ്യോതിശാസ്ത്രം പ്രധാനമായും സൂര്യൻ, ചന്ദ്രൻ, ചൊവ്വ, ബുധൻ, വ്യാഴം, ശുക്രൻ, ശനി, രാഹു, കേതു എന്നീ നവഗ്രഹങ്ങളെ അടിസ്ഥാനമാക്കിയാണ് നിർവ്വചിക്കപ്പെട്ടിട്ടുള്ളത്. അതിൽ ആദിത്യനേയും ചന്ദ്രനെയും സംബന്ധിച്ചുള്ള കാരകധർമ്മങ്ങളും, രോഗം, തൊഴിൽ മുതലായ കാര്യങ്ങളും കഴിഞ്ഞ ഒരു ലക്കത്തിൽ വിശദമായി പ്രതിപാദിക്കുകയുണ്ടായി. പഞ്ചനക്ഷത്രങ്ങളെന്ന് നാം വിശേഷിപ്പിക്കുന്ന ചൊവ്വ, ബുധൻ, വ്യാഴം, ശുക്രൻ, ശനി എന്നീ ഗ്രഹങ്ങളെക്കുറിച്ചാണ് ഈ ലക്കത്തിൽ വിവരിക്കുന്നത്. ഭൂമിയുൾപ്പടെയുള്ള ഗ്രഹങ്ങൾ സൂര്യനെ പ്രദക്ഷിണം ചെയ്തുകൊണ്ടിരിക്കുന്നു. രാശിചക്രത്തിൽ ഓരോ ഗ്രഹങ്ങൾക്കും പ്രത്യേകം ഗ്രഹപഥങ്ങളുണ്ട്. അത് സൂര്യന്റെ ഉപരിഭാഗത്തും അധോഭാഗത്തും വ്യാപിച്ചു കിടക്കുന്നു. സൗരയൂഥത്തിൽ സൂര്യനിൽ നിന്നും ഏറ്റവും ഉയരത്തിലും അകലത്തിലും സ്ഥിതി ചെയ്യുന്ന ഗ്രഹം ശനിയാണ്. സൂര്യനിൽ നിന്നും ഗതിഗോളത്തിലേക്ക് ഏകദേശം 887200000 (എൺപത്തിയെട്ടുകോടി എഴുപത്തിരണ്ടുലക്ഷം) മൈൽ ദൂരമുണ്ട്. ശനിയുടെ വ്യാസം എഴുപത്തി ഒരായിരത്തി അഞ്ഞൂറു മൈലാണ് . അടുത്തതായി സൂര്യനിൽ നിന്നും ദൂരെയുള്ള ഗ്രഹം വ്യാഴമാണ്. സൂര്യനിൽ നിന്നും വ്യാഴത്തിലേയ്ക്ക് 483900000 (നാല്പത്തി എട്ടുകോടിമുപ്പത്തിഒൻപതുലക്ഷം) മൈലാണ്. സൂര്യനൊഴിച്ചാൽ നവഗ്രഹങ്ങളിൽ വെച്ച് ഏറ്റവും വലിപ്പമുള്ള ഗ്രഹം വ്യാഴമാണ്. അതിന്റെ വ്യാസം ഏതാണ്ട് 88700 (എൺപത്തി എണ്ണായിരത്തി എഴുനൂറു) മൈലാണ്. വ്യാഴം കഴിഞ്ഞ് അകലത്തിൽ സ്ഥിതി ചെയ്യുന്ന ഗ്രഹം ചൊവ്വയാണ്. സൂര്യനിൽ നിന്നും 141000000 (പതിന്നാലുകോടി പത്തുലക്ഷം) മൈൽ അകലത്തിലാണ് ചൊവ്വയുടെ സ്ഥാനം. ചൊവ്വ ഭൂമിയേക്കാൾ ചെറിയ ഗ്രഹമാണ്. നാലായിരത്തി ഇരുനൂറ്റി അമ്പത് മൈലാണ് അതിന്റെ വ്യാസം. സൂര്യനു താഴെയായി അതിനടുത്തുള്ള ഗ്രഹമാണ് ബുധൻ. സൂര്യനിൽ നിന്നും 3600000 (മൂന്നുകോടി അറുപതുലക്ഷം ) മൈൽ അകലത്തിൽ അതു സ്ഥിതി ചെയ്യുന്നു.

അതിന്റെ വ്യാസം ഏതാണ്ട് 3100 (മൂവായിരത്തി ഒരുനൂറ്) മൈലാണ്. സൂര്യനു താഴെ ആയി ഏതാണ്ട് 6724000 (ആറുകോടി എഴുപത്തിരണ്ടു ലക്ഷത്തി നാല്പതിനായിരം) മൈൽ ദൂരെയാണ് ശുക്രൻ സ്ഥിതിചെയ്യുന്നത്. അതിന്റെ വ്യാസം 7100 (ഏഴായിരത്തി ഒരുനൂറ്) മൈലാണ്. ചന്ദ്രൻ ഭൂമിയുടെ ഒരു ഉപഗ്രഹവും ശുക്രന്റെ താഴെ ആയി സ്ഥിതി കൊള്ളുന്ന ഒരു ഗ്രഹമാണ്. അത് ഭൂമിയെ സദാ വലയം ചെയ്തുകൊണ്ടിരിക്കുന്നു. അതുകൊണ്ട് സൂര്യനിൽ നിന്നു ചന്ദ്രനിലേയ്ക്കുള്ള ദൂരം അപ്രസക്തമാണ്. ഭൂമിയിൽ നിന്നും ചന്ദ്രനിലേയ്ക്കുള്ള ദൂരം ഏതാണ്ട് 238850 (രണ്ടുലക്ഷത്തി മുപ്പത്തെണ്ണായിരത്തി എണ്ണൂറ്റി അൻപതു) മൈലാണ്. അതിന്റെ വ്യാസം 2158 (രണ്ടായിരത്തി ഒരുനൂറ്റി അൻപത്തി എട്ടു) മൈൽ വരും.

**ശനി :**

പന്ത്രണ്ടു രാശികളും തരണം ചെയ്ത് സൂര്യനെ ഒരു പ്രാവശ്യം പ്രദക്ഷിണം ചെയ്യുന്നതിന് ശനി എടുക്കുന്ന സമയം ഇരുപത്തിഒൻപതു വർഷ

വും അഞ്ചരമാസവുമാണ്. ജ്യോതിഷക്കാർ സാധാരണയായി ഈ കാലയളവിനെ മുപ്പതുവർഷമെന്നു കണക്കാക്കുന്നു. അതുകൊണ്ട് ഒരു രാശിയിൽ ശനി നില്ക്കുന്ന കാലം രണ്ടരവർഷമായി നിജപ്പെടുത്തുന്നു. ശനി, തന്റെ സഞ്ചാരപഥത്തിൽ കൂടി ഒരു മിനിട്ടിൽ 360 മൈൽ വേഗതയിലാണ് നീങ്ങുന്നത്. അങ്ങനെ നീങ്ങുന്നതിനോടൊപ്പം അത് സ്വന്തം അച്ചുതണ്ടിൽ കിടന്നു സ്വയം ഭ്രമണം ചെയ്യുന്നുമുണ്ട്. ഒരു ഭ്രമണം പൂർത്തികരിക്കുവാൻ പത്തു മണിക്കൂർ എടുക്കും. അതാണ് ശനിയുടെ ഒരു ദിവസം.

പുരാണകഥകളുടെ അടിസ്ഥാനത്തിൽ ശനി സൂര്യദേവന് ഛായാദേവിയിൽ പിറന്ന പുത്രനാണ്. ഗ്രഹപദവി നൽകി ശനിയെ അവരോധിച്ചത് ശിവനാണ്. മുടന്തുള്ളതിനാൽ വളരെ പതുക്കെയാണ് ശനിയുടെ നടത്തം. ഇന്ദ്രനേയും, നളനേയും, ഹരിശ്ചന്ദ്രനേയും, പാണ്ഡവരേയും ഭഗവാന്മാരായ ശ്രീരാമനേയും ശ്രീകൃഷ്ണനേയുമെല്ലാം ഗ്രസിക്കുകയും ആപത്തിൽ പെടുത്തുകയും ചെയ്ത ഗ്രഹമാണ് ശനി. കണ്ടകശനി, അഷ്ടമശനി, ഏഴരശനി തുടങ്ങിയവ വിശ്വാസികളെ ഭയചകിതരാക്കുന്ന പദങ്ങളാണ്. എന്നാൽ ശനി തികച്ചും ഒരു ദൈവീകഗ്രഹമാണ്. ധാർമ്മികനും, സത്യവാനും അനുഗ്രഹങ്ങൾ വാരിക്കോരി കൊടുക്കുന്നവനുമാണ് ശനി.

പിംഗോ നിമ്ന വിലോചന : കൃശതനുർദീർഘ : സിരാലോലസ :

കൃഷ്ണാംഗ : പവനാത്മകോതി പിശുന:സ്നായാതനോ നിർഘുണ :

മൂർഖ : സ്ഥൂലനഖദ്വജോ$f$ തിമലിനോരൂക്ഷോ$f$ ശുചിസ്താമസോ

രൗദ്ര : ക്രോധപരോജരാപരിണിത : കൃഷ്ണാംബരോ ഭാസ്ക്കരി :

(സാരാവലി)

ശനിയുടെ നിറം അല്പം നീലകലർന്ന കറുപ്പാണ്. ചടച്ചു മെലിഞ്ഞ് നല്ല ഉയരമുള്ള ദേഹം. ചാരനിറം പൂണ്ട കണ്ണ്, തടിച്ചും നീണ്ടുമിരിക്കുന്ന ഞരമ്പുകൾ ശരീരത്തിൽ, പലകപോലെ പരന്നിരിക്കുന്ന പല്ലുകൾ, തടിച്ചു നീണ്ട വിരലുകൾ, മിനുസമോ മാർദ്ദവമോ ഇല്ലാത്ത തലമുടിയും ശരീരം നിറയെ രോമവും, ചുക്കി ചുളിഞ്ഞ തൊലി. സ്വഭാവത്തിൽ മൂർഖത്വം, ക്രോധശീലൻ, ഉന്മേഷമില്ലാത്തവൻ, അലസൻ. ത്രിദോഷങ്ങളിൽ വാതവും കഫവുമായ പ്രകൃതം. മുടന്തുള്ളതിനാൽ പതുക്കെ നടക്കുന്നവനും തമസ്ഗുണത്തോടു കൂടിയവനുമാണ് ശനിഗ്രഹം.

ആലസ്യം, തടസ്സങ്ങൾ, ആന, കുതിര, തോല്, വരവ്, അളവുകൾ, സങ്കടം, രോഗം,ദു:ഖം, മരണം, ജോലിക്കാരി, കഴുത, വൈകല്യമുള്ളവർ, വനവാസികൾ, ബീഭത്സത, പ്രഭുക്കന്മാർ, ദീർഘായുസ്സ്, പക്ഷികൾ, കാപട്യം, വാതരോഗം, വാർദ്ധക്യം, കോപം, ശരീരക്ഷീണം,ദുഷ്ടത, ചീത്തമനസ്സ്, ദുർജ്ജനസംസർഗ്ഗം, പാപകർമ്മം, ക്രൂരകർമ്മം, ഇരുമ്പ്, ഔദാര്യം, പിതൃക്കൾ, മുടന്ത്, തീക്ഷ്ണത, പടിഞ്ഞാറു ദിക്ക്, കൃഷി, ആയുധശാല,വീഴ്ച, അലച്ചിൽ, വിഷം, ഭയം, ആട്, പട്ടി തുടങ്ങിയവ, കളവുപോകൽ/നഷ്ടപ്പെടൽ, കഠിനഹൃദയം എന്നത്യാദി കാര്യങ്ങളെല്ലാം ശനിയുടെ കാരകധർമ്മങ്ങളിൽ പെടുന്നു.

ദാരിദ്ര്യപീഢ, സ്വന്തം കർമ്മം മൂലമുള്ള ആപത്തുകൾ, കള്ളന്മാരിൽ നിന്നുള്ള ഭയം, ശരീരസന്ധികളിൽ വേദന എന്നിവയ്ക്ക് ശനി കാരണമാകുന്നു. കൂടാതെ മറ്റു വാതരോഗങ്ങൾ, വിഷാദരോഗം, ഉന്മാദം, അപസ്മാരം, അപകടങ്ങൾ, കുഷ്ഠം, ക്ഷീണം, ജ്വരം തുടങ്ങിയ രോഗങ്ങൾക്ക് ശനി ഹേതുവാകുന്നു.

കർമ്മസ്ഥാനമായ പത്താം ഭാവവുമായി ശനിക്കു ബന്ധമുണ്ടായാൽ മൃഗസംരക്ഷണം, മരക്കച്ചവടം, കറുത്ത ലോഹങ്ങൾ, കമ്പിളി, തോൽ, ഈയ്യം തുടങ്ങിയവയുമായി ബന്ധപ്പെട്ട തൊഴിലുകളാണ് ശനിക്കു പറഞ്ഞു കാണുന്നത്. പുതിയ കാലഘട്ടത്തിന്റെ തൊഴിൽ മേഖലകളായ ബാങ്കിങ്, ഓഹരിവിപണി, ഐടി, കമ്പ്യൂട്ടർ, മുതലായവയുമായി ബന്ധപ്പെടുത്തി കർമ്മപ്രവർത്തികൾ നിർണയിക്കാവുന്നതാണ്.

## വ്യാഴം :

വ്യാഴത്തിന് തന്റെ രാശിമണ്ഡലത്തിലുള്ള സഞ്ചാരപഥത്തിലൂടെ ഒരു പ്രാവശ്യം പ്രദക്ഷിണം വെച്ചു വരുന്നതിന് എടുക്കുന്ന സമയം 11 വർഷം 10 മാസം 12 ദിവസമാണ്. ജ്യോതിഷക്കാർ അത് സാമാന്യമായി 12 വർഷമെന്നു കണക്കാക്കുന്നു. ഈ കാലയളവിനാണ് നാം ഒരു വ്യാഴവട്ടമെന്നു വിശേഷിപ്പിക്കുന്നത്. വ്യാഴം ഒരു രാശിയിൽ നില്ക്കുന്ന കാലയളവ് 361 ദിവസമാണ്. അതായത് ഒരു വർഷം. തന്റെ അച്ചുതണ്ടിൽ നിന്നുകൊണ്ട് വ്യാഴം ഒരു ഭ്രമണം പൂർത്തീകരിക്കുവാനെടുക്കുന്ന സമയം 9 മണിക്കൂറും 50 മിനിട്ടുമാണ്. ആ നിലയ്ക്ക് വ്യാഴഗോളത്തിൽ ഒരു ദിവസം എന്നത് 10 മണിക്കൂറാണ്.

ബ്രഹ്മാവിന്റെ മാനസപുത്രനായ അംഗീരവസ്സ് മഹർഷിക്ക് വസുദയിൽ പിറന്ന പുത്രനായിട്ടാണ് വ്യാഴത്തെ പുരാണത്തിൽ വർണിച്ചിരിക്കുന്നത്. കഠിനതപശ്ചര്യയിലൂടെ വ്യാഴം ദിവ്യശക്തികളും ഉന്നതവിദ്യയും കരസ്ഥമാക്കി. അതിനുശേഷം ദേവന്മാരുടെ ഗുരുവായി തീർന്നു. ശിവന്റെ നിർദേശാനുസരണമാണ് ബ്രഹ്മാവ് വ്യാഴത്തെ ഗ്രഹമായി അവരോധിച്ചത്. താരയാണ് വ്യാഴത്തിന്റെ പത്നി. എന്നും ദേവന്മാരുടെ ബുദ്ധികേന്ദ്രം വ്യാഴം തന്നെയായിരുന്നു. എട്ടു വെള്ളക്കുതിരകളെ പൂട്ടിയ സ്വർണ്ണരഥത്തിലാണ്

വ്യാഴത്തിന്റെ സഞ്ചാരം. ഐരാവതത്തിലും വ്യാഴം സഞ്ചരിക്കാറുണ്ടെന്ന് പുരാണകഥകളിൽ സൂചിപ്പിക്കുന്നു.

സ്വർണ്ണനിറമുള്ള ശരീരം, അത്ര ഇരുണ്ടതല്ലാത്ത തലമുടി, ചുവപ്പു രാശി കലർന്ന കണ്ണുകൾ, പരന്ന നെഞ്ച്, പൊക്കം അല്പം കുറവാണെങ്കിലും ഒത്ത ദേഹം, കുടവയറ്, കഫപ്രകൃതി, സിംഹഗർജ്ജനം പോലുള്ള ഘനഗംഭീരശബ്ദം, മാംസളമായ അവയവങ്ങൾ എന്നിവയാണ് വ്യാഴത്തിന് കല്പിച്ചു കൊടുത്തിട്ടുള്ള രൂപസവിശേഷതകൾ. വ്യാഴത്തിന്റെ സ്വഭാവത്തിൽ രാജലക്ഷണങ്ങൾ ഏതാണ്ട് എല്ലാമുണ്ട്. ഐശ്വര്യം തുളുമ്പുന്ന നോട്ടമാണ്. ധാർമ്മികനും, സാത്വികനുമാണ് വ്യാഴം. സകലഗുണ സമ്പൂർണ്ണൻ തന്നെയാണ് വ്യാഴം. വേദശാസ്ത്രങ്ങൾ, നീതിന്യായം, ആചാരനുഷ്ഠാനങ്ങൾ പലതരം ചിന്താപദ്ധതികൾ, പല പല വിദ്യകൾ, കലകളിലെല്ലാം ഉന്നതജ്ഞാനമുള്ളവൻ, ദീനദയ, ത്യാഗശീലം, നീതിബോധം തുടങ്ങിയ ഉത്തമഗുണങ്ങളുടെയെല്ലാം ഇരിപ്പിടമാണ് വ്യാഴം. നന്മയിൽ വേരൂന്നിയ വ്യക്തിത്വം, തിന്മയോടു സന്ധിയില്ലാത്ത സമരം എന്നിവയെല്ലാം വ്യാഴത്തിനുണ്ട്. ഈ പ്രപഞ്ചത്തിലെ സകല ചൈതന്യത്തേയും ശുദ്ധീകരിച്ച് പ്രസരിപ്പിക്കുവാനുള്ള കഴിവ് വ്യാഴത്തിനുണ്ട്. ഒരാളുടെ ജാതകത്തിൽ ലഗ്നം, നാലും അഞ്ചും ഒൻപതും ഭാവങ്ങളുമായി വ്യാഴത്തിന് ബന്ധം വന്നാൽ മുകളിൽ പറഞ്ഞ സവിശേഷതകൾ ജാതകനിലും പ്രതിഫലിക്കുന്നതാണ് (ജ്യോതിഷ ഗുരുനാഥൻ)

ബ്രാഹ്മണൻ, ധനം, ഗുരു, സ്വന്തം കർമ്മം, പശു, നിക്ഷേപം, മീമാംസ, നിധി, പൗത്രൻ, പ്രതാപം, കീർത്തി, തർക്കം, പിതാമഹൻ, പുത്രൻ, സേവകന്മാർ, വേദാന്തം, ശാപം, രത്നം, കച്ചവടക്കാരൻ, ശരീരാരോഗ്യം, ബഹുമതി, തുട, ദേവതകൾ, തപസ്സ്, ദാനശീലം, സുഹൃത്ത്, പ്രസംഗപാഠവം, മേദസ്സ്, പുതിയവീട്, സന്തോഷം, വൃദ്ധൻ, മന്ത്രം, തീർത്ഥസ്ഥലം, കാൽമുട്ട്, സുഖവാസം, ബുദ്ധിശക്തി, കാവ്യരചന, ഗോപുരം, സഭകൾ, സിംഹാസനം, പാത്രങ്ങൾ, ബ്രഹ്മസ്ഥാനം, വൈഢൂര്യം, സാത്വികം, ദൈർഘ്യം, മറ്റുള്ളവരുടെ മനസ്സറിയുവാനുള്ള കഴിവ്, സ്വർണ്ണാഭരണങ്ങൾ, തേജസ്സ്, ശിവപൂജ, മതനിഷ്ഠ എന്നിത്യാദികളെല്ലാം വ്യാഴത്തിന്റെ കാരകധർമ്മങ്ങളിൽ പെടുന്നു.

ഗുരുക്കന്മാർ, ബ്രാഹ്മണർ എന്നിവരുടെ ശാപം, കോപം മുതലായവമൂലമുണ്ടാകുന്ന രോഗദുരിതങ്ങൾ, പുത്രനാശം മൂലമുണ്ടാകുന്ന രോഗങ്ങൾ, ശത്രുക്കളുടെ ആഭിചാരാദികൾ മൂലമുണ്ടാകുന്ന കഷ്ടപ്പാടുകൾ, ഗുന്മം, ബുദ്ധിഭ്രമം, പ്രമേഹം, കഫജന്യരോഗങ്ങൾ, വാതാദിരോഗങ്ങൾ കരൾ രോഗങ്ങൾ, ഹൃദ്രോഗം, മഞ്ഞപ്പിത്തം, മുഴകൾ, രക്തചംക്രമണപ്രശ്നങ്ങൾ, അർബുദം, ദുർമ്മേദസുകളുണ്ടാക്കുന്ന രോഗങ്ങൾ, ഡിപ്രഷൻ, ജീവിതശൈലിരോഗങ്ങൾ എന്നിവയെല്ലാം വ്യാഴം അനിഷ്ടസ്ഥാനങ്ങൾ നിന്നാൽ ഉണ്ടാകുന്ന വയാണ്.

അദ്ധ്യാപനം, പൗരോഹിത്യം, വക്കീൽപണി, സ്വർണ്ണപ്പണി, പുസ്തക വ്യാപാരം, ഉപദേശക ജോലി, മനുഷ്യവിഭവശേഷി, ഹൃദയശസ്ത്രക്രിയ ചെയ്യുന്ന ഡോക്ടർ, മതാദ്ധ്യക്ഷൻ, ക്ഷേത്രസംബന്ധജോലികൾ, ഷെയർ വ്യാപാരം, പാരമ്പര്യ തൊഴിലുകൾ, വൈദ്യവൃദ്ധി, ക്രയവിക്രയം, പത്രപ്രവർത്തനം, ധനകാര്യസ്ഥാപനങ്ങളിലെ ജോലി എന്നിവയെല്ലാം വ്യാഴം കർമ്മസ്ഥാനമായി ബന്ധപ്പെട്ടു നിന്നാൽ ഉണ്ടാകുന്ന കർമ്മ മണ്ഡലങ്ങളാണ്.

## ചൊവ്വ

വ്യാഴത്തിനു താഴെ സഞ്ചാരപഥമുള്ള ഗ്രഹമാണ് ചൊവ്വ. ചൊവ്വയ്ക്ക് സൂര്യനെ ഒരു തവണ പ്രദക്ഷിണം ചെയ്യുന്നതിന് കൃത്യമായി 587 ദിവസം വേണം. ജ്യോതിഷത്തിൽ അത് 548 ദിവസം അഥവാ ഒന്നരവർഷമായി കണക്കാക്കുന്നു. ഒരു രാശിയിൽ ചൊവ്വ നില്ക്കുന്ന കാലം ഒന്നരമാസമായി ട്ടും കണക്കാക്കുന്നു. സൂര്യനു ചുറ്റുമുള്ള തന്റെ സഞ്ചാരപഥത്തിൽ ചൊവ്വ ഒരു മിനിട്ടിൽ 900 മൈൽ വേഗതയിൽ സഞ്ചരിക്കുന്നു. അതോടൊത്ത് തന്റെ അച്ചുതണ്ടിൽ നിന്നും സ്വയം കറങ്ങുകയും ചെയ്യുന്നു. അതിന് എടുക്കുന്ന സമയം 24 മണിക്കൂറും 37 മിനിട്ടുമാണ്.

പുരാണകഥകളിൽ ചൊവ്വയ്ക്കുമുണ്ടായിരുന്നു ഒരച്ഛനും അമ്മയും. ഉഗ്രമായ തപസ്സനുഷ്ഠിക്കുകയായിരുന്ന പരമശിവന്റെ തിരുനെറ്റിയിൽ നിന്നും ഒരു വിയർപ്പു തുള്ളി പൊടിഞ്ഞു താഴെ ഭൂമിയിൽ വീണു. പെട്ടെന്ന് ആ വിയർപ്പു തുള്ളി ഒരു പൈതലായി മാറി. സ്വന്തം മടിയിൽ വന്നു വീണ ഓമനത്തം ഉള്ള ആ കുഞ്ഞിനെ സ്വന്തം പുത്രനായി ഭൂമിദേവി കരുതി വളർത്തി. കറുപ്പു നിറമായിരുന്നു ആ കുഞ്ഞിന്. മഹർഷിമാർ ലോഹിതാംഗൻ എന്ന് ആ കുട്ടിക്കു പേരിട്ടു. വളർന്നു വലുതായപ്പോൾ ലോഹിതാംഗൻ ശിവനെ തപസ്സു ചെയ്ത് പ്രത്യക്ഷപ്പെടുത്തി. ഭഗവാനാണ് ചൊവ്വയെ ഗ്രഹപദവിയിലേയ്ക്ക് ഉയർത്തിയത്.

തീക്കട്ടപോലെ ജ്വലിച്ചു നില്ക്കുന്നവനാണ് ചൊവ്വ. അപകടത്തെ സൂചിപ്പിക്കുന്ന ചുവപ്പു നിറമാണ് ചൊവ്വയ്ക്കുള്ളത്. ചൊവ്വ ഊർജ്ജസ്വലനും അപകടകാരിയുമാണെന്ന് ആ നിറം വ്യക്തമാക്കുന്നു. അതിന് ഉഗ്രവും ക്രൂരവുമായ നോട്ടമാണുള്ളത്. പൊക്കം കുറഞ്ഞ് മെലിഞ്ഞു ദൃഢമായ ശരീരമാണ്. നീളം കുറഞ്ഞു കറുത്ത ചുരുണ്ട മുടിയാണുള്ളത്. ഗ്രഹങ്ങളുടെ അധികാരശ്രേണിയിൽ സർവ്വ സൈന്യാ

ധിപനാണ് ചൊവ്വ. യൗവനം തുളുമ്പുന്ന പ്രകൃതിയാണ്. യൗവ്വന തീക്ഷ്ണത അവന്റെ ചലനം പെരുമാറ്റം എന്നിവയിലെല്ലാം പ്രകടമാണ്. ത്രിദോഷങ്ങളിൽ പിത്തകൂറാണ്. വിശപ്പും ദാഹവും എപ്പോഴും ഉണ്ടാകും. പിത്തം അഗ്നിയുമായി ബന്ധപ്പെട്ടതാകയാൽ ദേഷ്യവും കോപവും സഹജമായിരിക്കും. തമസശീലം, സ്വതന്ത്രബുദ്ധി, സാഹസികത, യുദ്ധോത്സുകത ഇവയെല്ലാം മറ്റു സ്വഭാവ സവിശേഷണങ്ങളാണ്. ചൊവ്വ ഒരാളുടെ ഗ്രഹനിലയിൽ ബലവാനായിരിക്കുന്ന ജാതകന്റെ പ്രായം പെട്ടെന്ന് ജരാനരകൾക്ക് വിധേയമാകാത്തതായിരിക്കും.

ശൗര്യം, ഭൂമി, ബലം, ആയുധം, വീര്യക്ഷയം, കള്ളൻ, യുദ്ധം, വിരോധം, ശത്രു, ദയ, രക്തവസ്തുക്കളോടു പ്രിയം, പെരുമ്പറ, സ്നേഹം, കന്നുകാലി, മൂർഖത്വം, കോപം, വിദേശയാത്ര, ദൃഢനിശ്ചയം, പിന്തുണ, വാഗ്വാദം, പിത്തം, ചൂട്, മുറിവ്, അഗ്നി, പകൽ, പൊക്കക്കുറവ്, രോഗം, കീർത്തി, ഈയം, വാൾ, കുന്തം, ശരീരാവയവം, മണി, സുബ്രഹ്മണ്യഭക്തി, യുവത്വം, വേനല്ക്കാലം, പരാക്രമം, ശത്രുബലം, ഗാംഭീര്യം, പൗരുഷം, ശീലം, മഴു, ഗ്രാമാധിപത്യം, ചതുരാകൃതി, മൺവസ്തുക്കൾ, തടസ്സം, ദുഷ്ടത, നല്ല ആഹാരം, കുശവൽ, ധനുർവിദ്യ, രക്തം, ചെമ്പ്, തെക്കുദിക്ക്, കാമം, ക്രോധം, അപവാദം, വീട്, സൈന്യാധിപൻ, സാമവേദം, സഹോദരൻ, കോടാലി, വസ്തുവഹകൾ, നീതിന്യായാധിപത്യം, വാഹനത്തിൽ കയറൽ, രക്തം കുറയൽ, എന്നിത്യാദികാര്യങ്ങൾ കുജന്റെ കാരകധർമ്മങ്ങളിൽ പെടുന്നതാണ്.

കഫദോഷം, പിത്തദോഷം, മുറിവ്, അഗ്നിഭയം, ദേഹത്തിലെ മുഴകൾ, വ്രണം, ദാരിദ്രപീഢ, രക്തസ്രാവം, മഞ്ഞപിത്തം, ആർത്തവദോഷങ്ങൾ, ആലസ്യം, രക്തദൂഷ്യം, അർബുദം, കുഷ്ഠം ശസ്ത്രക്രിയയിലെ പാളിച്ചകൾ, മജ്ജസംബന്ധിച്ച രോഗങ്ങൾ, ഡിപ്രഷൻ എന്നീ രോഗങ്ങൾക്ക് ചൊവ്വ കാരണമാകുന്നു.

ജന്മലഗ്നം, ചന്ദ്രലഗ്നം, സൂര്യസ്ഥിതി എന്നിവയുടെ പത്താം ഭാവവുമായി ചൊവ്വയ്ക്കു ബന്ധം വന്നാൽ പട്ടാളം, അഗ്നിശമനസേന, പോലീസ്, അർദ്ധസൈനിക വിഭാഗം, കെമസ്ട്രി, അഭിഭാഷകൻ, റിയൽ എസ്റ്റേറ്റ്, യുക്തിവാദം, തർക്കശാസ്ത്രം, മരുന്നുകട, സർജൻ, മെക്കാനിക്കൽ എഞ്ചിനിയറിംഗ് പടക്കശാല, തീപ്പെട്ടി നിർമ്മാണം, ചെമ്പ്, സ്വർണ്ണം, രാഷ്ട്രീയപ്രവർത്തനം തുടങ്ങിയ കർമ്മമണ്ഡലവുമായി ബന്ധമുള്ള തൊഴിലുകളിൽ ഏർപ്പെടും.

**ബുധൻ**

ബുധൻ തന്റെ സഞ്ചാരപഥത്തിൽകൂടി ഒരു തവണ പ്രദക്ഷിണം ചെയ്യുന്നതിന് 88 ദിവസം വേണം. ഒരു മിനിട്ടിൽ 1782 മൈൽ വേഗതയിൽ ആണ് ബുധൻ സഞ്ചരിക്കുന്നത്. ബുധന് സ്വന്തമായി ഒരു ഭ്രമണം പൂർത്തീകരിക്കുവാനും 88 ദിവസമെടുക്കും. അതായത് ബുധന്റെ ഒരു ദിവസവും ഒരു വർഷവും ഒന്നു തന്നെയാണ്. തന്മൂലം ബുധഗോളത്തിൽ സൂര്യോദയമോ അസ്തമയമോ ഇല്ല. അതിന്റെ ഒരു വശം എന്നും ഇരുട്ടും മറുവശം എന്നും പകലുമായിരിക്കും. സൂര്യാഭിമുഖമായ വശത്ത് അത്യുഗ്രമായ ചൂടും മറുവശത്ത് അത്യുഗ്രമായ തണുപ്പും സദാ ഉണ്ടായിക്കൊണ്ടിരിക്കും. സൂര്യന്റെ സഞ്ചാരപഥം സൂര്യസ്ഥിതരാശിയേയോ അതിനു തൊട്ടടുത്തുള്ള രാശിയേയോ മാത്രം സ്പർശിക്കത്തക്കവിധം വളരെ ഹ്യസ്വമായിരിക്കും. ഭൂമിയെ സംബന്ധിച്ചിടത്തോളം സൂര്യൻ നില്ക്കുന്ന രാശിയിലോ തൊട്ടടുത്തുള്ള രാശിയിലോ മാത്രമായിരിക്കും ബുധന്റെ നില്പ്.

ചന്ദ്രതാരാ ദമ്പതികളുടെ പുത്രനായിട്ടാണ് പുരാണത്തിൽ ബുധനെ കാണുന്നത്. വ്യാഴമാണ് ബുധനെ വിദ്യ അഭ്യസിപ്പിച്ചത്. ഇള എന്ന സുന്ദരി ആയിരുന്നു ബുധന്റെ പത്നി. അവർക്കുണ്ടായ പുത്രനാണ് പുരുരവസ്സ്. ചന്ദ്രൻ, ചന്ദ്രപുത്രനായ പുരുരവസ്സ് എന്നിവരിലൂടെയാണ് പ്രാചീനഭാരതത്തിലെ പ്രധാന രാജവംശമയ ചന്ദ്രവംശം വികസിതമായത്.

ചുവപ്പു കലർന്ന കടക്കണ്ണുള്ളവനും, തെളിഞ്ഞു കാണുന്ന ഞരമ്പുകളുള്ളവനും, ത്വക്കിന് നല്ല ബലമുള്ളവനുമാണ് ബുധൻ. നിറം കറുകനാമ്പിന്റേതാണ്. സാമാന്യം പൊക്കവും അതിനനുസരിച്ച ശരീരവുമാണ് ബുധനുള്ളത്. വളരെ സുന്ദരനെന്നോ വിരൂപനെന്നോ പറയാനാവില്ല. ശരീരമാകട്ടെ വാത പിത്ത കഫങ്ങൾ കലർന്ന പ്രകൃതമാണ്. ചലനവും സ്ഥിരതയും കലർന്ന മട്ടുകാരനാണ്. രാശിചക്രത്തിലെ 3,6 രാശികളാണ് ബുധാഷ്ഠിധ രാശികൾ. മൂന്നാം രാശിയുടെയും ആറാം രാശിയുടേയും സ്വഭാവങ്ങളായ വിക്രമം, കടുംപിടുത്തം, വീര്യം, സാഹസികത, കള്ളത്തരം എന്നിവ ഒരളവു വരെ ബുധനിൽ കാണാം. മധുരമായും, ഹാസ്യരസപ്രധാനമായും, നാനാർത്ഥമായും സംസാരിക്കും. അനുകരണ ശീലം ബുധന്റെ കുത്തക തന്നെ. ലളിത കലകളിലായാലും പ്രയോജനകലകളിലായാലും നൈപുണ്യമുണ്ടാകും. വിദ്യാഭ്യാസമുള്ളവർ, ഗവേഷകർ, അദ്ധ്യാപകർ, ജ്യോതിഷരംഗത്തു പ്രവർത്തിക്കുന്നവർ, പ്രസംഗകർ, എഴുത്തുകാർ, വക്കീലന്മാർ എന്നിവരുമായി ബുധന് ദൃഢബന്ധമുണ്ട് അഥവാ അത്തരക്കാരിൽ ബുധൻ എന്ന ഗ്രഹത്തിന്റെ സ്വാധീനം പ്രകടമാണ്. ലഗ്നം, ലഗ്ന നവാംശകം തുടങ്ങിയവയ്ക്ക് ബുധനുമായി ബന്ധം വന്നാൽ മുകളിൽ പറഞ്ഞപ്രകാരമായിരിക്കും ആ വ്യക്തിയെ വിലയിരുത്തേണ്ടത്.

വിദ്യ, കുതിര, സമ്പത്ത്, ഗണിതം, അറിവ്, സംഭാഷണം, അക്ഷരം, എഴുത്ത്, പുതുവസ്ത്രം, മാളിക, പച്ചനിറം, കൊത്തുപണി, ജ്യോതിഷം, തീർത്ഥയാത്ര, നല്ല വാക്കുകൾ, ക്ഷേത്രം, വാണിജ്യം, ആഭരണം, മൃദുവായ വാക്ക്, വേദാന്ത ചിന്ത, അമ്മയുടെ അച്ഛൻ, ദു:സ്വപ്നം, നപുംസകം, വടക്കു ദിക്ക്, ത്വക്ക്, ഈർപ്പം, ഈയം, വിരക്തി, ഋതു, വൈദ്യൻ, കഴുത്ത്, ആഭിചാരകർമ്മം, ശിശു, കോങ്കണ്ണ്, സ്വർഗ്ഗം, വിനയം, ബന്ധുക്കൾ, ഭയം, നർത്തനം, ഭക്തി, ഹാസ്യം, മനസ്സിന്റെ അടക്കം, വയറ്, വിഷ്ണു പൂജ, ശൂദ്രവർഗ്ഗം, പക്ഷി, സഹോദരൻ, ഭാഷാവൈഭവം, പൊടി, ഉദ്യാനം, ഗുഹ്യഭാഗങ്ങൾ, സൗമ്യത, ഗ്രാമീണത, വായൂകോൺ, വ്യാകരണം, വിദ്വാൻ, അമ്മാവൻ, മന്ത്രം, യന്ത്രം, തന്ത്രവിദ്യ, എന്നിവയെല്ലാം ബുധനുമായി ബന്ധപ്പെടുത്തിയുള്ള കാരകധർമ്മങ്ങളാണ്.

അർശസ്സ്, വായൂക്ഷോഭം, അഗ്നിമാന്ദ്യം, വയറുവേദന, ഗ്രഹണി, കുഷ്ഠം, ശ്വാസകോശരോഗം, മൂത്രതടസ്സം, ബധിരം, വിക്ക്, കണ്ഠരോഗം, നട്ടെല്ലിനുണ്ടാകുന്ന രോഗങ്ങൾ, ത്രിദോഷകോപം, ത്വക്ക് രോഗം എന്നീ രോഗങ്ങൾ ബുധൻ പിഴച്ചാലുണ്ടാകുന്നതാണ്.

പത്താം ഭാവവുമായി ബുധനു ബന്ധമുണ്ടായാൽ അദ്ധ്യാപനം, വാർത്താവിനിമയം, വക്കീൽ, സിനിമാരംഗം, വ്യാഖ്യാതാവ്, വിദ്യാഭ്യാസപ്രവർത്തനങ്ങൾ പത്രപ്രവർത്തനം, ഗണിതശാസ്ത്രം, പരിഭാഷകർ, ജ്യോതിഷി, ആഡിറ്റർ, സെയിൽസ്മാൻ, റെവന്യൂ ഓഫീസ്, എഞ്ചിനിറിംങ്ങ്, ഗുമസ്ഥർ, കാഷ്യർ, തുടങ്ങിയവയുമായി ബന്ധമുള്ള തൊഴിലുകളിൽ ജാതകർ ഏർപ്പെടുന്നതാണ്. കായികാദ്ധ്വാനം വേണ്ട ജോലിയേക്കാൾ ബൗദ്ധികമായ തൊഴിലിനെയാണ് ബുധൻ സൂചിപ്പിക്കുന്നത്.

### ശുക്രൻ

ശുക്രന് തന്റെ സഞ്ചാരപഥത്തിൽ കൂടി ഒരു തവണ പ്രദക്ഷിണം ചെയ്യുന്നതിന് 225 ദിവസങ്ങൾ വേണം. ഒരു മിനിറ്റിൽ അതിന്റെ വേഗത 1302 മൈലാണ്. ശുക്രന് സ്വന്തം അച്ചുതണ്ടിൽ നിന്നുകൊണ്ട് ഒരു ഭ്രമണം പൂർത്തികരിക്കുവാൻ 30 ദിവസം വേണം. അതായത് ശുക്രന്റെ ഒരു ദിവസം നമ്മുടെ ഒരു മാസമാണ്. ശുക്രന്റെ സഞ്ചാരപഥവും ബുധന്റെ സഞ്ചാരപഥവും ഭൂമിയുടെ സഞ്ചാരപഥത്തിനുള്ളിലാണ്. ശുക്രനും ബുധനെപ്പോലെ സൂര്യൻ നില്ക്കുന്ന രാശിയിലോ അതിന്റെ തൊട്ടടുത്ത രാശികളിലോ മാത്രമെ കാണപ്പെടുകയുള്ളു.

ഭൃഗുമഹർഷിക്ക് പുലോമയിൽ ജനിച്ച പുത്രനായിട്ടാണ് ശുക്രനെ പുരാണത്തിൽ വിവരിക്കുന്നത്. പിതാവിൽ നിന്നും മന്ത്രോപദേശം സ്വീകരിച്ച ശുക്രൻ ബാല്യകാലത്തു തന്നെ തപസ്സാരംഭിക്കുകയും ഈശ്വരസാക്ഷാത്കാരം നേടുകയും ചെയ്തു. ശിവനിൽ നിന്നും മൃതസഞ്ജീവനി വിദ്യ കരസ്ഥമാക്കി. അസുരന്മാരുടെ ഗുരുപദവി ലഭിച്ചത് ശുക്രന്റെ ജീവിതത്തിലെ ഒരു നാഴിക കല്ലാണ്. ഗ്രഹപദവി വന്നതോടെ ശുക്രൻ പ്രപഞ്ചത്തിന്റെ ഭാഗധേയം നിർണ്ണയിക്കുന്ന ഒരു പ്രതിഭാസമായി മാറി. ശുക്രാചാര്യർക്ക് ഒന്നിലധികം പത്നിമാരുണ്ടായിരുന്നു. മുഖ്യപത്നിയായ ഊർജ്ജസ്വതി പ്രിയവൃതന്റെ പുത്രി ആയിരുന്നു. ഇവരിൽ പിറന്ന പുത്രിയാണ് പ്രശസ്തയായി തീർന്ന ദേവയാനി. സകലകലകളുടേയും കാവ്യശാസ്ത്രങ്ങളുടേയും നീതിവിചാരങ്ങളുടേയും കാരകനും ബുദ്ധി കേന്ദ്രവുമാണ് ശുക്രൻ.

അതീവസുന്ദരനും തേജസ്വിയും ആകർഷകവുമായ വ്യക്തിത്വവുമുള്ളവനാണ് ശുക്രൻ. തടിച്ച് സാമാന്യം പൊക്കമുള്ള ദേഹം, കൊഴുത്തുരുണ്ട തോളുകൾ, മിനുമിനുപ്പുള്ള കറുപ്പു നിറം, വശ്യമാർന്ന തിളങ്ങുന്ന കണ്ണുകൾ, കറുത്ത ഇടതൂർന്ന ചുരുണ്ട തലമുടി, നീളമുള്ള കൈകൾ. വിശേഷവസ്ത്രാഭരണങ്ങളണിഞ്ഞ് സുഗന്ധലേപനങ്ങൾ കൊണ്ടു ശരീരത്തെ ഗുഗന്ധ പൂരിതമാക്കി ദേഹകാന്തി വരുത്തുന്നു. കഫവും വാതവും കലർന്ന ദേഹക്കൂറാണ്.

ശുക്രന്റെ സംഭാഷണശൈലി മധുരോദാരവും കാവ്യഭംഗി നിറഞ്ഞതുമാണ്. നൃത്തം, സംഗീതം, വാദ്യം എന്നിവയിൽ നിറഞ്ഞ താല്പര്യവും അഗാധവുമായ ജ്ഞാനവുമുള്ളവനാണ്. പ്രണയം, കാമം, ശൃംഗാരം എന്നിവയുടെയെല്ലാം ആധാരഗ്രഹമാണ് ശുക്രൻ. വിശിഷ്ടങ്ങളായ ഭക്ഷണസാധനങ്ങൾ, പാനീയങ്ങൾ, ആഡംബരം നിറഞ്ഞ ജീവിതം എന്നിവയെല്ലാം ആസ്വദിച്ച് അനുഭവിക്കുന്നവനാണ്. ഒരാളുടെ ഗ്രഹനിലയിൽ ശുക്രൻ ബലവാനായി നില്ക്കുകയും 4,5,9 എന്നീ ഭാവങ്ങളിലൊന്നുമായി ബന്ധപ്പെടുകയും ചെയ്താൽ മുകളിൽ പറഞ്ഞ രൂപഭാവവിശേഷാദികൾ ആ വ്യക്തിയിലും ഉണ്ടാകുന്നതാണ്.

വസ്ത്രം, വിവാഹം, ഇരുകാലികൾ, സ്ത്രീ, വരവ്, സൗമ്യത, വെണ്മ, ഭാര്യ, കാമുകൻ, സുഖം, പൊക്കക്കുറവ്, പുളിരസം, പുഷ്പം, ക്ഷാരരസം, പക്ഷം, ആജ്ഞ, യശസ്സ്, യൗവനം, ഗർവ്വ്, വാഹനം, വെള്ളി, രജോഗുണം, ദൃഢനിശ്ചയം, വൈശ്യൻ, സൗന്ദര്യം, പ്രേമസല്ലാപം, ആന, കുതിര, നൃത്തം, മദ്ധ്യവയസ്സ്, സംഗീതം, കുലം, ഭാര്യാസുഖം, നീന്തൽ, ഭൃത്യന്മാർ, ഭാഗ്യം, സുഗന്ധവസ്തുക്കൾ, മാല, വീണ, ഓടക്കുഴൽ, വിനോദങ്ങൾ, അഷ്ടൈശ്വര്യം, രൂപഭംഗി, മിതഭക്ഷണം, ആഭരണങ്ങൾ, കിഴക്കു ദിക്ക്, കണ്ണുകൾ, രേതസ്സ്, നാടകം, അംഗവൈകല്യം, ബഹുമാന്യത, പ്രഭുത്വം, കാവ്യരചന, കാര്യനിർവ്വഹണ താല്പര്യം

ഇവയെല്ലാം ശുക്രന്റെ കാരകധർമ്മങ്ങളിൽ പെടുന്നു.

ഭാര്യമൂലമുണ്ടാകുന്ന കുടുംബപ്രശ്നങ്ങൾ, മാനസ്സിക പ്രശ്നങ്ങൾ, ജനനേന്ദ്രിയ രോഗങ്ങൾ, വൃഷണം, വൃക്ക, മുഖം, ത്വക്ക്, കണ്ണുകൾ എന്നിവയുമായി ബന്ധപ്പെട്ട വിവിധ രോഗങ്ങൾ, ലൈഗീകരോഗങ്ങൾ, കഫവാതജന്യരോഗങ്ങൾ ആദിയായ രോഗങ്ങൾ ശുക്രൻ അസ്ഥാനത്ത് നിന്നാലുണ്ടാകുന്നതാണ്.

കലാസാഹിത്യരംഗം, അണിയറപ്രവർത്തനം, ഈവന്റ്മാനേജ്മെന്റ്, സ്റ്റേജ് ഡെക്കറേഷൻ, ഗൈനക്കോളജി, മത്സ്യം, കൃഷി, സിനിമാരംഗം, ബ്യൂട്ടിപാർലർ, സുഗന്ധദ്രവ്യം, മദ്യം, തുണിക്കട, ആഭരണങ്ങൾ, സ്വർണ്ണപ്പണി, ചിത്രകല, ഉദ്യാന നിർമ്മാണം തുടങ്ങി വിഷയങ്ങളുമായി ബന്ധപ്പെട്ട തൊഴിൽ മേഖലകളാണ് ശുക്രൻ ജാതകന്റെ കർമ്മഭാവവുമായി ബന്ധപ്പെടുമ്പോൾ ഉണ്ടാകുന്നത്.

## അംഗങ്ങളുടെ കുടിശ്ശിക അടയ്ക്കുന്നത് സംബന്ധിച്ചുള്ള പ്രത്യേക അറിയിപ്പ്

**കരയോഗം നിയമാവലി 17 ഉം അതിന്റെ ഉപവകുപ്പുകളും അനുസരിച്ച് ജൂൺ 24 ന് 2018-22 ലെ ഭരണസമിതിയിൽ ഒഴിവു വരുന്ന സ്ഥാനങ്ങളിലേക്ക് തിരഞ്ഞെടുപ്പ് നടക്കുന്നതിനാൽ റിട്ടേണിങ്ങ് ഓഫീസർ ഇതു സംബന്ധിച്ച് നടപടിക്രമങ്ങൾ ആരംഭിച്ചിരിക്കുന്നു. ആയതുകൊണ്ട് അംഗങ്ങൾ ജീവകാരുണ്യ ഫണ്ട് ഉൾപ്പടെ ഏതെങ്കിലും ഇനത്തിൽ കരയോഗത്തിലേക്ക് അടയ്ക്കുവാനുള്ള കുടിശ്ശികകൾ, 2018 ജൂൺ 25-ാം തിയതി മുതൽ മാത്രമേ സ്വീകരിക്കുകയുള്ളൂ എന്ന് ഇതിനാൽ അറിയിക്കുന്നു.**

- ജനറൽ സെക്രട്ടറി

# അഭിനന്ദനങ്ങൾ



**ഇപ്രാവിശ്യത്തെ ഐസിഎസ്ഇ 10-ാം ക്ലാസ് പരീക്ഷയിൽ 98.2 % മാർക്കോടെ സംസ്ഥാനതലത്തിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയത് ത്രിശൂരിലെ ഹരിശ്രീ വിദ്യാനിധി സ്കൂളിലെ ശ്രീലക്ഷ്മി എസ്. മേനോനാണ്. ശ്രീലക്ഷ്മി നമ്മുടെ കരയോഗാംഗങ്ങളായ ശ്രീ. നാരായണൻകുട്ടിമേനോന്റെ മകനായ ഡോ. സുനിൽകുമാർ മേനോന്റെ മകളാണ്. കുമാരി ശ്രീലക്ഷ്മി എസ്. മേനോന് എറണാകുളം കരയോഗത്തിന്റെ ആത്മാർത്ഥമായ അഭിനന്ദനങ്ങൾ. ഒപ്പം ഇതുപോലെ മിടുക്കിയായി പഠിച്ച് ഉയരങ്ങളിലെത്തുവാൻ ആശംസിക്കുന്നു.**



# അഭിനന്ദനങ്ങൾ

**2018 ലെ സി ബി എസ് ഇ 10-ാം ക്ലാസ്സ് പരീക്ഷയിൽ 500ൽ 495 മാർക്ക് നേടി 5-ാം റാങ്ക് കരസ്ഥമാക്കിയത് തൃപ്പൂണിത്തുറ, ചിന്മയ വിദ്യാലയത്തിലെ വിദ്യാർത്ഥിനിയായ കുമാരി ശ്രേയ എസ് മേനോനാണ്. കുമാരി ശ്രേയ നമ്മുടെ കരയോഗാംഗമായ ശ്രീ. ബി. സുനിൽ കുമാറിന്റെയും ശ്രീമതി ദീപാ സുനിലിന്റെയും മകളാണ്. കുമാരി ശ്രേയയ്ക്ക് എറണാകുളം കരയോഗത്തിന്റെ ആത്മാർത്ഥമായ അഭിനന്ദനങ്ങൾ. ഒപ്പം എല്ലാവിധ നന്മകളും ഉണ്ടാവട്ടെയെന്ന് ആശംസിക്കുന്നു.**

# ഹരിസുധാലഹരി

നന്ദകുമാർ മേനോൻ, ഫോൺ : 9895981809

**ശ്ലോകം 21**

രാജവ്രാതഗളോദ്ഗളദ് രുധിരപങ്കം ചേർന്ന ഖഡ്ഗാംഗബി
ഭ്രാജദ്ദക്ഷിണഹസ്തമന്യകരമോ രുദ്രാക്ഷമാലാധരം
തേജസ്സിൻ പുരുഷസ്വരൂപമരിവർഗ്ഗധ്വംസി രാമൻ ഹൃദം
ഭോജാവാസിയെവന്നു തദ്രിപുഗണം വേരറ്റു പോയീടുമേ

(പരശുരാമൻ)

**പദാർത്ഥം :**

രാജവ്രാത = രാജാക്കന്മാരുടെ കൂട്ടം
ഗളോദ്ഗള = കഴുത്തിൽ നിന്നും പ്രവഹിച്ച
രുധിര = ചോര
പങ്കം ചേർന്ന = അഴുക്കുചേർന്ന, ഒട്ടിപ്പിടിച്ച
ഖഡ്ഗാംഗം = കോടാലി
ബിഭ്രാജത് = വട്ടം കറക്കുന്ന
ദക്ഷിണഹസ്തം = വലത്തുകൈ
അന്യകരമോ = മറ്റേ കയ്യോ
രുദ്രാക്ഷമാലാധരം = രുദ്രാക്ഷമാല ധരിച്ചും
തേജസ്സിൻ പുരുഷസ്വരൂപം = തേജസ്സ് പുരുഷസ്വരൂപം ധരിച്ചവൻ
അരിവർഗ്ഗധ്വംസി = ശത്രുക്കളുടെ വർഗ്ഗത്തെ തന്നെ നശിപ്പിച്ചവൻ
രാമൻ = പരശുരാമൻ
ഹൃദംഭോജാവാസി = ഹൃദയമാകുന്ന താമരയിൽ താമസിക്കുന്നവൻ
എവന്ന് = ആർക്കാണോ
തദ്രിപുഗണം = അവന്റെ ശത്രുക്കളുടെ കൂട്ടം
വേരറ്റുപോയീടുമേ = വേരോടെ നശിച്ചു പോകും

**ശ്ലോകാർത്ഥം**

രാജാക്കന്മാരുടെ കൂട്ടത്തിന്റെ കഴുത്തിൽ നിന്നു പ്രവഹിച്ച ചോരകൊണ്ട് ചളിപുരണ്ട കോടാലി വലത്തുകയ്യിൽ വട്ടം കറക്കിയും, മറ്റേ കയ്യിൽ രുദ്രാക്ഷമാല ധരിച്ചും, ശത്രുക്കളുടെ വർഗ്ഗത്തെ നശിപ്പിച്ച, തേജസ്സ് പുരുഷരൂപം ധരിച്ച രാമൻ, ആരുടെ ഹൃദയമാകുന്ന താമരയിൽ താമസമുണ്ടോ അവന്റെ ശത്രുക്കളുടെ കൂട്ടം വേരോടെ നശിക്കും.

**വ്യാഖ്യാ :**

രാജവ്രാത. രാജാക്കന്മാരുടെ കൂട്ടം, രാജാക്കന്മാർ ക്ഷത്രിയന്മാരായതുകൊണ്ട് ക്ഷത്രിയന്മാരുടെ കൂട്ടം. സ്തോമൗഘനികര വ്രാത വാര സംഘാത സഞ്ചയാ : സമുദായ : സമുദയ : സമവായശ്ചയോ ഗണ : (അമരം 2.മൃ.42) എന്നതുകൊണ്ട് വ്രാതം സമുദായം തന്നെ. ക്ഷത്രിയന്മാരുടെ സമൂഹത്തെത്തന്നെ മുഴുവനായും. / ഗളോദ്ഗളത്. ഗളം കഴുത്ത്. പഞ്ചമീതത്പുരുഷസമാസത്തിൽ കഴുത്തിൽ നിന്ന്. ഉദ്ഗളത്. പ്രവഹിക്കുന്ന. ഉദ് എന്ന ഉപസർഗം ചേരുമ്പോൾ ചീറ്റി വരുന്ന. ജലധാരക്കു സമം/ രുധിരപങ്കം. ചോരയാകുന്ന അല്ലെങ്കിൽ ചോരകൊണ്ടുണ്ടായ ചളി അഴുക്ക്. ക്ഷത്രിയ സമുദായത്തിന്റെ മുഴുവൻ കഴുത്തിൽ നിന്ന് ചീറ്റി വരുന്ന ചോരകൊണ്ട് അഴുക്കു പുരണ്ട./ഖഡ്ഗാംഗം കോടാലി. ഗുരുനാഥൻ ഇവിടെ ക്ഷത്രിയരെ ഇങ്ങനെ ഉന്മൂലനം ചെയ്തത് വളരെ നല്ലൊരു കാര്യമായിരുന്നില്ല എന്ന് വ്യക്തമാക്കിയിരിക്കുന്നു. പങ്കം കളങ്കം തന്നെയാണ്. അമരകോശത്തിൽ പങ്കത്തെ ചളി എന്ന് പറയുന്ന തോടൊപ്പം, പാപമെന്നു കൂടി അർത്ഥം പറയുന്നു. 'അസ്ത്രീ പങ്കം പൂമാൻ പാപ്മ പാപകിൽബിഷ കല്മഷം' (അമരം : 1. കാ.25) അങ്ങനെ പാപക്കറ പുരണ്ട എന്ന് പറഞ്ഞു വച്ചു. അതുകൊണ്ടു തന്നെയാണ് പരശുരാമന് കശ്യപന്റെ കാർമ്മികത്വത്തിൽ യാഗം ചെയ്യേണ്ടി വന്നതും. / ബിഭ്രാജദ്ദക്ഷിണഹസ്തം,വട്ടം കറക്കിക്കൊണ്ടിരിക്കുന്ന വലത്തുകൈ. / അന്യകരമോ രുദ്രാക്ഷമാലാധരം./മറ്റേ കൈ ഇടത്തുകൈ. രുദ്രാക്ഷമാല ധരിച്ചിരിക്കുന്നതായും. തേജസ്സിൻ പുരുഷസ്വരൂപം. 'തേജ : പ്രഭാവേ ദീപ്തൗ ച ബലേ' എന്ന അമരം കൊണ്ട്, തേജസ്സിന് പ്രഭാവം, ദീപ്തി, ബലം എന്നീ അർത്ഥങ്ങൾ. അതിന്റെ പുരുഷസ്വരൂപം. പുരുഷന്റെ രൂപം. പ്രഭാവം ദീപ്തി (പ്രകാശം ശോഭ), ബലം എന്നിവ പുരുഷരൂപം സ്വീകരിച്ചാൽ എന്തോ അത് പുരുഷരൂപം എന്നു പറയാതെ പുരുഷസ്വരൂപം എന്നു പറഞ്ഞത്, പ്രഭവാദികൾ സ്വന്തം രൂപം പുരുഷാകാരത്തിലാക്കി എന്ന അർത്ഥം ഉറപ്പിച്ചു./അരിവർഗ്ഗധ്വംസി. ശത്രുക്കളുടെ വർഗ്ഗത്തെ അപ്പാടെ നശിപ്പിക്കുന്നവൻ./രാമൻ. പരശുരാമൻ എന്ന് വ്യക്തം. ഹൃദംഭോജാവാസി.

ഹൃദയമാകുന്ന താമരയിൽ. ആവാസി 'ഹൃദി'എന്ന് പറഞ്ഞാൽ ഹൃദയത്തിൽ എന്നായി. മറ്റു പല വാക്കുകളും മനസിൽ ധ്യാനിക്കുന്നതിനുപയോഗിക്കാം എന്നിരിക്കെ ഹൃദയത്തെ താമരയാക്കിയത് ശ്രദ്ധേയം. മേൽ പറയപ്പെട്ട വിധത്തിലെല്ലാം ഉള്ള രാമനെ 'താമര'യിൽ ഇരുത്തിയതിന്റെ ഭംഗി കവിത്വമാണ്. /എവന്ന് ആർക്ക്./ തദ്രിപുഗണം അവന്റെ ശത്രുക്കളുടെ കൂട്ടം. ഗണം സമുദായം തന്നെ./വേരറ്റു പോയീടുമേ. വേരോടുകൂടി നശിക്കുന്നു. മരം നശിച്ചാലും വേരിൽ നിന്നു വീണ്ടും പൊട്ടിമുളക്കുക എന്നത് പ്രകൃതി നിയമം. വേരും കൂടി നശിക്കുന്നതുകൊണ്ട്, മേലിൽ ശത്രുക്കളുണ്ടാകുകയേ ഇല്ല എന്ന് വ്യക്തം.

**ശ്ലോകം 22**

കൈലാസം കളിയായുയർത്തിയ മഹാശക്തൻ ജഗൽകണ്ടകൻ

പൗലസ്ത്യാന്വയനാം ദശാസ്യനെ രണേ വെന്നുള്ള വീര്യാംബുധി

നീലാംഭോരുഹലോചനൻ കരലസൽകോദണ്ഡബാണാന്വിതൻ

ആലംബം മമ രാഘവൻ ജനകജായുക്തൻ ഹനുമത്പ്രിയൻ

**പദാർത്ഥം :**

കൈലാസം = കൈലാസപർവതം
കളിയായ് = കളിക്ക്, വിനോദത്തിന്
ഉയർത്തിയ = പൊക്കിയ
മഹാശക്തൻ = വളരെയധികം ശക്തിയുള്ളവൻ
ജഗൽകണ്ടകൻ = ലോകത്തിന് മുള്ളായവൻ
പൗലസ്ത്യാന്വയനാം = പുലസ്ത്യന്റെ പരമ്പരയിൽ പെട്ടവൻ
ദശാസ്യനെ = പത്തു തലയുള്ളവനെ
രണേ = യുദ്ധത്തിൽ
വെന്നുള്ള = തോല്പിച്ച
വീര്യാംബുധി = വീര്യത്തിന്റെ സമുദ്രം
നീലാംഭോരുഹലോചനൻ = നീലത്താമര പോലുള്ള കണ്ണുള്ളവൻ
കരലസൽ = കൈകളിൽ ശോഭിക്കുന്ന
കോദണ്ഡബാണാന്വിതൻ = വില്ലും അമ്പും ചേർന്നവൻ
ആലംബം = ആശ്രയം
മമ = എന്റെ
രാഘവൻ = രഘുവിന്റെ വംശത്തിൽ പിറന്നവൻ
ജനകജാ = ജനകന്റെ മകൾ
യുക്തൻ = ചേർന്നവൻ
ഹനുമത്പ്രിയൻ= ഹനുമാന് പ്രിയപ്പെട്ടവൻ

**ശ്ലോകാർത്ഥം :**

പുലസ്ത്യന്റെ വംശത്തിൽ പിറന്ന, പത്തു തലയുള്ള, ലോകത്തിന്റെ മുള്ളായ (ശല്യം) കൈലാസം കളിതമാശയായി ഉയർത്തിയ മഹാശക്തനെ യുദ്ധത്തിൽ തോല്പിച്ച, വീര്യത്തിന്റെ സമുദ്രമായ നീലത്താമരപോലുള്ള കണ്ണുകളുള്ള, വില്ലും അമ്പും കൊണ്ട് കൈകൾ ശോഭിക്കുന്ന, ജനകന്റെ മകളോട് ചേർന്ന, ഹനുമാന് പ്രിയനായ, രഘുവിന്റെ വംശത്തിൽ ജനിച്ചവൻ എന്റെ ആശ്രയം.

**വ്യാഖ്യാ :**

കൈലാസം . ശിവന്റെ വാസസ്ഥാനമായ കൈലാസപർവതം. / കളിയായുയർത്തിയ . വിനോദരൂപേണ പൊക്കിയ. ഒട്ടും അദ്ധ്വാനമില്ലാതെ. ശിവൻ ഇരിക്കെയാണ് രാവണൻ കൈലാസം ഉയർത്തിയത്. പെരുവിരൽകൊണ്ട് താഴേക്കമർത്തി ശിവൻ രാവണനെ സ്തംഭിപ്പിച്ചപ്പോൾ രാവണൻ ശിവഭക്തനായി. /മഹാശക്തൻ. ശിവന്റെ ആവാസസ്ഥാനം ശിവനോടുകൂടി ഉയർത്താൻ കഴിവുള്ളവൻ./ ജഗൽകണ്ടകൻ. ജഗത്തിനാകെ ഒരു മുള്ളുപോലെ ഉപദ്രവമായിരുന്നവൻ. /പൗലസ്ത്യാന്വയനാം.

പുലസ്ത്യൻ. മരീച്യാദി പ്രജാപതികളിൽ ഒരുവൻ. പുലസ്ത്യന്റെ മകൻ വിസ്രവസ്. വിസ്രവസിന്റെ പുത്രൻ രാവണൻ. അന്വയൻ വംശം. പൗലസ്ത്യവംശത്തിൽ പിറന്നവനായ ദശാസ്യനെ. പത്തു തലയുള്ളവനെ. രാവണനെ./ രണേ വെന്നുള്ള. യുദ്ധത്തിൽ കീഴ്പെടുത്തിയ. വീര്യാംബുധി വീര്യത്തിന്റെ അംബുധി. അംബു വെള്ളം. ധി ധരിക്കുന്നത്. സമുദ്രം . വീര്യത്തിന്റെ സമുദ്രം./നീലാംഭോരുഹലോചനൻ. നീലത്താമരപോലുള്ള കണ്ണുകളുള്ളവൻ. കണ്ണുകൾ താമര യോടുപമിക്കുന്നത് സൗന്ദര്യനിദർശം. നീലനിറം അഗാധതയെ ദ്യോതിപ്പിക്കുന്നു. താമരപോലുള്ള കണ്ണുകളിൽ കാണാവുന്ന അഗാധതയുള്ളവൻ./ കരലസൽ, കയ്യിൽ ശോഭിക്കുന്ന./ കോദണ്ഡബാണാന്വിതൻ. കോദണ്ഡം വില്ല്. ബാണ അമ്പ്. അന്വിതൻ. ചേർന്നവൻ./ ആലംബം ആശ്രയം. യാതൊന്നിലാണോ താങ്ങി നിൽക്കുന്നത്. അത്./ രാഘവൻ. രഘുവിന്റെ വംശത്തിൽ പിറന്നവൻ. രാവണനെ പൗലസ്ത്യൻ എന്ന് വംശം കൂട്ടി പറഞ്ഞപ്പോൾ, രാമനെയും അങ്ങനെ തന്നെ വിശേഷിപ്പിച്ചു. / മമ. എന്റെ. ആലംബം മമ രാഘവൻ എന്നത് രാഘവൻ മമ ആലംബം എന്നന്വയിക്കണം./ ജനകജായുക്തൻ. ജനകന്റെ മകളായ സീതയുമായി ചേർന്നവൻ./ ഹനുമത്പ്രിയൻ. ഹനുമാന് പ്രിയപ്പെട്ടവൻ.

# പാതഞ്ജ്ജല യോഗദർശനം

**കൈതപ്രം വാസുദേവൻ നമ്പൂതിരി (ഫോൺ: 9447077203)**

യോഗദർശനത്തിലെ ഒന്നാം അധ്യായമായ സമാധിപാദത്തിലെ 19-ാം ശ്ലോകം നോക്കാം.

'ഭവപ്രത്യയോ വിദേഹപ്രകൃതിലയാനാം'

വിദേഹികൾക്കും പ്രകൃതിലയികൾക്കും ഉണ്ടാകുന്ന അസംപ്രജ്ഞാതസമാധി ഭവപ്രത്യയമാണ്.

പലതരം വ്യാഖ്യാനങ്ങൾക്കും സാധ്യതയുള്ള ഒരു സൂത്രമാണിത്.

വിദേഹിയെന്നാൽ ദേഹമില്ലാത്തവൻ. മരിച്ചവൻ എന്നല്ലെ അപ്പോൾ അർഥംവരിക? അല്ല, കാരണം അങ്ങിനെയെങ്കിൽ മരിച്ചവൻ എന്നു തന്നെ പറഞ്ഞാൽ മതിയാകും. വിദേഹിയെന്നോ ദേഹാഭിമാനം നശിച്ചവൻ എന്നാണർത്ഥമെടുക്കേണ്ടത്. ആത്മീയ തലത്തിൽ പുരോഗമിക്കുമ്പോൾ ഇന്ദ്രിയാദികളും ശരീരവും ഒന്നും തന്റേതല്ല, തനിക്കതിൽ നിയന്ത്രണമില്ലെന്നറിഞ്ഞ് അതിനെ നിയന്ത്രിക്കുന്ന ശക്തിയെ അറിഞ്ഞ് പൂർണ്ണവൈരാഗിയാവുന്നതാണ് വിദേഹത. ജീവന്മുക്തൻ എന്നർത്ഥം.

മൂലപ്രകൃതിയെ ഉപാസിച്ച് വൈരാഗ്യത്തിന്റെയും ഏകാഗ്രതയുടെയും ബലത്തിൽ പ്രകൃതിയിൽ തന്നെ സ്ഥിതി ചെയ്യുന്നവനാണ് പ്രകൃതിലയൻ.

ഭവം എന്നാൽ ജന്മം, പ്രത്യയം എന്നാൽ കാരണം. ഇനി വരാൻ പോകുന്ന അധ്യായത്തിലും ജന്മം സിദ്ധിക്കു കാരണമാകും എന്നു പറയുന്നുണ്ട്. ജന്മൗഷധി മന്ത്ര......... (IV-1) സിദ്ധികൾ ജന്മം കൊണ്ടും ഔഷധി (രാസപ്രയോഗം) മന്ത്രം, തപസ്സ്, സമാധി എന്നിവകൊണ്ടും കൈവരും എന്നു പറയുന്നുണ്ട്. അതായത് ജന്മനാസിദ്ധന്മാർ ഉണ്ടാകുമെന്നർത്ഥം. അവർക്ക് ജന്മനാ തന്നെ കഴിഞ്ഞ സൂത്രത്തിൽ പറഞ്ഞ അസംപ്രജ്ഞാത സമാധിക്കർഹതയുണ്ടായിരിക്കുമെന്നർത്ഥം. ജന്മനാ തന്നെ വ്യത്യസ്ഥ കഴിവുള്ളവർ എങ്ങിനെയുണ്ടായി എന്ന ചോദ്യത്തിനുത്തരം കൂടിയാണ് ഈ സൂത്രം. ഇത്തരക്കാർ മുമ്പത്തെ ജന്മത്തിൽ യോഗസാധകരായി ഏറെ തപസ്സു ചെയ്ത് ഉന്നതങ്ങളിലെത്തി അകാലത്തിൽ പൊലിഞ്ഞവരായിരിക്കാം.

ഭഗവദ് ഗീതയിൽ അർജ്ജുനൻ യോഗഭ്രഷ്ടന്റെ ഭാവിയെപ്പറ്റി ചോദിക്കുന്നുണ്ട്. യോഗപാതയിൽ മുന്നേറവേ പതനം സംഭവിക്കുകയോ മരിക്കുകയോ ചെയ്താൽ എന്തു സംഭവിക്കുമെന്നാണ് ചോദ്യം. അവർ ആകാശത്തെ ചിതറിയ മേഘശകലങ്ങളെപ്പോലെ (ഛിന്നാഭ്രമിവ) നശിച്ചു പോകുമോ ? എന്ന സംശയം അർജ്ജുനൻ ഉന്നയിച്ചു. അർജ്ജുനൻ തന്റെ കർമ്മയോഗത്തിൽ നിന്ന് ഭ്രംശിക്കാനുള്ള ഒരു അവസ്ഥയിലായിരുന്നല്ലൊ. സർവ്വർക്കും മനസ്സിനു കുളിരേകുന്ന ഒരു മറുപടിയാണ് ഭഗവാൻ കൊടുത്തത്.

'നഹി കല്യാണകൃത് കശ്ചിത്

ദുർഗ്ഗതിം താത ഗച്ഛതി'

നന്മ ചെയ്തവന് ഒരിക്കലും ദുർഗ്ഗതിയടയില്ല. യോഗഭ്രഷ്ടന്റെ ഗതിയും വിസ്തരിക്കുന്നുണ്ട്., ഭഗവാൻ

'അഥവാ യോഗിനാമേവ

കുലേ ഭവതി ധീമതാ'

അവൻ യോഗികളുടെ ധീമാന്മാരുടെ കുലത്തിൽ ജനിക്കും.

'തത്രതം ബുദ്ധിസംയോഗം

ലഭതേ പൗർവദൈഹികം'

അവിടെ പൂർവദേഹത്തിലെ,മുൻജന്മത്തിലെ ബുദ്ധി അവന് ലഭിക്കും.

വിദേഹന്മാർക്കും പ്രകൃതിലയന്മാർക്കും സംഭവിക്കുന്നതും ഇതു തന്നെ. സംസ്കാരലേശമേ അവർക്ക് ശേഷിച്ചിട്ടുള്ളൂ. പരവൈരാഗ്യവും അസംപ്രജ്ഞാതസമാധിയും സ്വായത്തമാക്കിയവരാണവർ. ആ യോഗ്യതകളൊക്കെ ഈ ജന്മത്തിൽ അവർക്കു ലഭിക്കും. ഇതു തന്നെ ഭവപ്രത്യയം.

രണ്ടു തരം അസംപ്രജ്ഞാതസമാധിയിൽ ഒന്നാണ് ഇവിടെ ചർച്ച ചെയ്തത് ഭവപ്രത്യയം. ഇനി ഉപായപ്രത്യയത്തെപ്പറ്റി അടുത്ത സൂത്രത്തിൽ ചർച്ച വരുന്നുണ്ടു താനും.

ഈ ഭവപ്രത്യയന്മാരുടെ ജന്മം ദുർലഭമാണ്.
'എതദ് ഹി ദുർലഭതരം ലോകേ ജന്മ യദീദൃശം'

17-ാം സൂത്രത്തിൽ സമാധികളുടെ വിവിധ തലങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. വിതർക്കാനുഗത സമാധിയാണ് ആദ്യത്തേത്. പിന്നീട് വിചാരാനുഗത സമാധി. ഈ തലത്തിലെത്തിയ ഒരുവൻ താൻ ശരീരമാണെന്ന ബോധം വെടിഞ്ഞ് ആനന്ദാനുഗത സമാധിയിൽ പ്രവേശിക്കും. അപ്പോൾ അവന് വിദേ

ഹാവസ്ഥ കൈവരും. അവിടെ അഹമുണ്ട്. അതും കടന്ന് അസ്മിതാനുഗതസമാധിയിൽ കടക്കുമ്പോൾ പ്രകൃതിലയം നേടുന്നു.

പല യോഗിമാരും ഈ വിദേഹ, പ്രകൃതിലയ അവസ്ഥയിലിരിക്കേ അവയുടെ ശാന്തതയും, ആനന്ദവും, മോഹനത്വവും അറിഞ്ഞ് ആത്മാവസ്ഥയായെന്ന ധാരണയിലിരുന്നു കളയും. തുടർന്നുള്ള പരിശ്രമം നിന്നു പോകും. മരണശേഷം വിദേഹയോഗി സംസ്കാരമാത്രമായ ചിത്തത്തോടെ മോക്ഷാവസ്ഥപോലെയുള്ള സുഖമനുഭവിക്കും.

'പ്രാ പ്യ പുണ്യകൃതാൻ ലോകാൻ
ഉഷിത്വാ ശാശ്വതീ : സമാം'

അനേകം (ശാശ്വതീ :)വർഷങ്ങൾ (സമാ :) ഈ പുണ്യലോകത്ത് കഴിച്ചു കൂട്ടിയ ശേഷം ഭൂമിയിൽ ജനിക്കും.

പ്രകൃതിലയന്മാർ ഇതിലേറെക്കാലം പുണ്യലോകം അനുഭവിക്കും. പിന്നെ ഭൂമിയിൽ ജനിക്കും. ഈ രണ്ടു കൂട്ടവുമാണ് ഭവപ്രത്യയന്മാർ, സിദ്ധജന്മങ്ങൾ, തപസ്സും അഭ്യാസവുമില്ലാതെ തന്നെ സിദ്ധികൾ പ്രകടിപ്പിക്കുന്നവർ.

ഹിന്ദുവിന്റെ സ്വർഗ്ഗ നരക സങ്കല്പം താത്വികമായി ക്രിസ്ത്യൻ, ഇസ്ലാം സങ്കല്പത്തിലുള്ളതല്ല. സ്വർഗ്ഗ നരകങ്ങളെല്ലാം പ്രകൃതിയിലുള്ളതു തന്നെയാണ്, പ്രകൃതിക്കതീതമല്ല. പക്ഷെ പ്രകൃതിക്ക് വിവിധ തലങ്ങളുണ്ടെന്നു മാത്രം. അത് ഭൂമിയിലൊതുങ്ങുന്നില്ല. മരണശേഷം അത്തരം ലോകത്തേക്കാണ് സൂക്ഷ്മദേഹം കടക്കുന്നത്. ഈ സൂക്ഷ്മദേഹത്തിൽ അടങ്ങിയ കർമത്തിനനുസരിച്ചാവും, ഈ യാത്രയും അവിടുത്തെ താമസത്തിന്റെ ദൈർഘ്യവും, അവിടുത്തെ സുഖദു:ഖാനുഭവങ്ങളും. കർമനാശത്തിൽ വീണ്ടും ജനിക്കുകയും ചെയ്യും. അപ്പോൾ സ്വർഗത്തോടുള്ള അഭിനിവേശം മോക്ഷേച്ഛയെക്കാൾ താണതാണെന്നു വരും.

അടുത്ത സൂത്രം ഉപായപ്രത്യയന്മാരെ പറ്റിയാണ്. അത് അടുത്ത ലക്കത്തിൽ കാണാം.

## എറണാകുളം കരയോഗം
## ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2018 മെയ് മാസത്തിൽ സംഭാവന നൽകിയവർ

| | |
|---|---|
| 1. ശ്രീമതി. ലീല മേനോൻ, 5 ബി, വുഡ്ഫോർഡ് അപ്പാർട്ട്മെന്റ്സ്, വൈ. എസ്. റോഡ്, കൊച്ചു കടവന്ത്ര, കൊച്ചി 682020 | 10,000/ |
| 2. ശ്രീമതി. ചിത്ര ശങ്കരനാരായണൻ, താര, ടെമ്പിൽ ലെയ്ൻ, കുരിശുപള്ളി റോഡ് രവിപുരം, കൊച്ചി 682015 | 10,000/ |
| 3. ശ്രീ. എം. എസ്. നമ്പിയാർ, 7 ബി, അമ്പാടീസ് പന്തിയിൽ ടൗവ്വർ, വാരിയം റോഡ്, കൊച്ചി 682015 | 6000/ |
| 4. ശ്രീ. ഇ. ആർ. മുരളി, ശ്രീശൈലം, കെ 21, കസ്തൂർബ നഗർ, കടവന്ത്ര, കൊച്ചി 682020 | 5000 / |
| 5. ശ്രീമതി. ദേവി മുല്ലോത്ത്, മുല്ലോത്ത് അമ്പാടി എൻക്ലൈവ്, ഡി 3, LXIV/582 അമ്പാടി ലൈൻ, ഓഫ് ചിറ്റൂർ റോഡ്, കൊച്ചി 682011 | 5000/ |
| 6. ശ്രീ. രാംദാസ്. ഇ, ആതിര, XI/151 E, കാക്കനാട് | 5000/ |
| 7. ശ്രീ. രഘുനാഥ കാരണവർ, നന്ദനം, 29/2726, പേട്ട, പൂണിത്തുറ. പി. ഒ, എറണാകുളം | 5000/ |

# വിശേഷ ദിവസങ്ങൾ

## 2018 ജൂൺ 16 മുതൽ ജൂലൈ 15 വരെ

| | | |
|---|---|---|
| ജൂൺ | 18 | അയ്യങ്കാളി ചരമദിനം |
| | 24 | കരയോഗം വാർഷിക പൊതുയോഗം/ തിരഞ്ഞെടുപ്പ് |
| | 28 | ചമ്പക്കുളം വള്ളംകളി |
| ജൂലൈ | 10 | കൂർമ്മാവതാര ജയന്തി |

# ഐതിഹ്യമാല

**കല്പകം സോമരാജൻ**

ഐതിഹ്യമാലയുടെ കർത്താവായ ശ്രീകൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ജനനം കൊല്ലവർഷം 1030-ാം ആണ്ട് മീനമാസം 28 ന് വിശാഖം നക്ഷത്രത്തിൽ ആണെന്നു രേഖപ്പെടുത്തിയിരിക്കുന്നു. അമ്പലപ്പുഴ രാജാവിന്റെ ആശ്രിതരായിരുന്ന ശ്രേഷ്ഠ കുടുംബത്തിലാണ് ഇദ്ദേഹത്തിന്റെ ജനനം. പൂർവ്വികരാകട്ടെ കരയിൽ ഗുരുക്കന്മാരും മന്ത്രതന്ത്ര വൈദ്യാദി വിഷയങ്ങളിൽ അതീവ നിപുണരും ആയിരുന്നു എന്നു പ്രസിദ്ധം. എല്ലാ ശാസ്ത്രവിഷയങ്ങളിലും പാരംഗതനും അതിമാനുഷനുമായിരുന്ന 'പൂരാടം തിരുനാൾ' എന്നു പ്രസിദ്ധനായ അമ്പലപ്പുഴ രാജാവിന്റെ സ്നേഹബഹുമാനാദരങ്ങൾക്ക് ഈ കുടുംബം അർഹരായിരുന്നു. സകലകലാനിപുണനനും രാജാവിന്റെ ഭരണകാര്യോപദേഷ്ടാവും ആയിരുന്ന ശ്രീ വാസുദേവനുണ്ണിയുടെ ദ്വിതീയ സന്താനമായിരുന്നു ശങ്കുണ്ണി. അമ്മ ഓമനിച്ച് തങ്കം എന്നു വിളിക്കുകയും ക്രമേണ തങ്കം തങ്കു ആകുകയും തങ്കു ശങ്കു ആകുകയും ജാതിപേരും കൂടി ചേർത്ത് ശങ്കുണ്ണി എന്ന നാമത്തിൽ പ്രസിദ്ധനാകുകയും ചെയ്തു എന്ന് അനുമാനം.

ബാല്യത്തിൽ വിദ്യാഭ്യാസ കാര്യങ്ങളിൽ അത്ര തൽപരനായിരുന്നില്ല ശങ്കുണ്ണി. പാഠശാല പഠനം അദ്ദേഹത്തിനു ലഭിച്ചിട്ടില്ല. ഏതാണ്ട് യൗവ്വനാരംഭത്തിലാണ് വിദ്യാഭ്യാസ വിഷയത്തിലുള്ള തന്റെ പിന്നോക്കാവസ്ഥയെകുറിച്ച് അദ്ദേഹം ബോധവാനാകുന്നത്. തുടർന്ന് വിദ്യാഭ്യാസം ഒരു വ്രതമായെടുക്കുന്നു. അന്നത്തെ പ്രശസ്ത വിദ്വാനായിരുന്ന മണർകാട് ശങ്കുവാര്യരുടെ ശിക്ഷണത്തിൽ വിദ്യാഭ്യാസം ആരംഭിക്കുന്നു. അതിനുശേഷം ശ്രേഷ്ഠ ഗുരുഭൂതനും, വൈദ്യാഗ്രേസരനും, പ്രൗഢകവിയുമായിരുന്ന ശ്രീ വയസ്കര ആര്യൻനാരായണ മൂസ്സിന്റെ ശിഷ്യത്വം അദ്ദേഹം സ്വീകരിച്ചു. അന്നത്തെ വിദ്യാഭ്യാസരീതി അനുസരിച്ച് രഘുവംശം, മാഘം തുടങ്ങിയ കൃതികളിലും അഷ്ടാംഗഹൃദയം സഹസ്രയോഗം തുടങ്ങിയ കൃതികളിലും, ശ്രീ ശങ്കുണ്ണി വ്യുൽപത്തി നേടി. ഈ സമയമായപ്പോഴേയ്ക്കും പഠനവിഷയങ്ങളിൽ ശ്രീശങ്കുണ്ണി അഗ്രഗണ്യനായിത്തീർന്നു. സഹപാഠികൾക്ക് പാഠ്യവിഷയങ്ങളിലുള്ള സംശയങ്ങൾ തീർത്തു കൊടുക്കുവാൻ ഗുരുനാഥൻ ശങ്കുണ്ണിയെ നിയോഗിക്കുന്ന തരത്തിലുള്ള സിദ്ധിവിശേഷത്തിലേക്ക് അദ്ദേഹം വളർന്നു എന്നു പറയുന്നതാവും ഏറ്റവും യുക്തം. താർക്കികനോ, വൈയ്യാകരണനോ, വൈദ്യാഗ്രേസരനോ, ഒക്കെ ആകേണ്ടിയിരുന്ന അദ്ദേഹത്തിന് വിധി പിന്നെയും തടസ്സമാകുന്നു. പഠനം അനിശ്ചിതത്വത്തിലേക്ക് വഴിമാറുന്നു. ഗൃഹകാര്യങ്ങളിൽ വ്യാപൃതനാകേണ്ട സാഹചര്യം വന്നു ചേരുകയാൽ പഠനകാര്യങ്ങളിൽ ശ്രദ്ധിക്കുവാനോ തുടർന്നു പഠിക്കുവാനോ കഴിയുന്നില്ല, എന്നിരിക്കലും ജന്മവാസന ഒരനുഗ്രഹമായി അദ്ദേഹത്തെ അനുഗ്രഹിക്കുന്നു. ഇദ്ദേഹം ഒരു കാവ്യകാരനാകണം എന്നതായിരുന്നു ഈശ്വരനിശ്ചയം എന്നു പിന്നീടു കാണാം. 36-ാമത്തെ വയസ്സിൽ രചിച്ച ഗദ്യഗ്രന്ഥമായ സുഭദ്രാഹരണം മണിപ്രവാളമാണ് അദ്ദേഹത്തിന്റെ പ്രസിദ്ധീകൃതമായിട്ടുള്ള ആദ്യകൃതി. കൊടുങ്ങല്ലൂർ കുഞ്ഞികുട്ടൻ തമ്പുരാൻ അവർകൾ ഈ കൃതിയെ ഇപ്രകാരം വാഴ്ത്തുന്നു.

'കൊട്ടാരത്തിലെഴും കവീന്ദ്രമണിയാം ശങ്കുണ്ണിയേറ്റം ക്രിയ
പ്പെട്ടോരെൻ മൊഴി കേട്ടു തീർത്ത കൃതിയാമിപ്പുസ്തകം സാദരം
ഒട്ടേറെ സരസപ്രമോദകരമായ്ത്തീരാതിരിക്കില്ലതിൻ
മട്ടോരുമ്പോൾ മുഖത്തരം സരസ്സരേ വാങ്ങിച്ചു വായിക്കുവിൻ'

തുടർന്ന് പതിനഞ്ചോളം മണിപ്രവാളകൃതികൾ അദ്ദേഹത്തിന്റേതായി കാണുന്നു. നാടകങ്ങൾ, പുരാണകഥകൾ, കല്പിത കഥകൾ, ആട്ടക്കഥകൾ, തുള്ളൽക്കഥകൾ, കിളിപ്പാട്ട്, വഞ്ചിപ്പാട്ട്, തിരുവാതിരപ്പാട്ട്, ഗദ്യപ്രബന്ധങ്ങൾ തുടങ്ങി മലയാളസാഹിത്യത്തിലെ എല്ലാ ശാഖകളിലും അദ്ദേഹം തന്റെ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. പദ്യഗദ്യവിഷയങ്ങൾ ഒരേ രീതിയിൽ കൈകാര്യം ചെയ്യുന്നതിൽ അതീവനിപുണനായിരുന്ന അദ്ദേഹം ശ്രേഷ്ഠനായൊരു അദ്ധ്യാപകൻ കൂടിയായിരുന്നു. കൊടുങ്ങല്ലൂർ കുഞ്ഞികുട്ടൻ തമ്പുരാൻ, ശ്രീമൂലം തിരുനാൾ, തിരുവിതാംകൂർ രാജാവ് തുടങ്ങി ഭാഷാനിപുണരായ അനേകം മഹത് വ്യക്തികൾ അദ്ദേഹത്തെ അംഗീകരിച്ച് പല പാരിതോഷികങ്ങളും 'കവിതിലകൻ' എന്ന വിശിഷ്ട പദവിയും നൽകി ആദരിച്ചിരുന്നതായി കാണുന്നു. ശബ്ദഅർത്ഥ അലങ്കാരങ്ങളാൽ സംപുഷ്ടമായിരുന്ന അദ്ദേഹത്തിന്റെ കൃതികളിൽ വക്രോക്തികളും ഫലിത പ്രയോഗങ്ങളും ഉടനീളം

കാണാം.

ശ്രീ ശങ്കുണ്ണി അവർകളുടെ ഐതിഹ്യകഥാ സാഗരത്തിൽ നിന്ന് ഒരു കഥയെ സൂചിപ്പിക്കുവാൻ ഈ സന്ദർഭം ഉപയോഗിക്കുന്നു.

മലയാള മണ്ണിൽ ജീവിച്ചിരുന്ന ഫലിതപ്രിയ നായിരുന്ന തോലകവിയെ കുറിച്ച് പറയുവാനാണ് ഉദ്ദേശിക്കുന്നത്. തോല കവിയുടെ കുടുംബത്തെക്കുറിച്ചോ വംശത്തെകുറിച്ചോ മാതാപിതാക്കളെകുറിച്ചോ ഒന്നും വ്യക്തമായ അറിവുകൾ ലഭിച്ചിട്ടില്ല. എന്നാൽ അഭിഷേകം,ആശ്ചര്യമഞ്ജരി, തപതീസംവരണം തുടങ്ങിയ കൃതികളുടെ കർത്താവായ കേരളചക്രവർത്തി കുലശേഖര വർമ്മാവിന്റെ കാലത്ത് തിരുവഞ്ചിക്കുളത്ത് ഈ രാജാവിന്റെ ആശ്രിതനായി ഇദ്ദേഹം ജീവിച്ചിരുന്നു എന്നാണ് അഭ്യൂഹം. ബ്രാഹ്മണകുല ജാതനായ ഇദ്ദേഹം ബ്രഹ്മചര്യകാലത്തേ അതീവ ബുദ്ധിശാലിയും, ഫലിതപ്രിയനും, പരിഹാസശീലനും ആയിരുന്നു.

'പനസി ദശായാം പാശി' എന്ന അദ്ദേഹത്തിന്റെ പ്രയോഗം മലയാളത്തിൽ ഇന്നും പ്രസിദ്ധമാണ്. ബ്രഹ്മചാരികൾ ഭക്ഷണ സമയത്ത് സംസാരിക്കുവാൻ പാടില്ല എന്ന നിഷ്കർഷ അന്ന് മലയാളബ്രാഹ്മണർക്കിടയിൽ നിലനിന്നിരുന്നു. അഥവാ സംസാരിച്ചാലും, അത് സംസ്കൃതത്തിലേ പാടുള്ളൂ എന്ന നിബന്ധനയുമുണ്ട്. തോലബാലനാകട്ടെ സംസ്കൃതം അറിയുകയുമില്ല. ഇതു മനസ്സിലാക്കി ദാസി ചക്കിപ്പെണ്ണ് കുട്ടി ഭക്ഷണം കഴിക്കുന്ന സമയത്ത് അമ്മയുടെ കണ്ണുതപ്പിച്ച് പത്തായത്തിൽ കയറി മോഷ്ടിക്കുക പതിവാക്കി. എന്നാൽ ഇതു കണ്ട ബാലൻ അവസാനം സഹികെട്ട് അമ്മയോട് 'പനസി ദശായാം പാശി' എന്നു പറഞ്ഞു. വിദുഷിയായ അമ്മ കാര്യം ഗ്രഹിക്കുകയും ചെയ്തു എന്നു ചുരുക്കം. പനസംസംസ്കൃതത്തിൽ ചക്ക അപ്പോൾ പനസി ചക്കി. ദശം പത്ത് ദശായാം പത്തായത്തിൽ. പാശം കയറ് പാശി കയറി. ചക്കി പത്തായത്തിൽ കയറി എന്നു ചുരുക്കം. ഈ നർമ്മോക്തി ഇന്നും നിലനില്ക്കുന്നു.

എന്നഎന്നഎന്നാൽ കുരുട്ടു കള്ളിയായ ഈ ചക്കിപ്പെണ്ണ് ഈ ബ്രഹ്മചാരിയെ ഒതുക്കിയാലേ തന്റെ വ്യാപാരം പുഷ്ടിപ്പെടൂ എന്ന ചിന്തയിൽ അതിനായുള്ള വഴികൾ ആലോചിക്കുവാൻ തുടങ്ങി. കൗമാരക്കാരനായ ബാലനെ നർമ്മ സംഭാഷണങ്ങളും ശൃംഗാര ചേഷ്ടകളും ഒക്കെയായി എങ്ങനെയും വശത്താക്കുവാനായി അവളുടെ ശ്രമം. കാലം കടന്നുപോയി. യൗവ്വനാരംഭത്തിനു മുൻപേതന്നെ അവളുടെ ചേഷ്ടകളിൽ മതി മയങ്ങിയ ബാലൻ ബ്രഹ്മചര്യവ്രതത്തിന് ഭംഗം വരുത്തി. ഇത് നാടും നാട്ടാരും അറിഞ്ഞു. പ്രായശ്ചിത്ത കർമ്മങ്ങൾ ചെയ്ത് ശുദ്ധീകരണം നടത്തുവാൻ അദ്ദേഹത്തിന് ഉറ്റവരായി ആരും തന്നെ ഉണ്ടായിരുന്നില്ല. തന്നെയുമല്ല തക്കത്തിനു കിട്ടിയാൽ ആരെയും പരിഹസിക്കുന്ന കുമാരനെ കിട്ടിയ അവസരം മുതലെടുത്ത് ജാതിഭ്രഷ്ടനാക്കുകയും ചെയ്തു. ബ്രാഹ്മണകുമാരന്മാരെ ഉപനയിക്കുമ്പോൾ പൂണുലിനോടുകൂടി തോലും (കൃഷ്ണാജിനം) ഇടുക പതിവുണ്ട്. ഇങ്ങനെ തോലിട്ട ഉണ്ണികളെ തമാശയായി തോലൻ എന്നു വിളിക്കുക പതിവുണ്ട്. ഈ തോല് സമാവർത്തന സമയത്താണ് എടുത്തു കളയുന്നത്. ഈ ഉണ്ണിക്കാകട്ടെ മുറപ്രകാരം ഈ കാര്യങ്ങളെല്ലാം ചെയ്യുവാൻ ആരും ഇല്ലായ്കയാൽ സമാവർത്തന ക്രിയകളൊന്നും നടത്താതെ അയാൾതന്നെ തോൽ പറിച്ചു കളഞ്ഞു. അങ്ങനെ എല്ലാവരും അയാളെ തോലൻ എന്നു വിളിച്ചു തുടങ്ങുകയും അദ്ദേഹത്തിന്റെ ശരിയായ നാമധേയം ഇല്ലാതാകുകയും ചെയ്തു. കാലാന്തരത്തിൽ തോലൻ എന്ന നാമധേയത്തിൽ അദ്ദേഹം പ്രസിദ്ധനായി. യൗവ്വനത്തിലെത്തിയ തോലന് ജാതിഭ്രഷ്ടനാകയാൽ സ്വസമുദായം പെണ്ണിനെ കൊടുത്തില്ല. എല്ലാവരെയും വെല്ലുവിളിച്ചുകൊണ്ട് ചക്കിപ്പെണ്ണിനെ തന്നെ തോലൻ ഭാര്യയായി സ്വീകരിച്ചു. എന്നാലും അദ്ദേഹം യഥാക്രമം വിദ്യാഭാസം നടത്തി വിദ്വാനും പണ്ഡിതനും മഹാകവിയുമായി തീർന്നു. തന്നിൽ അന്ത:ർലീനമായിരുന്ന ഫലിതോക്തി തുടങ്ങിയ കാര്യങ്ങൾ അതീവപുഷ്ടിയോടെ തന്നെ കൈകാര്യം ചെയ്യുവാൻ എന്നും അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. ചക്കിയെക്കുറിച്ചുള്ള വർണ്ണന തന്നെ രസകരമാണ്.

'അന്നൊത്ത പോക്കീ കുയിലൊത്തപാട്ടീ
തേനൊത്ത വാക്കീ തിലപുഷ്പ മൂക്കീ
ദരിദ്രയില്ലത്തെ യവാഗുപോലെ
നീണ്ടിട്ടിരിക്കും നയനദ്വയന്തീ'

പോക്കീ, പാട്ടീ മൂക്കീ എന്നെല്ലാം കേട്ട വിഢികുശ്മാണ്ഡമായ ചക്കിപ്പെണ്ണ് ശുണ്ഠിയെടുത്ത് തുള്ളുവാൻ തുടങ്ങി. അവളെ അനുനയിപ്പിക്കുവാനായി

'അർക്ക ശുഷ്ക ഫലകോമള സൂനി
ശർക്കരാസദൃശചാരുഭാഷിണീ
തിന്ത്രിണീദള സമാനലോചനേ
സിന്ധുരേന്ദ്ര രുചിരാമലദ്യുതേ' എന്നൊരു

പ്രതിശ്ലോകം ചമച്ചുവെന്നും അതിൽ ചക്കി മയങ്ങി എന്നും പറയപ്പെടുന്നു. ചക്കിയുടെ ആവശ്യപ്രകാരം ഇത്തരം അനേകശൃംഗാര ഹാസ്യരസപ്രധാനശ്ലോകങ്ങൾ രചിച്ചിട്ടുള്ള തോല കവിയുടെ ഒരു ശിവസ്തുതികൂടെ പ്രതിപാദിക്കുന്നു.

'പല്ലിത്തോലടയാം യസ്യ
യസ്യ പന്ത്രണ്ടര പ്രിയ
കോണച്ചേട്ടാഭിധാനസ്യ
അർദ്ധർദ്ധം പ്രണതോസ്മ്യഹം'

പല്ലിനു സംസ്കൃതം ദന്തം പല്ലി ദന്തി പല്ലി

ത്തോല് ആനത്തോല് പന്ത്രണ്ടര ആറ് ഗംഗ. കോൺ മുക്ക് ചേട്ടൻ അണ്ണൻ കോണച്ചേട്ടൻ മുക്കണ്ണൻ.. അർദ്ധം പകുതി അതിന്റെ അർദ്ധം കാല് പദം ആനത്തോലുടുത്ത ഗംഗാപ്രീയനായ മുക്കണ്ണന്റെ പാദം പ്രണമിക്കുന്നു എന്ന് അർത്ഥം. ഇങ്ങനെ അനേകശ്ലോകങ്ങൾ ഇദ്ദേഹത്തിന്റേതായിട്ടുണ്ട്.

അന്ന് നിലവിലിരുന്ന സംസ്കൃതപദപ്രയോഗ നിയമങ്ങളെ യുക്തിസഹമായി ചോദ്യം ചെയ്യുവാൻ പരിഹാസരൂപേണ ശ്ലോകം ചമയ്ക്കുക അദ്ദേഹത്തിന്റെ രീതിയായിരുന്നു. പ്രാസം യമകം തുടങ്ങിയ കവിതാ നിർമ്മാണ രീതികൾ സംസ്കൃത കൃതികളെ അനുകരിച്ച് മണിപ്രവാള കൃതികളിലും സുലഭമായിരുന്നു. എന്നാൽ ഇത്തരം പ്രയോഗങ്ങൾ കൃതിയുടെ ഭംഗി വർദ്ധിപ്പിക്കത്തക്ക വിധത്തിലാണ് ഉപയോഗിക്കേണ്ടത് എന്ന് അദ്ദേഹം നിഷ്കർഷിച്ചിരുന്നതായി കാണാം. അന്യകൃതികളെ കുറ്റം കാട്ടി ആരോഗ്യപരമായി വിമർശിക്കുന്നതിന് അദ്ദേഹം തന്റെ കാവ്യസരണിയെ ഉപയോഗപ്പെടുത്തി. ഇക്കാലമാകുമ്പോഴേക്കും അദ്ദേഹം തോലകവി എന്ന പേരിൽ വിശ്രുതനായി കഴിഞ്ഞിരുന്നു.

കുലശേഖര വർമ്മാവെന്ന ചേരമാൻ പെരുമാൾ സംസ്കൃത നാടകങ്ങൾ രചിച്ച് ചാക്യാന്മാരെ കൊണ്ട് അഭിനയിപ്പിക്കുന്ന രീതി ഈ സമയത്ത് നിലവിലിരുന്നതായി കാണാം. ആ കൃതികളുടെ അപാകത തീർത്ത് മണിപ്രവാള രീതിയിൽ രംഗാവിഷ്കരണം നടത്തുന്നതിന് തോലകവി വളരെ ഉത്സാഹിച്ചിരുന്നു. ചേരമാൻ പെരുമാളുടെ സദസ്സിലെ അഗ്രേസരനായിരുന്നു തോലകവി. പെരുമാളുടെ കാവ്യരചനയിലും നാടകരചനയിലും അവതരണത്തിലും എല്ലാം തന്നെ ഉറ്റ സഹായിയായി തോലകവി വർത്തിച്ചിരുന്നതായി പറയപ്പെടുന്നു. സ്വയം നിർമ്മിച്ച കൃതികളും ഇക്കാലത്ത് രംഗാവിഷ്ക്കരണം നടത്തിയിരുന്നതായി കാണാം.

കുലശേഖരവർമ്മാവെന്ന ചേരമാൻ പെരുമാൾ ശാകുന്തളം, അഭിഷേകം, ,സുഭദ്രാഹരണം തുടങ്ങിയ സംസ്കൃത നാടകങ്ങൾ ചാക്യാന്മാരെകൊണ്ട് രംഗത്ത് അവതരിപ്പിച്ചിരുന്നതായി ചരിത്രരേഖകൾ സൂചിപ്പിക്കുന്നു. സംസ്കൃത നാടകങ്ങൾ അവതരിപ്പിക്കുമ്പോൾ പ്രഥമരംഗത്ത് ഒരു വിദൂഷക വേഷധാരി അവതരിക്കുകയും കഥാസൂചനകൾ ഫലിതരൂപേണ പറയുകയുമൊക്കെ ചെയ്യുന്നത് നാടകാവതരണ ലക്ഷണങ്ങളായിരുന്നു. ഈ രീതികൾക്കെല്ലാം കാലോചിതമായ മാറ്റങ്ങൾ വരുത്തി മണിപ്രവാളത്തിൽ അവതരണശ്ലോകങ്ങൾ നിർമ്മിച്ച് ആവിഷ്കരിക്കുകയും ചെയ്യുന്നതിൽ തോലകവി വിജയിച്ചിരുന്നതായി കാണുന്നു. ഈ ആവശ്യങ്ങൾക്കായി അദ്ദേഹം നിർമ്മിച്ചിട്ടുള്ള സംസ്കൃത മണിപ്രവാളശ്ലോകങ്ങൾ സരസങ്ങളും രസികത്വം നിറഞ്ഞവയുമാണ്.

ചാക്യാന്മാർ നാടകം അവതരിപ്പിക്കുന്നതിന് ചേരമാൻ പെരുമാൾ നൽകിയിട്ടുള്ള പേര് കൂടിയാട്ടം എന്നാണ്. ഈ കൂടിയാട്ടം ക്ഷേത്രമതിൽക്കകത്ത് നിലനിന്നു വരുന്ന ഒരു കലാരൂപമാണ്. കൂത്തും ഇതിന്റെ അവാന്തര വിഭാഗമാണ്. നവരസങ്ങൾ അവതരിപ്പിച്ചു ഫലിപ്പിക്കുവാൻ പ്രാപ്തനായ നാട്യശിരോമണി ഭംഗിയോടെ നായകവേഷം കെട്ടി രംഗത്തു വരുന്നു. വാക്ധാടിയും മനോധർമ്മവും വാക്മാധുര്യവും ഒത്തു ചേർന്ന വിദൂഷക വിദ്വാനും കൂടി രംഗത്തെത്തിയാൽ കൂടിയാട്ടം അതിഗംഭീരം എന്ന് പ്രശസ്തി. പക്ഷെ കൂടിയാട്ടവും കൂത്തും ക്ഷേത്രമതിൽക്കകത്തു മാത്രമേ അവതരിപ്പിക്കാവൂ എന്ന് ചേരമാൻ പെരുമാൾ നിഷ്കർഷിച്ചിരുന്നു. ഈ രീതി ഇന്നും തുടർന്നു വരുന്നു. അതുപോലെ രംഗത്തു വക്കുന്ന വിളക്കിൽ വെളിച്ചെണ്ണയേ ഉപയോഗിക്കാവൂ. വേഷം കെട്ടുന്നതിന് വെളുത്തേടന്റെ മാറു വേണം, മാലയ്ക്ക് ചെത്തിപ്പൂ വേണം എന്നെല്ലാം നിശ്ചയിക്കപ്പെട്ടിരിക്കുന്നു. 'കലിയുഗം മൂക്കുമ്പോൾ ഇല്ലത്തു കൂത്തും കൊമ്പത്തെണ്ണയും (മരോട്ടി എണ്ണ) മണ്ണാത്തി മാറ്റും അശകൻ പൂവും മതിയെന്ന് ജനങ്ങൾ പറഞ്ഞു തുടങ്ങും. അപ്പോൾ അണയലങ്ങൾ (വേഷക്കോപ്പുകൾ) തിരുവഞ്ചിക്കുളത്ത് ക്ഷേത്രത്തിൽ കൊണ്ടു ചെന്ന് മണ്ഡപത്തിൽ കെട്ടിതൂക്കി നിങ്ങൾ തീർത്ഥാടനത്തിന് പൊയ്ക്കൊൾക' എന്ന് പെരുമാൾ ചാക്യാരോടു പറഞ്ഞതായി കേൾവിയുണ്ട്. ഇത്രയും കാര്യങ്ങൾ ഗ്രഹിച്ചതിൽ നിന്ന് ചേരമാൻ പെരുമാളിന്റെ ആസ്ഥാനം തിരുവഞ്ചിക്കുളം ആയിരുന്നെന്നും അദ്ദേഹത്തിന്റെ ആശ്രിതനും ആസ്ഥാനകവിയുമായിരുന്ന തോലകവിയുടെ വാസവും ഇവിടെയായിരുന്നുവെന്ന് ഊഹിക്കാവുന്നതേയുള്ളൂ.

ബ്രാഹ്മണ സമുദായക്കാർക്ക് സംഘക്കളിയും അമ്പലവാസികളായുള്ളവർക്ക് കൂട്ടപ്പാഠകവും നായന്മാർ തുടങ്ങിയവർക്കിടയിൽ ഏഴാമത്തു കളിയും നിലവിലിരുന്നതായി ചരിത്രരേഖകളിൽ കാണുന്നു. ഈ കലാരൂപങ്ങളുടെ അവതരണത്തിനായി തോലകവി അനേക ശ്ലോകങ്ങൾ ഫലിതരൂപത്തിലും അല്ലാതെയും രചിച്ചിട്ടുള്ളതായി കാണുന്നു.

മലയാള പദങ്ങൾക്ക് സംസ്കൃതപ്രത്യയങ്ങൾ ചേർത്തു പ്രയോഗിക്കുന്ന രീതി ഇദ്ദേഹത്തിന്റെ കാലത്താണോ ആരംഭിച്ചത് എന്നു സംശയിക്കുന്നവരുണ്ട്. ഇത്തരം പ്രയോഗത്തോടുകൂടിയ മനോഹരമായ ഒരു സന്ധ്യാവർണ്ണന ശ്രദ്ധിക്കാം.

''താഴ്പൂട്ടിയന്തീ തകരാ കറികൊയ്തശേഷാ :
കാകാ : കരഞ്ഞു മരമേറിയുറങ്ങയന്തീ
മണ്ഡന്തിപാന്ഥനിവഹാ : പടിബന്ധപേട്യാ
മിന്നാമിനിങ്ങു നിവഹശ്ച മിനുങ്ങിയന്തി''

ഇങ്ങനെയൊക്കെയാണെങ്കിലും തോലകവി

അപാരബുദ്ധിശാലിയായിരുന്നു. നർമ്മത്തിൽ പൊതിഞ്ഞ് തക്കസമയത്ത് അവ പ്രയോഗിക്കുന്നതിൽ അദ്ദേഹം അതീവ നിപുണനായിരുന്നു. ഒരിക്കൽ പെരുമാളുടെ മോതിരം കുളക്കടവിൽ വച്ചു മറന്നു പോകുന്നു. അതിലേ വന്ന തോലകവി ഇതു കാണുകയും അതെടുത്ത് രാജാവിന്റെ വാളുറയിൽ ഭദ്രമായി സൂക്ഷിച്ചു വയ്ക്കുകയും ചെയ്യുന്നു. മോതിരം കാണുന്നില്ല എന്ന വാർത്ത പരന്നു. എല്ലാവരും കൊട്ടാരം മുഴുവൻ അന്വേഷണം നടത്തി. പക്ഷെ ഫലം കണ്ടില്ല. വളരെ കുറഞ്ഞ സമയംകൊണ്ട് പെരുമാളിന്റെ മുഖ്യ സേവകനും ഉപദേഷ്ടാവുമായി തീർന്ന തോലനോട് കൊട്ടാരപരി ചാരകവൃന്ദങ്ങൾക്ക് അടങ്ങാത്ത അസൂയയുണ്ടായിരുന്നു. കിട്ടിയ സന്ദർഭം ശരിയായ രീതിയിൽ ഉപയോഗിക്കുവാൻ കോപ്പു കൂട്ടിയ അവർ തോലനറിയാതെ മോതിരം പോയിട്ടില്ല എന്ന് രാജസമക്ഷം ഉണർത്തിക്കുന്നു. തോലനിൽ സംശയം തോന്നിയ പെരുമാൾ കൈമുക്കു ശിക്ഷയ്ക്ക് ഉത്തരവിടുന്നു. രാജസമക്ഷം നെയ്യ് തിളപ്പിച്ച് അതിൽ കൈ മുക്കുകയാണ് ഈ ശിക്ഷാരീതി. കുറ്റവാളിയെങ്കിൽ കൈ മുക്കിയാൽ പൊള്ളും. ഇല്ലെങ്കിൽ പൊള്ളുകയില്ല. ഇതാണ് വിശ്വാസം. രാജസമക്ഷം എല്ലാവരും സന്നിഹിതരായി. ശിക്ഷയ്ക്ക് വിധേയനാകാൻ തോലൻ സമ്മതിച്ചു. അടുപ്പു പൂട്ടി നെയ്യ് തിളപ്പിച്ചു ഒരു പരിചാരകൻ കൈക്കിലതുണി കൂട്ടി തിളപ്പിച്ച നെയ്യ്പാത്രം അടുപ്പിൽ നിന്നും വാങ്ങി താഴെ വച്ചു. ഈ സമയം തോലൻ പെരുമാളെ താണു തൊഴുതിട്ടു പറഞ്ഞു. രാജൻ അടിയാൻ ഉണർത്തിക്കുന്നു. ഈ പരിചാരകനാ കള്ളൻ. കാരണം ഇയാൾ കള്ളനല്ലെങ്കിൽ നെയ്യ് പാത്രം അടുപ്പത്തു നിന്ന് വാങ്ങി വക്കുവാൻ തുണി കൂട്ടി പിടിക്കേണ്ട കാര്യമില്ല. കള്ളനല്ല എന്നു വരുകിൽ അയാളുടെ കൈ പൊള്ളുകയില്ല. ഈ വാദത്തിനു മറു വാദം ഇല്ലാതെ എല്ലാ കൗശലക്കാരും ഇളിഭ്യരായി. പെരുമാൾക്കും മറുത്തൊന്നും പറയുവാൻ ഇല്ലായിരുന്നു. ഇനി മോതിരം കണ്ടു പിടിച്ചു തരാം എന്നു പറഞ്ഞ് തോലൻ എല്ലായിടത്തും അന്വേഷണഭാവേന നടന്നു. ശേഷം വാളുറയിൽ നിന്ന് മോതിരം എടുത്തു കൊടുത്തു. കൂടെ ഒരുപദേശവും 'കുന്തം പോയാൽ കുടത്തിലും തപ്പണം'.

മറ്റൊരു സന്ദർഭത്തിൽ വലിയൊരു കുറ്റം ആരോപിച്ച് തോലകവിയെ പെരുമാൾ സമക്ഷം ഹാജരാക്കി. തോലകവി കുറ്റം നിഷേധിച്ചില്ല. തോലനു ശിക്ഷ വിധിച്ചു. മുതലക്കയത്തിൽ എറിയുക എന്നതായിരുന്നു ആ കുറ്റത്തിനുള്ള ശിക്ഷ. കയത്തിൽ പതിക്കുന്ന ആൾ കുറ്റവാളിയെങ്കിൽ മുതലകൾ അയാളെ ഭക്ഷിക്കും. കുറ്റവാളി അല്ലെങ്കിൽ അയാൾ രക്ഷപ്പെടും. ഇതായിരുന്നു ഈ കുറ്റത്തിനുള്ള ശിക്ഷ. തോലൻ വാദമുഖങ്ങളൊന്നും ഉന്നയിക്കാതെ ശിക്ഷ ശിരസ്സാ ഏറ്റു. ശിക്ഷ നടപ്പാക്കുന്ന സമയം വന്നു. പെരുമാളും വലിയൊരു ജനാവലിയും മുതലക്കയത്തിനു സമീപം എത്തി. കുറ്റവാളിയെ ഹാജരാക്കി. ആ സമയം തോലകവിയുടെ കൈയ്യിൽ ചെറിയൊരു തുണിപ്പൊതിയും ഉണ്ടായിരുന്നു. ശിക്ഷ നടപ്പാക്കുന്നതിനു മുൻപ് ഒരു കാര്യം ചെയ്യുവാൻ അനുവദിക്കണമെന്ന് തോലകവി പെരുമാളോട് അപേക്ഷിച്ചു. അനുവാദം ലഭിച്ച ഉടൻ തോലൻ തന്റെ കൈയ്യിലിരുന്ന തുണിപ്പൊതി തുറന്നു. എല്ലാ കണ്ണുകളും ആ പൊതിയെ ചൂഴ്ന്നു നിന്നു. ജനിച്ച് രണ്ടു ദിവസം പോലും ആകാത്ത കണ്ണു തുറക്കാത്ത രണ്ടു പട്ടികുട്ടികളായിരുന്നു ആ പൊതിയിൽ. ഇവറ്റയെ തോലൻ കയത്തിലേക്ക് ആഞ്ഞെറിഞ്ഞു. വിശപ്പിന്റെ ആധിക്യത്തിൽ ആക്രാന്തികളായിരുന്ന നക്രങ്ങൾ മത്സല ചേഷ്ടകളോടെ നിമിഷാർദ്ധത്തിനുള്ളിൽ ആ പട്ടികുട്ടികളെ ഭക്ഷിച്ചു. ഇതു കണ്ട തോലൻ ചെറു പുഞ്ചിരിയോടെ പെരുമാളെ താണു തൊഴുതു. 'പ്രഭോ ജനിച്ച് കണ്ണുപോലും തുറക്കാത്ത ആ സാധു ജീവികൾ എന്തുകുറ്റമാണ് ചെയ്തിട്ടുള്ളത്. അവറ്റകളെ നക്രങ്ങൾക്ക് ഭക്ഷണമായി എറിഞ്ഞു കൊടുത്തു എന്ന കുറ്റം ചുമത്തി അങ്ങ് എനിക്കു ശിക്ഷ നൽകിയാലും'. ഇദ്ദേഹത്തിന്റെ യുക്തിക്കു മുൻപിൽ ഉത്തരമില്ല. ചേരമാൻ പെരുമാൾ വിഷണ്ണനായി. വിവേക ബുദ്ധിയോടെ അശാസ്ത്രീയ ശിക്ഷാരീതിക്കെതിരെ ശബ്ദരഹിതമായി ശബ്ദിച്ചതിൽ അദ്ദേഹത്തെ പെരുമാൾ അഭിനന്ദിച്ചു. കുബുദ്ധികളായ സേവകർ തലതാഴ്ത്തി സ്ഥലം വിട്ടു. ഇങ്ങനെ അനേക കഥകൾ ഇദ്ദേഹത്തെ കുറിച്ചു പറയുവാനുണ്ട്. എങ്കിലും തല്ക്കാലം നിർത്തുന്നു.

ചൈത്രം

• മാനസിക സംഘർഷമനുഭവിക്കുന്നവർ
• ഏകാന്തതയനുഭവിക്കുന്നവർ
• ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
• നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ നേരിട്ടും ഫോണിലും ബന്ധപ്പെടാം;

0484 2361161

ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്

ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ

***ഭൂമിക്കൊരു സങ്കീർത്തനം 5***

# അന്തരീക്ഷം

**സി. രാമചന്ദ്രൻ**

ആവാസയോഗ്യമായ ഒരു അന്തരീക്ഷമുണ്ടെന്നതാണ് ഭൂമിയെ പ്രപഞ്ചത്തിലെ വ്യത്യസ്ഥതയാർന്ന ഒരു ഗോളമായി മാറ്റുന്നത്. ഭൂമിയുടെ മൊത്തം ഭാരത്തിന്റെ 10 ലക്ഷത്തിൽ ഒരു ഭാഗം (0.0001 %) മാത്രമേ അതുള്ളൂ. എങ്കിലും അത് ജീവന്റെ ആധാരമായി സ്ഥിതിചെയ്യുന്നു. ഭൂമിയെക്കുറിച്ച് പഠിക്കുമ്പോൾ നിഗൂഢതകളില്ലാതെ സുതാര്യമായി പഠിക്കാനാവുന്നതും അന്തരീക്ഷത്തെക്കുറിച്ചു തന്നെയാണ്.

അന്തരീക്ഷം ഭൂമിയോടൊപ്പം ഉണ്ടായതോ അതോ പിന്നീടു പരിണമിച്ചുണ്ടായതോ എന്ന ചോദ്യത്തിന് ഉത്തരം കിട്ടേണ്ടതായിട്ടുണ്ട്. എന്നാലും അഗ്നിപർവ്വതങ്ങളുടെ ഉത്സർജ്ജനവും തുടർന്നുള്ള സംഭവവികാസങ്ങളുമാണ് അന്തരീക്ഷ രൂപീകരണത്തിന് സഹായകമായതെന്നാണ് പൊതുനിഗമനം. സൂര്യപ്രകാശത്തിന്റെ സാന്നിദ്ധ്യത്തിൽ ഫോട്ടോളിസിസ് സംഭവിച്ച് ജലബാഷ്പം വിഘടിച്ച് ഹൈഡ്രജനും ഓക്സിജനുമായി പിരിയുകയും സാന്ദ്രത കുറഞ്ഞ ഹൈഡ്രജൻ മേലോട്ടുയർന്ന് അന്തരീക്ഷത്തെയും കടന്നു പോയിരിക്കാനുമാണിട. ഫോട്ടോളിസിസിനു വിധേയമാകാത്ത ജലബാഷ്പം ദ്രവീകരിച്ച് മഴയായ് പൊഴിഞ്ഞ് സമുദ്രങ്ങൾ രൂപപ്പെട്ടു. അന്തരീക്ഷത്തിൽ ഹൈഡ്രജൻ ഇല്ലാതായതോടെ ഫോട്ടോളിസിസ് മുഖാന്തരം കൂടുതൽ ഓക്സിജൻ ഉണ്ടായി. തുടർന്നാണ് ജൈവ തന്മാത്ര രൂപം കൊള്ളുന്നതും പരിണാമ പ്രക്രിയയിൽ പങ്കെടുക്കുന്നതും.

മനുഷ്യനെന്ന ജീവിവർഗ്ഗം ഉണ്ടായതൊടെയും അവൻ പരിഷ്കൃതനായി മാറിയതോടെയും അന്തരീക്ഷത്തിന്റെ ഘടനാഭേദഗതികൾക്ക് അത് വീണ്ടും കാരണമാകുകയാണ്. ഇന്ധനങ്ങൾ കത്തിക്കുക, വനങ്ങൾ വെട്ടിത്തെളിക്കുക തുടങ്ങിയ പ്രവൃത്തികളിലൂടെ അന്തരീക്ഷത്തിലെ കാർബൺഡൈ ഓക്സൈഡിന്റെ അളവ് വൻതോതിൽ വർദ്ധിക്കുന്നു. വ്യാവസായിക വാതകങ്ങളുടെ വർദ്ധനവും ഓസോൺ പാളികളെ ക്ഷയിപ്പിച്ച് അന്തരീക്ഷത്തെ ദുഷിപ്പിക്കുന്നു.

നൈട്രജൻ, ഓക്സിജൻ, ജലബാഷ്പം, കാർബൺഡൈഓക്സൈഡ് ഓസോൺ തുടങ്ങിയവയാണ് അന്തരീക്ഷത്തിൽ പങ്കെടുക്കുന്ന പ്രധാന വാതകങ്ങൾ. എട്ടു കിലോമീറ്ററിനപ്പുറം ജലബാഷ്പവും അതിനിപ്പുറം ഓസോണും അളവിൽ കുറവാണ് . താപനില ആദ്യം കുറഞ്ഞും  പിന്നെക്കൂടിയും വീണ്ടും കുറഞ്ഞും ക്രമാനുക്രമമല്ലാതെയാണ് കാണുന്നത്. എന്നാൽ അന്തരീക്ഷമർദ്ദം ഉയരം കൂടുന്നതനുസരിച്ച്  ക്രമമായി കുറയും.

പഠനസൗകര്യത്തിനായി അന്തരീക്ഷത്തെ അതിന്റെ സ്വഭാവമനുസരിച്ച് വിവിധ പാളികളായി തിരിച്ചിട്ടുണ്ട്. ഏറ്റവും ഉയരെ മാഗ്നറ്റോസ്ഫിയർ, 1000 മുതൽ 5000 വരെ കിലോമീറ്റർ ഉയരത്തിലാണിത്. കാന്തിക ക്ഷേത്രം ഈ മേഖലയെ സ്വാധീനിക്കുന്നുണ്ട്. കാലാവസ്ഥയെ രൂപപ്പെടുത്തുന്ന ഒരു ഘടകവുമാണിത്.

അടുത്ത അടരായ എക്സേസ്ഫിയർ 1000 കി. മീറ്ററിനും 300 കി.മീറ്ററിനും ഇടയിലാണ്.ഇവിടെ താപനില കുറഞ്ഞും കൂടിയും അടിക്കടി വ്യത്യാസപ്പെട്ടിരിക്കും. സ്പേസ് സ്റ്റേഷൻ, സ്പേസ് ടെലസ്ക്കോപ്പ് തുടങ്ങിയ ഉപഗ്രഹങ്ങൾ നില്ക്കുന്നത് ഈ മേഖലയിലാണ്.

എക്സോസ്ഫിയറിന്നു താഴെയുള്ള തെർമ്മോസ്ഫിയർ 300 കി. മീറ്ററിനും 100 കി.മീറ്ററിനും ഇടയിലാണ്. ഇവിടെ താപനിലയിൽ 300 ഡിഗ്രി വരെ വ്യതിയാനങ്ങളുണ്ടാകും.

100 കി.മീറ്ററിനും 50 കി. മീറ്ററിനും ഇടയിലുള്ള പാളിയാണ് മീസോഫിയർ. സൂര്യനിൽ നിന്നും വരുന്ന അൾട്ര വൈയിലറ്റ് രശ്മി  ഓക്സിജൻ തന്മാത്രയുമായി പ്രവർത്തിച്ച് ഇവിടെ ഓക്സിജൻ ആറ്റം ഉണ്ടാകുന്നു.

ഉയരത്തിലുള്ള വ്യത്യാസമനുസരിച്ച് ഓക്സിജൻ തന്മാത്രയുടേയും ആറ്റത്തിന്റേയും അനുപാതത്തിൽ വ്യത്യാസമുണ്ടാകും.

50.കി.മീറ്ററിനും 15 മീറ്ററിനുമിടയിലുള്ള ഭാഗത്തെ സ്ട്രാറ്റോസ് ഫിയർ എന്നാണ് പറയുക. ഇവിടെ ഉയരക്കൂടുതലിനനുസരിച്ച് താപം 50 ഡിഗ്രി മുതൽ 0 ഡിഗ്രി സെന്റീഗ്രയിഡ് വരെയാണ്. ഇതിനെ ഇൻവെർഷൻ ലെയർ എന്നും അറിയപ്പെടും.

15 കി. മീറ്റർ ഉയരം മുതൽ ഭൂമിയുടെ ഉപരിതലം വരെ (സമുദ്രനിരപ്പ്) യുള്ള ഭാഗത്തെ ട്രോപ്പോസ്ഫിയർ എന്നു പറയും. ഇവിടെ ഭൂമിയിൽ നിന്നും അകലുന്തോറും താപം കുറഞ്ഞു വരും. ഭൂമിയുടെ ഉള്ളിൽ നിന്നും പ്രസരിക്കുന്ന താപകിരണങ്ങളും ഉപരിതലത്തിൽ നിന്നുയരുന്ന രശ്മികളും ഈ അടരിനെ ചൂടാക്കി നിറുത്തുന്നു. മേഘങ്ങൾ ഉള്ളത് ഈ മേഖലയിലാണ്. കാലാവസ്ഥ വ്യതിയാനങ്ങൾക്കു വിധേയമാകുന്നതും  ഇവിടെയാണ്.

ഇതു കൂടാതെ പല അടരുകളിൽ കവിഞ്ഞു കിടക്കുന്ന അയണോഫിയർ, വാൻ അലൻ ബെൽറ്റ് എന്നീ രണ്ടു മേഖലകളുമുണ്ട്.

**(ശേഷം 77-ാം പേജിൽ)**

# 13-ാം ചരമവാർഷികം

## 29.06.2018



# ജസ്റ്റിസ് ജാനകിയമ്മ

**കേരള ഹൈക്കോടതി ജഡ്ജിയായി 8 വർഷവും എറണാകുളം കരയോഗം പ്രസിഡണ്ടായി (ആദ്യ വനിതാ പ്രസിഡണ്ട്) 6 വർഷവും സേവനം അനുഷ്ഠിച്ച ജസ്റ്റിസ് പി. ജാനകി അമ്മ കാലയവനികക്കുള്ളിൽ മറഞ്ഞിട്ട് 13 വർഷം തികയുകയാണ് ജൂൺ 29 ന്. ജീവിതകാലം മുഴുവനും ജനോപകാരപ്രദമായ പ്രവർത്തനങ്ങളിൽ മുഴുകി കഴിഞ്ഞിരുന്ന ജസ്റ്റിസ് ജാനകി അമ്മ പീപ്പിൾസ് കൗൺസിൽ ഫോർ സോഷ്യൽ ജസ്റ്റിസിന്റെ സജീവ പ്രവർത്തകയുമായിരുന്നു. ആരാധകരുടേയും, സ്നേഹിതരുടേയും, കുടുംബാംഗങ്ങളുടേയും സ്നേഹനിർഭരമായ സ്മരാണഞ്ജലികൾ.**

# കുട്ടികളുടെ സിനിമ കുട്ടികൾ വിലയിരുത്തുമ്പോൾ

**രവി കുറ്റിക്കാട്**

ഇന്ത്യൻ ഭാഷകളിലും വിദേശത്തും എല്ലാ വർഷവും കുട്ടികൾക്കായുള്ള നല്ല സിനിമകൾ റിലീസ് ചെയ്യുമ്പോൾ കേരളത്തിൽ എണ്ണത്തിലും ഗുണത്തിലും നിലവാരമുള്ള ചിത്രങ്ങൾ വിരളം. എന്നാൽ ബാലസാഹിത്യ കൃതികൾക്ക് കുറവില്ല. കച്ചവട സിനിമയിൽ സംവിധായകരും നിർമ്മാതാക്കളും ഊന്നൽ നല്കിയതുകൊണ്ടാവാം ചിത്രങ്ങൾ കുറയാൻ കാരണമെന്നു വേണം കരുതാൻ. ഈ രംഗത്തേക്ക് വരുന്നവർക്ക് സാമ്പത്തിക സഹായം നല്കാനും പ്രോത്സാഹിപ്പിക്കാനും സർക്കാരിന് താല്പര്യമുള്ളതായി കാണുന്നുമില്ല. ഇങ്ങനെയൊരവസ്ഥയിലാണ് എറണാകുളം കരയോഗം ഫിലിം ക്ലബ്ബിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് നടത്തിയ നാലു നാൾ നീണ്ട ചിൽഡ്രൻസ് ഫിലിം ഫെസറ്റിവൽ ശ്രദ്ധേയമാവുന്നത്.



ഇംഗ്ലീഷ്, ഇറാൻ, ഹങ്കേറിയൻ, മറാത്തി, മലയാളം, ഹിന്ദി, തമിഴ് ഭാഷകളിലെ അന്തർദേശിയ പുരസ്കാരങ്ങൾ വാങ്ങിയ പതിനെട്ടിലധികം സിനിമകളാണ് പ്രദർശിപ്പിച്ചത്. ഭൂരിപക്ഷം ചിത്രങ്ങൾക്കും മലയാളം സബ് ടൈറ്റിലുകൾ നൽകിയിരുന്നെങ്കിലും തങ്ങൾക്കതില്ലാതെ തന്നെ ദൃശ്യഭാഷ മനസ്സിലാക്കാൻ കഴിയുമെന്ന് കുട്ടികൾ തെളിയിച്ചു. അമ്പതിലധികം കുട്ടികൾ രക്ഷിതാക്കളോടൊപ്പം രാവിലെ ഒമ്പതിന് ഹാജർ. വൈകിട്ട് അഞ്ചിന് മടക്കയാത്ര. ഉച്ചഭക്ഷണവും ചായയും കരയോഗം വക. നാലു ദിവസവത്തെ ഉത്സവാന്തരീക്ഷം.

ചലച്ചിത്രോത്സവം മേജർ രവി ഉദ്ഘാടനം ചെയ്തു. പ്രശസ്ത കഥാകാരൻ കെ.എൽ. മോഹനവർമ്മ ആശംസാപ്രസംഗം നടത്തി. കുട്ടികളുടെ സിനിമ പിടിച്ചാണ് താൻ ചലച്ചിത്ര സംവിധാനരംഗത്തേയ്ക്ക് വന്നതെന്ന് മേജർ രവി പറഞ്ഞു. ആ അനുഭവം അദ്ദേഹം രസകരമായി വിവരിച്ചു. സമാപന ദിവസത്തെ അവലോകന ചർച്ചയിൽ കുട്ടികൾ ഉഷാറായി. അതോടെ അവരുടെ ആസ്വാദനനിലവാരത്തെക്കുറിച്ച് തങ്ങൾക്കുണ്ടായിരുന്ന മുൻവിധി മുതിർന്നവർക്ക് തിരുത്തേണ്ടി വന്നു. കുട്ടികൾ നല്ല ഉൾക്കാഴ്ചയോടെയാണ് സംസാരിച്ചത്. ദേശീയ അന്തർദേശിയ തലത്തിൽ പുരസ്കാരങ്ങൾ വാരിക്കൂട്ടിയ ചിൽഡ്രൻ ഓഫ് ഹെവൻ,ദ ബ്രഡ് വിന്നർ, സ്റ്റാൻലിക ഡബ്ബ, കില്ല, വാൾ ഇ , അവതാർ, എലിസബത്ത് ഏകാദശി, ഗ്രേവ് ഓഫ് ദ ഫയർ ഫ്ളൈസ്, വൈറ്റ് ഗോഡ്, കേശു, ദ കിഡ്, കാക്ക മുട്ടൈ, ബിബിസി സയൻസ് ഡോക്കുമെൻട്രി എന്നിവയാണ് പ്രദർശിപ്പിച്ചത്. എല്ലാവർക്കും കൂടുതൽ ഇഷ്ടപ്പെട്ടത് അന്തർദേശിയ തലത്തിൽ പ്രസിദ്ധമായ ഇറാൻ ചിത്രം ചിൽഡ്രൻ ഓഫ് ഹെവനാണ്. പല വിധത്തിൽ കുട്ടികൾ വീടുകളിലും പൊതുസമൂഹങ്ങളിലും കൂട്ടുകാർക്കിടയിലും അനുഭവിക്കുന്ന ഒറ്റപ്പെടലുകളും യാതനകളും സ്നേഹബന്ധങ്ങളും സങ്കടങ്ങളും സന്തോഷങ്ങളും കുടുംബ ബന്ധങ്ങളുമാണ് പല ചിത്രങ്ങളുടേയും കഥാതന്തു.

കരയോഗം ഫിലിംക്ലബ്ബ് ഒരുക്കിയ ദൃശ്യവിരുന്ന് ഹൃദ്യമായി ആസ്വദിച്ച കുട്ടികൾ സമാപന ചടങ്ങിലും പ്രദർശനഹാളും കൂട്ടുകാരെയും വേർപിരിയാൻ മടിച്ചു നിൽക്കുന്നതു കണ്ടപ്പോൾ, കരയോഗം ജനറൽ സെക്രട്ടറി പി. രാമചന്ദ്രൻ (വേണു) അവരോടു പറഞ്ഞു 'മുഴുവൻ സമയവും നിങ്ങളോടൊപ്പമിരുന്ന് സിനിമകൾ കാണാൻ എനിക്ക് സമയം കിട്ടിയില്ലെങ്കിലും നിങ്ങളുടെ ചർച്ചയിൽ നിന്ന് ചില കാര്യങ്ങൾ മനസ്സിലാക്കാൻ കഴിഞ്ഞു.

സിനിമയിലെ കഥകളിലൂടെയും കഥാപാത്ര ങ്ങളി ലൂടെയും നിങ്ങൾക്ക് പുറം ലോകം കാണാൻ കഴി ഞ്ഞു. ജാതി മത രാഷ്ട്രീയം നമ്മളുടെ നാട്ടിൽ ഉണ്ടെങ്കിലും ലോകത്ത് സമാധാനവും സ്വാതന്ത്ര്യ വും ഉള്ള രാജ്യം നമ്മടേതുമാത്രമാണെന്ന് നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾ കണ്ട സിനിമകളുടെ സന്ദേശങ്ങളിൽ ഒന്നിതാണെന്ന് ഞാൻ കരുതുന്നു. നാളെയുടെ പൗരൻമാരായി മാറുന്ന നിങ്ങൾ നാട്ടിലെ അഴിമതിക്കും അനീതിക്കുമെതിരെ പ്രതികരിക്കാനും പോരാടാനും കഴിവുള്ളവരായി മാറണം.ഈ സ്ഥാ പനത്തിലിരുന്ന് നാലു നാൾ നല്ല ചിത്രങ്ങൾ കണ്ട ഓർമ്മ നിങ്ങളുടെ ഉന്നതിയിൽ പങ്ക് വഹിക്കാൻ കഴിയുമെങ്കിൽ ഞങ്ങൾ തൃപ്തരായി. അതാണ് ഇങ്ങ നെയുള്ള ചലച്ചിത്രോത്സവങ്ങൾ സംഘടിപ്പിക്കാൻ ഞങ്ങൾക്ക് പ്രേരകമാകുന്നത്. നിങ്ങൾക്ക് എല്ലാ വിധ ഉന്നതികളും നന്മകളും ആശംസിക്കുന്നു. അടുത്ത വേനൽ അവധിക്കും ഞങ്ങൾ നല്ല നല്ല ചിത്രങ്ങൾ നിങ്ങൾക്ക് കാണിച്ചു തരും. ഇവിടെ നടന്ന ഈ ഉത്സവം വലിയൊരനുഭവമായി നിങ്ങൾ മനസ്സിൽ സൂക്ഷിക്കുമെന്ന് ഞാൻ മനസ്സിലാക്കുന്നു..........

സ്കൂൾ തുറക്കുമ്പോൾ കണ്ട സിനിമകളെക്കു റിച്ച് കൂട്ടുകാരോടു പറയുവാനുള്ള ആകാംക്ഷയാണ് എല്ലാവർക്കും. അടുത്ത വേനലവധിക്ക് കരയോ ഗത്തിലെ ചലച്ചിത്രോത്സവത്തിന് കൂട്ടുകാരുമായി പങ്കെടുക്കുമെന്ന് സംഘാടകരോട് പറഞ്ഞാണ് കുട്ടി കൾ പിരിഞ്ഞത്. കരയോഗം പ്രസിഡന്റ് കെ.പി.കെ. മേനോൻ, ജനറൽ സെക്രട്ടറി പി. രാമചന്ദ്രൻ (വേണു) രവി കുറ്റിക്കാട്, കെ. ഭവാനി, സജീവ് കുമാർ, പ്രൊ. സുമംഗലാദേവി, സുധാ കൃഷ്ണകുമാർ എന്നിവ രായിരുന്നു ചലച്ചിത്രോത്സവത്തിന്റെ സംഘാടകർ.

## അഭിനന്ദനങ്ങൾ



**സി. ബി. എസ്. ഇ മാർച്ചിൽ നടത്തിയ 10-ാം ക്ലാസ് പരീ ക്ഷയിൽ അഖിലേന്ത്യാ തലത്തിൽ ഒന്നാം സ്ഥാനം കരസ്ഥ മാക്കിയത് തൃക്കാക്കര ഭവൻസ് വരുണ വിദ്യാലയത്തിലെ വി ദ്യാർത്ഥിനി കുമാരി ജി. ശ്രീലക്ഷ്മിയാണ്. ശ്രീലക്ഷ്മി നമ്മുടെ കരയോഗം അസോസിയേറ്റ് മെമ്പറും ഹൈക്കോടതി സീനിയർ ഗവൺമെന്റ് പ്ലീഡറുമായ അഡ്വ. എസ്. ഗോപിനാഥന്റെയും എറണാകുളം മാഹാരാജാസ് കോളേജിലെ സുവോളജി വിഭാഗം അസ്സോസിയേറ്റ് പ്രൊഫസർ ഡോ. രമ എൻ പി യുടേയും മക ളാണ്. കുമാരി ജി. ശ്രീലക്ഷ്മിക്ക് എറണാകുളം കരയോഗ ത്തിന്റെ ആത്മാർത്ഥമായ അഭിനന്ദനങ്ങൾ.**

## അഭിനന്ദനങ്ങൾ



**ഈ വർഷത്തെ സി ബി എസ് ഇ 10-ാം ക്ലാസ്സ് പ രീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ ഓടെ 97% മാർക്ക് കരസ്ഥമാക്കി മികച്ച വിജയം കൈവരച്ച തൃപ്പൂണിത്തുറ, എരൂരിലെ ഭവൻസ് വിദ്യാ മന്ദിർ വിദ്യാർത്ഥിനിയായ കു മാരി എ. ഗായത്രിക്ക് എറണാകുളം കരയോഗത്തിന്റെ അഭിനന്ദനങ്ങൾ. നമ്മുടെ കരയോഗാംഗമായ ശ്രീ. പി. ആർ. രാജേഷിന്റെയും ശ്രീമതി സ്മിതാ രാജേഷിന്റെയും മകളായ ഈ മിടുക്കിക്ക് വിദ്യാഭ്യാസത്തിലും ജീവിതത്തിലും എല്ലാ മേന്മകളും നൽകി ജഗദീശ്വരൻ അനുഗ്രഹിക്കട്ടേയെന്ന് ആശംസിക്കുന്നു.**

# അഞ്ജന

പി.ഐ.ശങ്കരനാരായണൻ

ദേവഗുരുവായ ബൃഹസ്പതിയുടെ ദാസിമാരിൽ ഒരാളായിരുന്നു പുഞ്ജികസ്ഥല. പ്രധാനപ്പെട്ട പതിനൊന്നു ദേവകന്യകമാരിൽ ഒരുവൾ എന്ന സ്ഥാനം കൂടി പുഞ്ജികസ്ഥലയ്ക്കുണ്ട്. ഒരിക്കൽ അവൾ ഗുരുശാപത്തിനിരയായി.

നന്ദനോദ്യാനത്തിൽ പ്രേമലീലകളിൽ മുഴുകിയിരിക്കയാണ് കുറേ യുവതീയുവാക്കൾ. അത് അകലെ നിന്നു കണ്ട പുഞ്ജികസ്ഥലയിലും മോഹമുണർന്നു. ഒരു പുരുഷനോടൊത്തു തനിക്കും ആഹ്ലാദിക്കണം.

ഗൃഹത്തിലെത്തിയ പുഞ്ജികസ്ഥല താൻ ദാസിയാണെന്ന കാര്യം മറന്നു. അവൾ ബൃഹസ്പതിയുടെ കരം ഗ്രഹിച്ചു പ്രേമപാരവശ്യം കാട്ടാൻ തുടങ്ങി.

ഗുരു ആദ്യം അമ്പരന്നു. പിന്നെ കോപിഷ്ഠനായി ശപിച്ചു. 'നീ വാനരസ്ത്രീയായി ഭൂമിയിൽ ജനിക്കട്ടെ!'

മനഗർവ്വ എന്നുകൂടി പേരുള്ള പുഞ്ജികസ്ഥല ഞെട്ടി. അവൾ കാമചാപല്യം വിട്ട് ഉടനെ ഗുരുവിന്റെ കാൽക്കൽ വീണു കരഞ്ഞു. തനിക്കു ശാപമോചനം തരണമെന്ന ആ അപേക്ഷ കേട്ടു ഗുരു പറഞ്ഞു.

'ഭൂമിയിൽ നീ പെൺകുരങ്ങായി ഇരിക്കുമ്പോൾ ഒരാൺകുരങ്ങു തുണയായി വരും. അവനൊപ്പം നീ തൃപ്തിയാവോളം കാമലീലകളാടിക്കൊള്ളുക. ഒടുവിൽ ശിവകൃപയാൽ നിനക്കൊരു വീരസന്താനത്തെ പ്രസവിക്കാൻ ഭാഗ്യമുണ്ടാകും. പ്രസവാനന്തരം ഉടനെ സ്വർഗത്തിലേക്ക് തിരിച്ചു പോരികയും ചെയ്യാം.'

അങ്ങനെ അഞ്ജനവനത്തിൽ എത്തിയ പുഞ്ജികസ്ഥല അഞ്ജന എന്ന പേരുള്ള പെൺകുരങ്ങായി ജീവിതം തുടങ്ങി. അവിടുത്തെ വാനര രാജാവായ കേസരിയാണ് അവളെ വിവാഹം കഴിച്ചത്. ദീർഘകാലം ദാമ്പത്യസുഖമനുഭവിച്ചിട്ടും അവൾക്കു സന്താനലബ്ധി ഉണ്ടായില്ല. അതിനാൽ അഞ്ജന ആഗ്രഹനിവൃത്തിക്കായി ശിവപൂജ ആരംഭിച്ചു.

അക്കാലത്താണ് ശിവനും പാർവ്വതിയും ക്രീഡാവനത്തിൽ വാനര ദമ്പതികളായി വിഹരിച്ചുകൊണ്ടിരുന്നത്. താൻ ഗർഭിണിയായി എന്നു മനസ്സിലായപ്പോൾ പാർവ്വതിക്കു സങ്കടം വന്നു. ഒരു ഉണ്ണിക്കുരങ്ങിനെ താൻ പ്രസവിക്കുകയോ? വയ്യ. ഈ നാണക്കേടു താങ്ങാനാവില്ല എന്നു പാർവ്വതി ഭർത്താവിനോടു പറഞ്ഞു.

കുഞ്ഞിനെ നശിപ്പിക്കാൻ വയ്യ. ശിവന്റെ ചിന്തയിൽ ഒരു ഉപായം തെളിഞ്ഞു. പുത്രലാഭത്തിനായി തന്നെ ആരാധിക്കുന്നുണ്ടല്ലോ ഒരു വാനരസ്ത്രീ. പാർവ്വതിയുടെ ഗർഭത്തിലുള്ള ശിശുവിനെ പുറത്തെടുത്ത് അഞ്ജനയുടെ ഗർഭപാത്രത്തിൽ നിക്ഷേപിച്ചാൽ രണ്ടുപേർക്കും സന്തോഷമാവുകയും ചെയ്യും.

ശിവൻ വായുഭഗവാനെ വരുത്തി കാര്യം പറഞ്ഞു. വലിയ ശസ്ത്രക്രിയയൊന്നും കൂടാതെ, പുഷ്പംപോലെ ഒരു ഗർഭം മാറ്റിവയ്ക്കൽ അങ്ങനെ നടന്നു! പരമ രഹസ്യം!

ഏതു രഹസ്യവും പക്ഷേ, നാരദൻ അറിയും. നാരദൻ അത് എത്തേണ്ടിടത്ത് എത്തിക്കുകയും ചെയ്യും. അങ്ങനെയാണ് വാനര രാജാവായ ബാലി അറിഞ്ഞത്. ശിവാംശമായി ജനിക്കുന്ന ആ കുരങ്ങൻ തന്റെ വിപുലമായ വാനര സാമ്രാജ്യത്തിനു ഭീഷണിയായിത്തീരും എന്നു ബാലി ഭയപ്പെട്ടു.

ശിവബീജം നശിപ്പിച്ചേ പറ്റൂ. ബാലി ഒരു പദ്ധതി തയ്യാറാക്കി. പഞ്ചലോഹങ്ങൾ ഉരുക്കി ജലരൂപത്തിൽ അഞ്ജനയുടെ ഗർഭപാത്രത്തിൽ തന്ത്രപൂർവ്വം കടത്തിവിടുക! പക്ഷേ, പ്രയോജനമുണ്ടായില്ല. അതു ഗർഭസ്ഥ ശിശുവിനു കവചവും ആഭരണവുമായിത്തീരുകയാണ് ഉണ്ടായത്.

അഞ്ജന പ്രസവിച്ചു. സൂര്യശോഭയുള്ള കുഞ്ഞ്. ദീർഘകാലത്തെ വ്രതങ്ങളും തപസ്സും കൊണ്ടു ലഭിച്ച ഓമനയെ ഒന്നു പുണരാൻപോലും അഞ്ജന പിന്നീടു നിന്നില്ല. ശാപകാലം കഴിഞ്ഞപ്പോൾ അവൾ പുഞ്ജികസ്ഥല എന്ന ദേവകന്യകയായി. ഭൂവാസം നിഷിദ്ധമാണിനി. അവൾ ഉടനെ സ്വർഗത്തിലേക്കു പറന്നു.

പാവം കുട്ടിക്കുരങ്ങൻ! എത്ര അനാഥൻ! ഗർഭകാലത്തു തന്നെ ഘോരമായ പരീക്ഷണങ്ങളും പീഡനങ്ങളും ഏറ്റുവാങ്ങിയവൻ! അമ്മയുടെ ചൂടും മുലപ്പാലും സ്നേഹലാളനങ്ങളും നുകരാൻ ഭാഗ്യമില്ലാതെ പോയവൻ.

കാട്ടിൽ ജനിക്കിലെന്ത്? അമ്മ ഉപേക്ഷിക്കിലെന്ത്? അമ്മയുടെ പേർ ചേർത്തും അമ്മയ്ക്കു യശസ്സു ചേർത്തുമാണ് ആ കുട്ടി പിന്നെ അറിയപ്പെട്ടത്-ആഞ്ജനേയൻ. രാക്ഷസവംശത്തിനു മുഴുവൻ പേടിസ്വപ്നമായി അവൻ വിശ്വത്തോളം വളർന്നു. ആ ഹനുമാൻ ചിരംജീവിയാണ്. രാമഭക്തർക്ക് ആശ്വാസവും സഹായവുമേകാൻ അദ്ദേഹം ഇവിടെ എവിടെയൊക്കെയോ ചുറ്റിനടക്കുന്നുണ്ടാകും. കാറ്റുപോലെ.**

# ചൈന യാത്ര

**ഗീത ജയരാമൻ**

**5-ാം ദിവസം**

എല്ലാവരും സമൃദ്ധമായ പ്രാതലിനുശേഷം തങ്ങളുടെ ലഗേജുമായി കൃത്യസമയത്തു തന്നെ ഹോട്ടൽ ലോബിയിലെത്തിയിരുന്നു. ബുള്ളറ്റ് ട്രെയിൻ സ്റ്റേഷനിലേക്ക് ഇരുപതു മിനിറ്റുനുള്ളിൽ ബസ്സ് ഞങ്ങളെ എത്തിച്ചു. മണിക്കൂറിൽ 350 കിലോമീറ്റർ വേഗത്തിൽ ഷാംഗായിലേക്ക് ഓടുന്ന ബുള്ളറ്റ് ട്രെയിനിന് ഫുക്സിങ്ങ് എന്ന പേരാണ് എഴുതിക്കണ്ടത്. നമ്മുടെ മെട്രോ ട്രെയിനിന് ഇരട്ടി വീതിയും പല മടങ്ങധികം സീറ്റുകളും നീളവും ഉണ്ടായാൽ എങ്ങിനെയോ, അതുപോലെ എന്നു വേണമെങ്കിൽ പറയാം. ഏതാണ്ട് പ്ലേനിന്റെ ഉൾഭാഗം പോലെ. എന്നാൽ, ആ യാത്രയിൽ ഞാൻ പുറമെ കണ്ട കാഴ്ചകൾ നമ്മുടെ രാജ്യത്ത് എവിടെയെങ്കിലും ഇപ്പോൾ കാണാൻ കഴിയുമോ എന്നെനിക്കറിയില്ല. ഏതാണ്ട് നാലു മണിക്കൂർ അതായത് 10.30 മുതൽ 2.30 വരെ, പാടങ്ങളുടെ പച്ചപ്പു മാത്രം! ഇടക്കിടെ കർഷക ഭവനങ്ങൾ എന്നു തോന്നിപ്പിക്കുന്ന അഞ്ചാറു വീടുകൾ. അനുബന്ധമായി ഒരു കുഞ്ഞുഗ്രാമം. അവിടെ കാർഷികാവശ്യങ്ങൾക്ക് വേണ്ടി കുറച്ച് വ്യവസായങ്ങൾ. വീണ്ടും കണ്ണെത്താദൂരത്തോളം പാടങ്ങൾ. വാസ്തവത്തിൽ അംബരചുംബികളായി പട്ടാളക്കാരെപ്പോലെ നിൽക്കുന്ന കൂറ്റൻ കെട്ടിടങ്ങളിൽ എന്നതിനെക്കാൾ ചൈന എന്ന രാജ്യത്തിന്റെ ആത്മാവ് കണ്ടെത്തേണ്ടത് ആ യാത്രയിൽ കൺക്കുളിർക്കെ കണ്ട പാടങ്ങളിലും ഗ്രാമങ്ങളിലുമാണ്. ഇരുപതിൽ പരം രാജ്യങ്ങൾ സന്ദർശിച്ചിട്ടുള്ള എനിക്ക് മനസ്സിൽ എന്നെന്നും തങ്ങി നിൽക്കും എന്നുറപ്പുള്ള ചുരുക്കം ചില കാഴ്ചകളിൽ ഒന്ന്.

ഷാംഗായ് സ്റ്റേഷനിലെത്തിയപ്പോൾ ഉച്ചയ്ക്ക് സമയം 1.30 ആയി. അവിടെ സാരമല്ലാതെ പോയ ഒരപകടമുണ്ടായി. കൂട്ടത്തിലൊരാളിന്റെ സഞ്ചിയുടെ വള്ളി എസ്കലേറ്ററിൽ കുടുങ്ങി. സഞ്ചി എടുക്കുവാനുള്ള ബദ്ധപ്പാടുമായി അദ്ദേഹം താഴെ പടിയിൽ തന്നെ നിന്നതുകൊണ്ട് പിന്നാലെ വരുന്നവർ ഒന്നൊന്നായി തട്ടിവീഴാൻ തുടങ്ങി. മഹാഭാഗ്യമെന്നല്ലാതെ എന്തു പറയാൻ ! ആർക്കും കാര്യമായിട്ടൊന്നും പറ്റിയില്ല. ദൈവമില്ലാത്ത രാജ്യത്തും ദൈവം ഞങ്ങളെ തുണച്ചു.

ആദ്യം പോയത് ഇന്ത്യൻ കിച്ചൺ എന്ന ഹോട്ടലിൽ ഊണു കഴിക്കുവാനാണ്. അപ്പോഴേക്കും 3.30 ആയിട്ടുണ്ടായിരുന്നു. പുതിയൊരു ഗൈഡും ബസ്സും സ്റ്റേഷനിൽ തയ്യാറായി നിന്നിരുന്നു. ഗൈഡ് റെയ്നോൾഡ് വഴിനീളെ ഷാംഗായിയെക്കുറിച്ച് സംസാരിച്ചു കൊണ്ടിരുന്നു. ലോകത്തിലെ ഏറ്റവും ജനസംഖ്യയുള്ള സിറ്റിയാണ് ഷംഗായി. ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ തുറമുഖവും അവിടെത്തന്നെ. ഏഷ്യയിലെ ഏറ്റവും പ്രധാനപ്പെട്ട സാമ്പത്തിക കേന്ദ്രം എന്നതിനെ വിശേഷിപ്പിക്കാറുണ്ടത്രെ! ചെറിയൊരു മുക്കുവ ഗ്രാമമായിരുന്ന ഷാംഗ്ഹായിയുടെ വളർച്ച, ചൈനയുടെ തന്നെ വളർച്ചയുടെ ഒരു നിഴൽ രൂപമായി കാണാം. കേന്ദ്രസർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് ഷാംഗ്ഹായ് പ്രോവിഡൻസ്. ഹോട്ടലിൽ എത്തിയപ്പോൾ അവിടെ സുഖകരമായ ശബ്ദത്തിൽ പഴയ മലയാളം പാട്ടുകൾ വെച്ചിരിക്കുന്നു! വിശന്നിരിക്കുമ്പോൾ നല്ല ഭക്ഷണം മലയാളം സിനിമാഗാനങ്ങളുടെ അകമ്പടിയോടെ അന്യരാജ്യത്തു വെച്ച് ആസ്വദിക്കാൻ കഴിയുന്നതിൽപ്പരം ഒരു സായൂജ്യം മറ്റെന്ത്?

ഊണിനുശേഷം ഹുവാങ്പു നദിയിൽ കാലേക്കൂട്ടി ബുക്കു ചെയ്തിരുന്ന കപ്പൽ യാത്രക്കു പോകുന്നതിനു മുമ്പ് നിജ്ജിങ്ങ് റോഡിൽ ഷോപ്പിങ്ങിനു പോയി. അങ്ങോട്ടുള്ള യാത്രയിൽ ഷാംഗ്ഹായിലെ റോഡ് ഗതാഗതത്തെക്കുറിച്ചാണ് ഗൈഡ് സംസാരിച്ചത്. ബീജിംഗ് ആണ് ചൈനയുടെ തലസ്ഥാനമെങ്കിലും ഷാംഗ്ഹായ് ആണ് സാമ്പത്തിക തലസ്ഥാനം. അതുകൊണ്ട് അവിടെ പ്രത്യേക ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. റോഡുകൾ അത്ര വിസ്തീർണമില്ല എന്ന് ഗൈഡ് പറഞ്ഞെങ്കിലും ഞങ്ങൾക്ക് അങ്ങിനെ തോന്നിയില്ല. നാലും ആറും വരിപാതകളായിരുന്നു മിക്കവാറും. അവിടെ രജിസ്റ്റർ ചെയ്ത 2.5 മില്ല്യൺ വാഹനങ്ങളുണ്ടത്രെ. പോരാഞ്ഞതിന് 1.5 മില്ല്യൺ സിറ്റിക്കു പുറത്തു രജിസ്റ്റർ ചെയ്ത വാഹനങ്ങളും നിരത്തിലെത്തുന്നു. ഷാംഗ്ഹായിൽ വണ്ടി രജിസ്റ്റർ ചെയ്യുവാൻ അസ്സാധാരണമായി ഉയർന്ന നികുതി കൊടുക്കണം. ഏതാണ്ട് കാറിന്റെ വിലയുടെ അത്രതന്നെ! അവിടെ രജിസ്റ്റർ ചെയ്യാത്ത വാഹനങ്ങൾക്ക് തിരക്കുള്ള സമയങ്ങളിൽ എക്സ്പ്രസ്‌വേയിൽ കൂടി പോകുവാൻ അനുവാദമില്ല. ഓരോ വർഷവും ഒരു കൃത്യം എണ്ണം നമ്പർപ്ലേറ്റുകൾ ലേലം വിളി വഴി വിതരണം

ചെയ്യുന്നു. ഏതാണ്ട് 10,000 ത്തോളം വണ്ടികൾ. കാൽ നടക്കാർക്ക് റോഡ് മുറിച്ചു കടക്കുവാൻ അവസരം കൊടുത്തില്ലെങ്കിൽ കനത്ത ഫൈൻ കൊടുക്കേണ്ടി വരും. പ്രവർത്തിക്കുന്ന ക്യാമറ കണ്ണുകൾ എവിടെയും തുറന്നിരിക്കും. ഹെൽമറ്റ്, സീറ്റ്ബെൽറ്റ് തുടങ്ങി നിർബന്ധമായും ഉപയോഗിച്ചിരിക്കേണ്ട സുരക്ഷകൾക്ക് ഒരു അയവും അനുവദിക്കുകയില്ല. നിയമം നിയമം തന്നെ.

നിജ്ജിങ്ങ് റോഡിൽ ഷോപ്പിങ്ങ് നടത്തുമ്പോൾ വിലയുടെ കാര്യത്തിൽ ശ്രദ്ധിക്കണമെന്നും പലപ്പോഴും ഇരട്ടിയിൽ കൂടുതൽ വില പറയുവാൻ സാദ്ധ്യതയുണ്ടെന്നും ഗൈഡ് മുൻകൂട്ടി സൂചന നൽകിയിരുന്നു. പറഞ്ഞതുപോലെ സാധനങ്ങൾ അടുക്കാൻ വയ്യാത്ത വിലയായതുകൊണ്ടും വിലപേശി വാങ്ങാനുള്ള സാമർത്ഥ്യക്കുറവു കാരണവും ആർക്കും അധിക സമയം അവിടെ ചിലവഴിക്കുവാൻ താല്പര്യം കണ്ടില്ല. എങ്കിലും ചില കരകൗശല സാധനങ്ങളും ബാഗുകളും മറ്റും ചിലരൊക്കെ വാങ്ങി.

ഹുവാങ്ങ് പൂ നദിക്കര ' ബൺഡ് ' എന്ന പേരിലാണ് അറിയപ്പെടുന്നത്. പുറം കടൽക്കര എന്നാണതിനർത്ഥം. ഇരുകരയ്ക്കും സമാന്തരമായി ആകാശചുംബികളായ കെട്ടിടങ്ങൾ നിരനിരയായി നിൽക്കുന്നു. എങ്കിലും കെട്ടിടങ്ങളുടെ ഉയരത്തിന് നിയന്ത്രണമുണ്ടത്രെ! ഇവിടമാണ് ഷാംഗ്ഹായ് നഗരത്തിന്റെ അഭിമാനകേന്ദ്രം. കോളനി സംസ്കാരത്തിന്റെ ബാക്കി പത്രങ്ങളാണ് അവിടെക്കാണുന്ന വാസ്തു ശില്പങ്ങൾ. ഞങ്ങളെപ്പോലെ തന്നെ മറ്റു പല വിനോദയാത്രക്കാരും ഗ്രൂപ്പുകളായി ക്രൂസിനു തയ്യാറായി വന്നിരുന്നു. കയറിയ ഉടനെ ഞങ്ങൾ കുറച്ചുപേർ മുകൾത്തട്ടിലേക്ക് തിരക്കിട്ടു കയറിച്ചെന്നു. അവിടെ കൂടുതൽ നന്നായി കാണാമെന്നായിരുന്നു കരുതിയത്. അവിടെ അപ്പോഴേക്കും ആളുകൾ തിങ്ങി നിറഞ്ഞ് കഴിഞ്ഞിരുന്നു. ദീപാലംകൃതമായ നദിക്കരയുടെ സൗന്ദര്യം മുഴുവൻ ഉൾക്കൊള്ളുവാനുള്ളത് ഒരതിമോഹം മാത്രമായി അവശേഷിച്ചു. എങ്കിലും നദിക്കര തലകൾക്കു മുകളിൽ കൂടി ഒരു മാതിരി വ്യക്തമായി തന്നെ കണ്ടു. അതൊരു മാസ്മരിക ലോകം തന്നെ ! ഇടക്കിടെ അടുത്തുകൂടി ദീപാലംകൃതമായ ബോട്ടുകളും കപ്പലുകളും കടന്നുപോയി. യാത്രാക്ഷീണം മറന്ന് രണ്ടര മണിക്കൂറുകൾ നദിയിൽ ചുറ്റിക്കറങ്ങി ബോട്ട് പുറപ്പെട്ടിടത്തു തന്നെ കരക്കടുത്തു. ഞങ്ങൾ വരിവരിയായി പുറത്തേക്കിറങ്ങി. എവിടെ എത്തിയാലും തലയെണ്ണുന്ന ഒരു പതിവ് സൂരജിനുണ്ട്. പോകെപ്പോകെ, അതൊരു തമാശയായിട്ടാണ് എല്ലാവരും എടുത്തിരുന്നത്. എന്നാൽ ഇത്തവണ ഒരു തല കുറവ്. ആരാണ് കാണാതായത് എന്ന് വേഗം കണ്ടുപിടിച്ചെങ്കിലും എവിടെപ്പോയി എന്ന് ഒരു എത്തും പിടിയും ഇല്ല. കരയിലേക്ക് കയറുന്നവരുണ്ട്. അവർ അടുത്തെവിടെയോ ഉണ്ട്. ആ മങ്ങിയ വെളിച്ചത്തിൽ കാണാൻ കഴിയാത്തതാണ്, ഇപ്പോൾ വരും എന്നെല്ലാം പരസ്പരം ആശ്വസിപ്പിച്ച് അഞ്ചും പത്തും പതിനഞ്ചും മിനിട്ടുകൾ കടന്നുപോയി. സൂരജും മറ്റുള്ളവരും ശാന്തരായി തിരയാൻ പോയി. ആ ശാന്തതക്കു പിന്നിലെ തീ ആർക്കും ഊഹിക്കാവുന്നതാണ്. പരിചയമില്ലാത്ത സ്ഥലം, ഭാഷ അറിയില്ല, കയ്യിൽ ഫോണില്ല പോരാത്തതിന് ഇരുട്ടും. ഈ സാഹചര്യത്തിൽ ഒരു സത്രീക്ക് എത്രത്തോളം ധൈര്യം കാണും എന്ന് എല്ലാവർക്കും ആധിയായി. ഏതാണ്ട് അരമണിക്കൂർ കഴിഞ്ഞപ്പോൾ ഒരു നിഴൽ രൂപം ദൂരെ നിന്ന് നടന്നടുക്കുന്നു. നടപ്പു കണ്ടിട്ട് അവരെപ്പോലെയുണ്ട്. അടുത്തെത്തിയതും കളഞ്ഞ് പോയ ഓമനമകൾ തിരിച്ചെത്തിയതുപോലെയായി എല്ലാവരും. കപ്പലിൽ നിന്നിറങ്ങി കുറച്ചു നിമിഷത്തേക്ക് സ്ഥലത്തെക്കുറിച്ചൊരു സംഭ്രമം സംഭവിച്ചതാകാം. എങ്ങിനെയോ, മറ്റുള്ളവർ നടന്നു കഴിഞ്ഞു എന്നൊരു തോന്നലിൽ അവർ തെറ്റായ ദിശയിലേക്ക് കുറേദൂരം നടന്നത്രെ. പലരോടും വഴി ചോദിച്ചെങ്കിലും ആർക്കും ഇംഗ്ലീഷ് അറിഞ്ഞു കൂടാ. ഒടുക്കം ദൈവമില്ലാത്ത നാട്ടിൽ ഒരിക്കൽ കൂടി ദൈവം ഇറങ്ങി വന്ന് അവർക്ക് നേർവഴി കാട്ടിക്കൊടുത്തു എന്നല്ലാതെ മറ്റൊന്നും പറയാൻ കഴിയില്ല. പരസ്പരമുള്ള കരുതലിന് ആഴം കൂടാൻ ആ സംഭവം ഒരു നിമിത്തമായി എന്നു പറയാം.

മറ്റൊരു ഇന്ത്യൻ റസ്റ്റോറന്റിൽ അത്താഴം കഴിച്ച് ഞങ്ങൾ ഗ്രീൻ ലാൻഡ് ജ്യൂലോങ്ങ്, ഹോട്ടലിൽ രാപ്പാർക്കാൻ ചേക്കേറി.

### ദിവസം 6

ഇന്നത്തെ പരിപാടിയിൽ യുയോങ്ങ് തോട്ടവും രണ്ട് ബുദ്ധക്ഷേത്രങ്ങളും ഷാംഗായ് മ്യൂസിയവും പേൾഫാക്ടറിയും ഓറിയന്റൽ ടി. വി. ടവറും ഉൾപ്പെടുത്തിയിട്ടുണ്ട്. പട്ടിക നീണ്ടതായതുകൊണ്ട് മനസ്സിലെ യുവത്വത്തിന് ശരീരത്തേക്കാൾ മുൻതൂക്കം കൊടുക്കണം എന്നു തീർച്ചയായി.

രാവിലെ ജേഡ് ബുദ്ധക്ഷേത്രത്തിലേക്കാണ് ആദ്യം പോയത്. ക്ഷേത്രത്തിനകത്തേക്ക് കാലു കുത്തിയതും, ശാന്ത സ്വരത്തിലുള്ള കൂട്ടനാമജപത്തിന്റെ മന്ത്രണം കേട്ടു തുടങ്ങി. നടുമുറ്റം പോലെയുള്ള സ്ഥലത്ത് ഒരു പറ്റം ബുദ്ധസന്യാസിമാർ ഇരുന്ന് മന്ത്രം ഉച്ചരിക്കുന്നു. അവരെ ശല്യപ്പെടുത്താതെ ഞങ്ങൾ ക്ഷേത്രത്തിന്റെ മറ്റു ഭാഗങ്ങൾ കാണുവാൻ തീരുമാനിച്ചു. ധാരാളം വിനോദസഞ്ചാരികളെ ആകർഷിക്കുന്ന ഒരു കെട്ടിടസമുച്ചയമാണ് ആ ക്ഷേത്രം. ജേഡിൽ തീർ

ത്ത ഭീമാകാരങ്ങളായ രണ്ട് ബുദ്ധവിഗ്രഹങ്ങളാണ് ആ ക്ഷേത്രത്തിലെ ഏറ്റവും ആകർഷണീയങ്ങളായവ. വലതു കയ്യിൽ ശിരസ്സു താങ്ങി ചരിഞ്ഞു കിടക്കുന്ന വെണ്ണ നിറത്തിലുള്ള ബുദ്ധവിഗ്രഹം ഒരു മീറ്ററോളം നീളം വരും. മറ്റൊന്ന് ഇരിക്കുന്ന ബുദ്ധനാണ്. അതിനാകട്ടെ രണ്ടു മീറ്ററിൽ കുറയാതെ ഉയരമുണ്ട്. കിങ്ങ് ഡൈനാസ്റ്റിയുടെ പതനകാലത്ത് ഈ ക്ഷേത്രം അഗ്നിക്കിരയാക്കപ്പെട്ടതാണത്രെ. എന്നാൽ, രണ്ടു വിഗ്രഹങ്ങൾക്കും കേടുപാടുകൾ സംഭവിച്ചതായി കണ്ടില്ല. ക്ഷേത്രത്തിൽ മറ്റു പല കോണുകളിലും കണ്ടിരിക്കേണ്ട ആരാധനാ രൂപങ്ങൾ കണ്ടു. ധാരാളം ചന്ദനത്തിരികൾ എവിടെയും എരിയുന്നു. എങ്ങും ശാന്തത മാത്രം. ഒരു പക്ഷേ ബുദ്ധമതത്തെക്കുറിച്ചുള്ള മുൻവിധികളായിരിക്കാം അങ്ങിനെ തോന്നിപ്പിച്ചത്. അത് എന്തു തന്നെയായാലും ക്ഷേത്രദർശനം മനസ്സിനു സുഖം നൽകി എന്നത് സത്യം തന്നെ.

അവിടുന്ന് പേൾഫാക്ടറിയിലേക്കാണ് പോയത്. ഫാക്ടറി എന്നു പറഞ്ഞെങ്കിലും രണ്ട് വലിപ്പത്തിലുള്ള കക്കത്തോടുകൾ തുറന്ന് അതിനകത്തിരിക്കുന്ന മുത്തുകൾ കാണിച്ചു തന്നതല്ലാതെ ബാക്കി എല്ലാം വില്പനച്ചരക്കുകളായിരുന്നു. എങ്കിലും കുറച്ച് ചരിത്രവും അവിടെ നിന്നു മനസ്സിലായി. 700 വർഷങ്ങൾക്കു മുമ്പ് ഷാംഗായ് ഒരു മുക്കുവഗ്രാമം മാത്രമായിരുന്നു. മുത്തുച്ചിപ്പികൾ മുങ്ങി എടുക്കുകയായിരുന്നു അവരുടെ ഉപജീവനമാർഗ്ഗം. ഗ്രാമം നഗരവൽക്കരിച്ചെങ്കിലും മുത്തുകൾക്ക് എന്നും ജനപ്രിയമുണ്ടല്ലോ. കടൽമുത്തും കായൽമുത്തും തമ്മിലുള്ള വ്യത്യാസം, മിഷ്യനിൽ നിർമ്മിക്കുന്ന മുത്തും ചിപ്പിയിൽ നിന്നെടുക്കുന്ന മുത്തും തമ്മിൽ തിരിച്ചറിയുവാനുള്ള വഴികൾ തുടങ്ങി പലതും അവർ പറഞ്ഞു തന്നു. അതിനുശേഷം പലരും മുത്തുമാലകളും കമ്മലുകളും വാങ്ങുകയും ചെയ്തു. ഇവിടെ കിട്ടുന്ന ആഭരണങ്ങളുടെ വിലയോട് സാമ്യമുണ്ടായിരുന്നു അവയ്ക്ക്.

പിന്നീട് നിജിങ്ങ് റോഡിലുള്ള ഒരു ഷോപ്പിങ്ങ് കേന്ദ്രത്തിലേക്ക് പോയി. അവിടെ വില വളരെ കൂട്ടിയാണ് അവർ പറഞ്ഞിരുന്നത്. വലിയ വാങ്ങലുകളൊന്നും ഉണ്ടായില്ല. എന്നാൽ അതിനുശേഷം പോയ സിൽക്ക് മാർക്കറ്റിൽ നിന്ന് പലരും പല ജാതി കൗതുക വസ്തുക്കളും വാങ്ങി.

അപ്പോഴേക്കും സന്ധ്യമയങ്ങിത്തുടങ്ങിയിരുന്നു. അടുത്ത ലക്ഷ്യം ടി.വി. ടവ്വറാണ്. ബോട്ടിൽ യാത്ര ചെയ്തപ്പോൾ ദൂരെ നിന്നു കണ്ട ഭീമാകാരങ്ങളായ ടി. വി. ടവ്വറും അതിന്റെ ചുറ്റുവട്ടവും കാണാനായി ഇരുട്ടായപ്പോഴേക്കും ഞങ്ങൾ ബണ്ടിൽ തിരിച്ചെത്തി. ഏതാണ്ട് 468 മീ ഉയരമുണ്ടത്രേ ടി. വി. ടവ്വറിന്. ദീപാലംകൃതമായ ടവ്വറും ചുറ്റുപാടും ഒരു മായാലോകം പോലെ തോന്നിച്ചു. 263 മീറ്റർ ഉയരത്തിൽ ഞങ്ങൾ നടത്തിയ സ്കൈവാക്ക് മറക്കാനാവാത്തതാണ്. ഗ്ലാസ്സിന്റെ തറയിൽ കൂടി കാൽച്ചുവട്ടിലെ സുതാര്യതയിൽ കൂടി കാണുന്ന പടുകൂറ്റൻ കെട്ടിടങ്ങളുടെയും വളരെ മുകളിൽ കൂടി അടിവെച്ചടിവെച്ച് നീങ്ങിയപ്പോൾ ഈ തറ പിളർന്നാൽ എന്താകുമെന്ന് ചിന്തിക്കാത്ത ആരുമുണ്ടാകില്ല. താഴെ വാഹനങ്ങൾ ഉറുമ്പിന്റെ വലുപ്പത്തിലാണ് കണ്ടത്. പടുകൂറ്റൻ കെട്ടിടങ്ങൾ കളിപ്പാട്ടങ്ങളെപ്പോലെ തോന്നിച്ചു. പലരും ഗ്ലാസ്സിൽ കൂടി നടക്കാൻ തയ്യാറായില്ല. ആ നടപ്പ് ഒരനുഭവം തന്നെയായിരുന്നു എന്നു പറയാതെ വയ്യ.

ഷാംഗ്ഹായിലെ അവസാന രാത്രി പതിവുപോലെ നല്ല ഒരു ഇന്ത്യൻ റസ്റ്ററന്റിൽ അത്താഴം കഴിച്ചു. തിരിച്ച് ഹോട്ടലിൽ കൊണ്ടിറക്കുമ്പോൾ പിറ്റേന്ന് നേരത്തെ റെഡിയായി താഴെ വരണമെന്ന് ഗൈഡ് ഓർമ്മിപ്പിച്ചു. ഹോംങ്കോങ്ങിലേക്ക് രാവിലെ നേരത്തെ പുറപ്പെടുവാനുള്ളതാണ് എന്നു കേട്ടപ്പോൾ കുറച്ചു ക്ഷീണം തോന്നാതിരുന്നില്ല. കാരണം അന്ന് അഞ്ചാറു സ്ഥലങ്ങൾ ഒന്നിനു പുറകെ ഒന്നായി കണ്ടു തീർത്ത ദിവസമായിരുന്നല്ലോ. എങ്കിലും നല്ലൊരു കുളിയും സുഖമായൊരു ഉറക്കവും എല്ലാ ക്ഷീണവും അകറ്റുമെന്ന് അനുഭവം കൊണ്ട് ഞങ്ങൾക്കപ്പോഴേയ്ക്കും മനസ്സിലായി കഴിഞ്ഞിരുന്നു.

**ദിവസം 7**

കാന്തശക്തി കൊണ്ടോടുന്ന മെഗ്ലവ്ട്രെയിനിനെപ്പറ്റിയുള്ള അറിവ് പുതിയതായിരുന്നു. ഹോംങ്കോങ്ങിലേക്കുള്ള കൂടുമാറ്റത്തിന് ഷാംഗായ് എയർപോർട്ടിലേക്ക് മെഗ് ലവ്ലിലാണ് യാത്ര. വാണിജ്യാടിസ്ഥാനത്തിൽ ഓടുന്ന, ലോകത്തിൽ വെച്ച് ഏറ്റവും കൂടുതൽ വേഗതയുള്ള മെഗ്ലവ് തീവണ്ടിയിലാണ് ഞങ്ങൾ യാത്രചെയ്യുവാൻ പോകുന്നത് എന്ന ചിന്ത തന്നെ കൊച്ചുകുട്ടികളെപ്പോലെ ഞങ്ങളെ ആവേശം കൊള്ളിച്ചു. എങ്കിലും മണിക്കൂറിൽ ശരാശരി 431 കിലോമീറ്റർ സ്പീഡിലാണ് അത് ഓടുന്നത് എന്ന് ഇടക്കിടയ്ക്ക് സ്വയം ഓർമ്മിപ്പിക്കുകയല്ലാതെ, അതിനകത്ത് യാത്ര ചെയ്യുന്നവർക്ക് അറിയാനേ കഴിയുകയില്ല. മാത്രവുമല്ല, പാളത്തിൽ നിന്ന് കാന്തശക്തികൊണ്ട് പൊങ്ങി നിലം തൊടാതെയാണ് അതിന്റെ യാത്ര എന്ന് യാത്രക്കാർക്ക് അറിവിന്റെ ബലംകൊണ്ടു മാത്രമേ മനസ്സിലാക്കാൻ കഴിയൂ. വേറെ ഒരു ലക്ഷണവും അതു കാണിക്കില്ല! വെറും എട്ടു മിനിട്ടുകൊണ്ടാണ് 57 കിലോമീറ്റർ അകലെയുള്ള എയർപോർട്ടിൽ എത്തിയത്. പക്ഷേ, വണ്ടി സ്റ്റേഷനിലെത്തിയതും അത് ഭൂമിയുമായി പുനഃബന്ധം സ്ഥാപിച്ചു. അതുകൊണ്ട് നിലം തൊടാത്ത അത്ഭുത

ത്തിന്റെ ഫോട്ടോ എടുക്കാൻ കൂടി കഴിഞ്ഞില്ല.

പ്ലേനിൽ ഭക്ഷണം കിട്ടുകയില്ല എന്നു കരുതി തലേന്നു തന്നെ സൂരജ് ഞങ്ങൾക്ക് പ്രാതൽ പാക്കു ചെയ്ത് വെച്ചിരുന്നു. എയർപോർട്ടിൽ എത്തിയപ്പോൾ ഞങ്ങൾ അതു കഴിച്ചെങ്കിലും പ്ലേനിൽ അപ്രതീക്ഷിത മായി നല്ല പ്രാതൽ അവർ വീണ്ടും വിതരണം ചെയ്തു. ഹോംങ്കോങ്ങിൽ കുടിവെള്ളം സൗജന്യമല്ല എന്ന് അറിയിച്ചിരുന്നതുകൊണ്ട് വിമാനത്തിൽ കിട്ടിയ കുപ്പികൾ ഞങ്ങൾ ബാഗുകളിൽ സൂക്ഷിച്ചു.

ഹോംങ്കോങ് എയർപോർട്ടിൽ ബസ്സും ഒരു സ്ത്രീഗൈഡ് മെറീനയും തയ്യാറായി നിന്നിരുന്നു നേരെ വ്ക്ടോറിയ പീക്കിലുള്ള മാഡം ടുസേർട്ട് വാക്സ് മ്യൂസിയത്തിലേക്കാണ് പോയത്. മലമുകളിലുള്ള മ്യൂസിയത്തിലെത്തിയത് സ്റ്റീൽ കേബിളുകളിൽ കൂടി കുത്തനെ ഉയരുന്ന കേബിൾ കാറുകളിലാണ് . ഞങ്ങൾ ആറും എട്ടും പേരടങ്ങുന്ന ഗ്രൂപ്പുകളായിട്ടാണ് നടന്നിരുന്നത്. പരസ്പരം ഒരു കരുതലിന് അത് വളരെ ഉപകാരപ്രദമായി. യാത്രയിലുടനീളം അവിടുന്നങ്ങോട്ട് ഓരോ ഗ്രൂപ്പും ഓരോ കുടുംബങ്ങൾ എന്നപോലെ പരസ്പര പൂരകങ്ങളായി സൗഹൃദത്തോടെ പ്രവർത്തിച്ചു. മലമുകളിലെ വാക്സ്മ്യൂസിയത്തിൽ ഗാന്ധി, മോദി, അമിതാബ് ബച്ചൻ എന്നിവരുടെ മെഴുകുപ്രതിമകളും ലോകപ്രസിദ്ധരായ പാട്ടുകാരുടെയും കളിക്കാരുടേയും ശാസ്ത്രജ്ഞരുടേയും രൂപങ്ങളും ഇവരെല്ലാം ജീവൻവെച്ച് മലമുകളിൽ ഒത്തു കൂടിയതുപോലെ ഒരു പ്രതീതി സൃഷ്ടിക്കുവാൻ തക്ക കുറ്റമറ്റവയായി തോന്നി.

ഉച്ചയ്ക്ക് പതിവുപോലെ ഇന്ത്യൻ ഭക്ഷണം. അതിനുശേഷം ഒരു മണിക്കൂർ നേരത്തെ ക്രൂസ്. ഭക്ഷണസമയത്ത് തമാശ തോന്നിയ ഒരു കാര്യം, അവിടെ എല്ലാ മേശയിലും യഥേഷ്ടം കൊക്കക്കോള, പെപ്സി കുപ്പികളുണ്ടായിരുന്നെങ്കിലും കുടിവെള്ളം കണ്ടില്ല! വെള്ളത്തിന് കോക്കിനെക്കാൾ പ്രിയം! ഓരോ സ്ഥലത്തും കിട്ടുന്ന വെള്ളത്തിന് എന്തു വില കൊടുക്കേണ്ടി വരുമെന്ന് ഞങ്ങളുടെ ഗൈഡ് വിശദമായി തന്നെ പറഞ്ഞു തന്നു. അങ്ങിനെ വൈപ്പിൻകരക്കാരുടെ കുടിവെള്ള ക്ഷാമത്തിലേക്ക് ഞങ്ങൾക്കൊരു എത്തിനോട്ടം കിട്ടി!

ക്രൂസ് അങ്ങേയറ്റം ആസ്വാദ്യകരമായിരുന്നു. ഒരു മണിക്കൂർ തീരെ കുറഞ്ഞു പോയി. ഷാംഗായിലെ ബോട്ടിനെക്കാൾ വലിപ്പവും ആൾത്തിരക്കും കുറവായതിനാൽ എല്ലാവർക്കും നല്ല കാഴ്ച തരമായി. പെസഫിക് സമുദ്രത്തിൽ കരയിലെ ദീപമാലകൾ തീർത്ത വെളിച്ചത്തിന്റെ ജാലവിദ്യ കൺകുളിർക്കെ കാണുവാനും മനസ്സിൽ കോറി ഇടുവാനും സാധിച്ചു.

അന്നുരാത്രി ആദ്യമായി, താമസിക്കുന്ന ഹോട്ടലിൽ തന്നെയാണ് അത്താഴമെന്നറിഞ്ഞപ്പോൾ എല്ലാവർക്കും വലിയ ആശ്വാസം തോന്നി. കുളിച്ച് ക്ഷീണം മാറ്റി വന്ന് ഭക്ഷണം കഴിക്കാമല്ലോ. അന്നത്തെ അത്താഴത്തിന് മറ്റൊരു പ്രത്യേകത കൂടി ഉണ്ടായിരുന്നു. എല്ലാവരും കുറച്ചുകൂടി വിശദമായി സ്വയം പരിചയപ്പെടുത്തി. അത് ആദ്യദിവസം തന്നെ വേണ്ടതായിരുന്നു എന്നൊരഭിപ്രായവും പൊങ്ങി വന്നു. അന്ന് ഞങ്ങളുടെ കൂട്ടത്തിൽ രണ്ടുപേരുടെ പിറന്നാളും അവിടെ വെച്ച് കേക്കു മുറിച്ച് ആഘോഷിച്ചു.

## ദിവസം 8

ഇന്ന് മുഴുവൻ സമയവും ഓഷ്യൻ പീക്ക് എന്ന ഓഷ്യൻ പാർക്കിലായിരിക്കും. കടലിലെ സസ്തന ജീവികളും, ഓഷ്യനേറിയവും, അനിമൽ തീം പാർക്കും, അമ്യൂസ്മെന്റ് പാർക്കും ചേർന്ന ഒരിടമാണിത്. കടലിലും കരയിലും കാണുന്ന വിരള ജീവികൾ, വിചിത്രവേഷധാരികളായ അഭ്യാസികളുടെ പ്രകടനങ്ങൾ, പലതരം റൈഡുകൾ എന്നിവയാണ് ഞങ്ങൾ അവിടെ കണ്ടത്. നമ്മുടെ വീഗാലാൻഡിൽ ഉള്ളതിന്റെ പലമടങ്ങ് മികച്ച ഒരു പതിപ്പാണ് റൈഡുകൾ. ഡോൾഫിൻ ഷൊ ഏവരും വളരെ ആസ്വദിച്ചു. അക്വേറിയത്തിൽ നാം കടലിനടിയിൽ മത്സ്യങ്ങളുടെ കൂടെയാണെന്ന പ്രതീതി ജനിപ്പിക്കുന്ന കൂറ്റൻ ചില്ലുകൂടുകൾ രസാവഹമായിരുന്നു. പാണ്ഡകളും ഏറെ കൗതുകകരമായ ജീവികൾ തന്നെ. പക്ഷേ തലകുത്തി കറങ്ങുന്ന ചക്രങ്ങളിലും ഭയപ്പെടുത്തി രസിപ്പിക്കുന്ന വേഗതയുള്ള റൈഡുകളിലും ഞങ്ങൾ കയറിയില്ല. യാത്ര തുടങ്ങിയതിൽ പിന്നെ സ്വന്തം വയസ്സിനെക്കുറിച്ച് ബോധമുണ്ടായത് ഇവിടെ വെച്ചാണെന്നു പറയാം. ഈ പത്തു ദിവസത്തെ സഞ്ചാരത്തിനിടയിൽ കുറച്ചെങ്കിലും അകൽച്ചയോടെ നിഷ്ക്രിയരായി നോക്കി നില്ക്കേണ്ടി വന്ന ഒരേ ഒരിടം ഇതാണന്നെനിക്കു തോന്നി. പോരെങ്കിൽ ഏഴു ദിവസങ്ങൾ പിന്നിട്ടു കഴിഞ്ഞിരുന്നല്ലോ. മനസ്സിന്റെ ചെറുപ്പം ശരീരത്തിന്റെ പ്രതിഷേധങ്ങൾക്ക് ചെവി കൊടുത്തു തുടങ്ങിയോ എന്ന് ചിലർക്കെങ്കിലും സംശയം തോന്നി തുടങ്ങിയെങ്കിൽ അത്ഭുതമില്ല. എങ്കിലും ആരും ഒന്നും സ്വയം സമ്മതിച്ചു കൊടുക്കാതെ അവനവനെ ത്തന്നെ ഉരുവിട്ടു വിശ്വസിപ്പിച്ചു കൊണ്ടിരുന്നു. ഇല്ല, എനിക്കൊരു ക്ഷീണവുമില്ല..........

അത്താഴം കഴിഞ്ഞ് ഹോട്ടലിലേക്ക് തിരിച്ചുള്ള യാത്രയിൽ ഹോങ്കോങ്ങിനെക്കുറിച്ച് ഒരു സാമാന്യ വിവരണം പാതി മയക്കത്തിൽ കേട്ടുകൊണ്ടിരുന്നു. ബ്രിട്ടീഷ് കോളനിയായിരുന്ന ഹോങ്കോങ് ചൈനയുടെ ഭാഗമാണെങ്കിലും അവിടെ സ്വയംഭരണാധികാരം നിലനില്ക്കുന്നു. പേൾനദിയുടെ കിഴക്കു ഭാഗത്തു

സ്ഥിതി ചെയ്യുന്ന 1,104 സ്ക്വയർ കിലോമീറ്റർ വിസ്തീർണ്ണമുള്ള ഈ ഭൂപ്രദേശം ലോകത്തിലെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള 8–ാമത്തെ സിറ്റിയാണ്. 1997 ൽ മാത്രമേ ബ്രിട്ടീഷുകാർ തങ്ങളുടെ ഈ കോളനി ചൈനക്ക് തിരിച്ചു നല്കിയുള്ളു. ചൈനയുടെ ഇതര സംസ്ഥാനങ്ങളിൽ നിന്നും വിഭിന്നമായ ഭരണസംവിധാനമാണ് ഇവിടെ നിലനില്ക്കുന്നത്. ബ്രിട്ടീഷ് കോളനിയുടെയും പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈനയുടെയും സംസ്കാരങ്ങൾ കൂടിക്കലർന്ന സങ്കരസ്വഭാവമുള്ള ഒരു സ്ഥലമാണ് ഹോങ്കോങ്ങ്. ഇവിടുത്തെ രാജ്യരക്ഷയിലും വിദേശ നയത്തിലും ചൈനീസ് സർക്കാരിന് ഒരു പരിധിയിൽ കൂടുതൽ കൈകടത്തുവാൻ കഴിഞ്ഞിട്ടില്ല. ചുരുക്കത്തിൽ 'ബ്രിട്ടീഷ് ഹോംങ്കോങ്ങ്' എന്ന വിളിപ്പേരു കിട്ടത്തക്കവിധം കമ്യൂണിസ്റ്റ് ചൈനയിൽ നിന്ന് സ്വതന്ത്രമായാണ് അതിന്റെ നിലനിൽപ്. അത് അങ്ങിനെയായിരിക്കണമെന്ന് രാജ്യം കൈമാറുമ്പോൾ ഇരു രാജ്യങ്ങളും കരാറിൽ ഒപ്പു വെച്ചെങ്കിലും ബീജിംഗ് അതിന്റെ അധികാര സീമകൾ വിപുലീകരിക്കുന്നതായി ഇവിടുത്തുകാർ ആശങ്കപ്പെടുന്നു.

ഗൈഡിന്റെ വിവരണത്തിനിടയിൽ ഹോട്ടലിൽ എത്തിയത് അറിഞ്ഞില്ല. പിറ്റേന്ന് മക്കാവിലേക്ക് ബോട്ടിലാണ് യാത്ര. രാവിലെ നേരത്തെ ഹോട്ടൽ ഒഴിഞ്ഞ് കൊടുത്ത് തയ്യാറാകണം.

### ദിവസം 9

പ്രഭാത ഭക്ഷണം കഴിച്ച് ഹോട്ടലിൽ നിന്ന് ചെക്ക് ഔട്ട് ചെയ്തു. ഫെറി വരെ ബസ്സിൽ. എയർപോർട്ടിനെ വെല്ലുന്ന വലുപ്പവും വൃത്തിയുള്ള ബോട്ടു ജെട്ടി. ഒരു ചെറിയ കപ്പലിന്റെ സാമ്യതയുള്ള ഫെറി. മക്കാവിലെത്തിയപ്പോൾ ഉച്ചയായി.

ഊണു കഴിച്ചശേഷം സിറ്റി കാണാനിറങ്ങി. പോർച്ചുഗൽ കോളനിയായിരുന്ന മക്കാവ് മൂന്നു വശങ്ങളും ചൈനയുടെ പടിഞ്ഞാറൻ അതിർത്തിയിൽ കടലിനാൽ ചുറ്റപ്പെട്ടു കിടക്കുന്ന ഭൂപ്രദേശമാണ്. ഹോങ്കോങ്ങ് പോലെ ഇവിടെയും തനതായ കറൻസിയും പാസ്പോർട്ടും നിയമവാഴ്ചയും നിലനിൽക്കുന്നു. മക്കാവിന് അതിന്റേതായ കൊടിപോലുമുണ്ട്. വിദേശനയത്തിലൊഴിച്ച് ബാക്കി എല്ലാ കാര്യങ്ങളിലും മക്കാവ് ഒരു സ്വതന്ത്ര സിറ്റിയായിട്ടാണ് നിലനിൽക്കുന്നത്. എന്നാൽ അത് ചൈനയുടെ ഭാഗമാണോ? അതെ എന്നാണ് ഉത്തരം. 1977 ൽ ബ്രിട്ടീഷുകാർ ഹോങ്കോങ്ങ് തിരിച്ചു നൽകിയപ്പോൾ പുറപ്പെടുവിച്ച നിബന്ധനകൾ പോലെ തന്നെ 1999 ൽ പോർച്ചുഗൽ ഈ സിറ്റി ചൈനക്ക് തിരിച്ചു സമ്മാനിച്ചപ്പോൾ 'ഒരു രാജ്യം, രണ്ട് ഭരണസമ്പ്രദായം' 2049 വരെ നിലനിൽക്കണമെന്ന് ബീജിംങ്ങിനെകൊണ്ട് സമ്മതിപ്പിച്ചിരുന്നു. എന്നാൽ ഈയിടെ കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ബീജിങ്ങ് നിർദ്ദേശിച്ച സ്ഥാനാർത്ഥികളെ മാത്രമേ നിർത്തുവാൻ സാധിച്ചുള്ളൂ. ജനാധിപത്യപരിഷ്കാരങ്ങൾ സാധിച്ചു കിട്ടുവാൻ മക്കാവുവിൽ വേണ്ടത്ര ചൂട് കാണാൻ കഴിയുന്നില്ല എന്ന ഒരു അഭിപ്രായമുണ്ട്.

ഇന്ന് മക്കാവ് ലാസ്വേഗസ്സുപോലെ തന്നെ പ്രശസ്തമായ ഒരു ചൂതുകളി കേന്ദ്രമാണ്. അവിടെ വിവിധ രാജ്യങ്ങളിലെ അതിഗംഭീരമായ കാസിനോകൾ പ്രൗഡിയോടെ തലയുയർത്തി നിൽക്കുന്നത് കാണാം. ഓരോ കാസിനോയും ഓരോ ചെറിയ സിറ്റിപോലെയാണ്. അവിടെ ഇല്ലാത്തതൊന്നുമില്ല. വലിപ്പത്തിലും ആഡംബരത്തിലും അവയോടു കിടപിടിക്കത്തക്കതായ ഹോട്ടലുകൾ അവ തന്നെയെ കാണൂ.

അടുത്തുള്ള ചില സ്ഥലങ്ങൾ കണ്ടു കഴിഞ്ഞ് ഹോട്ടലിൽ ചെക്ക് ചെയ്യാമെന്നായിരുന്നു തീരുമാനം. ഉച്ചയ്ക്കു ശേഷം മറ്റെവിടെയും പോകുന്നില്ല, ഹോട്ടലിൽ തന്നെ വേണ്ടുവോളം കാണുവാൻ സ്ഥലങ്ങളുണ്ടെന്നും പറഞ്ഞു. സെന്റ്പോൾ പള്ളിയും അതിന്റെ അവശിഷ്ടങ്ങളും പഴയ സിറ്റി മതിലുകളും നാചാ ക്ഷേത്രവും ബസ്സിലിരുന്നു തന്നെ കണ്ടു. മാ ടെംബിൾ കാണുവാൻ ബസ്സിൽ നിന്നിറങ്ങി. പാറ ഇടുക്കുകളിൽ പല തട്ടുകളിലായി സ്ഥിതി ചെയ്യുന്ന ആ ക്ഷേത്രത്തിൽ ധാരാളം വിഗ്രഹങ്ങളും അവക്കെല്ലാം മുൻപിലായി ചന്ദനത്തിരി കെട്ടുകളും ഉണ്ടായിരുന്നു. എന്നാൽ അവയ്ക്ക് നമ്മുടെ നാട്ടിലെപ്പോലെ സുഗന്ധം അനുഭവപ്പെട്ടില്ല. തുറന്ന സ്ഥലമായതുകൊണ്ടും കടലിൻ കരയിലായതിനാലും കാറ്റടിച്ച് മണം വായുവിൽ അലിഞ്ഞു ചേർന്നതാകാം. വലിയ വലിപ്പമൊന്നും മാ ക്ഷേത്രത്തിനില്ല. ഞങ്ങൾ ആരുടെതെന്നറിയാത്ത വിഗ്രഹങ്ങൾക്കു മുൻപിൽ നിന്ന് പ്രാർത്ഥിച്ചു. കാറ്റടിച്ച് യാത്രാക്ഷീണം മാറി.

അടുത്തതായി ഞങ്ങൾ താമസിക്കുവാൻ ബുക്കു ചെയ്തിരുന്ന ദി വെനീഷ്യൻ എന്ന പഞ്ചനക്ഷത്ര ഹോട്ടലിലേക്കാണ് പോയത്. ചൂതുകളി നടക്കുന്ന കാസിനോ അതിലുണ്ട്. മൂന്നാം നില മുഴുവൻ ചൂതുകളി തട്ടുകളാണ്. ഒരു മായാലോകം. ഒന്നു വെച്ചാൽ രണ്ട്.........രണ്ടു വെച്ചാൽ നാല്............എന്ന രീതിയിലുള്ള ഭാഗ്യപരീക്ഷണം തന്നെ. പല മേശക്കരികിലും മറ്റുള്ളവർ കളിക്കുന്നതും നോക്കി ഞങ്ങൾ കുറേ നേരം നിന്നു. പണം കിട്ടിയവന്റെ സന്തോഷമോ നഷ്ടപ്പെട്ടവന്റെ ദു:ഖമോ ആരുടെയും മുഖത്തു കണ്ടില്ല. 'ഇന്നു ഞാൻ നാളെ നീ' എന്നായിരിക്കുമോ, അവരുടെയൊക്കെ മനസ്സിൽ? ആർക്കറിയാം! ഏതായാലും ആഹ്ലാദാരവങ്ങളൊന്നും എവിടെയും ഉയർന്നു കേട്ടില്ല. ഞങ്ങളുടെ കൂട്ടത്തിലൊരാൾ ഒരു ചെറിയ

തുകയ്ക്ക് കളിക്കുവാൻ ധൈര്യം കാണിച്ചു. അവർക്ക് 450 ഡോളർ കളിച്ചു കിട്ടുകയും ചെയ്തു.

ആ ഹോട്ടലിനുള്ളിൽ മൂന്നാം നിലയിൽ ഒരു കൊച്ച് അരുവി മുതൽ കൃത്രിമ ആകാശവും കൃത്രിമ തടാകവും അസംഖ്യം കടകളും ഓഡിറ്റോറിയങ്ങളും ഉണ്ട്. അരുവിയിൽ കൂടി ചെറു ഓടങ്ങൾ വിനോദസഞ്ചാരികളെയും കൊണ്ട് തുഴഞ്ഞു പോകുന്നു ! കാൽനടയായി മുഴുവനും ചുറ്റി നടന്നു കാണുവാൻ ഒരു ദിവസം മതിയാവില്ല എന്നു തോന്നി. ഒരു അമേരിക്കൻ കമ്പിനിയാണ് ആ പഞ്ചനക്ഷത്രഹോട്ടലിന്റെ ഉടമസ്ഥർ. 39 നിലകളിലാണ് ഹോട്ടലും കാസിനോയും , ഷോപ്പുകളും സ്ഥിതി ചെയ്യുന്നത്. അഞ്ചരലക്ഷത്തോളം സ്ക്വയർ ഫീറ്റാണ് ചൂതുകളി സ്ഥലം മാത്രം. ഈ ലോകത്തിലെ ഏറ്റവും നല്ല ഹോട്ടലുകളിൽ ഒന്നായി ഇത് റിവ്യൂ ചെയ്യപ്പെട്ടിരിക്കുന്നു.

ഞങ്ങളുടെ രാത്രി ഭക്ഷണം അതിനകത്തുള്ള ഒരു റസ്റ്റോറന്റിലായിരുന്നു. ഇന്ത്യൻ രീതിയിലുള്ള ഊണു തന്നെയാണ് അവിടെയും കിട്ടിയത്. സ്പെഷ്യലായി പറഞ്ഞേൽപ്പിച്ചിരുന്നതാണ്. അവിടെ ഉണ്ടായിരുന്ന തിരുവനന്തപുരത്തു നിന്നു വന്ന ബോയ്സ് ഞങ്ങളോട് സംസാരിച്ചു. അവർ അവിടെ സംതൃപ്തരാണെന്നു പറഞ്ഞു. ജോലി ചെയ്യാൻ അല്ലലൊന്നുമില്ല. ധാരാളം മലയാളികൾ മറ്റു പല റസ്റ്റോറന്റുകളിലും ആ ഹോട്ടലിൽ തന്നെയുണ്ട്.

കൂട്ടുകാരിൽ ഒരാൾ എങ്ങിനേയോ ആദ്യം എത്തിപ്പെട്ടു. പിന്നീട് ഓരോരുത്തരെയായി ഇങ്ങോട്ടു കൊണ്ടു വന്നു. എല്ലാവരും ഹാപ്പി !

പിറ്റേന്ന് ഞങ്ങളുടെ ചൈനപര്യടനത്തിന്റെ അവസാന ദിവസമാണ്. വിശാലമായ ഹോട്ടൽ മുറി ഒന്നു ശരിക്കു കാണുവാൻ കൂടി സമയമില്ല. പുലർച്ചെ എഴുന്നേറ്റ് തയ്യാറാവണം. പ്രാതൽ അവിടെ തന്നെ കഴിച്ച് ചെക്ക് ഔട്ട് ചെയ്യുവാനാണ് പ്ലാൻ.

### ദിവസം 10

കണ്ണെത്താദൂരത്തോളം നിരന്നിരുന്ന വിവിധജാതി ഭക്ഷണപദാർത്ഥങ്ങളാണ് പ്രാതലിനു ചെന്ന ഞങ്ങളെ എതിരേറ്റത്. മലയാളികളായ റസ്റ്ററന്റ് ബോയ്സിനോട് സല്ലപിച്ച് ഞങ്ങൾ ചൈനയാത്രയുടെ അവസാന ദിവസം ആരംഭിച്ചു. യാത്രയിലുടനീളം സെൽഫികൾക്കും ഗ്രൂപ്പ് ഫോട്ടോകൾക്കും ലോഭമില്ലാതെ സമയവും ഊർജ്ജവും ചിലവഴിച്ചിരുന്ന ഞങ്ങൾ കലാശക്കൊട്ടു പോലെയാണ് അന്ന് ഫോട്ടോകൾ എടുത്തത്. ഭക്ഷണം അങ്ങേയറ്റം സ്വാദിഷ്ടമായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. ആവശ്യത്തിന് കുടിക്കാനുള്ള വെള്ളം കുപ്പികളിൽ സംഭരിച്ച് എയർപോർട്ടിലേക്ക് പോകുവാൻ ഞങ്ങളുടെ ബസ്സിൽ കയറിയപ്പോൾ 'ഒന്നായ നിന്നെ ഇഹ രണ്ടെന്നു കണ്ടതാണോ' എന്നു തോന്നുമാറ് പെട്ടികൾ ഇരട്ടിച്ചിരിക്കുന്നു പലർക്കും. പത്തു ദിവസം കൊണ്ട് വാങ്ങിക്കൂട്ടിയ സാധനങ്ങൾ പുതിയ പെട്ടികളിൽ സ്ഥാനം പിടിച്ചിരിക്കുന്നു. എങ്കിലും 'ഓ ഞങ്ങളൊന്നും വാങ്ങിയില്ല' എന്നു തന്നെ എല്ലാവരും ഉറപ്പിച്ചു പറയുന്നുണ്ടായിരുന്നു! പലതും വേണമെന്നു തോന്നിയെങ്കിലും എല്ലാം വാങ്ങിയില്ല എന്നായിരിക്കണം ഉദ്ദേശിച്ചത്. അവസാനമായി എയർപോർട്ടിലേക്കുള്ള യാത്രയിൽ ഗൈഡിന്റെ ശബ്ദം അത്ര കേട്ടില്ല എന്നോർക്കുന്നു. കൂട്ടത്തിൽ പറയട്ടെ നാലു സ്ഥലങ്ങളിൽ ഞങ്ങൾക്കു കിട്ടിയ ചൈനീസ് ഗൈഡുകളിൽ ഏറ്റവും നല്ലത് അവസാനത്തെ സ്ത്രീയായിരുന്നു, അതായത് മക്കാവുവിൽ കിട്ടിയത്. ആരും കേൾക്കാതെ ഞാനത് അവരോടു പറഞ്ഞപ്പോൾ ആ ഇടുങ്ങിയ കണ്ണുകളിൽ സന്തോഷത്തിന്റെ തിളക്കം കണ്ടു. അതുകണ്ട എനിക്കും തൃപ്തിയായി.

ശേഷിച്ച കുറച്ചു നിമിഷങ്ങൾ ഔപചാരികമായ നന്ദിപ്രകടനത്തിനും അനൗദ്യോഗികമായ സ്നേഹപ്രകടനങ്ങൾക്കുമുള്ളതായിരുന്നു. മക്കാവിൽ നിന്ന് ഹോങ്കോങ്ങിലേക്കും അവിടെ നിന്ന് സിംഗപ്പൂർ വഴി കൊച്ചിയിലേക്കുമുള്ള നീണ്ടയാത്ര അവസാനിക്കുമ്പോൾ രാത്രി പത്തു മണി കഴിഞ്ഞിരുന്നു. വീണ്ടും കാണാമെന്ന നല്ല വാക്കുകളോടെ നെടുമ്പാശ്ശേരിയിൽ വെച്ച് എല്ലാവരും പരസ്പരം യാത്ര പറഞ്ഞ് സ്വഗൃഹങ്ങളുടെ ഊഷ്മളതയിലേക്ക് നിറഞ്ഞ മനസ്സോടെ യാത്രയായി.

അങ്ങേയറ്റം ശ്രദ്ധയോടെ ഓരോ ചെറിയ കാര്യവും പരിഗണിച്ച് യാത്രയിലുടനീളം ചുക്കാൻ പിടിച്ചിരുന്ന കരയോഗം ജനറൽ സെക്രട്ടറി ശ്രീ. പി. രാമചന്ദ്രനും വൈസ് പ്രസിഡന്റ് ശ്രീ. മുരളീധരനും പത്ത് ദിവസംകൊണ്ട് ഞങ്ങൾ മനസ്സിൽ പുത്രസ്ഥാനം കൊടുത്ത് കുടിയിരുത്തിയ ഹോളിഡെ ഡിസ്ക്കവേഴ്സിലെ സൂരജും 45 പേരുടേയും ചൈനയാത്ര ഒരു വൻവിജയമാക്കുവാൻ വലിയ പങ്കു വഹിച്ചിട്ടുണ്ട്.

'ഓരോ യാത്രയുടെയും അന്തിമലക്ഷ്യം
പുതിയ ഭൂപ്രദേശങ്ങളല്ല, അവ കാണുവാൻ
പുതിയ കണ്ണുകളാണ്.'

പുതിയ കണ്ണുകളിൽ കൂടി ഞങ്ങൾ കണ്ട ടെസ്റ്റുബുക്കുകളിലെ പ്രഹേളികയായി മാത്രം അവശേഷിച്ചിരുന്ന ചൈന എന്ന രാജ്യത്തെ, ഞങ്ങൾ അറിയുന്നു : മേഡ് ഇൻ ചൈന എന്നത് ഗുണം കുറഞ്ഞത് എന്നതിന്റെ പര്യായമല്ല എന്ന്. കരയോഗത്തിനു നന്ദി .

# പഞ്ചഭൂതതത്ത്വം

പ്രൊ. അംബുജാക്ഷി. പി (ഫോൺ : 9447577652)

ഈ പ്രപഞ്ചത്തെപ്പറ്റിയുള്ള അന്വേഷണം ചെന്നെത്തുന്നത് 'പദാർഥം' എന്ന ചെറിയ ഒരു വാക്കിലാണ്. ഈ പ്രപഞ്ചത്തിലുള്ള എല്ലാ വസ്തുക്കളും പദാർഥം എന്ന ഒരു കൊച്ചുചെപ്പിൽ ഉൾക്കൊള്ളിച്ചിരിക്കുന്നുവെന്നു സാരം. എന്താണ് പദാർഥം?

'ദ്രവ്യ ഗുണകർമ്മ സാമാന്യ വിശേഷ സമവായ അഭാവ സപ്തപദാർഥാ:'

എന്നാണ് ഉത്തരം. ഇത്തരം ചിന്തകളിലൂടെ പ്രയാണം ചെയ്ത ഭൗതിക ശാസ്ത്രജ്ഞന്മാരാണ് ഈ നിർവ്വചനത്തിന്റെ അർഥവ്യാപ്തിയിൽ അത്ഭുതപ്പെടുന്നത്.

'ഭാരതീയ വേദോപനിഷത് തത്വങ്ങളിലേക്കു ശ്രദ്ധിക്കാൻ തുടങ്ങിയപ്പോഴാണ് ഞങ്ങളുടെ ചിന്താധാരകൾ എത്ര ബാലിശമാണെന്ന് ബോധ്യപ്പെട്ടത്. ഇതുവരെ പ്രപഞ്ചത്തെ മാറി നിന്നു വീക്ഷിച്ച ഞങ്ങൾക്ക്, ഞങ്ങൾ ഉൾപ്പെട്ട സർവ്വവും പ്രപഞ്ചത്തിൽ ഉൾപ്പെട്ടതാണെന്ന് ഉപനിഷത്ത് ബോധ്യമാക്കിത്തന്നു.'

ഇത് 1977 ൽ തെർമോ ഡൈനാമിക്സിൽ നോബൽ സമ്മാനം ലഭിച്ച 'ഇലിയ പ്രി ജോഗിൻ' എന്ന ശാസ്ത്രജ്ഞന്റെ വാക്കുകളാണ്. പദാർഥം, പ്രാണൻ, ആകാശം എന്നീ ആശയങ്ങൾ പ്രശസ്ത ഭൗതിക ശാസ്ത്രജ്ഞനായ 'നിക്കോളേ ടെസ്‌ല' യെ അദ്ഭുതപ്പെടുത്തിയിരുന്നു. കാരണം, ഭൗതിക ശാസ്ത്രത്തിന്റെ വികാസത്തിനു പറ്റിയ ആശയങ്ങളായിരുന്നു അവ. ഇനി നമുക്ക് പദാർഥത്തിലേക്ക് തിരിച്ചു വരാം. പദാർഥത്തിലെ ഒരവയവമാണ് ദ്രവ്യം.

'തത്ര ദ്രവ്യാണി പൃഥി വ്യപ്തേജോവായ്വാകാശകാലദിഗാത്മമനാംസിനവൈവ' പദാർഥത്തിൽപ്പെടുന്ന ദ്രവ്യത്തിന് പൃഥിവീ, അപ്, തേജസ്, വായു, ആകാശം, കാലം, ദിക്ക്, ആത്മ , മനസ്സ് എന്ന് ഒമ്പത് വിഭാഗങ്ങളുണ്ട്. സപ്ത പദാർഥങ്ങളിൽ ഉൾപ്പെട്ട ദ്രവ്യത്തിന്റെ ഒമ്പത് അവയവങ്ങളിലുള്ള ആദ്യത്തെ പഞ്ചകമാണ് പഞ്ചഭൂതം. പരമാണു സിദ്ധാന്തവും സൃഷ്ടിയുമൊക്കെ ഇതിൽ വർണ്ണിക്കപ്പെടുന്നു എന്നതാണ് ആധുനിക ശാസ്ത്രജ്ഞരെ വിസ്മയിപ്പിക്കുന്ന കാര്യം.

പ്രപഞ്ചശക്തിക്ക് സത്വം, രജസ്, തമസ് എന്ന് മൂന്നു ഗുണങ്ങൾ ഉണ്ട്. അതിൽ തമോഗുണത്തിന് ആവരണം, വിക്ഷേപം, എന്ന രണ്ടു ശക്തികളും. വിക്ഷേപശക്തിയിൽ നിന്ന് ആകാശം, ആകാശത്തിൽ നിന്നും വായു, വായുവിൽ നിന്ന് അഗ്നി, അഗ്നിയിൽ നിന്ന് ജലം, ജലത്തിൽ നിന്ന് ഭൂമി എന്ന ക്രമത്തിലാണ് സൃഷ്ടി. ആകാശത്തിന് ശബ്ദം എന്ന ഗുണം മാത്രമേ ഉള്ളൂ. വായുവിന് ശബ്ദവും സ്പർശവും ഉണ്ട്. അഗ്നിക്കാകട്ടെ ശബ്ദം, സ്പർശം, രൂപം, എന്ന് മൂന്നു ഗുണങ്ങളും ജലത്തിന് ശബ്ദം, സ്പർശം, രൂപം, രസം എന്ന് നാലു ഗുണങ്ങളും, പൃഥിവിക്ക് ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം എന്ന് അഞ്ചു ഗുണങ്ങളും ആണുള്ളത്. ഈ പഞ്ചഭൂതങ്ങളുടെ വിവിധ ആകൃതിയിലുള്ള പ്രകടിതഭാവത്തെയാണ് ബ്രഹ്മാണ്ഡം എന്ന് പറയുന്നത്. നമ്മുടെ പൂർവ്വസൂരികൾ, സൃഷ്ടിയുടെ അതിഗഹനമായ തലങ്ങളിലേക്ക് നടത്തിയ ഈ അന്വേഷണം ആധുനിക ശാസ്ത്രലോകത്തെ അമ്പരപ്പിക്കുന്നു!

## നമുക്ക് ഭൂമിയിൽ നിന്ന് തുടങ്ങാം

ഭൂതപഞ്ചകത്തിൽ ഏറ്റവും താഴ്ന്ന പടിയിലുള്ളതാണ് ഭൂമി. 'ഗന്ധവതീ പൃഥിവീ' എന്നാണ് നിർവചനം.

പൃഥിവി (ഭൂമി)

നിത്യമായ പരമാണു രൂപം | അനിത്യമായ കാര്യ രൂപം

നിത്യമായ പരമാണു രൂപം, അനശ്വരമാണ്. എന്നാൽ അനിത്യമായ കാര്യരൂപത്തിന് വീണ്ടും വിഭാഗങ്ങളുണ്ട്.

### അനിത്യാ കാര്യരൂപാ പൃഥിവീ

| ശരീരം | ഇന്ദ്രിയം | വിഷയം |
|---|---|---|
| ശരീരം എല്ലാ ജീവജാലങ്ങളും | ഇന്ദ്രിയം മൂക്കിന്റെ തുമ്പത്തുള്ള, ഗ്രന്ഥ ഗ്രാഹിയായ ഘ്രാണം | എല്ലാ ഉപ ഭോഗസാധനങ്ങളും വിഷയങ്ങളാണ്. |

ഇനി ജലത്തിന്റെ വിവരണമാണ്. ശീതസ്പർശമാണ് അപ്പിന്റെ (ജലം) ലക്ഷണം

### അപ് (ജലം)

| നിത്യം പരമാണുരൂപം | അനിത്യം കാര്യ രൂപം |
|---|---|
| നിത്യം അനശ്വരമാണ്. | |

അനിത്യമായ കാര്യരൂപത്തിന് മൂന്നു വകഭേദങ്ങൾ ഉണ്ട്.

### അനിത്യകാര്യരൂപാ അപ് (ജലം)

| ശരീരം | ഇന്ദ്രിയം | വിഷയം |
|---|---|---|
| ശരീരം വരുണ ലോക ത്തിലാണ് | ഇന്ദ്രിയം നാക്കിന്റെ അറ്റത്തുള്ള രസഗ്രാഹിയായ രസന | പുഴ, സമുദ്രം മുതലായ ജലാ ശയങ്ങളാണ് വിഷയം. |

ഉഷ്ണസ്പർശവത്തായ തേജസ്സിനും (അഗ്നി) നിത്യമായ പരമാണുരൂപവും അനിത്യമായകാര്യ രൂപവും ഉണ്ട്.

### തേജസ്

| നിത്യം പരമാണുരൂപം | അനിത്യം കാര്യ രൂപം |
|---|---|

അനിത്യകാര്യരൂപമായ അഗ്നിയെ വീണ്ടും മൂന്നായി വിഭജിക്കുന്നു.

### അനിത്യം കാര്യരൂപം തേജസ്

| ശരീരം | ഇന്ദ്രിയം | വിഷയം |
|---|---|---|
| ശരീരം ആദിത്യ ലോകത്തിലാണ് | കൃഷ്ണമണിയിൽ സ്ഥിതിചെയ്യുന്ന രൂപഗ്രാഹകമായ ചക്ഷുസ്സാണ് ഇന്ദ്രിയം. | |

വിഷയം:

| ദിവ്യം | ഭൗമം | ജഠരം | ആകരജം |
|---|---|---|---|

തേജസ്സിന്റെ വിഷയവൈവിധ്യം നമ്മെ അത്ഭുതപ്പെടുത്തുന്നു. ജലകണങ്ങളിൽ നിന്നുണ്ടാകുന്ന വൈദ്യുതി മിന്നലാണ് ദിവ്യമായ ഇന്ധനം. ഭൗമവസ്തുക്കളായ ഇന്ധനങ്ങളിൽ നിന്നുണ്ടാകുന്ന അഗ്നി ഭൗമാഗ്നിയാണ്. ഭക്ഷണത്തെ ദഹിപ്പിക്കുന്ന ജഠരാഗ്നിയാണ് ഔദര്യാഗ്നി. ഖനികളിൽ നിന്ന് കുഴിച്ചെടുക്കുന്ന സുവർണാദികൾ ആകരജാഗ്നിയും. ഊർജ്ജവും അഗ്നിയും എത്രത്തോളം ബന്ധപ്പെട്ടു കിടക്കുന്നുവെന്ന് പുരാതനകാലം മുതൽക്കേ നമ്മുടെ മഹർഷിമാർ മനസ്സിലാക്കിയിരുന്നു. ലോഹങ്ങളെ അഗ്നി വിഷയങ്ങളായിക്കണ്ടതും നമ്മുടെ ധീഷണാശാലികളായ പൂർവ്വികർതന്നെ!

രൂപരഹിത സ്പർശവാൻ വായു : എന്ന് വായുവിനെ നിർവ്വചിച്ചിരിക്കുന്നു.

**വായു**

നിത്യപരമാണുരൂപം | അനിത്യകാര്യരൂപം

ശരീരം വായുലോകത്തിൽ | ഇന്ദ്രിയം സർവ ശരീര വർത്തിയായത്വക് | വിഷയം വൃക്ഷാദികമ്പന ഹേതുവാണ്.

ശരീരത്തിന്നകത്തു സഞ്ചരിക്കുന്ന വായുവിന് പല ഉപാധികൾ ഉള്ളതുകൊണ്ട് പല പേരുകൾ ഉണ്ട്.

1. ശ്വാസോച്ഛ്വാസം ചെയ്യുന്നത് **പ്രാണൻ.**
2. ജലം മുതലായവയെ താഴോട്ടു കൊണ്ടു പോകുന്നത് **അപാനൻ**. മലം, മൂത്രം എന്നിവയെ താഴോട്ട് കൊണ്ടുപോയി പ്രാണികളെ ജീവിപ്പിക്കുന്നു.
3. ദഹനാഗ്നിയുമായി സമുന്നയിക്കുന്നതിനാൽ-അന്നത്തെ ദഹിപ്പിക്കുന്നതിനാൽ **സമാനൻ**
4. നാഡീമുഖങ്ങളിൽ വിതനനം ചെയ്യുന്നതിനാൽ, ശരീരം മുഴുവൻ വ്യാപിച്ച് വിയർപ്പുണ്ടാക്കി രക്തം ശുദ്ധീകരിക്കുന്നതിനാൽ **വ്യാനൻ.**
5. അന്നാദേരൂർധ്വ നയനാത് ഉദാനൻ: ശബ്ദാദികളെ മുകളിലേക്ക് നയിക്കുന്നതിനാൽ **ഉദാനൻ** എന്ന പേർ.

**വൃക്ഷാദികമ്പനഹേതുവായ വായു 49 വിധത്തിലുണ്ടെന്ന് പുരാണങ്ങൾ പറയുന്നു.**

**ആകാശം :** ശബ്ദഗുണമാണാകാശം. 'തത്പ ഏകം വിഭു: നിത്യംച.'

വിഭുവും നിത്യവുമായ ആകാശം ശബ്ദ ഗുണമുള്ളതും സർവ്വ വ്യാപിയും നിത്യവുമാണ്. ഈ ഒരേ ഒരു അനശ്വര ദ്രവ്യം ശബ്ദത്തെയും ഊർജ്ജത്തെയും വഹിക്കുന്നു. അതീന്ദ്രിയ ധ്യാനാവസ്ഥയിലുള്ളവർക്ക് അലൗകികമായ ഈ ആദിമശബ്ദം-ഓങ്കാരം കേൾക്കാൻ സാധിക്കുമത്രെ. ജീവാത്മാവിനേയും പരമാത്മാവിനേയും യോജിപ്പിക്കുന്ന ഓങ്കാരമാണ് ആകാശത്തിന്റെ ശബ്ദം. നുമുക്കു ചുറ്റും നമ്മെ ഉൾക്കൊണ്ടു കൊണ്ടും ചിലപ്പോൾ നമ്മളായി മാറിക്കൊണ്ടും വ്യാപിച്ചു കിടക്കുന്ന ഈ പഞ്ചഭൂതങ്ങളെ കണ്ടെത്താനും പഠിക്കാനുമുള്ള, ഭാരതീയാചാര്യന്മാരുടെ ശ്രമങ്ങളാണ് ഭൗതികശാസ്ത്രജ്ഞരെ ഏറെ അത്ഭുതപ്പെടുത്തുന്നത് എന്ന് നമുക്ക് അഭിമാനിക്കാം.

കവിത

# എന്റെ ബാല്യം



**സജ്ഞന ഇന്ദുചൂഡൻ**

മഴയിലും വെയിലിലും, കുന്നിൻ ചെരുവിലും
ആടിക്കളിച്ചതാണെന്റെ ബാല്യം
മലയുടെ താഴെയൊഴുകുന്ന പുഴയിലേ
ക്കോടിച്ചാടിയതാണെന്റെ ബാല്യം

കൂട്ടുകാർക്കൊപ്പം കളിച്ചും ചിരിച്ചു മാ-
പാടവരമ്പിലൂടോടി ഞങ്ങൾ
പട്ടം പറത്തിയും പന്തു കളിച്ചും
രസിച്ചു നടന്നതാണെന്റെ ബാല്യം.

വലിയൊരു മൈതാനത്തോടി നടന്നു
പാട്ടുകൾ പാടിനടന്നു ഞങ്ങൾ
കിളിയുടെ പാട്ടിന്റെ ഈണത്തിനൊപ്പം
നൃത്തം ചവിട്ടി രസിച്ചു ഞങ്ങൾ

മുത്തശ്ശൻ നൽകിയ നല്ല പാഠങ്ങളും
മുത്തശ്ശി പറയുന്ന പഴങ്കഥയും
അമ്മായി പാടുന്ന പാട്ടിന്റെ വരികളും
മൂളിനടന്നുഞാനന്നുതൊട്ടേ

മണ്ണപ്പം ചുട്ടുകളിക്കുന്ന ഞങ്ങളിൽ
കളിയുടെ രസമാണ് എപ്പോഴും
മണ്ണിൻ സുഗന്ധം പരത്തുന്ന ഗ്രാമത്തിൻ
മാറത്തു ചാഞ്ഞതാണെന്റെ ബാല്യം.

ബാല്യമാണേതൊരു കുട്ടിതൻ മനസ്സിലും
സന്തോഷം നിറയ്ക്കുന്ന ജീവകാലം
ബാല്യം നാം നന്നായി ആസ്വദിച്ചീടണം
പൊയ്പ്പോയാൽ പിന്നെ ലഭിക്കാത്ത ബാല്യം.

# കൊതുകുജന്യരോഗങ്ങൾ

**ഡോ. പാർവ്വതി. കെ. എസ്**

ഏകദേശം 25000 ൽ പരം ഇനത്തിൽപ്പെട്ട കൊതുകുകൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കണ്ടു വരുന്നു. വിവിധ ഇനത്തിൽപ്പെട്ട കൊതുകുകൾ വ്യത്യസ്തങ്ങളായ രോഗങ്ങൾ പരത്തുന്നു. കേരളത്തിൽ പ്രധാനമായും നാലു ജനുസിൽപെട്ട കൊതുകുകളാണ് കാണുന്നത്.

1. ഈഡിസ് കൊതുകുകൾ (Aedes Mosquito)
2. അനോഫിലിസ് കൊതുകുകൾ (Anopheles Mosquito)
3. ക്യൂലക്സ് കൊതുകുകൾ (Culex Mosquito)
4. മാൻസോനിയ കൊതുകുകൾ (Mansonia Mosquito)

**1. ഈഡിസ് കൊതുകുകൾ :**

ഈഡിസ് ജനുസ്സിൽപെട്ട കൊതുകുകൾ സാധാരണയായി ഉഷ്ണമേഖലാ പ്രദേശങ്ങളിലാണ് കണ്ടുവരുന്നത്. കേരളത്തിൽ എല്ലാ ജില്ലകളിലും ഈഡിസ് കൊതുകുകളുണ്ട്. ഈഡിസ് കൊതുകുകൾ കൃത്രിമമായ ജലശേഖരങ്ങളിലാണ് മുട്ടയിട്ട് പെരുകുന്നത്. പൊട്ടിയ പാത്രങ്ങൾ, ചിരട്ടകൾ, ഉപയോഗശൂന്യമായ ടയറുകൾ, പ്ലാസ്റ്റിക് പാത്രങ്ങൾ, കളിക്കോപ്പുകൾ തുടങ്ങി വെള്ളം കെട്ടിനിൽക്കുന്ന എല്ലായിടത്തും ഈ കൊതുകുകൾ മുട്ടയിട്ട് പെരുകുന്നു. വെള്ളം കെട്ടിനിൽക്കുന്ന ടെറസ്, സൺഷെയ്ഡുകൾ, ചെടിച്ചട്ടികൾ, റബ്ബർ പാൽ ശേഖരിക്കുന്ന ചിരട്ടകൾ വെള്ളം ശേഖരിക്കുന്ന പാത്രങ്ങൾ എന്നിവയിലും ഈഡിസ് കൊതുകുകൾ മുട്ടയിടുന്നു. ചിക്കുൻ ഗുനിയ, ഡെങ്കു എന്നീ രോഗങ്ങൾ ഈ കൊതുകുകളാണ് പരത്തുന്നത്. കറുപ്പിൽ വെളുത്ത വരകളും കുത്തുകളുമുള്ള ഈ കൊതുകുകളെ പെട്ടെന്ന് തിരിച്ചറിയാൻ സാധിക്കും.

ഇത്തരം കൊതുകുകൾ പകൽ സമയത്താണ് കടിക്കുന്നത്. ഈ കൊതുകുകൾ 100 മീറ്റർ മാത്രമേ സാധാരണമായി പറക്കാറുള്ളു. ഈ കൊതുകുകളുടെ സാന്നിദ്ധ്യം തൊട്ടടുത്ത പ്രദേശങ്ങളിൽ വെള്ളം കെട്ടി നിൽക്കുന്നു എന്നതിന്റെ തെളിവാണ്.

**2. അനോഫിലിസ് കൊതുകുകൾ :**

അനോഫിലിസ് ജനുസ്സിൽ പെട്ട കൊതുകുകൾ ശുദ്ധജലത്തിലാണ് മുട്ടയിട്ട് പെരുകുന്നത്. വെള്ളം ശേഖരിക്കുന്ന ടാങ്കുകളിലും കിണറുകളിലും ഒഴുക്കുള്ള വെള്ളത്തിലുമാണ് ഇവ മുട്ടയിട്ട് പെരുകുന്നത്. അനോഫിലിസ് കൊതുകുകളാണ് മലേറിയ രോഗം പരത്തുന്നത്.

**3. ക്യൂലക്സ് കൊതുകുകൾ:**

ക്യൂലക്സ് കൊതുകുകൾ കേരളത്തിലെ എല്ലാ സ്ഥലങ്ങളിലും കാണുന്നു. അഴുക്കുചാലുകളിലേയും ഓടകളിലേയും കെട്ടി നിൽക്കുന്ന വെള്ളത്തിലാണ് ക്യൂലക്സ് കൊതുകുകൾ മുട്ടയിട്ട് പെരുകുന്നത്. ശക്തിയുള്ള ചിറകുകളുള്ള ഈ കൊതുകുകൾക്ക് വളരെ ദൂരം പറക്കാൻ കഴിയുന്നു. മന്ത് രോഗം, ജപ്പാൻ ജ്വരം എന്നിവ പരത്തുന്നത് ക്യൂലക്സ് കൊതുകുകളാണ്. ഈ കൊതുകുകൾ രാത്രി കാലങ്ങളിലാണ് മനുഷ്യരെ കടിക്കുന്നത്.

**4. മാൻസോനിയ കൊതുകുകൾ :**

മാൻസോനിയ കൊതുകുകൾ വളരെ വലുതും കറുത്ത നിറത്തിലുള്ളതുമാണ്. ഇവ വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന ചെടികളുള്ള കുളങ്ങളിലും കായലുകളിലുമാണ് മുട്ടയിട്ട് പെരുകുന്നത്. മന്ത്, ചിക്കൻഗുനിയ എന്നിവ പരത്തുന്നത് ഇത്തരം കൊതുകുകളാണ്.

---

**അന്തരീക്ഷം**

**(63-ാം പേജിൽ നിന്ന് തുടർച്ച)**

അന്തരീക്ഷം അതിവേഗം തണുക്കുമ്പോഴാണ് മേഘങ്ങളുണ്ടാകുന്നത്. ഒരു ന്യൂനമർദ്ദം സംഭവിക്കുമ്പോൾ താഴെയുള്ള വായു പെട്ടെന്ന് മുകളിലേക്കുയരുന്നു. പൊടുന്നനെയുള്ള ഈ വികാസം മൂലം വായു പെട്ടെന്നു തണുക്കുന്നു. ഇത് മേഘരൂപീകരണത്തിനു കാരണമാകുകയും തുടർന്നു മഴ പെയ്യുകയും ചെയ്യും.

മറ്റൊന്ന് ഒരു ചുഴലി രൂപപ്പെടുമ്പോൾ അതിനു ചുറ്റുമുള്ള വായുവും മുകളിലേക്കുയരുന്നു. ഇതുണ്ടാക്കുന്ന തണുപ്പും മേഘരൂപീകരണത്തിനു കാരണമാണ്. ഇതും തുടർന്നുള്ള കനത്ത മഴയ്ക്കു സഹായകമാകുന്നു.

വായു പെട്ടെന്നു വികസിക്കുമ്പോൾ അതിനു വേണ്ട ഊർജ്ജം അതിൽ നിന്നു തന്നെ സ്വീകരിക്കപ്പെടുകയും പരിസരം പെട്ടെന്നു തണുക്കുകയും ചെയ്യുന്നു. തണുക്കുമ്പോൾ വായു ജല ബാഷ്പത്താൽ പൂരിതമാകുകയും ചെറു കണികകളിൽ അത് സാന്ദ്രീകരിക്കപ്പെടുകയും ചെയ്യും. ഇതു വലിയതുള്ളിയായി മാറി ഭൂമിയിലേയ്ക്കു മഴയായി പതിക്കും. ചിലപ്പോൾ ചില സന്ദർഭങ്ങളിൽ ശീതീകരണം സംഭവിച്ചാൽ മഴയോടൊപ്പം ആലിപ്പഴവും പൊഴിയും.

മേഘങ്ങളെ അവയുടെ ഉയരം, ഘടന, രൂപം, വലുപ്പം എന്നെല്ലാം കണക്കാക്കി പ്രധാനമായും ഏഴായി തരം തിരിച്ചിട്ടുണ്ട്.

*തുടർച്ച*

# നരസിംഹം

**പി. ജയരാമൻ, മാനേജ്മെന്റ് കൺസൾട്ടന്റ്, കൊച്ചി**

## സമ്പദ് വ്യവസ്ഥയെ രക്ഷപ്പെടുത്തൽ

1991 ൽ നരസിംഹറാവു പ്രധാനമന്ത്രിയായപ്പോൾ രാജ്യം ഗുരുതരമായ ഒരു സാമ്പത്തിക പ്രതിസന്ധി നേരിടുകയായിരുന്നു. കടബാധ്യത തീർക്കുന്നതിൽ വീഴ്ച വരുത്തുന്നതിന്റെ വക്കിലെത്തി നിൽക്കുകയായിരുന്നു. നമ്മുടെ സ്വർണ്ണശേഖരം പണയപ്പെടുത്തി ബാങ്ക് ഓഫ് ഇംഗ്ലണ്ടിൽ നിന്ന് കടബാധ്യത നിറവേറ്റാൻ തൽക്കാലം ആവശ്യമുള്ള വിദേശനാണ്യം തേടുകയായിരുന്നു. ജൂൺ മാസം ആയപ്പോഴേക്കും പ്രതിസന്ധിതരണം ചെയ്യുന്നതിനായി ഒരു അടിയന്തിര വായ്പക്കായി അന്താരാഷ്ട്ര ധനനിധി (IMF) യെ സമീപിക്കാൻ നിർബന്ധിതരായിത്തീർന്നു. അന്നത്തെ നമ്മുടെ വിദേശ കരുതൽ ധനം കേവലം രണ്ടാഴ്ചയിലെ ഇറക്കുമതിക്കു ആവശ്യമായത് മാത്രമേ ഉണ്ടായിരുന്നുള്ളൂ . ഐ.എം.എഫ് സഹായം ലഭ്യമാകണമെങ്കിൽ പല സാമ്പത്തിക പരിഷ്ക്കാരങ്ങൾ നടപ്പിൽ വരുത്തേണ്ടതുണ്ടായിരുന്നു. കോൺഗ്രസ്സ് പാർട്ടിയുടേത് ഒരു ന്യൂനപക്ഷ സർക്കാർ ആയിരുന്നതിനാൽ പരിഷ്ക്കാരങ്ങൾ എളുപ്പമായിരുന്നില്ല. കൂടാതെ നെഹറുവിന്റേയും, ഇന്ദിരാഗാന്ധിയുടേയും പാർട്ടിക്ക് ജനങ്ങളുടെ മുൻപിൽ സോഷ്യലിസത്തോടുള്ള പ്രതിജ്ഞാബദ്ധത ഉപേക്ഷിക്കാൻ ബുദ്ധിമുട്ടായിരുന്നു.

മൻമോഹൻ സിങ്ങിനെ ധനകാര്യമന്ത്രിയാക്കിയപ്പോൾ അദ്ദേഹം പ്രധാനമന്ത്രിയുടെ പൂർണ്ണ പിന്തുണ തേടി. റാവുവിന്റെ മറുപടി ഇപ്രകാരമായിരുന്നു. 'നിങ്ങൾക്ക് പൂർണ്ണ പ്രവർത്തന സ്വാതന്ത്ര്യം ഉണ്ടായിരിക്കും. നയങ്ങൾ വിജയിച്ചാൽ നമുക്കെല്ലാം അതിന്റെ കീർത്തി പങ്കിടാം. മറിച്ച് അവ പരാജയപ്പെട്ടാൽ നിങ്ങൾ പോകേണ്ടി വരും'. നാണ്യം മേലോട്ട് എറിയുമ്പോൾ, 'തല ലഭിച്ചാൽ ഞാൻ ജയിക്കും, വാലാണെങ്കിൽ നിങ്ങൾ തോൽക്കും' എന്ന് പറയുന്നതു പോലെയായിരുന്നു ഏതാണ്ട് റാവുവിന്റെ പ്രതികരണം. നടപ്പിലാക്കിയ സാമ്പത്തിക പരിഷ്കാരങ്ങളും, പിന്നീടുണ്ടായ സംഭവവികാസങ്ങളും, ഇപ്പോൾ ചരിത്രത്തിന്റെ ഭാഗമായിട്ടുണ്ട്. രൂപയുടെ മൂല്യശോഷണം, നിഷേധാർഹമായ ഒരു ചെറിയ പട്ടിക ഒഴികെ ബാക്കി എല്ലാ വ്യവസായ സംബന്ധിയായ ലൈസൻസുകളും റദ്ദാക്കൽ, കയറ്റുമതി ഇറക്കുമതി നയങ്ങളുടെ സമ്പൂർണ്ണ അഴിച്ചുപണി, സബ്സിഡികളുടെ ഗുരുതരമായ വെട്ടിച്ചുരുക്കൽ, വിദേശ മുതൽ മുടക്ക് അനായാസമാക്കിത്തീർക്കൽ, പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിൽപ്പന, തുടങ്ങിയവ അവയിൽ പ്രാമുഖ്യമുള്ളവയായിരുന്നു. നെഹ്റു വിഭാവനം ചെയ്ത 1956 ലെ വ്യവസായ നയ പ്രമേയത്തിന്റെ ചുവടുവെച്ചാണ് പുതിയ വ്യവസായ നയം ആവിഷ്കരിച്ചിരിക്കുന്നത് എന്ന് വാദിച്ചുകൊണ്ട് റാവു അതിനെ പ്രതിരോധിച്ചു. ആ വാദം തികച്ചും ശരിയായിരുന്നില്ല: എന്നിരുന്നാലും പുതിയ തുടക്കങ്ങൾ കോൺഗ്രസ്സ് പാർട്ടിക്കകത്ത് സ്വീകാര്യമാക്കാൻ റാവുവിന്റെ യുക്തി സഹായകമായി. കമ്മ്യൂണിസ്റ്റുകാർ പുതിയ സാമ്പത്തിക നയങ്ങളെ നഖശിഖാന്തം എതിർത്തു. കോൺഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രി (IIC) യുടെ തരുൺ ദാസ് അഭിപ്രായപ്പെട്ട പോലെ, 'റാവു തന്ത്രശാലിയും , നിപുണനുമായിരുന്നു. എന്താണ് ചെയ്യേണ്ടതെന്നും എങ്ങിനെയാണ് ചെയ്യേണ്ടതെന്നും തമ്മിലുള്ള വ്യത്യാസം അദ്ദേഹം മനസ്സിലാക്കിയിരുന്നു'.

1991 ൽ റാവു പ്രധാനമന്ത്രിയായി ചുമതലയേറ്റപ്പോൾ രാജ്യത്തിന്റെ സമ്പത്ത് വ്യവസ്ഥ ഏതാണ്ട് വീണിടിഞ്ഞിരുന്നു. 1996 ആയപ്പോഴേക്കും സമ്പത്ത് വ്യവസ്ഥ വർഷത്തിൽ 7.5% വളർച്ച നേടിയിരുന്നു. 1991 ൽ ഇൻഡ്യയിലെ മധ്യവർഗ്ഗക്കാർ ഏതാണ്ട് മൂന്നു കോടി മാത്രമായിരുന്നു. 2013 ആയപ്പോഴേക്കും അത് പത്തിരട്ടി ഉയർന്ന് 30 കോടിയിലെത്തിയിരുന്നു. നരസിംഹറാവു അധികാരമേറ്റപ്പോൾ സബ്സിഡികൾ സർക്കാരിന്റെ മൊത്തം ചിലവിന്റെ 11% ആയിരുന്നു. 1996 ൽ റാവു സ്ഥാനമൊഴിഞ്ഞപ്പോൾ സബ്സിഡികളുടെ പങ്ക് 7.5% മായി ചുരുങ്ങിയിരുന്നു. 5 വർഷങ്ങൾക്കുള്ളിൽ സർക്കാർ വരുമാനത്തിൽ 22% വർദ്ധനയുണ്ടായി. അദ്ദേഹത്തിന്റെ ഏറ്റവും മികച്ച സംഭാവന വിദ്യാഭ്യാസ രംഗത്തായിരുന്നു. 1990 ൽ വിദ്യാഭ്യാസത്തിന് കേന്ദ്രസർക്കാർ ചിലവഴിച്ചത് 951 കോടി രൂപയായിരുന്നു. 1995 ആയപ്പോഴേക്കും അത് ഇരട്ടിയിലേറെയായി 2042 കോടിയിലെത്തിയിരുന്നു. വികേന്ദ്രീകരണവും , താഴെതട്ടിൽ നിന്നു തുടങ്ങുന്ന ആസൂത്രണവും, അഴിമതി നിർമാർജ്ജനം ചെയ്യുന്നതിന് ഉതകുമെന്നു റാവു മനസ്സിലാക്കി. രാഷ്ട്രീയ ശാസ്ത്രജ്ഞനായിരുന്ന ജയിംസ് മാനർ നരസിംഹറാവുവിനോട് തന്റെ പ്രത്യയശാസ്ത്രപരമായ പ്രവണതകളെക്കുറിച്ചാരാഞ്ഞു. എന്റെ മാതൃക മാർഗ്രേറ്റ് താച്ചർ അല്ല , വില്ലിബ്രാന്റ് (സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടി നേതാവും, ജർമ്മൻ ചാൻസലറും,

നോബൽ സമ്മാന ജേതാവും) ആണ്. ഞാൻ Trickle down economics ൽ (സാവധാനം, താഴേക്ക്, ഇറ്റിറ്റ് വീഴുന്ന സമ്പത്ത്) വിശ്വസിക്കുന്നില്ല. യൂറോപ്പിലെ ക്ഷേമരാഷ്ട്രങ്ങളിൽ (ഉദാഹരണത്തിന്, നോർവ്വെ, സ്വീഡൻ, ഫിൻലന്റ്, തുടങ്ങിയ സ്കാൻഡിനേവിയൻ രാജ്യങ്ങൾ) സ്വകാര്യ മുതലാളിത്വം പ്രോത്സാഹിപ്പിക്കുന്നു. അതേ സമയം നികുതി വരുമാനം വർദ്ധിപ്പിച്ച്, കൂടിയ വരവിൽ നല്ല പങ്ക് വിദ്യാഭ്യാസത്തിനും, സമൂഹത്തിന്റെ താഴേ തട്ടിലുള്ളവരുടെ ഉന്നനത്തിനും വേണ്ടി ചിലവിടുന്നു. സ്ഥിതിസമത്വ വ്യവസ്ഥയിൽ (Socialism) ഊന്നിയുള്ള ജനാധിപത്യം , പണക്കാരനും പാവപ്പെട്ടവനും തമ്മിലുള്ള അന്തരം കുറക്കുന്നു. വളർച്ചയും, വിതരണവും തോളോടു തോൾ ചേർന്നു മുന്നോട്ട് കൊണ്ടു പോകുന്നു.

## ബാബ്റി മസ്ജിദിന്റെ പതനം

1992 ഡിസംബർ 6 ന് ബാബറി മസ്ജിദ് ഇടിച്ച് പൊളിക്കുന്നത് ടെലിവിഷലിൽ കണ്ട ഉടനെ നരസിംഹറാവുവിന്റെ സ്വകാര്യ ഡോക്ടറായിരുന്ന ശ്രീനാഥ് റെഡ്ഡി , പ്രധാനമന്ത്രിയുടെ വസതിയിലേക്ക് പാഞ്ഞു. അവിടെ എത്തിയ ഉടനെ ഡോക്ടർ റാവുവിന്റെ നാഡീസ്പന്ദനവും, രക്തസമ്മർദ്ദവും പരിശോധിച്ചു. അവ രണ്ടും ഉയർന്ന നിലയിലായിരുന്നു. ചികിത്സകൻ പിന്നീടു ഇപ്രകാരം പ്രസ്താവിച്ചു. 'പള്ളി പൊളിച്ചതിലുള്ള പ്രധാനമന്ത്രിയുടെ വ്യക്തിപരമായ പ്രതികരണം സത്യസന്ധമായ അസ്വസ്ഥതയായിരുന്നു. അത് ആസൂത്രണം ചെയ്ത ഒരു വ്യക്തിയുടേയോ, അതിൽ പങ്കാളിയായ ഒരാളുടേയോ മനോനിലയായിരുന്നില്ല. ശരീരത്തിന് കള്ളം പറയാൻ കഴിയില്ല'.

ഈ അദ്ധ്യായത്തിൽ ഗ്രന്ഥകർത്താവ് ബാബറി മസ്ജിദ് പൊളിക്കുന്നത് തടയാൻ റാവു കൈക്കൊണ്ട നടപടികൾ വിശദമായി വിവരിക്കുന്നുണ്ട്. അദ്ദേഹം നിരവധി ഹിന്ദു സംഘടനകളുമായും, ബി.ജെ.പി. നേതാക്കളുമായും മറ്റും ചർച്ചകൾ നടത്തിയിരുന്നു. ബി.ജെ.പി.മുഖ്യമന്ത്രി കല്ല്യാൺ സിങ്ങിനേയും അദ്ദേഹം കോടതിക്കു നൽകിയ വാഗ്ദാനത്തേയും, റാവു അന്ധമായി വിശ്വസിച്ചു. നിർഭാഗ്യവശാൽ, ബാബറിമസ്ജിദ് പൊളിക്കാൻ റാവു മൗനാനുവാദം നൽകിയെന്ന് പല കോൺഗ്രസ്സ്കാരും കരുതി. കോൺഗ്രസ് നേതാവ് ജയറാം രമേഷിന്റെ അഭിപ്രായത്തിൽ 'ബാബറി മസ്ജിദിനെ നശിപ്പിച്ചതിന് റാവു കൂട്ടുനിന്നിരുന്നെന്ന് കോൺഗ്രസ് പാർട്ടിയിലുള്ള 99.99% പേരും വിശ്വസിച്ചിരുന്നു'. റാവുവിന്റെ പങ്കിനെക്കുറിച്ച് കോൺഗ്രസ്സിൽ വലിയ വിമർശനം ഉയർന്നിരുന്നു. 'ഗാന്ധി കുടുംബം (1992 ൽ) രാഷ്ട്രീയത്തിൽ സജീവമായിരുന്നെങ്കിൽ ബാബറിമസ്ജിദ് പൊളിക്കുമായിരുന്നില്ല' എന്ന് രാഹുൽ ഗാന്ധി പരസ്യമായി പിന്നീട് പ്രസ്താവിച്ചു. കോൺഗ്രസ്സിൽ റാവു ആരുമല്ലാതായിത്തീർന്നതിനുള്ള ഒരു പ്രധാന കാരണം ഈ തെറ്റിദ്ധാരണയായിരിക്കാം.

ഗ്രന്ഥകർത്താവിന്റെ നോട്ടത്തിൽ റാവു ഉത്തർപ്രദേശിൽ നവംബറിൽ തന്നെ പ്രസിഡന്റ് ഭരണം ഏർപ്പെടുത്താഞ്ഞത് തികച്ചും തെറ്റായ തീരുമാനമായി കണക്കാക്കണം. സംസ്ഥാന സർക്കാർ ആ മഹാ വിപത്ത് ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാനിടയില്ലെന്ന് പലരും കരുതിയിരുന്നു. തീരുമാനങ്ങൾ നീട്ടിവയ്ക്കൽ നരസിംഹറാവുവിന്റെ വ്യക്തിത്വത്തിലുള്ള ഒരു വൈകല്യമായി കണക്കാക്കാം. അവസാനവിശകലനത്തിൽ, ബാബറി മസ്ജിദ് പൊളിച്ചതിന്റെ ശാശ്വതമായ രാഷ്ട്രീയ ബലിയാട് നരസിംഹറാവു തന്നെയായിരുന്നു.

## സോണിയയുമായുള്ള ബന്ധം

സോണിയ മായ്നൊ 1946 ൽ ഇറ്റലിയിൽ ജനിച്ചു. അവരുടെ പിതാവ് നേരത്തെ മുസ്സോളിനിയുടെ സൈന്യത്തിൽ രണ്ടാം ലോക മഹായുദ്ധത്തിൽ പങ്കെടുത്ത ഒരു കെട്ടിട നിർമ്മാണ കരാറുകാരനായിരുന്നു. 1964 ൽ സോണിയ ഇംഗ്ലീഷ് അഭ്യസിക്കാൻ കേംബ്രിഡ്ജിൽ പോയപ്പോൾ അവിടെ വെച്ച് രാജീവ് ഗാന്ധിയെ സന്ധിച്ചു. 1968 ൽ അവരുടെ വിവാഹ ശേഷം സോണിയ ഡൽഹിയിൽ താമസമാക്കി. രാജീവ് ഗാന്ധിയുടെ വധത്തിനു ശേഷം അവർ പി.എൻ. ഹക്സറുടെ ഉപദേശപ്രകാരം റാവുവിനെ പ്രധാനമന്ത്രിയായി നാമ നിർദ്ദേശം നടത്തി. അതിന് പ്രധാന കാരണം റാവുവിന് തന്റേതായ ഒരു അധികാര അടിത്തറ ഇല്ലായിരുന്നതായിരുന്നു. 1971 ൽ ഇന്ദിരാഗാന്ധി ഇതേ കാരണത്താൽ നരസിംഹറാവുവിനെ ആന്ധ്രാ മുഖ്യമന്ത്രിയായി തിരഞ്ഞെടുത്തിരുന്നു. സോണിയയെ കൈകാര്യം ചെയ്യാൻ റാവു തന്ത്രപരമായി തന്റെ ശക്തിയും ദൗർബല്യവും, മാറിമാറി ഉപയോഗിച്ചു. അദ്ദേഹത്തിന്റെ ആദ്യത്തെ ശ്രമം സാമ്പത്തിക പരിഷ്ക്കാരങ്ങൾ രാജീവ് ഗാന്ധിയുടെ പൈതൃകവുമായി ബന്ധപ്പെടുത്തിയതാണ്. ആദ്യകാലങ്ങളിലെ സോണിയയുടെ ഉത്ക്കണ്ഠ തന്റെ കുട്ടികളുടെ സുരക്ഷയെ കുറിച്ചായിരുന്നു. റാവു അതിനു വേണ്ട നടപടികൾ ഉടൻ സ്വീകരിച്ചു. അമേരിക്കയിൽ പഠിച്ചിരുന്ന രാഹുലിന്റെ സുരക്ഷാക്രമീകരണങ്ങൾ വർദ്ധിപ്പിക്കുന്നതിന് അവിടത്തെ ഗവണ്മെന്റു വഴി വേണ്ടതു ചെയ്തു. മാസത്തിലൊരിക്കലെങ്കിലും സോണിയയെ സന്ദർശിക്കുകയും, ആഴ്ചയിലൊരിക്കലെങ്കിലും അവരെ ഫോൺ ചെയ്യുകയും , റാവു ആദ്യം മുതലേ പതിവാക്കിയിരുന്നു. താമസിയാതെ റാവുവിന്റെ എതിരാളികൾ റാവുവിനെതിരായുള്ള അവരുടെ പരാതികൾ സോണിയക്ക് സമർപ്പിക്കാൻ ആരംഭിച്ചു.

ബാബറി മസ്ജിദ് പൊളിച്ചപ്പോൾ ആ വിനാശത്തെ അപലപിച്ചു കൊണ്ട് സോണിയ ഒരു പ്രസ്താവന പുറപ്പെടുവിച്ചു. എന്നാൽ റാവുവിനെ വ്യക്തിപരമായി അവർ വിമർശിച്ചില്ല. 1993 നു ശേഷം റാവുവിന്റെ സോണിയയുടെ പക്കലേക്കുള്ള സന്ദർശനങ്ങളും ഫോൺ വിളികളും, വിരളമായിത്തീർന്നു. നേരിട്ടുള്ള അവർ തമ്മിലുള്ള ആശയ വിനിമയം അപൂർവ്വമായപ്പോൾ, കള്ളകഥാവാഹകർ കൂടുതൽ സജീവമായി. മധ്യ പ്രദേശിലെ മുൻ മുഖ്യമന്ത്രിയായിരുന്ന അർജ്ജുൻ സിങ്ങിനെ പ്രധാന വില്ലനായി റാവു കണക്കാക്കി. പക്ഷെ റാവു ഒരിക്കലും സോണിയയെ പരസ്യമായി വെല്ലു വിളിച്ചില്ല. ഗവണ്മെന്റിന്റെ നയരൂപീകരണത്തിൽ റാവു ഒരിക്കലും സോണിയയുടെ ഉപദേശം ആരാഞ്ഞിരുന്നില്ല. അവരെ സന്തോഷിപ്പിക്കാൻ നയങ്ങൾ മാറ്റിയതുമില്ല. പ്രധാനമന്ത്രി പദം ഒഴിഞ്ഞ ശേഷം അവർ തമ്മിലുള്ള ബന്ധം കൂടുതൽ വഷളായി.

## റാവുവിന്റെ മറ്റ് ചില നേട്ടങ്ങൾ

സാമ്പത്തിക കാര്യത്തിൽ നൈപുണ്യം കുറവായിരുന്നെങ്കിലും, ഒമ്പത് വർഷങ്ങൾ വിദേശകാര്യ മന്ത്രിയായിരുന്നതിനാൽ റാവു അന്താരാഷ്ട്ര വിഷയങ്ങളിൽ വിദഗ്ദ്ധനായിരുന്നു. സോവിയറ്റ് യൂണിയന്റെ പതനം ലോകത്തിലെ ശേഷിച്ച ഒരേ മുന്തിയ, അധികാര കേന്ദ്രമായ അമേരിക്കയുമായുള്ള ബന്ധം ശക്തിപ്പെടുത്തേണ്ടതിന്റെ പ്രധാന്യം വ്യക്തമാക്കിയിരുന്നു. റാവുവിന്റെ കാഴ്ചപ്പാടിൽ അമേരിക്കയിലേക്കുള്ള പാത കിടന്നിരുന്നതു ഇസ്രായേൽ വഴിയായിരുന്നു. ഇസ്രായേലുമായുള്ള പൂർണ്ണ നയതന്ത്രബന്ധം സ്ഥാപിച്ച് ആ രാജ്യവുമായുള്ള ബന്ധം ശക്തിപ്പെടുത്തി. സ്വിറ്റ്സർലന്റിലെ ഡാവോസിൽ എല്ലാ വർഷവും ജനുവരിയിൽ നടക്കുന്ന ലോക സാമ്പത്തിക ചർച്ചാ വേദിയിൽ (World Ecnomic Forum) രണ്ട് തവണ റാവു സംബന്ധിച്ചു. 1991 ഡിസബറിൽ ചൈനീസ് പ്രധാനമന്ത്രി ലീപിങ്ങ് ഇൻഡ്യ സന്ദർശിച്ചു. രണ്ടു വർഷങ്ങൾക്ക് ശേഷം റാവു ചൈനയിൽ ഒരു പ്രതി സന്ദർശനം നടത്തി. ആ സന്ദർശന സമയത്ത് ഇൻഡ്യ ചൈന അതിർത്തി പ്രദേശങ്ങളിൽ സമാധാനം കാത്തുസൂക്ഷിക്കുന്നതിനുള്ള സമ്മതി പത്രം രണ്ട് രാജ്യങ്ങളും ഒപ്പു വെച്ചു. തന്റെ കിഴക്കു നോക്കൽ നയത്തിന്റെ ഭാഗമായി റാവു കൊറിയ, തായ്‌ലന്റ്, ഇൻഡൊനേഷ്യ, സിംഗപ്പൂർ, എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. സിംഗപ്പൂർ മുൻപ്രധാനമന്ത്രി ലിബാൻ യുവിന്റെ നോട്ടത്തിൽ എനിക്ക് വളരെ വിരളമായി മാത്രമേ ഇതുപോലുള്ള ഒരു വിദേശ നേതാവിനോട് ആഹ്ലാദവും , മതിപ്പും തോന്നിയിട്ടുള്ളൂ . റാവുവിന്റെ അമേരിക്കയിലേക്കുള്ള സന്ദർശനം, വലിയ തയ്യാറെടുപ്പുകളോടെയായിരുന്നെങ്കിലും, പ്രതീക്ഷിച്ചത്ര വിജയം കൈവരിച്ചില്ല. ന്യൂയോർക്കു ടൈംസ് റാവുവിനെ ഇൻഡ്യയിലെ 'ഡിയോപിയാങ്' എന്ന് വിശേഷിപ്പിച്ചു. അമേരിക്കൻ സന്ദർശനത്തിനു ശേഷം രണ്ടു മാസങ്ങൾക്കുള്ളിൽ റാവു റഷ്യയും സന്ദർശിച്ചു.

2004 ൽ നരസിംഹ റാവുവിന്റെ ശവസംസ്ക്കാരം കഴിഞ്ഞ് രണ്ട് ദിവസത്തിനുള്ളിൽ അടൽ ബിഹാരി വാജ്പേയ് റാവുവിന് വിസ്മയകരമായ ഒരു സ്തുതി നൽകി. റാവുവായിരുന്നു ഇൻഡ്യയുടെ ആണവ പദ്ധതിയുടെ യഥാർത്ഥ പിതാവ് .അദ്ദേഹം എന്നോട് പറഞ്ഞു, അണുബോംബ് തയ്യാറാണെന്ന്. ഞാൻ അത് പൊട്ടിക്കുക മാത്രമാണ് ചെയ്തത്, ബോംബ് പരീക്ഷണം അമേരിക്കയുടെ സമ്മർദ്ദം മൂലം റാവു നീട്ടി വെക്കുകയായിരുന്നു. ആണവായുധം വഹിക്കേണ്ട മിസൈൽ വികസിപ്പിച്ചെടുക്കാൻ കുറച്ച് താമസിച്ചെങ്കിലും, 1994 ആയപ്പോഴേക്കും എല്ലാം സജ്ജമായിരുന്നു. പ്രതിരോധ ഗവേഷണ വികസന സ്ഥാപനത്തിന്റെ (DRDO) തലവനായിരുന്ന വി.എസ്. അരുണാചലം റാവുവിനെപ്പറ്റി ഇപ്രകാരം പ്രസ്താവിച്ചു. 'ഞാൻ അഞ്ചു പ്രധാനമന്ത്രിമാരുടെ കൂടെ ജോലി ചെയ്തിട്ടുണ്ട്. റാവുവിനെ വളരെ ഉന്നതനിലയിൽ ഞാൻ വിലയിരുത്തുന്നു. അദ്ദേഹം ദേശീയ നയരൂപീകരണത്തിൽ സാങ്കേതിക വിദ്യയുടെ പ്രാധാന്യം മനസ്സിലാക്കിയ വളരെ അപൂർവ്വമായ ഒരു രാഷ്ട്രീയ നേതാവായിരുന്നു'.

## സിംഹം, കുറുക്കൻ, മൂഷികൻ

നരസിംഹറാവുവിന്റെ ജ്യോത്സ്യൻ ഇപ്രകാരം പ്രവചിച്ചിരുന്നു; ഒരിക്കൽ സ്ഥാനമൊഴിഞ്ഞാൽ ഇപ്പോഴത്തെ ആരാധകരെല്ലാം താങ്കളെ തൊഴിക്കാനാരംഭിക്കും . ജ്യോതിഷം ശരിയോ, തെറ്റോ , ഈ പ്രവചനം തികച്ചും അർത്ഥവത്തായി മാറി. ജ്യോതിഷമല്ല, ഒരു ജീവിത യാഥാർത്ഥ്യമായിരിക്കാം ജോത്സ്യൻ ഒരു പക്ഷെ പറഞ്ഞത്. 1996 മെയ് മാസത്തിൽ തന്റെ രാജിക്കു ശേഷം ഉടനെ തന്നെ പല നിയമസംബന്ധിയായ വ്യവഹാരങ്ങളും റാവുവിനെ വേട്ടയാടാൻ ആരംഭിച്ചു. ആ വർഷം സെപ്തബറിൽ , ലക്കു ഭായ് പഥക് എന്ന ലണ്ടനിൽ നിവസിക്കുന്ന വ്യവസായി റാവുവിനെതിരായി ഫയൽ ചെയ്ത അഴിമതികേസിലെ പ്രതിയായി . അദ്ദേഹത്തോട് കോടതിയിൽ ഹാജരാകാൻ ജഡ്ജി കൽപന കൊടുത്തു. കൂടാതെ, സെന്റ് കിറ്റ്സ് കേസിൽ കള്ളപ്രമാണമുണ്ടാക്കിയെന്ന പഴിയും, ഓഹരി ഇടനിലക്കാരൻ ഹർഷദ് മെഹ്തയുടെ അഴിമതി ആരോപണങ്ങളും, ത്സാർഘണ്ട് മുക്തി മോർച്ചയുടെ (JMM) ജനപ്രതിനിധികൾക്ക് കൈക്കൂലി നൽകാൻ ഗൂഢാലോചന, എന്നിങ്ങനെ നിരവധി കേസുകൾ റാവുവിന് എതിരായി ഉയർന്നിരുന്നു. JMM കേസിൽ കീഴ്ക്കോടതി കുറ്റക്കാരനാക്കിയെങ്കി

ലും, ഹൈക്കോടതി അദ്ദേഹത്തെ കുറ്റവിമുക്തനാക്കി. തനിക്കെതിരായി കോടതിയിലുണ്ടായിരുന്ന നിരവധി കേസുകൾ നടത്താൻ വേണ്ട പണം സ്വരൂപിക്കാൻ തന്റെ ഹൈദരാബാദിലുണ്ടായിരുന്ന ഭവനം വിൽക്കാൻ ഒരു സമയത്ത് അദ്ദേഹം ആലോചിച്ചിരുന്നു.

തന്റെ അവസാനകാലത്ത് റാവു വളരെ ഖിന്നനായിരുന്നു. മൻമോഹൻ സിങ്ങിനേയും, പ്രണബ് മുഖർജിയേയും പോലുള്ള ചുരുക്കം കോൺഗ്രസ്സുകാർ മാത്രമേ അദ്ദേഹത്തെ സന്ദർശിക്കാറുണ്ടായിരുന്നുള്ളൂ. റാവു ഒരിക്കൽ കൂടി വായനയിലേക്കും , എഴുത്തിലേക്കും തിരിഞ്ഞു. ജവഹർലാലിന് ശേഷം നമുക്ക് കിട്ടിയ ഒരു വലിയ വായനക്കാരനും, പണ്ഡിതനുമായിരുന്നു ഈ പ്രധാനമന്ത്രി. മൻമോഹൻ സിങ്ങിനെ മറന്നിട്ടല്ല ഇതു പറയുന്നത്. പക്ഷെ മൻമോഹന്റെ പാണ്ഡിത്യം മുഖ്യമായി സാമ്പത്തിക ശാസ്ത്രത്തിൽ മാത്രം ഒതുങ്ങുന്നതായിരുന്നു. 1998 ൽ റാവുവിന്റെ ആദ്യത്തെ നോവൽ 'Insider' സുഹൃത്തായിരുന്ന വാജ്പേയ് പ്രകാശനം ചെയ്തു. നിക്കോളോ മാക്യവെല്ലി (Machiavelli) 4 നൂറ്റാണ്ടുകൾക്കു മുൻപ് ഉത്തരം തേടിയ ഒരു ചോദ്യമുണ്ടായിരുന്നു : 'അധികാരം നേടാനും, കയ്യാളാനും ഒരാൾക്ക് തിന്മ ചെയ്യേണ്ടി വരുമെങ്കിൽ നല്ല കാര്യം ചെയ്യാൻ എങ്ങിനെ ഒരാൾക്ക് അധികാരം വിനിയോഗിക്കാൻ കഴിയും?'. റാവുവിന്റെ ആത്മകഥാംശമുള്ള നോവലിലെ മോഹഭംഗം വന്ന കഥാനായകനേയും മാക്യവെല്ലിയുടെ ഈ പ്രശ്നം അലട്ടിയിരുന്നു.

റാവു ഒരു തരത്തിൽ പറഞ്ഞാൽ നിർഭാഗ്യവാനായിരുന്നു. താൻ പ്രധാനമന്ത്രിയായിരുന്നപ്പോൾ രാജ്യത്തു നടന്ന എല്ലാ കുഴപ്പങ്ങൾക്കും അദ്ദേഹം വിമർശിക്കപ്പെട്ടു. ഇന്ദിരാഗാന്ധി കൊല്ലപെട്ടപ്പോൾ സിക്കുകാർക്കെതിരായി നടന്ന ലഹള, ഭോപ്പാൽ വാതക ചോർച്ചയുടെ ഉത്തരവാദിയായ യൂണിയൻ കാർബൈഡ് കമ്പനിയുടെ തലവനെ രക്ഷപ്പെടുത്തിയത്, ബാബറിമസ്ജിദ് പൊളിച്ചത് സംബന്ധിച്ച ഗൂഢാലോചന, തുടങ്ങിയവ അവയിൽപെടുന്നു. അദ്ദേഹത്തെ അഴിമതിക്കാരനും, വർഗ്ഗീയവാദിയും, ചഞ്ചലനും, ദുഷ്ടനുമായി ചിത്രീകരിക്കപ്പെട്ടു. നെഹ്റു ഗാന്ധി സിംഹാസനത്തെ ബലമായി പിടിച്ചെടുത്തയാൾ. അദ്ദേഹത്തെ സ്വന്തം പാർട്ടിയുടെ മേൽ യാതൊരു നിയന്ത്രണവുമുണ്ടായിരുന്നില്ല. ജനങ്ങളെ ആകർഷിക്കാനുള്ള നൈസർഗ്ഗികമായുള്ള വ്യക്തിപ്രഭാവത്തിന്റെ അഭാവവും ദൃശ്യമായിരുന്നു. പക്ഷെ ഗ്രന്ഥകർത്താവിന്റെ അവസാന നോട്ടത്തിൽ, ഏത് ചുറ്റുപാടും ശരിയായി മനസ്സിലാക്കുന്നതിലും, അതനുസരിച്ച് സിംഹമായോ, കുറുക്കനായോ മൂഷികനായോ പെരുമാറുന്നതിലും റാവുവിന് അപാരകഴിവുണ്ടായിരുന്നു.

